A76

# കുമാരസംഭവഹൃദയം

(ഭാഷ)

അഞ്ചും, മൂന്നും സർഗ്ഗങ്ങൾ

(ഭാവപ്രകാശികാസഹിതം)

കോയാത്തു് കൊച്ചുണ്ണിമേനോൻ.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# കുമാരസംഭവഹൃദയം

ഭാഷ 5-ം, 3-ം സൎഗ്ഗങ്ങൾ

(ഭാവപ്രകാശികാസഹിതം)

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL
9570
870

വിവൎത്തകൻ:

കോയാത്തു് കൊച്ചുണ്ണിമേനോൻ.

1-ാം പതിപ്പ് കോപ്പി 1000.

*All Rights Reserved.*

ഗുരുവിലാസം പ്രസ്സ്, തൃശൂർ.

1122

വില 2-8-0

ഉടമസ്ഥൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.

# മുഖവുര.

A.76

ഒരു ഭാഷയിലുള്ള കാൎയ്യം മറെറാരു ഭാഷയിലേയ്ക്കു ആ കാൎയ്യരീതിയിൽ തന്നെ തൎജ്ജമചെയ്യുക എന്നതു എളുപ്പമല്ല. ആ വിവൎത്തനത്തിന്നു മൂലത്തിന്റെ തേജസ്സും ഓജസ്സും കിട്ടുവാൻ പ്രയാസമാണല്ലൊ. മൂലം സംസ്കൃതമാവുക, ഭാഷാന്തരപ്പെടുത്തുന്നതു പദപുഷ്ടി കുറഞ്ഞ മലയാളത്തിലേയ്ക്കുമാകുക, എന്നു വന്നാൽ ആ പ്രയാസം ദ്വിഗുണീഭവിക്കുന്നു. പോരെങ്കിൽ മൂലകവി കവികുലചക്രവൎത്തിയായ കാളിദാസനും വിവൎത്തകൻ അവ്യുല്പന്നനായ ഒരാളും എന്നു വന്നാലത്തെ കഥ പിന്നെ പറയേണ്ടതില്ലല്ലൊ. എന്നാൽ ഇത്രയൊക്കെയുമറിഞ്ഞിട്ടും, ഈ സാഹസത്തിനെന്തിന്നു പുറപ്പെട്ടു എന്നു ചോദിച്ചാൽ, ഇതിനായി പുറപ്പെട്ടതല്ലെന്നും ഇതൊരു യദൃച്ഛാസംഭവമാണെന്നും മാത്രമേ എനിക്കു സമാധാനം പറവാനുള്ളു. ആ സംഭവം ഇവിടെ വിവരിച്ചു സമയം കളയേണ്ട ആവശ്യമില്ല.

ഇതിന്റെ ആരംഭം 1113 കൎക്കടകാവസാനത്തിൽ ഞാൻ ചൊവ്വര ആശുപത്രിയിൽ ഇരിക്കുന്ന കാലത്താകുന്നു. ഇതിന്നു എനിക്കു കാൎയ്യമായി സ്വാധീനത്തിൽ ഉണ്ടായിരുന്ന സൌകൎയ്യസമയം താമസസ്ഥലത്തിൽനിന്നു കാറിൽ ആശുപത്രിക്കു പോകുമ്പോഴും അവിടുന്നു മടങ്ങുമ്പോഴും ഉള്ള ഇടയായിരുന്നു. എന്നു മാത്രമല്ല, അക്കാലത്തു എനിയ്ക്കു വേറെയും ചില ബലഹീനതകൾ ഉണ്ടായിരുന്നു. 1089_ൽ ഇംഗ്ലീഷുവൎഷം 1914_ൽ ആദ്യം ഉദ്യോഗമായി ബൎമ്മയിലേക്കു പോയി. അവിടെ ഉണ്ടായിരുന്ന മൂന്നു കൊല്ലത്തിനിടയ്ക്കു മലയാളമായി സമ്പൎക്കംതന്നെ നന്നേ വിരളമായിരുന്നു. ഇംഗ്ലീഷിലുള്ള വൈദ്യമാസികകളും സാഹിത്യമാസികകളുമായിട്ടായി അധികം കൂട്ടുകെട്ട്. നാട്ടിൽ വന്നു

ഉദ്യോഗത്തിൽ ചേൎന്നിട്ടു നാലഞ്ചുകൊല്ലം കഴിഞ്ഞപ്പോഴയ്ക്കും "കവനകൌമുദി" അസ്തമിക്കയും ചെയ്തു. അതുമുതൽക്കു കവിതയുമായുള്ള സമ്പൎക്കം തീരേ നിലച്ചമട്ടിലായി. അവനവനെ സംബന്ധിച്ച മനഃക്ലേശങ്ങൾക്കു പുറമേ ദിവസത്തിൽ അധികനേരവും അങ്ങിനെ മുന്നൂററിഅറുപത്തിഅഞ്ചു ദിവസവും അനദ്ധ്യായമെന്ന്യെ അന്ന്യന്നുവേണ്ടി അനവരതം കായക്ലേശവും മനഃക്ലേശവും അനുഭവിക്കേണ്ടതായുള്ളവരുടെ അടുത്തുണ്ടോ കവിതാംഗനയ്ക്കു പ്രവേശം? കൊണ്ടാടപ്പെടാത്ത തണ്ടാർമുഖികൾ കണ്ടാടാറുണ്ടോ? പിന്നെ കൊല്ലത്തിൽ വല്ലപ്പോഴും വല്ല പ്രത്യേക പ്രചോദനവും ഉണ്ടാകുമ്പോൾ വന്നു കണ്ടു പരിചയം പുതുക്കിപ്പോകയെന്ന മട്ടായി. ഇങ്ങിനെ രണ്ടു പന്തീരാണ്ടു കവിതയും മലയാളസാഹിത്യവുമായി നിത്യപരിചയമില്ലാതെ വന്നതിനാൽ മുമ്പു സ്വാധീനത്തിലുണ്ടായിരുന്ന അനവധി പദങ്ങൾ തീരെ മറന്ന കൂട്ടത്തിലായി. ഈ ഒരു കഴിവുകേടു കലശലായി ഉണ്ടായിരുന്നതാകുന്നു ഈ വിനോദഘട്ടം. അതിനാൽ പല വീഴ്ചകളും വന്നിട്ടുണ്ടാവാം. സഹൃദയന്മാർ അവയെ ദയാദൃഷ്ടിയോടെ വീക്ഷിക്കുമല്ലൊ.

സംസ്കൃതജ്ഞാനമില്ലാത്തവൎക്കു മൂലത്തിന്റെ സ്വാരസ്യം മുഴുവൻ ഭാഷയിൽനിന്നും ആസ്വദിക്കുവാൻ പൎയ്യാപ്തമാകാത്ത വിധത്തിലാണ് മിക്ക തൎജ്ജമകളും കാണുന്നതു്. ആ സ്വാരസ്യം കഴിയുന്നത്ര ഉൾക്കൊള്ളിക്കുന്ന ഏതു ഭാഷാന്തരവും സഹൃദയന്മാൎക്കു സ്വീകാൎയ്യമായിരിക്കുമല്ലൊ.

ശാകുന്തളത്തിനു മലയാളത്തിൽതന്നെ ആറേഴ് തൎജ്ജമകൾ ഉണ്ടു്. വേറെ ഇംഗ്ലീഷ്, ജൎമ്മൻ എന്നീ വിദേശഭാഷകളിലും ബങ്കാളി, ഹിന്ദി, മറാത്തി, കൎണ്ണാടകം, തെലുങ്ക്, തമിഴ് മുതലായ ഹൈന്ദവഭാഷകളിലും ഉണ്ടു്. ഭഗവദ്ഗീതയ്ക്കു ഇതുപോലെത്തന്നെ പല ഭാഷകളിലും ഒരു ഭാഷയിൽതന്നെ അനവധി

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL



യും തജ്ജമകഠം ഉണ്ട്. മേഘദൂതിന്നും മലയാളത്തിൽ അഞ്ചാറ തജ്ജമകഠം ഉണ്ട്. കുമാരസംഭവത്തിന്നും ഇതുകൂടാതെ മൂന്നു പ്രമാണികളുടെ തജ്ജമകഠം കണ്ടിട്ടുണ്ട്. ഇതുപോലെ വേറേയും ചില കൃതികഠംക്കുമുള്ളതായിക്കാണാം. ഉത്തരരാമചരിതത്തിന്നാകട്ടെ, ആ അനുഗ്രഹീതകവിയായ ചാത്തുക്കുട്ടി മന്നാടിയാരുടെ തജ്ജമയ്ക്കുശേഷം മററാരുടേയും കണ്ടിട്ടില്ല. അതു എന്തുകൊണ്ടായിരിക്കും? അതിന്നു മൂലത്തോടു കിടപിടിക്കത്തക്ക തന്മയത്വവും ഭംഗിയും ഉള്ളതുകൊണ്ടുതന്നെയല്ലേ? ഇതിൽനിന്നും സിദ്ധിക്കുന്നതു, ഒരു ഭാഷയിൽതന്നെ കൂടുതൽകൂടുതൽ ഭാഷാന്തരങ്ങഠം ഉണ്ടാകുന്നതു്, മുമ്പുമുമ്പുണ്ടായതൊന്നും പൂണ്ണരസാസ്വാദനത്തിന്നു മതിയാവാത്തുകൊണ്ടാണെന്നുള്ള പരമാത്ഥമാണല്ലോ. ഇതു എന്തുപോലെയെന്നാൽ, കറന്നെടുക്കുവാനുള്ള പ്രയാസത്താൽ, ദുഗ്ധസമൃദ്ധയായ ഒരു ധേനുവിനെ ആഠം മാറി മാറി കറന്നു് അധികമധികം പാലെടുക്കുവാൻ സാധിക്കുമോയെന്നു നോക്കുന്നപോലെയാണ്.

ഇതു ഞാൻ തജ്ജമയ്ക്കെടുത്ത കാലത്തു് എൻെറ കുട്ടികളെ പഠിപ്പിച്ചിരുന്ന പണ്ഡിതർ, പി. കുഞ്ഞുണ്ണിമേനോൻ ഇതെല്ലാം പരിശോധിക്കയും സംശയമുള്ള ഭാഗങ്ങളിൽ ആശയം വ്യക്തമാക്കിത്തരികയും ചെയ്തിട്ടുണ്ട്.

മുഴുമിച്ച ഇതിന്നു പിന്നെ കുറേക്കാലം അലമാരിക്കകത്തു കിടക്കേണ്ടിവന്നു. അതിന്നുശേഷം മഹാകവികളും എൻെറ പ്രിയ സുഹൃത്തുക്കളുമായ കുററിപ്പുറത്തിൻേറയും വള്ളത്തോളിൻേറയും സ്നേഹമസൃണമായ പഴക്കൈകഠം ഇതിനെ നല്ലവണ്ണം തലോടിയുഴിഞ്ഞു് കേടുപാടുകഠം തീത്തുതന്നിട്ടുണ്ട്. പിന്നേയും ഒട്ടേറെക്കാലം ഇതിന്നു ഏകാന്തവാസം അനുഭവിക്കേണ്ടിവന്നു. ഒടുവിൽ ഞാൻ പെൻഷൻപററി, യുദ്ധസേവനത്തിൽ രണ്ടാമുദ്യോഗവും കഴിഞ്ഞു് ഇവിടെ വന്നു സ്വസ്ഥനായി ഇരിപ്പായ

തിന്നുശേഷമാണ് കാൎയ്യമായി സാഹിത്യവിഷയത്തിൽ രണ്ടാമതും ഏൎപ്പെട്ടതു്. പിന്നെ മററചിലതിന്നുപുറമെ പണിതീൎന്നുകിടന്നിരുന്ന ഇതു മിനുക്കപണിക്കെട്ടുകയാണുണ്ടായതു്. അന്നു എന്റെ മകളെ പഠിപ്പിച്ചിരുന്ന—ഇന്നും പഠിപ്പിക്കുന്ന—പണ്ഡിതവൎയ്യനായ വിദ്വാൻ സി. കൃഷ്ണവാരിയർ ബി. എ. അവർകളും ഇതു നിഷ്കൃഷ്ടമായി പരിശോധിച്ചു. അദ്ദേഹത്തിന്റെ പരിശോധനയിൽ മൂലത്തിലെ പല പുതിയ സ്വാരസ്യങ്ങളും അറിവാനിടയായി. പ്രസിദ്ധപ്പെട്ട പട്ടാമ്പി സംസ്കൃത കോളേജിലെ സാഹചൎയ്യത്തിൽനിന്നും 'വിവരണവ്യാഖ്യാന'ത്തിൽനിന്നും സിദ്ധിച്ച ആ സ്വാരസ്യങ്ങൾ ഭാഷയിലും കഴിയുന്നതും കൊള്ളിക്കുവാൻവേണ്ടി ആദ്യമേതന്നെ അല്പാല്പമായി സാമാന്യമെല്ലാ ശ്ലോകങ്ങളും ചിലതു തീരേയും മാററേണ്ടിവന്നിട്ടുണ്ടു്. ഭാവരസം കൊള്ളിക്കേണ്ടതിലേക്കുള്ള മിസ്റ്റർ വാരിയരുടെ നിൎബ്ബന്ധം അദ്ദേഹത്തിന്റെ ശിഷ്യയായ എന്റെ മകളും വിടാതെ വലിച്ചുമുറുക്കിക്കൊണ്ടിരുന്നു. തൽഫലമായി പിന്നേയും ഓരോന്നു തിരുത്തി തിരുത്തിപ്പോന്നു ഒരു മാതിരി അവസാനിപ്പിച്ചു. ഇങ്ങനെ ഈ കാവ്യത്തിൽ ഒരു ഭാവരസചന്ദ്രിക അങ്ങുന്നിങ്ങോളം ഒളിഞ്ഞു കിടക്കുന്നതു കാണാം. ആവരണം ചെയ്തു കിടക്കുന്ന അഭ്രപടലത്തിന്റെ ധ്വനിപ്പഴുതുകളിൽക്കൂടി സൂക്ഷിച്ചുനോക്കിയാലെ ആ ചന്ദ്രികയുടെ പ്രകാശം പ്രത്യക്ഷമാകയുള്ളു. അതു ഭാവനാരസികന്മാരായ നിരൂപകന്മാൎക്കേ സാധിക്കയുമുള്ളു. ഈ പ്രഭാമണ്ഡലം വിദ്വാന്മാരിൽ ചിലർതന്നേയും മുഴുവൻ കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല. പിന്നെ വിദ്യാൎത്ഥികളുടെ കഥ പറയേണ്ടതില്ലല്ലോ. അതിനാൽ അവരുടെ ഉപയോഗത്തിനായി ഒരു ഭാവപ്രകാശികയും ചേൎത്താൽ നന്നായിരിക്കുമെന്നു ചില സാഹിത്യരസികന്മാരായ സ്നേഹിതന്മാർ അഭിപ്രായപ്പെട്ടതു ശരിയാണെന്നു എനിക്കും തോന്നി. അതനുസരിച്ചു കൃഷ്ണവാരിയരുടെ ശിഷ്യ

യിൽതന്നെ ആ ഭാരം ചുമത്തി. അതു ആ ഗുരുഭക്ത സാമാന്യം ദൈൎഘ്യക്ഷയത്തോടും സങ്കോചത്തോടുംകൂടിയാണെങ്കിലും നിറവേററിയിരിക്കുന്നു. ഇതിന്നുശേഷം ഭാഷയും ഭാവപ്രകാശികയും വെച്ചു ശ്രീമാന്മാർ കുഞ്ഞുണ്ണിമേനവനും കൃഷ്ണവാരിയരും വീണ്ടും നിഷ്കൎഷം പരിശോധിച്ചു.

ഇങ്ങിനെ രണ്ടു മന്ത്രവാദികളുടേയും രണ്ടു പ്രസിദ്ധപ്പെട്ട ഉഴിച്ചിൽക്കാരുടേയും സഹായങ്ങളാൽ ബാലാരിഷ്ടങ്ങൾ എല്ലാം തീൎന്ന ഇതാ ഈ കവിതാസന്താനം എട്ടാംവയസ്സിലെത്തി. ഇനി ബാക്കിയൊന്നുള്ളതു ഒരു ബ്രാഹ്മണാശീൎവാദത്തോടുകൂടിയ ഒരു ഏന്ത്രം എഴുതിച്ചുകെട്ടിയാൽ ഒഴിയാബാധകൾകൂടി ഒഴിയുമെന്നു കരുതി അടുത്തൊരവസരത്തിൽ ഈ ഭാഷാബാലികയെ പണ്ഡിതവര്യനും മഹാകവിയുമായ ഉള്ളൂരിൻെറ അടുക്കലേക്കയച്ചു. ആ സുഹൃത്തും ഇവളെ ഉത്തമാംഗത്തിൽ തൊട്ടുതലോടി അനുഗ്രഹിച്ചു് ഒരു അതിവിശേഷമായ അവതാരികാമാല്യവും ജപിച്ചു് സമ്മാനിച്ചയച്ചു. ഏർദ വിട്ടു പുറത്തിറങ്ങി ശുദ്ധവായുവേററു സൈ്വരസഞ്ചാരം ചെയ്യാൻ ഈ ചെറുസന്താനത്തെ ഇപ്പോഴെങ്കിലും ശക്തയാക്കുന്നതിന്നു സഹായിച്ച ആ മാന്യമിത്രങ്ങളായ കുഞ്ഞുണ്ണിമേനോൻ, കുററിപ്പുറത്തു കേശവൻനായർ, വള്ളത്തോൾ, കൃഷ്ണവാരിയർ എന്നിവരോടുള്ള എൻെറ ആത്മാൎത്ഥമായ കടപ്പാടു വെറും ഒരു നന്ദിവാക്ക പറഞ്ഞു വിടത്തക്കതല്ലാത്തതിനാൽ എന്നും സ്മരണയിൽതന്നെ വെയ്ക്കാനേ നിവൃത്തിയുള്ളു.

വാതസംബന്ധമായ ചില സുഖക്കേടുകളാൽ വൈദ്യവിദഗ്ധോപദേശപ്രകാരം അനുഷ്ഠിച്ചിരുന്ന പൂൎണ്ണവിശ്രമാവധി കഴിഞ്ഞ ഉടൻതന്നെ ഇതു സ്നേഹത്തോടും ശ്രദ്ധയോടുംകൂടി പരിശോധിച്ചു പ്രൌഢവും സാരഗൎഭവുമായ ഒരു അവതാരിക എഴുതി അയച്ചുതന്നതിന്നു എൻെറ മാന്യസുഹൃത്തായ മഹാകവി ഉള്ളൂർ പരമേശ്വരഅയ്യർ അവർകളോടുമുള്ള എൻെറ കൃതജ്ഞത അപാരമായിട്ടുള്ളതാകുന്നു.

ഇനി ഇതിൻെറ പേരിനെക്കുറിച്ചാണ് രണ്ടു വാക്കു പറവാനുള്ളതു്. ഈ കാവ്യത്തിൽ 5-ാംസർഗ്ഗമാണല്ലൊ മുഖ്യം (ഹൃദയം). ഭാഷ ധാരാളം വന്നിട്ടുണ്ടെങ്കിലും ഹൃദയമില്ലാത്ത കുമാരസംഭവത്തിൽ ആരും സന്തോഷിക്കാറില്ലല്ലൊ. ഭാഷയ്ക്കും ഹൃദയത്തിനും തരക്കേടു വരുത്താതെ ഒരു കുമാരസംഭവത്തിന്നു യത്നിക്കുന്നതിലാണ് ഈയുള്ളവരുടെ വിജയം നില്ക്കുന്നതു്. അതു സാധിച്ചുവെങ്കിൽ ഞാൻ കൃതാൎത്ഥനായി. ആ ഹൃദയത്തെ വെളിപ്പെടുത്തലാണ് ഇവിടത്തെ ശ്രമം. അതിനാൽ 'കുമാരസംഭവഹൃദയം' ഭാഷ എന്ന പേരിട്ടു.

പലേ പണിത്തിരക്കിന്നിടയിൽ ഇതു ഇത്രയും വൃത്തിയും വെടിപ്പുമായും അധികം തെറുകൾ കൂടാതേയും അച്ചടിച്ചുതന്നതിന്നു ഗുരുവിലാസം പ്രസ്സുകാരോടുമുള്ള എൻെറ ആത്മാൎത്ഥമായ നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുണ.

തൃശ്ശിവപേരൂർ,
12—9—1122

എന്നു്,
ഗ്രന്ഥകൎത്താവു്.

# അവതാരിക.

കാളിദാസൻെറ കാവ്യതല്ലജങ്ങളിൽ ചില അംശങ്ങളിൽ വൈശിഷ്ട്യം രഘുവംശത്തിനുണ്ടെങ്കിൽ മററു ചില അംശങ്ങളിൽ കുമാരസംഭവത്തിനുമുണ്ട്. കുമാരസംഭവത്തിൽ മൂന്നുമഞ്ചും സൎഗ്ഗങ്ങൾക്കുള്ള സൎവ്വാങ്ഗീണമായ രാമണീയകം സകലസഹൃദയന്മാൎക്കും സുവിദിതമാണ്. അഞ്ചാംസൎഗ്ഗത്തെ ആ കാവ്യരത്നമാലയുടെ നട്ടനായകം എന്നുപോലും സമൎത്ഥിക്കുവാൻ വൈഷമ്യമില്ല. ആ പഞ്ചമസൎഗ്ഗത്തിൻെറ പുതിയ ഒരു തൎജ്ജമയെയാണ് ഞാൻ സാഹിത്യരസികന്മാരായ കേരളീയരുടെ സന്നിധാനത്തിൽ അവതരിപ്പിക്കുന്നത്. ഈ ഭാഷാനുവാദത്തിൻെറ പ്രണേതാവായ ഡോക്ടർ കോയാത്തു കൊച്ചുണ്ണിമേനോൻ അവൎക്കു അപരിചിതനല്ല. കവനകൌമുദി പ്രചരിച്ചിരുന്ന കാലത്തും മററും അദ്ദേഹം അനേകം മനോഹരങ്ങളായ ഖണ്ഡകാവ്യങ്ങൾ പ്രസിദ്ധീകരിച്ച് പണ്ഡിതന്മാരേയും പാമരന്മാരേയും ആനന്ദസാഗരത്തിൽ ആറാടിച്ചിട്ടുണ്ട്. പ്രസ്തുത ഭാഷാനുവാദം പരിണതപ്രജ്ഞനായ അദ്ദേഹത്തിൻെറ പരിപക്വമായ ഒരു കൃതിയാണ്. പ്രസന്നപ്രൌഢങ്ങളായ മൂലശ്ലോകങ്ങളെ മധുരമായ ശൈലിയിൽ അൎത്ഥത്തിനു അശേഷം കോട്ടംതട്ടാതെ ഭാഷയിൽ വിവൎത്തനം ചെയ്യുന്നതു ആയാസമേറിയ ഒരു സാഹിതീവ്യവസായമാണ്; ഈ വ്യവസായത്തിൽ എൻെറ സ്നേഹിതൻ പൂൎണ്ണമായ വിജയം പ്രാപിച്ചിരിക്കുന്നു എന്നു പറവാൻ എനിക്കതികലും സന്തോഷമുണ്ട്. ഒന്നുരണ്ടു ശ്ലോകങ്ങൾ ഉദ്ധരിച്ചു എൻെറ ആശയം സ്ഫുടീകരിക്കാം.

“മകളെ മനമുറച്ചൊരുദ്യമത്തിൽ—
തടയുവതിന്നസമൎത്ഥയായി മേന;

അഭിമതദൃഢമുള്ളവും കിഴപ്പോ–
ട്ടൊഴുകിന വെള്ളവുമാക്ക പിന്തിരിക്കാം"

"തടയുക സഖി! ഹന്ത! വീണ്ടുമെന്തോ
പറവതിനീ വടു ചുണ്ടനക്കിടുന്നു
വലിയവരെയിടിച്ചു ചൊല്ലുവോനും
സമമതു കേട്ടിടുവോനുമുണ്ടു പാപം".

ഈ ശ്ലോകങ്ങൾ വായിച്ചാൽ തർജ്ജമയാണെന്നു ആക്കു തോന്നും? നല്ല തർജ്ജമയായാൽ അങ്ങനെ വേണമിരിക്കാൻ; അല്ലാതെ തർജ്ജമയുടെ അർത്ഥം ശരിക്കു മനസ്സിലാകുവാൻ മൂലശ്ലോകം നോക്കേണ്ടിവരരുതു്.

ആകൃതിയിൽ ലഘുവെങ്കിലും ആശയസത്വത്തിൽ മഹത്തായ ഈ കാര്യത്തിനു സാർവ്വത്രികമായ പ്രചാരം മലയാളികളുടെ ഇടയിൽ സിദ്ധിക്കുവാൻ പരാശക്തി കടാക്ഷിക്കുമാറാകട്ടെ.

തിരുവനന്തപുരം,<br>22—6—1122.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

# ഭാവപ്രകാശികക്ക് അവതാരിക.

മഹാകവികുലചക്രവൎത്തിയായ കാളിദാസരുടെ കാവ്യതല്ലജങ്ങളിൽ എല്ലാംകൊണ്ടും മുൻകിടയിൽ നില്ക്കുന്ന കുമാരസംഭവത്തിന്നു മററുഭാഷകളിലെന്നപോലെ മലയാളത്തിലും ഒന്നിലധികം തൎജ്ജിമകൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ മൂലഗ്രന്ഥവുമായി തട്ടിച്ചുനോക്കുമ്പോൾ തൎജ്ജിമകൾ അപൂൎണ്ണങ്ങളും അതിദൂരവൎത്തികളുമായിട്ടാണ് കാണപ്പെടുന്നത്. വശ്യവചസ്സായ മഹാകവിയുടെ അത്ഭുതമായ വാക്ചാതുൎയ്യവും അമരഭാരതിയുടെ ദിവ്യത്വവുമായിരിക്കണം ഇതിന്നു കാരണം. മഹാൎണ്ണവത്തിൽ മജ്ജനംചെയ്ത് രത്നങ്ങളെടുക്കുന്നവരുടെ അനുഭവമാണ് മഹാഗ്രന്ഥങ്ങളെ വിവൎത്തനം ചെയ്വാനൊരുങ്ങുന്നവൎക്കും ഉണ്ടാകുന്നത്. മുങ്ങുന്നവരുടെ ശക്തിയും നൈപുണ്യവുമനുസരിച്ചിരിക്കും കിട്ടുന്ന രത്നങ്ങളുടെ എണ്ണവും വൎണ്ണവും. അതുപോലെ അനുവാദകന്മാരുടേയും വിവൎത്തകന്മാരുടേയും പാണ്ഡിത്യത്തിൻേറയും സഹൃദയത്വത്തിൻേറയും തോതനുസരിച്ച് സ്വാരസ്യവും ഭാഷാന്തരവും സമുല്പന്നമാകുന്നു. സഹൃദയന്മാരായ പണ്ഡിതന്മാർ മൂലഗ്രന്ഥത്തിലേക്ക് കണ്ണോടിക്കുമ്പോൾ തൎജ്ജിമകൾ എത്രയോ ബാലിശങ്ങളായിട്ടാണ് തോന്നുന്നത്. അതിനാലാണ് കാളിദാസകൃതികൾക്ക്—വിശിഷ്യ കുമാരസംഭവത്തിന്ന്—ഭാഷാന്തരങ്ങൾ വളരെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇത്രയുംപറഞ്ഞതുകൊണ്ട് ഡോ: കൊച്ചുണ്ണിമേനോൻ അവർകളുടെ ഈ സദുദ്യമത്തിൻേറ ആവശ്യവും ഔചിത്യവും ശ്ലാഘ്യത്വവും എത്രമാത്രമുണ്ടെന്നു അനുക്തസിദ്ധമായെല്ലൊ. എൻേറ ഗുരുസ്ഥാനീകനും ഉപകൎത്താവുമായ വിവൎത്തകനേയോ അദ്ദേഹത്തിൻേറ കൃതിയേയൊ കുറിച്ച് ഒരു അഭിപ്രായം പറയുന്നതിനുള്ള യോഗ്യതയോ അധികാരമോ എനിക്കില്ല. ആ ഉദ്ദേശവുമില്ല. സഹൃദയന്മാർ അതിൻേറ രസം ആസ്വാദിച്ചുകൊള്ളട്ടെ.

അഭിമാനത്താൽ വിജൃംഭിതനായിട്ട്, തൎജ്ജിമയുടെ പിന്നിൽ ചേൎത്തിരിക്കുന്ന "ഭാവപ്രകാശിക." എന്ന വ്യാഖ്യാനത്തേയും അതിൻേറ കൎത്ത്രിയേയും കുറിച്ചു രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. പ്രകാശികാകൎത്ത്രി ശ്രീമതി ചന്ദ്രികയുടെ ഗുരുക്കന്മാ

തിൽ ഒരാളാകുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചിട്ടുണ്ട്. ഉത്തമശിഷ്യസമ്പത്തു ആൎക്കും അഭിമാനഹേതുവാണല്ലൊ. ആദ്യമായി കാവ്യപാഠനം നടത്തുന്ന സമയത്തുതന്നെ ഇവരുടെ അസാധാരണമായ പ്രതിഭാശക്തിയും സഹൃദയത്വവും എനിക്കനുഭവപ്പെട്ടിട്ടുള്ളതും എൻെറ ഹൃദയംഗമമായ പ്രശംസക്കു പലവുരു പാത്രമായിട്ടുള്ളതുമാകുന്നു. ഇവരുടെ ഈ ഉദ്യമത്തെക്കുറിച്ചു അത്ഭുതമല്ല അഭിമാനമാണ് എനിക്കുള്ളതു്. ഇനിയും ജനോപകാരപ്രദമായ ഇത്തരം സദ്ദ്യമങ്ങൾകൊണ്ടു ഇവരുടെ ഭാവി ഭാസുരമായി തീരുന്നതിനു ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

സാഹിത്യം ആലോചനാമൃതമാണ്. ആലോചനക്കുള്ള ശക്തിയും മാൎഗ്ഗവും തെളിയിച്ചുകൊടുക്കയാണ് വ്യാഖ്യാനത്തിൻെറ ചുമതല. "വ്യാഖ്യാനതോ വിശേഷപ്രതിപത്തിഃ" അതുകൊണ്ടാണ് സഹൃദയന്മാരായ അനുവാചകന്മാർ വ്യാഖ്യാനങ്ങളെ തേടുന്നതു്. ഈ ഗ്രന്ഥം വായിക്കുന്നവൎക്കു കാളിദാസസൂക്തികളുടെ ഭാവരസം മുഴുവൻ ആസ്വദിക്കുന്നതിന്നു ഈ വ്യാഖ്യാനം തികച്ചും ശക്തമായിത്തീരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അത്രക്കു നിഷ്കൎഷിച്ചാണ് ഇതെഴുതപ്പെട്ടിട്ടുള്ളതു്. "വിവരണം" എന്ന അപൂൎവ്വവും അമൂല്യവുമായ വ്യാഖ്യാനഗ്രന്ഥത്തെ പ്രകാശികാകൎത്രി മിക്ക ദിക്കിലും പ്രമാണവും മാൎഗ്ഗദൎശകവുമാക്കിയിരിക്കുന്നു. പദപ്രയോജനത്തിൻെറ ഔചിത്യം, ആശയങ്ങളുടെ പരസ്പരമുള്ള ബന്ധദാർഢ്യം, അത്യന്തം നിഗൂഢങ്ങളായിക്കിടക്കുന്ന ഭാവരസങ്ങളുടെ പരിചിന്തനം മുതലായ നിരവധി കാൎയ്യമൎമ്മങ്ങളുടെ ചൎച്ചയാണ് ഈ വ്യാഖ്യാനംകൊണ്ടു സാധിച്ചിട്ടുള്ളതു്. കാവ്യപരിശീലനം നടത്തുന്ന അദ്ധ്യേതാക്കൾക്കും പണ്ഡിതന്മാൎക്കും ഈ വ്യാഖ്യാനം വലിയൊരു സഹായമായിത്തീരുമെന്നും സഹൃദയലോകം ഇതിനെ സമാദരിക്കുമെന്നും ഉറപ്പായി വിശ്വസിക്കാം. മലയാളഭാഷാഭണ്ഡാഗാരത്തിലേക്കു ഒരു അമൂല്യനിധിയായി തീൎന്നിട്ടുള്ള ഈ ഗ്രന്ഥത്തിന് സൎവ്വഭാവുകങ്ങളേയും ആശംസിച്ചുകൊള്ളുന്നു.

ചൊവ്വര, } എന്നു്,
24—5—1122. } പി. കുഞ്ഞുണ്ണിമേനോൻ.

PRESENTED BY:
SRI M. K. VASUDEVAN NAIR

# അഭിപ്രായം.

കുമാരസംഭവവിഷയകമായി ഒരിക്കലും ഒരു ഡോക്ടരോട് ബന്ധപ്പെടാനിടവരാതിരിക്കണമെന്നു് നമ്മൾ ആശിക്കാറുണ്ട്, പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്. കാരണം എന്തുതന്നെയായാലും അതു ഫലിക്കുകമാത്രം പതിവില്ല. ശ്രീമാൻ കോയാത്തു് കൊച്ചുണ്ണിമേനോനവർകളെ വിദഗ്ധനായ ഒരു ഡോക്ടരെന്ന നിലയിൽ അറിയുന്നവർ ധാരാളമുണ്ടാകും. നല്ലൊരു സഹൃദയൻ, വശ്യവാക്കായ ഒരു കവി എന്നീ നിലകളാൽ നമ്മുടെ സാഹിത്യത്തറവാട്ടിലെ കാരണവന്മാരുടെ ഇടയിൽ മാന്യമായ ഒരു സ്ഥാനം അദ്ദേഹം പണ്ടേ കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ അന്നു ഞാൻ 'വിവരണ'ത്തെ ആസ്പദമാക്കി കുമാരസംഭവമഹാകാവ്യം പഠിപ്പിച്ചുകൊണ്ടിരുന്ന ശ്രീമതി ചന്ദ്രികയുടെ—തങ്കത്തിന്റെ—അച്ഛൻ എന്ന നിലയിൽ അദ്ദേഹത്തെക്കുറിച്ച് കേട്ടിരുന്നതല്ലാതെ ഞങ്ങൾ അന്യോന്യം പരിചയപ്പെട്ടു കഴിഞ്ഞിരുന്നില്ല. ഒടുവിൽ കുമാരസംഭവവിഷയകമായിത്തന്നെയാണ്—കുമാരസംഭവമഹാകാവ്യത്തിന്റെ വിവർത്തനത്തെ ആസ്പദമാക്കിയാകയാൽ ഇക്കാര്യത്തിൽ ഭാഗ്യവശാൽ എന്നു പറയട്ടെ—ഞങ്ങൾ തമ്മിൽ കൂടുതൽ അടുപ്പത്തോടുകൂടിയ പരിചയത്തിന്നിടവന്നതു്. ആ പരിചയം പല കാരണങ്ങളാലും ക്രമോന്മുഖമായി വളർന്നു് അഭേദ്യവും സുദൃഢവുമായൊരു സൌഹാർദ്ദബന്ധത്തിലെത്തിച്ചേർന്നിട്ടുള്ളതൊന്നുമാത്രമാണ് ഈ ഗ്രന്ഥത്തിന്റെ അവതാരണത്തിൽ എനിക്കു ഭാഗഭാക്കാകാനുള്ള അവകാശം. ആ മഹാകാവ്യത്തിലെ വിശ്വവിഖ്യാതമായ അഞ്ചാംസർഗ്ഗമാണ് ഇദ്ദേഹം വിവർത്തനംചെയ്തിരുന്നതു്. കേരളകാളിദാസവിവർത്തിതമായ ശാകുന്തളം ഉണ്ടായിരിക്കെ തന്റെ ശകുന്തള വിവർത്തനോദ്യമം സൂര്യോദയത്തിൽ ദീപസന്ദീപനംപോലെ സാഹസമാണെന്നു് സമർപ്പണത്തിൽ വിനീതമായി ഉപന്യസിച്ച കേരളപാണിനിയെ,

"വ്യാഖ്യാനഭേദാദപിപാഠഭേദാ ദനേകഭേദം യദിമൂലമേവ,
പ്രസ്ഥാനഭേദാൽ രുചിഭേദതശ്ച ഭേദാവകാശഃ സുതരാം
(വിവർത്ത

എന്നിങ്ങിനെ വാത്സല്യപൂർവ്വം ആശ്വസിപ്പിച്ച ആ സാഹിത്യമർമ്മജ്ഞന്റെ അതേ ആശയഗതിയെ ആസ്പദമാക്കി അഭിപ്രായപ്രകടനരൂപത്തിലുള്ള ചില സാഹസങ്ങൾ ഞാനും ആവർത്തിച്ചിട്ടുള്ളതിന്നു് "ഉദ്ദേശശുദ്ധിയാൽ മാപ്പുനല്കിൻ" എന്നൊരഭ്യർത്ഥന

എൻെറ കത്തവ്യമായിട്ടുള്ളതിനാൽ ഞാനിവിടെ രണ്ടുവാക്ക് പ്രസ്താവിച്ചുകൊള്ളുന്നു.

ശ്രീമാൻ കൊച്ചുണ്ണിമേനവൻെറ കവനപാടവം കാണേണ്ടതുതന്നെയാണ്. അദ്ദേഹം വലിയൊരു പണ്ഡിതനും മററുമല്ലെന്നുള്ളതു ശരിതന്നെ. എന്നാൽ വിവക്ഷിതമായ ആശയത്തെ സരളമായ രീതിയിൽ പ്രസ്ഫുടമായി പ്രതിപാദിക്കുവാൻ അദ്ദേഹത്തിന്നു് ലേശവും വിഷമമില്ല. 'പ്രിയാംഗപാളിയെപ്പോലെ വിമൎദ്ദഹൃദ്യ'യായ കാളിദാസസൂക്തിയുടെ സ്വാരസ്യം വിവൎത്തനത്തിൽ ചോൎന്നുപോയതായി അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപ്പെടേണ്ട താമസമേയുള്ളൂ. ആ കുററം തീൎന്ന മറെറാന്നു് തൽസ്ഥാനത്തു് അവതരിക്കുകയായി. ഇത്ര അക്ലിഷ്ടമായ രചന ജന്മനാ അനുഗൃഹീതരായ കവികൾക്കേ കരഗതമാകയുള്ളൂ. പൂരോഭാഗികൾക്കു് എന്തൊന്നിലും ദോഷാരോപണത്തിന്നു് വിഷമമില്ല. മൂലകവി കാളിദാസനാണെന്നും മൂലഗ്രന്ഥം അമരഭാരതിയിലും വിവൎത്തനം കൈരളിയിലുമാണെന്നും ഓൎമ്മിച്ചുകൊണ്ടു് ഗ്രന്ഥത്തിൻെറ ജയാപജയങ്ങളെ വിമൎശിക്കേണ്ടതാണെന്നു് നിൎമ്മത്സരന്മാരായ നിരൂപകന്മാരോടു് ഉൽബോധിപ്പിക്കേണ്ടതില്ലാത്തതിനാൽ അക്കാൎയ്യത്തിൽ സഹൃദയന്മാരായ അനുവാചകന്മാർ തന്നെ വിധികല്പിച്ചുകൊള്ളും. ഇപ്പോഴിതാ മൂന്നാംസൎഗ്ഗത്തിൻെറ വിവൎത്തനവും മുദ്രണത്തിന്നു് ഏല്പിച്ചുകൊടുക്കുവാൻ തയ്യാറായിരിക്കുന്നു. 'അംഗാരത്തിലെരിഞ്ഞു ശുദ്ധിതടവും പൊന്നൊത്തു സത്വാഗ്നിയിൽ, ശൃംഗാരക്കറപോയ് തെളിഞ്ഞൊരു മഹാസൌന്ദൎയ്യസാരാകൃതി'യായ ശ്രീ കാളിദാസമഹാകവിയുടെ 'സൌന്ദൎയ്യോത്തരതോപി സുന്ദരതര'മായ ഒരു മഹാകാവ്യത്തിൻെറ സമഗ്രമായരസാസ്വാദനം സംസ്കൃതാനഭിജ്ഞന്മാരായ കേരളീയൎക്കുപോലും സുസാധമാകത്തക്കവിധം ഗ്രന്ഥകൎത്താവിൻെറ പുത്രിയും എൻെറ പ്രിയ ശിഷ്യയുമായ ശ്രീമതി തങ്കത്തിൻെറ സുവിസ്തൃതമായ ഒരു വ്യാഖ്യാനംകൂടി ഇതിൽ ചേൎത്തിട്ടുള്ളതു് ഏററവും ഉചിതമായിട്ടുണ്ടു്. അനവദ്യമായ മൂലഗ്രന്ഥത്തിൻെറ ബാക്കിഭാഗത്തിലേക്കുകൂടി വിവൎത്തനകാരൻെറ അഭിനന്ദനീയമായ പരിശ്രമം അചിരേണ വ്യാപിക്കുമാറാകട്ടെ.

തൃശ്ശൂർ,
10-9-'22.

സി. കൃഷ്ണവാരിയർ,
അസിസ്റ്റാൻറ് ലക്ചറർ,
സെൻറ് തോമാസ് കോളേജ്.

# ശുദ്ധപത്രം

## അഞ്ചാം സൎഗ്ഗം

| പുറം | വരി | അബദ്ധം | സുബദ്ധം. |
|---|---|---|---|
| അഭിപ്രായം i | 24 | ശകുന്തള | ശാകുന്തള |
| ടി. ii | 12 | പൂരോഭാഗി | പുരോഭാഗി |
| മൂലശ്ലോകം 5 | 1 | ധ്രൂംവേച്ഛാ | ധ്രുവേച്ഛാഃ |
| ,, 6 | 2 | മനോരഥജ്ഞംഃ | മനോരഥജ്ഞം |
| ,, 28 | 3 | വടാഃ | വടാം |
| ,, 31 | 4 | ഗൌരവഃ | ഗൌരവാഃ |
| ,, 74 | 4 | ഭ്രലത | ഭ്രൂലത |
| പുറം 25 | 9 | ഹരണി | ഹരിണി |
| 27 | 3 | അധീനിതി | അധീതിന്നി |
| 28 | 15 | കതരടി | കതിരടി |
| 29 | 26 | പാരണ | പാരണാ |
| 32 | 1 | സന്ന്യേ | സന്ധ്യേ |
| ,, | 10 | അടിവു | അലിവ് |
| 3) | 20 | ദേവേന.... | ദേവേത.... |
| 40 | 9 | ഉദ്ദേശ്യം | ഉദ്ദേശം |
| 54 | 10 | പ്രകൃതി | പ്രതികൃതി |
| 62 | 25 | ട്ടന്നേ | ട്ടുണ്ടെന്നേ |
| 63 | 17 | പിതശ്രുാതം | പിതാശ്രുതം |
| ,, | 25 | ഗതപന്സേ | ഗതപന്സ്യേ |
| 64 | 7 | വ്യംഗം | വ്യംഗ്യം |
| 66 | 1 | മാത്രമെ | മാത്രമല്ല |
| 68 | 9 | വിഷമിഴി | വിഷമമിഴി |
| ,, | 23 | അലൌലിക | അലൌകിക |
| 73 | 21 | വാപ്പി | വായ്പി |
| 74 | 27 | ശൈലവതി | ശൈലപതി |
| 75 | 11 | നടി | നദി |
| 76 | 14 | പീഢ | പീഡ |

ഭാവപ്രകാശിക എഴുതിവെത്തതിന്നുശേഷം ചില ശ്ലോകങ്ങളുടെ ചില ഭാഗങ്ങൾ മാററിയിട്ടുണ്ട്. എന്നാൽ അതനുസരിച്ച് പ്രകാശികയിൽ മാററംവരുത്തുവാൻ വിട്ടുപോയി. അവ താഴെ കാണുന്ന ശ്ലോകങ്ങളിലാണ്.

3_ാം ശ്ലോകം പൂൎവ്വാൎദ്ധം
36_ാം ,, ടി.
56—ാം ,, മൂന്നാം പദാവസാനവും
നാലാം പാദാദ്യവും.

## മൂന്നാം സൎഗ്ഗം.

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| മൂലം. | | | |
| 6_ാം ശ്ലോകം | 1 | നീന്നിം | നീതിം |
| 10 ,, | 2 | മേകാ | മേകം |
| 12 ,, | 2 | ഭവാശ്ച | ഭവാംശ്ച |
| 18 ,, | 4 | യാഭിവാംഭഃ | യാദിവാംഭഃ |
| 22 ,, | 2 | വ്രതേസ്ഥേ | പ്രതസ്ഥേ |
| 28 ,, | 2 | ഭൃനോതി | ദൃനോതി |
| 37 ,, | 1 | ദഗൌ | ദദൌ |
| 41 ,, | 4 | വ്യനൈഷിത് | വ്യനൈഷീത് |
| 47 ,, | 2 | ഭൃ | ഭൃ |
| 73 ,, | 1 | തീവ്രാഭിഷാംഗ | തീവ്രാഭിഷംഗ |
| 74 ,, | 3 | മിച്ഛിൽ | മഛ്ചിൻ. |
| ഭാഷ. | | | |
| 1_ാം ശ്ലോകം | 2 | കണ്ണം | കണ്ണും |
| ,, | 4 | ചാഞ്ചലതാം | ചഞ്ചലതാം |
| 10 ,, | 4 | ധനാ | ധനാി |
| 32 ,, | 1 | കണ്ടാൽ | കണ്ടാൽ |
| 48 ,, | 1 | 47 | 48 |
| 65 ,, | 1 | വാടി | വാട്ടി |
| ഭാവപ്രകാശികാ. | | | |
| 92_ാം പുറം | 7 | അതാറ്ത്ത് | അതാറിത്ത് |
| 94 ,, | 24 | വ്യംഗം | വ്യംഗ്യം |
| 96 ,, | 13 | ദിപക്ഷൻ | വിപക്ഷൻ |
| 11 ,, | 22 | വക്കകിളടിച്ചു | വക്കകളിടിച്ചു |
| 105 ,, | 14 | അവിവേകിയോ | അവിവേകിനിയോ |
| 118 ,, | 5 | അഭിമാനികളായ | അഭിമാനിനിക (ളായ |
| 120 ,, | 6 | ശബ്ദാൽ | ശബ്ദാൻ |
| 131 ,, | 3 | ഹൃദയംഗവുമായ | ഹൃദയംഗമവുമായ |

9570
A76

# കുമാരസംഭവഹൃദയം

ഭാഷ.

(5-ം 3-ം സർഗ്ഗങ്ങൾ.)

ഭാവപ്രകാശികാസഹിതം.

# മൂലം.

1 തഥാ സമക്ഷം ദഹതാ മനോഭവം
പിനാകിനാ ഭഗ്നമനോരഥാ സതി
നിനിന്ദ രൂപം ഹൃദയേന പാൎവ്വതീ
പ്രിയേഷു സൌഭാഗ്യഫലാ ഹി ചാരുതാ.

2 ഇയേഷ സാ കൎത്തുമവന്ധ്യരൂപതാം
സമാധിമാസ്ഥായ തപോഭിരാത്മനഃ
അവാപ്യതേ വാ കഥമന്യഥാ ദ്വയം
തഥാവിധം പ്രേമ പതിശ്ച താദൃശഃ.

3 നിശമ്യ ചൈനാം തപസേ കൃതോദ്യമാം
സുതാം ഗിരീശപ്രതിസക്തമാനസാം
ഉവാച മേനാ പരിരഭ്യ വക്ഷസാ
നിവാരയന്തീ മഹതോ മുനിവ്രതാത്.

4 മനീഷിതാഃ സന്തി ഗൃഹേഷു ദേവതാ-
സ്തപഃ ക്വ വത്സേ ക്വ ച താവകം വപുഃ
പദം സഹേത ഭ്രമരസ്യ പേലവം
ശിരീഷപുഷ്പം ന പുനഃ പതത്രിണഃ.

5 ഇതി ധ്രുവേച്ഛാമനുശാസതീ സുതാം
ശശാക മേനാ ന നിയന്തുമുദ്യമാത്
ക ഈപ്സിതാൎത്ഥസ്ഥിരനിശ്ചയം മനഃ
പയശ്ച നിമ്നാഭിമുഖം പ്രതീപയേത്.

## ഭാഷ.

A.76

1 സ്മരനെയതുവിധം പിനാകി, നേക്കി–
ട്ടുടനടി ചുട്ടതിലാശയററ ഗൌരി;
അകതളിരിൽ വെറുത്തു തൻെറ രൂപം
പ്രിയഹിതമല്ലി മനോജ്ഞതക്കു വേണ്ടു?

2 അഴകിനഥ തപസ്സമാധിയാലെ
സഫലതചേക്കുവതിന്നുറച്ചു ദേവി:
അതുവിധമനുരാഗ,മപ്പടിക്കാം
പതി,യിവയെങ്ങിനെയന്യഥാ ലഭിക്കും?

3 തപമതിനുതുനിഞ്ഞു, ചേർത്തു ചിത്തം
ഗിരിശനിലായ്, മകളെന്നു കേട്ടുമേന
ചിതമൊട്ടരസിചേർത്തുപുല്കി,യത്യു–
ന്നതമുനിവൃത്തി വിലക്കി നിന്നുചൊന്നാൾ.

4 ഇഹപലപരദൈവതങ്ങളില്ലേ?
തവതനുവെങ്ങു സുതേ! തപസ്സിതെങ്ങോ?
അളിയുടെ കഴൽതാങ്ങിടാം ശിരീഷം
കിളിയുടെ പാദഭരം സഹിപ്പതാമോ?

5 മകളെമനമുറച്ചൊരുദ്യമത്തിൽ–
ത്തടയുവതിന്നസമർത്ഥയായിമേന;
അഭിമതദൃഢമുള്ളവും കിഴപ്പോ–
ട്ടൊഴുകിനവെള്ളവുമാർക്കു പിന്തിരിക്കാം?

6 കദാചിദാസന്ന സഖീമുഖേന സാ
മനോരഥജ്ഞം പിതരം മനസ്വിനീ
അയാചതാരണ്യനിവാസമാത്മനഃ
ഫലോദയാന്തായ തപഃ സമാധയേ.

7 അഥാനുരൂപാഭിനിവേശതോഷിണാ
കൃതാഭ്യനുജ്ഞാ ഗുരുണാ ഗരീയസാ
പ്രജാസു പശ്ചാൽ പ്രഥിതം തദാഖ്യയാ
ജഗാമ ഗൌരീശിഖരം ശിഖണ്ഡിമത്.

8 വിമുച്യ സാ ഹാരമഹാര്യനിശ്ചയാ
വിലോലയഷ്ടിപ്രവിലുപ്തചന്ദനം
ബബന്ധ ബാലാരുണ ബഭ്രു വൽക്കലം
പയോധരോത്സേധവിശീർണ്ണസംഹതി.

9 യഥാപ്രസിദ്ധൈർമ്മധുരം ശിരോരുഹൈ-
ജടാഭിരപ്യേവമഭൂത്തദാനനം
ന ഷട്പദശ്രേണിഭിരേവ പങ്കജം
സശൈവലാസംഗ മപിപ്രകാശതേ.

10 പ്രതിക്ഷണം സാ കൃതരോമവിക്രിയാം
വ്രതായ മൌഞ്ജീം ത്രിഗുണാം ബഭാര യാം
അകാരി തൽപൂർവ്വനിബദ്ധയാ തയാ
സരാഗമസ്യാ രസനാഗുണാസ്പദം.

11 വിസൃഷ്ടരാഗാദധരാന്നിവർത്തിതഃ
സ്തനാംഗരാഗാരുണിതാച്ച കന്ദുകാത്
കുശാങ്കുരാദാന പരിക്ഷതാംഗുലിഃ
കൃതോക്ഷസൂത്രപ്രണയീ തയാ കരഃ.

6 നിജഹിതമറിയുന്ന താതനോടാ-
സ്സുദൃഢയട്ടത്തൊരു തോഴിതൻമുഖേന
അനുമതിയെയിരന്നു കാട്ടിൽ വാഴ്വാൻ
തനതു തപസ്സു ഫലിച്ചു കാണുവോളം.

7 സദൃശനിലനുഷക്തികണ്ടുദാരൻ
ഗ്ഗുരുമുദിതൻ വിടനൽകിവിട്ടു ഗൌരി,
മയിലെഴുമിടമാർന്നു, പിന്നെ 'ഗൌരീ-
ശിഖര'മതെന്നു തദാഖ്യയാൽ പുകഴ്ന്നു.

8 ദൃഢമതിയവൾ ചന്ദനം തുടച്ചോ-
രിഴകളെഴും കുളുർമുത്തുമാലമാററി;
തടമുലയുടെ വായ്പിലേപ്പുപിഞ്ഞും
മരവുരിയഞ്ഞരുണപ്രഭം ധരിച്ചാൾ.

9 ജടകളുമവൾതൻമുഖത്തിനേകീ
മധുരത വാറണിക്കുന്തൽപോലെതന്നെ
അളിയണി നിരകൊണ്ടു മാത്രമല്ല
നളിനമിണങ്ങിലസിപ്പുപായൽകൊണ്ടും.

10 ക്ഷണമനുപുളകം മുളച്ചിടുന്നാ-
റവളൊരുമുപ്പിരിമുഞ്ജവള്ളി, ചുററി-
വ്രതപരതയിലാദ്യമായ്വഹിച്ചോ-
രതുവഴിയായ്രശനാപദം ചുകന്നു.

11 അരുണിമയരുളാതെ, ചുണ്ടിൽനിന്നും
കുചതടകുങ്കുമമാർന്നു പന്തിൽനിന്നും
വിരത,മണികരം,കുശാങ്കുരത്താൽ
വിരലുമുറിഞ്ഞു ജപാക്ഷമാലയേന്തി.

---

10 നാലാംപാദം പാഠാന്തരം
രതുവഴിയായരചുററുമേചുകന്നു

12 മഹാൎഹശയ്യാ പരിവൎത്തനച്യുതൈഃ
സ്വകേശ പുഷ്പൈരപി യാ സ്മ ദൂയതേ
അശേത സാ ബാഹുലതോപധായിനീ
നിഷേദുഷീ സ്ഥണ്ഡില ഏവ കേവലേ.

13 പുനൎഗ്രഹീതും നിയമസ്ഥയാ തയാ
ദ്വയേഽപി നിക്ഷേപ ഇവാൎപ്പിതം ദ്വയം
ലതാസു തന്വീഷു വിലാസചേഷ്ടിതം
വിലോലദൃഷ്ടം ഹരിണാംഗനാസു ച.

14 അതന്ദ്രിതാ സാ സ്വയമേവ വൃക്ഷകാൻ
ഘടസ്തനപ്രസ്രവണൈൎവ്യവൎദ്ധയത്
ഗുഹോഽപി യേഷാം പ്രഥമാപ്തജന്മനാം
ന പുത്രവാത്സല്യമപാകരിഷ്യതി.

15 അരണ്യബീജാഞ്ജലി ദാനലാലിതാ-
സ്തഥാ ച തസ്യാം ഹരിണാ വിശശ്വസുഃ
യഥാ തദീയൈൎന്നയനൈഃ കുതൂഹലാൽ
പുരഃ സഖീനാമമിമീത ലോചനേ.

16 കൃതാഭിഷേകാം ഹുതജാതവേദസം
ത്വഗുത്തരാസംഗവതീമധീതിനീം
ദിദൃക്ഷവസ്താമൃഷയോഭ്യുപാഗമ-
ന്നധൎമ്മവൃദ്ധേഷു വയഃ സമീക്ഷ്യതേ.

17 വിരോധിസത്വോജ്ഝിതപൂൎവ്വമത്സരം
ദ്രുമൈരഭീഷ്ടപ്രസവാൎച്ചിതാതിഥി
നവോടജാഭ്യന്തരസംഭൃതാനലം
തപോവനം തത്ര ബഭൂവ പാവനം.

12 ഉരുളലിലുരുശയ്യയിങ്കൽവീഴും
മുടിമലർകൊണ്ടുമൊരല്ലലാർന്നുപോന്നോൾ
പകലിരവു കിടന്നു, തന്നിളംകൈ
തലയണയാക്കി വെറും നിലത്തുതന്നെ.

13 വ്രതപരയവൾ വെച്ചു വീണ്ടൂട്ടപ്പാ–
ന്നിരുവരിലായിരുകൂട്ടമീട്ടുപോലെ,
ചെറുലതകളിലാറിലാസവായ്പ്പും
ഹരിണികളിൽസ്സുവിലോലമായ നോക്കും.

14 ചെറുചെടികൾ വളർത്തിവന്നു താന്താ–
നവൾകുടമാം കുചമേന്തിടും പയസ്സാൽ
ഗുഹനുമരുതുമേലിൽ, മുൻപിറന്നോ–
രവയിലപത്യപരപ്രിയം കുറപ്പാൻ.

15 വിപിനവിഭവമേകിയോമനിക്കും
ഗിരിജയിലങ്ങനെമാൻകുലം മെരുങ്ങി,
അവയുടെ മിഴിയാൽ സ്സഖീസമക്ഷം
നിജമിഴിയെങ്ങനെകൌതുകാലളക്കും?

16 അനുദിനമഭിഷേക,മഗ്നിഹോമം,
മരവുരിചുററുക, വേദമോതുകെന്നായ്
മരുവുമവളെയങ്ങു വന്നു കണ്ടു
മുനികൾ; വയോവിധിധർമ്മവൃദ്ധനുണ്ടോ?

17 കുലരിപുതവെടിഞ്ഞജന്തുവർഗ്ഗം,
ഫലനിരയാഗതനേകിടും തരുക്കൾ,
ഭൃതഹുതവഹമാം നവോടജംചേ–
ന്നവിടെ ഭവിച്ചു തപോവനം പവിത്രം.

18 യദാഫലം പൂൎവ്വതപസ്സമാധിനാ
ന താവതാ ലഭ്യമമംസ്ത കാംക്ഷിതം
തദാനപേക്ഷ്യ സ്വശരീരമാൎദ്ദവം
തപോ മഹത്സാ ചരിതും പ്രചക്രമേ.

19 ക്ലമം യയൌ കന്ദുകലീലയാപി യാ
തയാ മുനീനാം ചരിതം വ്യഗാഹ്യത
ധ്രുവം വപുഃ കാഞ്ചനപത്മനിൎമ്മിതം
മൃദു പ്രകൃത്യാ ച സസാരമേവ ച.

20 ശുചൌ ചതുൎണ്ണാം ജ്വലതാം ഹവിൎഭുജാം
ശുചിസ്മിതാ മദ്ധ്യഗതാ സുമദ്ധ്യമാ
വിജിത്യ നേത്രപ്രതിഘാതിനീം പ്രഭാ-
മനന്യദൃഷ്ടിഃ സവിതാരമൈക്ഷത.

21 തഥാതിതപ്തം സവിതുൎഗ്ഗഭസ്തിഭി-
മുഖം തദീയം കമലശ്രിയം ദധൌ
അപാംഗയോഃ കേവലമസ്യ ദീൎഘയോഃ
ശനൈഃ ശനൈഃ ശ്യാമികയാ കൃതം പദം.

23 അയാചിതോപസ്ഥിതമംബു കേവലം
രസാത്മകസ്യോഡുപതേശ്ച രശ്മയഃ
ബഭൂവ തസ്യാഃ കില പാരണാവിധി-
ൎന്ന വൃക്ഷവൃത്തി വ്യതിരിക്തസാധനഃ.

23 നികാമതപ്താ വിവിധേന വഹ്നിനാ
നഭശ്ചരേണേന്ധനസംഭൃതേന സാ
തപാത്യയേ വാരിഭി രുക്ഷിതാനവൈൎ-
ഭുവാ സഹോഷ്മാണമമുഞ്ചദൂൎദ്ധ്വഗം.

18 കരുതിനാൾ ഫല,മിത്രയും തപസ്സാൽ
കരഗതമാകുകയില്ലയെന്നു തോന്നി,
അതുമുതലുടലിൻ മൃദുത്വമോർക്കാ-
തതികഠിനം തപമാചരിച്ചു ദേവി.

19 അവശതയൊരുപന്തടിച്ചുമേല്ലോ-
ളവൾ മുഴുകീ മുനിവൃത്തി തന്നിൽമുററും
ഉടലതുകനകാബ്ജ ശില്പമാവാം
പിറവിയിലേ മൃദുവെങ്കിലും ബലാഢ്യം.

20 ശുചിഹസിത, സുമദ്ധ്യ, വേനൽനാളിൽ
ജ്വലിതഹുതാശനർ നാലുപാടുമായി,
ചുടുകതിരടിയേററു കണ്ണു തെററാ-
തിനനെ യനാകുലമങ്ങുനോക്കിനിന്നാൾ.

21 അതുവിധമിനരശ്മിവാട്ടിയോരാ-
മുഖമൊരുതണ്ടലരിൻനിറംവഹിച്ചു
അതിലരിയകറുപ്പുനീണ്ട കണ്ണിൻ
മുനകളിലേ പടമൂന്നിയുള്ള മന്ദം

22 പരമഭിലഷിയാതെ വന്നുചേരും
ജലവുമൊരാക്കളർ തിങ്കൾതൻ നിലാവും
വെറുമിവ നിജപാരണയ്ക്കു കൈക്കൊ-
ണ്ടവൾ തരുവൃത്തി വഹിച്ചുതന്നെ വാണാൾ.

23 വിറകിലുമഥ വാനിലും ജ്വലിച്ചീ-
ടിന വിവിധാഗ്നിയിലെത്രയും തപിച്ചോൾ
പുതുമഴയിൽ നനഞ്ഞു വർഷനാളിൽ-
ധരണിയൊടൊപ്പമൊരാവിയുദ്വമിച്ചാൾ.

24 സ്ഥിതാഃ ക്ഷണം പക്ഷ്മസു താഡിതാധരാഃ
പയോധരോത്സേധ നിപാതചൂൎണ്ണിതാഃ
വലീഷു തസ്യാഃ സ്ഖലിതാഃ പ്രപേദിരേ
ചിരേണ നാഭിം പ്രഥമോദബിന്ദവഃ

25 ശിലാശയാം താമനികേത വാസിനീം
നിരന്തരാസ്വന്തരവാതവൃഷ്ടിഷു
വ്യലോകയന്നുന്മിഷിതൈസ്തടിന്മയൈർ_
മഹാതപഃ സാക്ഷ്യ ഇവസ്ഥിതാക്ഷപാഃ

26 നിനായ സാത്യന്ത ഹിമോൽകിരാനിലാഃ
സഹസ്യരാത്രീരുദവാസതല്പരാ
പരസ്പരാക്രന്ദിനി ചക്രവാകയോഃ
പുരോവിയുക്തേ മിഥുനേ കൃപാവതീ.

27 മുഖേന സാ പത്മസുഗന്ധിനാ നിശി
പ്രവേപമാനാധര പത്രശോഭിനാ
തുഷാരവൃഷ്ടിക്ഷതപദ്മസംപദാം
സരോജസംധാന മിവാകരോദപാം

28 സ്വയം വിശീൎണ്ണദ്രുമപൎണ്ണവൃത്തിതാ
പരാ ഹി കാഷ്ഠാ തപസസ്തയാ പുനഃ
തദപ്യപാകീൎണ്ണമതഃ പ്രിയം വദാം
വദന്ത്യപൎണ്ണേതി ചതാം പുരാവിദഃ

29 മൃണാളികാപേലവമേവമാദിഭിർ_
വ്രതൈഃ സ്വമംഗം ഗ്ലപയന്ത്യഹർനിശം
തപഃ ശരീരൈഃ കഠിനൈരുപാർജിതം
തപസ്വിനാം ദൂരമധശ്ചകാര സാ.

24 ചെറുതിമകളിൽനിന്നു, ചുണ്ടുമട്ടി-
ച്ചു,ലഘുകുചോപരി വീണുടൻ തകർന്നു;
വലികളിലിടറി,ച്ചിരേണ ചെന്നാ-
പ്പുതുമഴതൻകണപങ്ക്തി നാഭി പൂകി.

25 മഴയിലുമതിയായ കാററിലും പാ-
ഷ്പിടമിയലാതവൾ പാറമേൽ കിടക്കെ,
നിശകൾ തപമതിന്നു, മിന്നലാൽ പാ-
ത്തരുളവതെന്നവിധം വഹിച്ചു സാക്ഷ്യം.

26 അവളുദകമതിൽക്കഴിച്ചു, കാററാൽ-
പ്പനിമഴപെയ്ത്ത ഹിമത്തു രാത്രിയെല്ലാം;
സ്വനികടഭൂരി തമ്മിലാർത്തു കേഴും
വിരഹിതകോകയുഗത്തിലമ്പിനോടെ

27 ഇരവിലധരമാം ദളം വിറയ്ക്കും
സരസിജസൌരഭശാലിയാം മുഖത്താൽ
അരുളിയവൾ, തുഷാരമാരിയാൽത്ത-
ണ്ടലരുമുടിഞ്ഞ ജലത്തിനബ്ജയോഗം.

28 തപമതിനെഴുമുച്ചകാഷ്ഠയല്ലോ
തനിയെ വിഴും തരുപർണ്ണമാത്രവൃത്തി;
അതുമവൾ വെടിയെ, പ്രിയം കഥിപ്പോ-
രവളെ വിളിച്ചി“തപർണ്ണ”യെന്നു പൂർവ്വർ.

29 വ്രതമികവിൽ മൃണാളകോമളം തൻ-
തിരുവുടൽ രാപ്പകൽവാട്ടിവാണ ഗൌരി
അതികഠിനവപുസ്സുകൊണ്ടുനേടി-
ടിന മുനിവര്യ്യ തപസ്സതീവ താഴ്ത്തി.

30 അഥാജിനാഷാഢധരഃ പ്രഗത്ഭവാ—
ഗ്ജ്വലന്നിവ ബ്രഹ്മമയേന തേജസാ
വിവേശ കശ്ചിജ്ജടിലസ്തപോവനം
ശരീരബദ്ധഃ പ്രഥമാശ്രമോ യഥാ

31 തമാതിഥേയീ ബഹുമാനപൂൎവ്വയാ
സപൎയ്യയാ പ്രത്യുദിയായ പാൎവ്വതീ
ഭവന്തി സാമ്യേഽപി നിവിഷ്ടചേതസാം
വപുൎവ്വിശേഷേഷ്വതി ഗൌരവാഃ ക്രിയാഃ

32 വിധിപ്രയുക്താം പരിഗൃഹ്യ സൽക്രിയാം
പരിശ്രമം നാമ വിനീയ ച ക്ഷണം
ഉമാം സ പശ്യൻ ഋജുനൈവ ചക്ഷുഷാ
പ്രചക്രമേ വക്തുമനുജ്ഝിതക്രമഃ

33 അപി ക്രിയാൎത്ഥം സുലഭം സമിൽകുശം
ജലാന്യപി സ്നാനവിധിക്ഷമാണി തേ
അപി സ്വശക്ത്യാ തപസി പ്രവൎത്തസേ
ശരീരമാദ്യം ഖലു ധൎമ്മസാധനം

34 അപി ത്വദാവൎജ്ജിത വാരിസംഭൃതം
പ്രവാളമാസാമനുബന്ധി വീരുധാം
ചിരോജ്ഝിതാലക്തകപാടലേന തേ
തുലാം യദാരോഹതി ദന്തവാസസാ

35 അപി പ്രസന്നം ഹരിണേഷു തേ മനഃ
കരസ്ഥദൎഭപ്രണയാപഹാരിഷു
യ ഉല്പലാക്ഷി പ്രചലൈൎവ്വിലോചനൈ—
സ്തവാക്ഷി സാദൃശ്യമിവ പ്രയുഞ്ജതേ.

30 അഥജട, യജിനം, പലാശദണ്ഡം,
മൊഴിവിരുതു, ജ്ജ്വലമാം മഹസ്സിതെല്ലാം
ചെട്ടമൊരുവനണഞ്ഞിതാശ്രമത്തിൽ-
ധൃതതനുവാം പ്രഥമാശ്രമം കണക്കെ.

31 അവനെ വിനയപൂർവ്വം പൂജയോടെ
ഗിരിസുത ചെന്നെതിരേററിതാതിഥേയീ;
സദൃശനിലയിലും സമാദരിപ്പൂ
സുമഹിതരായവരെ സ്ഥിരാശയന്മാർ.

32 വിധിരചിതസപര്യയേററവൻ ചെ-
ററിടയൊരു വിശ്രമമാർന്ന പോലിരിക്കെ,
അകുടിലമിഴികൊണ്ടു തന്നെനോക്കീ
ട്ടുമയൊടനുക്രമമോതുവാൻ തുടങ്ങി.

33 കുശ, ചമത, സമൃദ്ധമായ് ക്രിയയ്ക്കും
ശുഭജലമിങ്ങു കുളിയ്ക്കുമില്ലയല്ലീ?
തപമിഹ തവ ശക്തിപോലെയല്ലീ?
തനുവതുതന്നെയൊരാദ്യധർമ്മമൂലം.

34 ലതകളിവയിൽ നീ നനപ്പതിങ്കൽ
തളിർ തുടരെത്തുടരെപ്പൊടിപ്പതില്ലേ?
അതു പല ദിനമായലക്തകത്തി-
ന്നരുണിമവിട്ട തവാധരത്തൊടൊക്കും.

35 കുവലയനയനേ! ത്വദക്ഷി സാമ്യം
തരളിതദൃഷ്ടികളാൽപ്പ്രയററി, യൻപാൽ
തവകരഗതമായ ദർഭകക്കും
മൃഗതതിയിൽപ്പരിതുഷ്ടയല്ലെയോ നീ?

---

35 പാഠഭേദപ്രകാരം 'ഉല്ലലാക്ഷേപചപലൈ'....
തവമിഴിസദൃശം ചലോല്ലലം പോൽ–
ത്തരളിത..............................

36 യദുച്യതേ പാർവ്വതി പാപവൃത്തയേ
ന രൂപമിത്യവ്യഭിചാരി തദ്വചഃ
തഥാ ഹി തേ ശീലമുദാര ദർശനേ
തപസ്വിനാമപ്യുപദേശതാം ഗതം.

37 വികീർണ്ണസപ്തർഷിബലിപ്രഹാസിഭി
സ്തഥാ ന ഗാംഗൈഃ സലിലൈഃ ദിവശ്ച്യുതൈഃ
യഥാ ത്വദീയൈശ്ചരിതൈരനാവിലൈർ–
മഹീധരഃ പാവിത ഏഷ സാന്വയഃ

38 അനേന ധർമ്മഃ സവിശേഷമദ്യ മേ
ത്രിവർഗ്ഗസാരഃ പ്രതിഭാതി ഭാവിനി
ത്വയാ മനോനിർവ്വിഷയാർത്ഥകാമയാ
യദേക ഏവ പ്രതിഗൃഹ്യ സേവ്യതേ.

39 പ്രയുക്തസൽക്കാരവിശേഷമാത്മനാ
ന മാം പരം സംപ്രതിപത്തുമർഹസി
യതഃ സതാം സന്നതഗാത്രി സംഗതം
മനീഷിഭിഃ സാപ്തപദീനമുച്യതേ.

40 അതോഽത്ര കിംചിൽ ഭവതീം ബഹുക്ഷമാം
ദ്വിജാതിഭാവാദുപപന്ന ചാപലഃ
അയം ജനഃ പ്രഷ്ടുമനാസ്തപോ ധനേ
ന ചേദ്രഹസ്യം പ്രതിവക്തുമർഹസി.

41 കുലേ പ്രസൂതിഃ പ്രഥമസ്യ വേധസ–
സ്ത്രിലോകസൌന്ദര്യ്യമിവോദിതം വപുഃ
അമൃഗ്യമൈശ്വര്യ്യസുഖം നവം വയ–
സ്തപഃ ഫലം സ്യാൽ കിമതഃ പരം വദ

36 ഹിമഗിരി തനയേ! വരില്ല നല്ലാ–
കൃതിയിലസൽകൃതമെന്ന വാക്കു സത്യം.
മുനികുലമതിനും സുദൎശനെ, നിൻ
നടവടിയിന്നുപദേശമായിതല്ലോ.

37 പുലഹമുഖമുനീന്ദ്രർ തൂവിയോരാ–
ബ്ബലിസുമഹാസിനി ദിവ്യഗംഗപോലും
തവസുചരിതമെന്നപോലെ നല്കീ–
ലനഘതവംശമൊടിദ്ധരാധരന്നും.

38 സ്ഫുടമിവനിഹ തോന്നിടുന്നു, വൎഗ്ഗ–
ത്രിതയവിശിഷ്ടതധൎമ്മമൊന്നിനെന്നായ്;
ഭവതിയതിനെ മാത്രമൎത്ഥകാമ–
സ്മൃതികലരാതനഘേ, ഭജിപ്പിതല്ലീ?

39 കരുതരുതിവനന്യനെന്നു, നീ താൻ
പരിചിയലുംപടി സല്ക്കരിച്ചൊരെന്നെ
എഴുമൊഴിമതി, സത്തുകൾക്കു ചേൎച്ച–
യ്ക്കിതിപറയുന്നു, നതാംഗി! ബുദ്ധിമാന്മാർ.

40 ഇതുകരുതിയിവൻ തപോധനേ! നിൻ
ക്ഷമയിലുറപ്പൊട്ടു വിപ്രചാപലത്താൽ
തുനിയുവതിഹ ചോദ്യമൊന്നു ചെയ്വാൻ
മറുപടിചൊല്ലുക ഗോപ്യമല്ലയെങ്കിൽ

41 പ്രഥമവിധി കുലത്തിൽ നിൻെറ ജന്മം
ത്രിഭുവനചാരുത ചേൎന്നപോലെ ഗാത്രം
വശമുരുവിഭവം, നവം വയസ്സും,
ഫലമിനിയെന്തു തപസ്സിനാൽ വരേണ്ടു?

42 ഭവത്യനിഷ്ടാദപി നാമ ദുഃസഹാ-
ന്മനസ്വിനീനാം പ്രതിപത്തിരീദൃശീ
വിചാരമാർഗ്ഗപ്രഹിതേന ചേതസാ
ന ദൃശ്യതേ തച്ച കൃശോദരി ത്വയി.

43 അലഭ്യശോകാഭിഭവേയമാകൃതി-
ർവിമാനനാ സുഭ്രു കുതഃ പിതുർഗ്ഗൃഹേ
പരാഭിമർശോ ന തവാസ്തി കഃ കരം
പ്രസാരയേൽ പന്നഗരത്നസൂചയേ

44 കിമിത്യപാസ്യാഭരണാനി യൌവനേ
ധൃതം ത്വയാ വാർദ്ധകശോഭി വല്ക്കലം
വദ പ്രദോഷേ സ്ഫുടചന്ദ്രതാരകാ
വിഭാവരീ യദ്യരുണായ കല്പതേ.

45 ദിവം യദി പ്രാർത്ഥയസേ വൃഥാ ശ്രമഃ
പിതുഃ പ്രദേശാസ്തവ ദേവഭൂമയഃ
അഥോപയന്താരമലം സമാധിനാ
ന രത്നമന്വിഷ്യതി മൃഗ്യതേ ഹി തത്

46 നിവേദിതം നിശ്വസിതേന സോഷ്മണാ
മനസ്തു മേ സംശയമേവ ഗാഹതേ
ന ദൃശ്യതേ പ്രാർത്ഥയിതവ്യ ഏവ തേ
ഭവിഷ്യതി പ്രാർത്ഥിതദുർല്ലഭഃ കഥം

47 അഹോ സ്ഥിരഃ കോഽപി തവേപ്സിതോ യുവാ
ചിരായ കർണ്ണോല്പലശൂന്യതാം ഗതേ
ഉപേക്ഷതേ യഃ ശ്ലഥലംബിനീർജടാ
കപോലദേശേ കളമാഗ്രപിംഗളാഃ

PRESENTED BY:
SRI M. K. VASUDEVAN NAIR



42 ഇതുവിധമൊരു തോന്നൽ വന്നുചേരാം
ദൃഢമതികൾക്കു സുഹൃത്സഹാ പ്രിയത്താൽ
കൃശതനു,വതിനും മനസ്സിലോർത്തി-
ട്ടൊരുവിധവും വഴികാണ്മതില്ല നിന്നിൽ.

43 വടിവി,തഴലിനാലധൃഷ്യ;—മെങ്ങാ-
ണവമതിസൂഭ്രൂ, പിതാവുതൻ ഗൃഹത്തിൽ?
ഭവതിയെയപരൻ തൊടാ, കടന്നാ-
രഹിമുടിയാന്ന മണിക്കു കയ്യുനീട്ടും?

44 തരുണിമയിൽ വിഭൂഷമാററി വൃദ്ധോ-
ചിതതരുവല്ക്കമെടുത്തതെന്തിനായ് നീ?
പറ,കുഡുശശിയൊത്ത രാത്രി, യന്തി-
ക്കരുണനൊടൊത്തമരുന്നതത്ര നന്നോ?

45 അമരപുരിയിലിച്ഛയെങ്കിൽ വേണ്ടാ
ശ്രമമിതു, താവക താതഭൂമി ദിവ്യം;
വരനൊരുവനുവേണ്ടിയെങ്കിൽ, നിത്താം
മണിതിരയില്ല;—തിനെത്തിരഞ്ഞുകൊള്ളും.

46 തവചുടുനെടുവീർപ്പിനാൽക്കഥിക്ക-
പ്പെടുകില്ല,മുണ്ടൊരു ശങ്കയെൻ മനസ്സിൽ;
തവ നിയതമൊരർത്ഥനീയനേയി-
ല്ലയി, പുനരെങ്ങിനെയർത്ഥിതൻ ദുരാപൻ?

47 കഠിനനൊരു യുവാവഭീപ്സിതൻ തേ:
ചെവിയണിയുല്ലലശൂന്യമാം കപോലെ
ചിരമയികളമാഗ്രപീതവർണ്ണ-
ച്ചിടനിരതുങ്ങുവതോർപ്പതില്ലയല്ലോ?

---

44 പറക,രുണനുചേരു,മന്തിനേര-
ത്തുഡുശശി ഭാസുരയാം ത്രിയാമയെങ്കിൽ!

48 മുനിവ്രതൈസ്ത്വാമതി മാത്രകർശിതാം
ദിവാകരാപ്ലുഷ്ടവിഭൂഷണാസ്പദാം
ശശാങ്കലേഖാമിവ പശ്യതോ ദിവാ
സചേതസഃ കസ്യ മനോ ന ദൂയതേ.

49 അവൈമി സൌഭാഗ്യമദേന വഞ്ചിതം
തവ പ്രിയം യശ്ചതുരാവലോകിനഃ
കരോതി ലക്ഷ്യം ചിരമസ്യ ചക്ഷുഷോ
ന വക്ത്രമാത്മീയമരാളപക്ഷ്മണഃ

50 കിയച്ചിരം ശ്രാമ്യസി ഗൌരി വിദ്യതെ
മമാപി പൂർവ്വാശ്രമസംചിതം തപഃ
തദർദ്ധഭാഗേന ലഭസ്വ കാംക്ഷിതം
വരം ത മിച്ഛാമി ച സാധുവേദിതും.

51 ഇതി പ്രവിശ്യാഭിഹിതാ ദ്വിജന്മനാ
മനോഗതം സാ ന ശശാക ശംസിതും
അഥോ വയസ്യാം പരിപാർശ്വവർത്തിനീം
വിവർത്തിതാനഞ്ജന നേത്രമൈക്ഷത

52 സഖീ തദീയാ തമുവാച വർണ്ണിനം
നിബോധ സാധോ തവ ചേത് കുതൂഹലം
യദർത്ഥമംഭോജമിവോഷ്ണവാരണം
കൃതം തപഃ സാധനമേതയാ വപുഃ

53 ഇയം മഹേന്ദ്രപ്രഭൃതീനധിശ്രിയ-
ശ്ചതുർദിഗീശാനവമത്യ മാനിനീ
അരൂപഹാര്യം മദനസ്യ നിഗ്രഹാൽ
പിനാകപാണിം പതിമാപ്തുമിച്ഛതി.

48 വ്രതമികവിൽ മെലിച്ചിൽ വാച്ചുവെയ്ലേ–
റാണിയിടമാകവെ വാടിയോരു നിന്നെ,
പകലണിമതിലേഖപോലെ കണ്ടാൽ–
സ്സുഹൃദയനേവനു നോവുകില്ല ചിത്തം

49 വളവണിയിമ രോമമൊത്തു വീക്ഷാ–
വിരുതിയലും തവകണ്ണിലാത്മവക്ത്രം,
ഇതുവരെയുമണച്ചിടായ്കയാൽ നിൻ
പ്രിയനൊരു സുന്ദരവിസ്ഥിതന്നെ നൂനം

50 ശ്രമമടയുവതെത്ര കാല, മാദ്ധ്യാ–
ശ്രമകൃതമാം തപമുണ്ടെനിക്കു ഗൌരി,
വരമതിനുടെ പാതികൊണ്ടു നേടാം
പ്രിയനെവനെന്നറിവാനുമാഗ്രഹിപ്പൂ.

51 ദ്വിജനിതു കയറിക്കഥിയ്ക്കെയന്ത–
ർഗ്ഗതമരുളാൻ കഴിയായ്കകൊണ്ടു ദേവി;
അണിമഷിയെഴുതാത്ത കൺതിരിച്ചി–
ട്ടരികിലെഴുന്നൊരു തോഴിയാളെ നോക്കി.

52 സഖിവടുവൊടുരച്ചു:–“വേണമെങ്കിൽ–
ത്തിരുവടി കേൾക്കുക, ദേവിയിശ്ശരീരം,
വെയിൽത്തടയുവതിന്നു വാരിജംപോൽ
വ്രതവശമാക്കിയതെന്തിനെന്നു സാധൊ:

53 ഇവൾ വിഭവമെഴും ദിഗീശരിന്ദ്ര–
പ്രഭൃതികൾ നാൽവരെയും വെടിഞ്ഞുമാനാൽ,
സ്മരനിധനവശാൽ സ്വരൂപസൌകുമാര്യം
വഴി, ലഭിയാത്ത പിനാകിയേ വരിപ്പൂ.

---

48 പകലിലെ മതി..................കണ്ടാൽ

54 അസഹ്യഹൂംകാരനിവർത്തിതഃ പുരാ
പുരാരിമപ്രാപ്തമുഖഃ ശിലീമുഖഃ
ഇമാം ഹൃദി വ്യായതപാതമക്ഷിണോ–
ദ്വിശീർണ്ണമൂർത്തേരപി പുഷ്പധന്വനഃ

55 തദാ പ്രഭൃത്യുന്മദനാ പിതുർഗൃഹേ
ലലാടികാ ചന്ദനധൂസരാളകാ
ന ജാതു ബാലാ ലഭതേ സ്മ നിർവൃതിം
തുഷാരസംഘാതശിലാതലേഷ്വപി.

56 ഉപാത്തവർണ്ണേ ചരിതേ പിനാകിനഃ
സബാഷ്പകണ്ഠസ്ഖലിതൈഃ പദൈരിയം
അനേകശഃ കിന്നരരാജകന്യകാ
വനാന്തസംഗീത സഖീരരോദയത്.

57 ത്രിഭാഗശേഷാസു നിശാസു ച ക്ഷണം
നിമീല്യനേത്രേ സഹസാ വ്യബുദ്ധ്യത
‘‘ക്വ നീലകണ്ഠ! വ്രജസി’’ത്യലക്ഷ്യവാ–
ഗസത്യകണ്ഠാർപ്പിത ബാഹുബന്ധനാ.

58 ‘‘യദാ ബുധൈഃ സർവ്വഗതസ്ത്വമുച്യസേ
നവേത്സി ഭാവസ്ഥമിമം കഥം ജനം’’
ഇതി സ്വഹസ്തോല്ലിഖിതശ്ച മുഗ്ദ്ധയാ
രഹസ്യുപാലഭ്യത ചന്ദ്രശേഖരഃ

59 യദാ ച തസ്യാധിഗമേ ജഗല്പതേ–
രപശ്യദന്യം ന വിധിം വിചിന്വതീ
തദാ സഹാസ്മാഭിരനുജ്ഞയാ ഗുരോ–
രിയം പ്രപന്നാ തപസേ തപോവനം

54 പുരഹരനിലയച്ചൊരസ്ത്രമന്നാ-
ളുരുതരഹുംകൃതിയേററു പിൻമടങ്ങേ,
ഇവളുടെ ഹൃദയത്തിലാഞ്ഞു കേറീ
കുസുമശരന്നുടൽ ചാമ്പലായപോതും.

55 അതുമുതലവൾ ബാല, ഫാലപാടീ-
രകധവളാളകയായനംഗതാപാൽ,
പിതൃഗൃഹമതിൽ വാണു, മഞ്ഞുകട്ട-
ത്തറകളിലൊന്നിലുമേ സുഖംവരാതെ.

56 ഹരനുടെ ചരിതം പിടിച്ചു പാട്ട-
ന്നതിനു മതിന്നിവളശ്രു ഗദ്ഗദത്താൽ
പലവുരു കരയിച്ചു, വന്യഗാന-
പ്രിയജന കിന്നരരാജകന്യമാരെ.

57 നിശയുടെയൊട്ടുവൊട്ടു കണ്ണടച്ചി-
ട്ടിവൾ സഹസാ, "ഹര! നീ ഗമിപ്പതെങ്ങോ?"
ഇതിവിട്ടുമൊഴിയുച്ചരിച്ചു, മിത്ഥ്യാ-
ഗളഭുവി കൈകളമിട്ടുണന്നെണീക്കും

58 "ബുധരഖിലഹൃദിസ്ഥനെന്നു നിന്നെ-
പ്പറയുകിലെന്തറിയാഞ്ഞതെൻെറ ചിത്തം"
സ്വകരലിഖിതചന്ദ്രചൂഡനോടി-
പ്പുഴിമൊഴിയും വിജനേ വിമുഗ്ദ്ധചൊന്നാൾ.

59 ത്രിഭുവനപതികാന്തനായ് വരാൻ മ-
റെറാരു വഴിയും ഹൃദി കണ്ടിടായ്ക മൂലം
വനമതിലിവൾ താതസമ്മതം പൂ-
ണ്ടനഘതപസ്സിനു ഞങ്ങളൊത്തു വന്നാൾ.

60 ദ്രുമേഷു സഖ്യാ കൃതജന്മസു സ്വയം
ഫലം തപഃ സാക്ഷിഷു ദൃഷ്ടമേഷ്വപി
ന ച പ്രരോഹാഭിമുഖോഽപി ദൃശ്യതേ
മനോരഥോഽസ്യാഃ ശശിമൌലിസംശ്രയഃ

61 ന വേദ്മി സ പ്രാത്ഥിതദുർല്ലഭഃ കദാ
സഖീഭിരസ്രോത്തരമീക്ഷിതാമിമാം
തപഃ കൃശാമഭ്യുപപത്സ്യതേ സഖീം
വൃഷേവ സീതാം തദവഗ്രഹക്ഷതാം

62 അഗൂഢസദ്ഭാവമിതീംഗിതജ്ഞയാ
നിവേദിതോ നൈഷ്ഠികസുന്ദരസ്തയാ
അയീദമേവം പരിഹാസ ഇത്യുമാ–
മപൃച്ഛദവ്യഞ്ജിതഹർഷലക്ഷണഃ

63 അഥാഗ്രഹസ്തേ മുകുളീകൃതാംഗുലൌ
സമർപയന്തീ സ്ഫടികാക്ഷമാലികാം
കഥംചിദദ്രേസ്തനയാ മിതാക്ഷരം
ചിരവ്യവസ്ഥാപിത വാഗഭാഷത.

64 യഥാശ്രുതം വേദവിദാം വര ത്വയാ
ജനോഽയമുച്ചൈഃ പദലംഘനോൽസുകഃ
തപഃ കിലേദം തദവാപ്തി സാധനം
മനോരഥാനാമഗതിർന വിദ്യതേ.

65 അഥാഹ വണ്ണി വിദിതോ മഹേശ്വര–
സ്തദത്ഥിനീ ത്വം പുനരേവ വത്തസേ
അമംഗലാഭ്യാസരതിം വിചിന്ത്യ തം
തവാനുവൃത്തിം ന ച കത്തുമുൽസഹേ

60 തപമതിന്നിഹ സാക്ഷി നില്പതാമി–
ത്തരുനിര മൽസഖി നട്ടതിന്നു കായ്ച്ചു;
മതിധരന്നിലെഴും മനോരഥത്തിൻ
മുളയുടെ ഭാവവുമിന്നു കാണ്മതില്ല.

61 വ്രതകൃശ, സഖിമാർ സബാഷ്പമീക്ഷി–
ച്ചിട്ടുമിവൾ തന്നഴലാററുവാൻ ദുരാപൻ,
വയലിനു, മഴയാൽ, വരൾച്ച തീർപ്പാൻ
വലരിപുവെന്നവിധം വരുന്നതെന്നോ?

62 അവളിതിഹൃദയജ്ഞ മൂടിവെയ്ക്കാ–
തഖിലമുരച്ചതുകേട്ടു സുന്ദരാംഗൻ
"കഥയിതു ശരിയോ, സുഹാസ്യമോ", യെ–
ന്നുമയോടവിസ്ഫുടഹർഷനായ്ത്തിരക്കി.

63 അഥ, ഗിരിജപളുങ്കുമാലയെത്തൻ
വിരലുകൾ കൂമ്പിന പാണിമേലുടക്കി,
തഴകിന ചിരമൗനവൃത്തി ലംഘി–
ച്ചവളൊരു മട്ടുമിതാക്ഷരം കഥിച്ചാൾ.

64 "ദ്വിജവര,കഥ,യങ്ങുകേട്ടപോൽത്താ–
നുപരിപദം കയറാൻ കൊതിയ്ക്കുവോൾ ഞാൻ
തപവുമിതതിനുള്ളപായമാം പോ–
ലവിഷയമെന്തു മനോരഥത്തിനുള്ളൂ?

65 അഥ,വടുവരുളീ, "മഹേശനേ ഞാ–
നറിയുവ,നാശയവങ്കൽ വീണ്ടുമെന്നോ?
അവനുടെയശുഭപ്പയററതോത്തി–
ട്ടിവനതിനോടനുകൂലനാക വയ്യാ".

66 അവസ്തു നിർബന്ധപരേ കഥം നു തേ
കരോഽയമാമുക്തവിവാഹകൗതുകഃ
കരേണ ശംഭോർവ്വലയീകൃതാഹിനാ
സഹിഷ്യതേ തൽപ്രഥമാവലംബനം.

67 ത്വമേവ താവൽ പരിചിന്തയ സ്വയം
കദാചിദേതേ യദി യോഗമർഹതഃ
വധൂദുകൂലം കളഹംസലക്ഷണം
ഗജാജിനം ശോണിതബിന്ദു വർഷി ച

68 ചതുഷ്കപുഷ്പപ്രകരാവകീർണ്ണയോഃ
പരോഽപി കോ നാമ തവാനുമന്യതേ
അലക്തകാങ്കാനി പദാനി പാദയോ-
ർവ്വികീർണ്ണകേശാസു പരേതഭൂമിഷു

69 അയുക്തരൂപം കിമതഃ പരം വദ
ത്രിനേത്രവക്ഷഃ സുലഭം തവാപി യത്
സ്തനദ്വയേഽസ്മിൻ ഹരിചന്ദനാസ്പദേ
പദം ചിതാഭസ്മരജഃ കരിഷ്യതി.

70 ഇയം ച തേഽന്യാ പുരതോ വിഡംബനാ
യദൂഢയാ വാരണരാജഹാര്യ്യയാ
വിലോക്യവൃദ്ധോക്ഷമധിഷ്ഠിതം ത്വയാ
മഹാജനഃ സ്മേരമുഖോ ഭവിഷ്യതി.

71 ദ്വയം ഗതം സമ്പ്രതി ശോചനീയതാം
സമാഗമ പ്രാർത്ഥനയാ പിനാകിനഃ
കലാ ച സാ കാന്തിമതീ കലാവത-
സ്ത്വമസ്യ ലോകസ്യ ച നേത്രകൗമുദീ

66 പരമനുചിതമാസ്ഥ തല്പരേ! നിൻ
പരിണയസൂത്രമണിഞ്ഞൊരീക്കരാബ്ജം
ഭുജഗവള ധരിച്ച ശങ്കരൻ തൻ
പ്രഥമകരാർപ്പണമെങ്ങിനേ സഹിക്കും?

67 അയിസുമുഖി, നിനച്ചുനോക്ക നീതാ–
നിരുവക തമ്മിലിവയ്ക്കു ചേർച്ചയുണ്ടോ?
വധുവിനുടെ മരാളചിഹ്നവസ്ത്രം
രുധിരകണം പൊഴിയുന്ന ദന്തിചർമ്മം.

68 മലർനിരയെ വിരിച്ച നാലുകെട്ടിൽ–
പ്പുലരുമലക്തകമാർന്ന നിൻപദങ്ങൾ
മുടിചിതറിയെഴും ശവപ്പറമ്പിൽ–
പ്പതിയുവതെങ്ങിനെ ശത്രുവും സഹിക്കും?

69 ഇതിലധികമയുക്തമെന്തനല്പം
ശവഭസിതം കലരും ത്രിനേത്രമാറിൽ
അണയുകിലണിഭസ്മമാകുവാൻ നിൻ
കുചയുഗളേ ഹരിചന്ദനസ്ഥലത്തിൽ

70 ഇതുമൊരു പരിഹാസമാം: വിവാഹാൽ–
പ്പരമൊരു വാരണ വാഹനാർഹ നിന്നെ
മുതുവൃഷമുതുകത്തിരുന്നു കണ്ടാൽ–
ച്ചെറുചിരി പൂണ്ടിടുമേ മഹാജനങ്ങൾ.

71 അഴലിനു വകയായി രണ്ടുകൂട്ടം
സപദി പിനാകിയെയാശ്രയിക്ക മൂലം
ഒളിമതി കലയൊന്നു, വേറെയൊന്നീ–
യുലകിനു കണ്ണിനു വെണ്ണിലാവു നീയും

---

69 ഇതിലധികമയുക്തമെന്തു? മുക്ക–
ണ്ണനുടെ സുമാറിടമിങ്ങു കിട്ടിയാലും,
തവമുലയിണയിൽ ശ്മശാനഭസ്മം
വിലസിടുമാ ഹരിചന്ദനസ്ഥലത്തിൽ

72 വപുർവ്വിരൂപാക്ഷമലക്ഷിതാജനി
ദിഗംബരത്വേന നിവേദിതം വസു
വരേഷു യദ്ബാലമൃഗാക്ഷി മൃഗ്യതേ
തദസ്തി കിം വ്യസ്തമപി ത്രിലോചനേ.

73 നിവൎത്തയാസ്മാദ സദീപ്സിതാന്മനഃ
ക്വ തദ്വിധസ്ത്വം ക്വ ച പുണ്യലക്ഷണാ
അപേക്ഷ്യതേ സാധുജനേന വൈദികീ
ശ്മശാനശൂലസ്യ ന യൂപസൽക്രിയാ

74 ഇതി ദ്വിജാതൌ പ്രതികൂലവാദിനി
പ്രവേപമാനാധര ലക്ഷ്യകോപയാ
വികുഞ്ചിത ഭ്രൂലതമാഹിതേ തയാ
വിലോചനേ തിൎയ്യഗുപാന്തലോഹിതേ

75 ഉവാച ചൈനം പരമാൎത്ഥതോ ഹരം
ന വേത്സി നൂനം യത ഏവമാത്ഥമാം
അലോകസാമാന്യമചിന്ത്യഹേതുകം
ദ്വിഷന്തി മന്ദാശ്ചരിതം മഹാത്മനാം.

76 വിപൽപ്രതീകാരപരേണ മംഗളം
നിഷേവ്യതേ ഭൂതിസമുത്സുകേന വാ
ജഗച്ഛരണ്യസ്യ നിരാശിഷഃ സതഃ
കിമേഭി രാശോപഹതാത്മവൃത്തിഭിഃ

77 അകിഞ്ചനഃ സൻപ്രഭവഃ സ സംപദാം
ത്രിലോകനാഥഃ പിതൃസദ്മഗോചരഃ
സ ഭീമരൂപഃ ശിവ ഇത്യുദീൎയ്യതേ
ന സന്തി യാഥാൎത്ഥ്യവിദഃ പിനാകിനഃ

72 വിഷമമിഴിവപുസ്സു, ജന്മമെങ്ങോ?
ധനനിലയോ വെളിവാണു നഗ്നഭാവാൽ
ഇളമൃഗനയനെ! വരക്കുവേണ്ടു–
ന്നവയിലൊരെണ്ണവു മിത്രിനേത്രനുണ്ടോ?

73 കെടുനിനവിതകററു,കെഞ്ഞതിന്മ–
ട്ടുടയവ,നെഞ്ഞു, സുലക്ഷണാംഗി നീയും?
സുജനമഭിലഷിക്കയില്ല, യൂപ–
ക്രിയവിധിപോൽച്ചുടുകാട്ടു ശൂലമൊന്നിൽ

74 ദ്വിജനെതിർമൊഴിയിത്തരം കഥിക്കെ–
ച്ചൊടിവിറയാൽ സ്ഫുടകോപമോടു ദേവി
പുരികലതവളച്ചപാംഗശോണം
മിഴിയിണയെത്തരസാ തിരിച്ചുകൊണ്ടാൾ.

75 ഗിരിസുതയരുളീ; "ഹരന്റെ സത്യ–
സ്ഥിതിയറിയാഞ്ഞു ഭവാൻ പറഞ്ഞിതേവം
ഉലകിലനുപമം മഹച്ചരിത്രം
നിനവിനതീത,മതജ്ഞർ താൻ ദുഷിക്കും

76 വിഭവനിരതരോ വിപത്തൊഴിപ്പാ–
നഭിരുചിപൂണ്ടവരോ ശുഭങ്ങൾ ചെയ്വൂ
ഭുവനശരണമായ നിസ്പൃഹന്നെ–
ന്തൊരുഫലമീത്തൃഷചേർന്ന പാഴ്നടപ്പാൽ?

77 ധനരഹിതനവൻ, വസുപ്രഭാവൻ;
ത്രിഭുവനനാഥനവൻ, ശ്മശാനചാരി:
ഭയദതനുവവൻ, ശിവാഭിധാനൻ;
പരകറിവാക്കു പിനാകിതന്റെ തത്വം

78 വിഭൂഷണോൽഭാസി പിനദ്ധഭോഗി വാ
ഗജാജിനാലംബി ദുകൂലധാരി വാ
കപാലി വാ സ്യാദഥവേന്ദുശേഖരം
ന വിശ്വമൂൎത്തേരവധാൎയ്യതേ വപുഃ

79 തദംഗസംസൎഗ്ഗമവാപ്യ കല്പതേ
ധ്രുവം ചിതാഭസ്മരജോവിശുദ്ധയേ
തഥാഹി നൃത്യാഭിനയക്രിയാച്യുതം
വിലിപ്യതേ മൌലിഭിരംബരൌകസാം

80 അസംപദസ്തസ്യ വൃഷേണ ഗച്ഛതഃ
പ്രഭിന്നദിഗ് വാരണവാഹനോ വൃഷാ
കരോതി പാദാവുപഗമ്യ മൌലിനാ
വിനിദ്രമന്ദാര രജോരുണാംഗുലീ.

81 വിവക്ഷതാ ദോഷമപി ച്യുതാത്മനാ
ത്വയൈകമീശം പ്രതി സാധുഭാഷിതം
യമാമനന്ത്യാത്മഭുവോऽപി കാരണം
കഥം സ ലക്ഷ്യപ്രഭവോ ഭവിഷ്യതി.

82 അലം വിവാദേന യഥാ ശ്രുതസ്ത്വയാ
തഥാവിധസ്താവദശേഷമസ്തു സഃ
മമാത്ര ഭാവൈകരസം മനഃസ്ഥിതം
ന കാമവൃത്തിൎവ്വചനീയ മീക്ഷതേ.

83 നിവാൎയ്യതാമാളി കിമപ്യയം വടുഃ
പുനൎവ്വിവക്ഷുഃ സ്ഫുരിതോത്തരാധരഃ
ന കേവലം യോ മഹതോऽപഭാഷതേ
ശൃണോതി തസ്മാദപിയഃ സ പാപഭാക്

78 മണിയണിയുരഗതാം, ഭുജംഗമൊത്താം,
അജിനമുടുത്തതുമാം ദുകൂലമൊത്താം
മുടിയണിശശിയാം കപാലമാന്റാം
സ്ഫുടമറിവാൻപണി വിശ്വമൂൎത്തി രൂപം

79 ധ്രുവമവനുടെ മെയ്യിനോടണഞ്ഞാൽ-
ശ്ശവഭസിതപ്പൊടി ശുദ്ധിദായിയായീ:
ശിവനടനമതിൽക്കൊഴിഞ്ഞു വീഴു-
ന്നതുതലയിൽസ്സുരർ പൂശിടുന്നുവല്ലോ.

80 സുരപതി മദദിഗ്ഗജസ്ഥനായാ-
ധനരഹിതൻ വൃഷവാഹനന്റെ കാല്ക്കൽ
വടിവൊടു നിജ മൌലി ചേൎക്കെ വിൺപൂം-
പൊടിനിര,പാദവിരല്ക്കു ചോപ്പു ചേൎപ്പൂ.

81 കലുഷമതി ഭവാൻ മഹേശദോഷം.
പലതുമുരച്ചതിലൊന്നു സത്യമത്രേ;
എവനൊരുവനൊരാത്മഭൂവിനും മു-
ന്നെഴുമവനുള്ളൊരു ജന്മമാർ ഗണിക്കും?

82 മതി,യിവിടെ വിവാദമങ്ങു കേട്ടീ-
ടിനപടിതന്നെ തികച്ചു;-മെന്റെ ചിത്തം
പ്രണയമൊടവനിൽപ്പതിഞ്ഞു; താന്തോ-
ന്നികൾ വകവെച്ചിടുമോ പരാപവാദം?

83 തടയുക സഖി! ഹന്ത വീണ്ടുമെന്തോ
പറവതിനീ വടുചുണ്ടനക്കിടുന്നു
വലിയവരെയിടിച്ചു ചൊല്ലുവോനും
സമമതു കേട്ടിടുവോനുമുണ്ടു പാപം!

84 ഇതോ ഗമിഷ്യാമ്യഥവേതി വാദിനീ
ചചാല സാ ച സ്തനഭിന്നവല്ക്കലാ
സ്വരൂപമാസ്ഥായ ച താം കൃതസ്മിതഃ
സമാലലംബേ വൃഷരാജകേതനഃ

85 തം വീക്ഷ്യ വേപഥു മതീ സരസാംഗയഷ്ടിർ-
നിക്ഷേപണായ പദമുദ്ധൃത മുദ്വഹന്തീ
മാർഗ്ഗാചല വ്യതികരാകുലിതേവ സിന്ധുഃ
ശൈലാധിരാജതനയാ നയയൌ നതസ്ഥൌ.

86 അദ്യപ്രഭൃത്യവനതാംഗി തവാസ്മി ദാസഃ
ക്രീതസ്തപോഭിരിതി വാദിനി ചന്ദ്രമൌലൌ
അഹ്നായ സാ നിയമജം ക്ലമമുൽസസർജ
ക്ലേശഃ ഫലേന ഹി പുനർനവതാം വിധത്തേ.

84 സ്വയമിനിയിവിടുന്നുപോക'',യെന്നായ്
ശ്ലഥകചാല്ലലയായെണീററദേവി
അതുപൊഴുതു വൃഷേന്ദ്രകേതനൻ സു–
സ്മിതമൊടു തന്നുടൽപൂണ്ടുടൻ തടഞ്ഞാൻ.

85 അദ്ദേവനെത്ധടിതി കണ്ടു വിറച്ചുവേർത്തു
വെക്കാനെടുത്തൊരടിയപ്പടിതന്നെ നിർത്തി
മാർഗ്ഗാന്തരേ മലയിൽ മുട്ടിയൊരാറുപോലെ
നീങ്ങീലശൈലപതിനന്ദിനി, നിന്നുമില്ല.

86 ''തന്വംഗിയിന്നുമുതൽ നിൻെറ തപസ്സിനാൽ ഞാൻ
സംക്രീതദാസ''നിതി ചന്ദ്രധരൻ കഥിച്ചു,
പെട്ടെന്നവൾക്കു നിയമക്ലമമൊക്കെ നീങ്ങി,
ക്ലേശംഫലിച്ചു വരികിൽപ്പുതുസൌഖ്യമല്ലോ.

# കുമാരസംഭവഹൃദയം

## ഭാഷ—ഭാവപ്രകാശികാ.

മിസ് ടി. എം. ചന്ദ്രിക കെ. മേനോൻ.

ശ്ലോകം 1—മൂലത്തിൽ കാളിദാസൻ ഉപയോഗിച്ചിട്ടുള്ള ചില ശിവസംജ്ഞകൾക്കും, പദങ്ങൾക്കും വിശേഷണങ്ങൾക്കും പ്രത്യേക സ്വാരസ്യങ്ങൾ ഉള്ളതിനാൽ അവ ആ ഉദ്ദേശ്യത്തോടു കൂടി ഉപയോഗിച്ചവയായിരിക്കണം എന്നുവേണം വിചാരിക്കുവാൻ. അതിനാൽ ഭാഷയിൽ ആ സ്വാരസ്യം വരുത്തേണമെങ്കിൽ ആ സംജ്ഞകളും പദങ്ങളും വിശേഷണങ്ങളും അങ്ങിനെ തന്നെയോ ആ അൎത്ഥം വരത്തക്ക മററു പദങ്ങളെക്കൊണ്ടോ ഭാഷയിലും സംഘടിപ്പിച്ചിരിക്കണം. സൂക്ഷ്മമായി പരിശോധിച്ചു പോയാൽ പല ശിവസംജ്ഞകൾ കൊടുത്തിരിക്കുന്നതും വെറും പാദപൂരണാൎത്ഥമല്ലെന്നും ഓരോ പ്രത്യേക ഉദ്ദേശത്തെ കരുതിയാണെന്നും കാണാം. 'പിനാകി' എന്നുള്ള പ്രയോഗം വീൎയ്യത്തെക്കുറിക്കുന്ന ഘട്ടങ്ങളിലാണ് കാണുന്നതു്. ചന്ദ്രചൂഡൻ, ഇന്ദുമൌലി തുടങ്ങിയ പ്രയോഗങ്ങൾ സൌന്ദൎയ്യത്തെ ലക്ഷ്യമാക്കിയിട്ടുള്ള സ്ഥലങ്ങളിലാണ്. വിരൂപാക്ഷൻ, മുക്കണ്ണൻ കപാലി എന്നിവയെല്ലാം ബീഭത്സാകാരത്തെ കാട്ടി അവജ്ഞയോ ഭയമോ ജനിപ്പിക്കേണ്ട ഭാഗങ്ങളിലാണ്. പുരഹരൻ, ത്രിപുരാന്തകൻ, എന്നിവകൾ ശിവൻെറ സംഹാരശക്തിയെ ദ്യോതിപ്പിക്കുന്ന സന്ദൎഭങ്ങളിലാണ്. ഇതുപോലെതന്നെ പാൎവ്വതിക്കുള്ള ചില സംബോധനകളും അൎത്ഥഗൎഭവും സ്വാരസ്യജനകവുമാണ്. ഇവയെല്ലാം അതാതു ദിക്കിൽ എടുത്തുകാണിക്കുന്നതാണ്. ഇത്രയും മുഖവുരയോടുകൂടി പ്രകൃതത്തിൽ കടക്കാം. ഇതിലേക്കു മുഖ്യ സഹായകമായിട്ടുള്ളതു വിവരണകാരൻെറ വ്യാഖ്യാനമാണ്.

സ്മരനെ = കാമനെ. ചുട്ടു ഭസ്മമാക്കിയതിനാൽ ഇനി കാമനെ സ്മരിപ്പാനേ നിവൃത്തിയുള്ളു. അവനെപ്പററിയുള്ള സ്മരണ മാത്രമാണ് ശേഷിച്ചിരിക്കുന്നതു്. പിന്നെ പിനാകി ഭസ്മമാക്കിയിട്ടു കണ്ടതായ കാഴ്ചയെക്കുറിച്ചുള്ള സ്മരണ പാൎവ്വതിയുടെ മനസ്സിൽ അപ്പോഴും ഉണ്ടെന്ന സൂചന. ഇതാണു സ്മരനെ എന്ന പ്രയോഗംകൊണ്ടു ഭാഷയിൽ സാധിക്കുന്നതു്. പിനാകി = പിനാകം എന്ന വില്ലു (ദഹിപ്പിക്കുന്ന സമയത്തും) കയ്യിലുള്ളവൻ = ശിവൻ. ആശയററു = ആഗ്രഹം, മനോരഥം എല്ലാം നശിച്ചു. എന്തുകൊണ്ടാണ് ആശയററതു്? കാമദേവൻ ചത്തതുകൊണ്ടല്ല. കാമന്റെ ശരീരംകൂടി കാണ്മാൻ തരമില്ലാത്ത വിധം ചുട്ടു ഭസ്മമാക്കിയതുകൊണ്ടാണ്. കാമദേവൻ പരമേശ്വരന്റെ നേൎക്കു ഒരു അമ്പു എയ്യുകയേ ചെയ്തിട്ടുള്ളു. അതു കുററമാണെങ്കിൽതന്നെ കയ്യിൽ പിനാകം എന്ന ഒരു ആയുധം വെച്ചിരിക്കുന്ന ആൾ ആ വില്ലിൽ ഒരു അമ്പു തൊടുത്തു പകരം എയ്യുകയൊ അതുകൊണ്ടു തന്നെ രണ്ടു കൊട്ടുകയൊ ചെയ്യുന്നതിന്നുപകരം ഒരു ഹുങ്കാരം കൊണ്ടു അസ്ത്രംമടക്കി കാമനെ ഒട്ടാകെ ദഹിപ്പിക്കയാണുണ്ടായതു്. മൃതശരീരമെങ്കിലും ബാക്കിവെച്ചിരുന്നുവെങ്കിൽ വല്ലപ്രകാരേണയും (മൃതസഞ്ജീവനികൊണ്ടോ മറേറതെങ്കിലുംപ്രകാരത്തിലോ) പിന്നീടൊരിക്കലെങ്കിലും അയാളെ ജീവിപ്പിക്കാമായിരുന്നു. എല്ലാം ഭസ്മമായതിനാൽ അതിന്നും നിവൃത്തിയില്ലാതെയായി. അതാണു മനസ്സിൽ കെട്ടിപ്പടുത്തിരുന്ന ആ ആകാശക്കോട്ടയെല്ലാം ഇടിഞ്ഞുവീണു നശിച്ചു എന്നു പറഞ്ഞതു്. ഇവിടെയാണ് ആശയററതിന്നു കാരണമായി നില്ക്കുന്ന പിനാകി പദത്തിന്റെ സ്വാരസ്യം നില്ക്കുന്നതു്. പശുപതിയെന്നോ, പുരഹരൻ എന്നൊ ഭാഷപ്പെടുത്തിയാൽ ഈ സ്വാരസ്യം ഉൾക്കൊള്ളിപ്പാൻ സാധിക്കില്ല. ഭാഷയിൽ ഭഗ്നമനോരഥ എന്ന ഭാഗം വിട്ടുകളഞ്ഞാലും സ്വാരസ്യം പോയി. പിനാകം കയ്യി

ലുണ്ടായിട്ടും ദഹനക്രിയ ചെയ്തതിലാണു പാർവ്വതിക്ക് അധികം സങ്കടം. വീരപുരുഷലക്ഷണമാണല്ലൊ ധനുഷ്മാൺത്വം. പാർവ്വതി ചക്രവർത്തിയുടെ പുത്രിയുമാണല്ലൊ. കുലസ്ത്രീകൾ വീരപതീത്വമാണല്ലൊ കാംക്ഷിക്കുക. പരമേശ്വരൻെറ ഈ പ്രവൃത്തി വീരോചിതമായിട്ടില്ലെന്നു വ്യംഗം. അലങ്കാരം അർത്ഥാന്തരന്യാസം. രൂപം എന്ന പദത്തിന്നു ആകൃതി, അഴക്, സൌന്ദര്യം എന്നീ പര്യായശബ്ദങ്ങൾ ഒന്നുകൊണ്ടും ശക്തിയോ സാധർമ്മ്യമോ സിദ്ധിക്കുന്നതല്ല. അതിനാലാണ് ആ പദംതന്നെ ഭാഷയിലും നിർത്തിയതു്.

ശ്ലോകം 2. അഴകിന്ന് = സുന്ദരമായ ആകൃതിക്ക്. തപസ്സമാധിയാലെ = തപസ്സുകൊണ്ടോ സമാധികൊണ്ടോ എങ്ങിനെയൊക്കെ ചെയ്താലാണ് രൂപത്തിന്നു സാഫല്യത സിദ്ധിക്കുക എന്നാൽ അതൊക്കെ ചെയ്തിട്ട് എന്നർത്ഥം. സഫലത = ഫലവത്തു എന്ന അവസ്ഥ. അതുവിധമനുരാഗം = അർദ്ധാംഗത്തെ ഹരിക്കത്തക്കവണ്ണമുള്ള അനുരക്തി. അപ്പടിക്കാംപതി = ആ വിധത്തിലുള്ള ഭർത്താവ്, മൃത്യുഞ്ജയനായ ഭർത്താവ്. ഭർത്തൃവല്ലഭത്വവും, ഭർത്താവിൻെറ മരണമില്ലായ്മയും സ്ത്രീകൾ ആഗ്രഹിക്കുന്ന രണ്ടു സംഗതികളാണല്ലൊ. എങ്ങിനെ അന്യഥാ ലഭിക്കും? അവ രണ്ടും മറെറാരുതരത്തിലും ലഭിക്കുന്നതല്ലെന്നു സമർത്ഥന.

ശ്ലോ. 3. ചിത്തം = മനസ്സ്. ഗിരിശൻ = പർവ്വതത്തിൽ ശയിക്കുന്നവൻ. പർവ്വതത്തിൽ കിടക്കുക അല്ലെങ്കിൽ വിശ്രമിക്കുക എന്ന ധർമ്മത്തോടുകൂടിയവൻ = ശിവൻ. പതിഞ്ഞമൂലം = എടുക്കുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ ഉറച്ച കാരണത്താൽ. വ്രതരത = വ്രതങ്ങളിൽ താല്പര്യത്തോടുകൂടിയവൾ. സുത = സവിക്കപ്പെട്ടവൾ, മകൾ. മേന = പാർവ്വതിയുടെ അമ്മ (മേ ന = എനിക്കു ഒന്നുമില്ല, പ്രസവിച്ചു എന്ന ധർമ്മം മാത്രമെ ഉള്ളവെന്നർത്ഥം) അമ്മ തടഞ്ഞുവെന്നു പറയുന്നില്ല, മേന തടഞ്ഞുവെ

ന്നെ പറയുന്നുള്ളൂ. കവിയുടെ ഈ പ്രയോഗത്തിൻെറ ഉദ്ദേശമെന്താണ്? അന്തയാണെങ്കിൽ തടയുകയില്ല. സമ്മതിക്കയെ ചെയ്യുള്ളൂ. എന്തെന്നാൽ ആദ്യം ക്ലേശിക്കേണ്ടിവന്നാലും പുത്രികളുടെ ഭാവിശ്രേയസ്സിൽ മാതാക്കൾക്ക സന്തോഷമേ ഉണ്ടാകയുള്ളൂ. മേന തടഞ്ഞു എന്നു പറഞ്ഞതുകൊണ്ട്, പ്രസവിച്ച എന്ന അവസ്ഥയല്ലാതെ തനിക്കൊന്നുമില്ല എന്ന ബന്ധം ഒഴിവാക്കലാണോ? അതോ, ഗിരിശനിൽ മതി പതിഞ്ഞതുകൊണ്ട്, ഇവിടെ ഈ പവ്വതത്തിൻെറ താഴ്‌വാരത്തിൽ ശയിക്കുന്ന ഒരുവനിൽ ആവേശം ജനിച്ചതുകൊണ്ട്, മേനക്ക ഉള്ളിൽ അത്ര രസിച്ചിട്ടില്ലെന്ന സൂചനയുണ്ടോ? അങ്ങിനെയാണെങ്കിൽ അവസ്ഥക്ക പോരാതെയായിയെന്ന ഭാവമാണ്. നേരേമറിച്ച യോഗ്യനിലാണല്ലോ മനസ്സു പതിഞ്ഞതു എന്ന കൃതാത്ഥതകൊണ്ട് ഇഷ്ടംപോലെയായിക്കോളൂ, എനിക്ക വിരോധമൊന്നുമില്ല എന്ന ഭാവമോ? അതുമല്ലെങ്കിൽ 'വ്രതരത'യായിക്കണ്ടതിനാൽ ഇനി അതിൽനിന്നും പിന്തിരിപ്പിക്കാൻ സാധിക്കില്ലെന്നു കരുതിയിട്ടുള്ള ഉദാസീനഭാവമോ, അതോ വെറും തല്ക്കാലക്ലേശത്തെ മാത്രമോത്തുകൊണ്ടുള്ള വിചാരത്താലൊ തടഞ്ഞതു്? ഉരസിചേത്തു പുല്കി മുനിവൃത്തി വിലക്കി എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു, തല്ക്കാല കഷ്ടപ്പാടിനെ ഓത്തുള്ള മാതൃസ്നേഹം ധാരാളം പ്രത്യക്ഷമാകുന്നുമുണ്ട്. അല്ലെങ്കിൽ എന്തിനാണ് കെട്ടിപ്പിടിച്ച നല്ല വാക്ക പറഞ്ഞുതടഞ്ഞതു്? ദേഷ്യപ്പെട്ടു അരുതു എന്നുപറഞ്ഞു ശാസിക്കായിരുന്നില്ലേ? അങ്ങിനെയല്ലാ ചെയ്തതും. കാളിദാസർ മേനയെ മാതാവായ മേന എന്നൊരിടത്തും പറയുന്നുമില്ല. അതിനാൽ ഈ 'മേനാ'പദത്തിൽ എന്തൊക്കെയാണ് ധ്വനിപ്പിച്ചിരിക്കുന്നതു എന്നു സഹൃദയന്മാർതന്നെ നോക്കിയെടുക്കട്ടെ.

4. ഇഹ = ഇവിടെ (ഗ്രഹത്തിൽ). പല പരദൈവതങ്ങളില്ലേ = പല ദേവന്മാരും ദേവികളും ഉള്ളതറിവില്ലേ. അവരിൽ ഇഷ്ടമുള്ളവരെ സേവിക്കരുതെ? അവർ പരദേവതകളാകയാൽ അഭീഷ്ടം ക്ഷിപ്രസാദ്ധ്യമല്ലെ എന്നു ഭാവം. തനു = ശരീരം. ആ പദപ്രയോഗത്തിൽതന്നെ കൃശതാദി ധർമ്മങ്ങൾ ഉള്ളതിനാൽ അതു മേനയുടെ അഭിപ്രായത്തിന്നു സഹായകമായിട്ടുള്ളതാണ്. അളി = വണ്ട്; അതു എപ്പോഴും ചുററിത്തിരിഞ്ഞു കൊണ്ടിരിക്കുന്നതും ഒരു ദിക്കിലും സ്ഥിരമായിരിക്കാത്തതുമായ സ്വഭാവത്തോടുകൂടിയതാണ്. അതിനാൽ ഇരിക്ക, ഉടൻ പറന്നുചുററുക, പിന്നെയും വന്നിരിക്ക, എന്ന സ്വഭാവമുള്ളതാകയാൽ അതിൻെറ ഭാരം അത്ര ഗണ്യമായിട്ടുള്ളതല്ല. ശിരീഷം = നെന്മേനി വാകപ്പൂവ്. അതു ഏററവും മൃദുവായതാണ്. മൂലത്തിലെ പേലവം എന്ന പദം ശിരീഷത്തിന്നു വിശേഷണമായിട്ടാണ് എടുക്കുന്നതു എങ്കിൽ അതുകൊണ്ടു വലിയ പ്രയോജനമില്ലായ്കയാൽ ഭാഷയിൽ വിട്ടതായിരിക്കണം. എന്തെന്നാൽ പൂവ് എന്നു പറയുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം അങ്കുരിക്കുന്നതു മാർദ്ദവത്തിൻേറയും ഘനക്കുറവിൻേറയും പ്രതീതിയാണ്. അതിന്നുശേഷമെ ശോഭയും സൌരഭ്യവും ഉദിക്കുന്നുള്ളു. പൂമേനി, പൂമെത്ത എന്നു പറയുമ്പോൾ മാർദ്ദവമാണ് ആദ്യമായി മനസ്സിൽ ഉദിക്കുന്ന ധർമ്മം. പൂപോലെയുള്ള ശരീരം എന്നുപറയുമ്പോൾ ഘനം കുറഞ്ഞതു എന്നുള്ള അർത്ഥം ക്ഷണത്തിൽ ഗ്രഹിക്കുന്നു. പൂന്തിങ്കൾ ആകുമ്പോൾ ശോഭയാണ് ആദ്യം ദ്യോതിക്കുന്നതു്. പൂനിലാവിൽ ശോഭയും കുളൎമ്മയുമായി. മല്ലിപ്പൂ, റോസാപ്പൂ എന്നു പറഞ്ഞാൽ സൌരഭ്യമാണ് മുൻനില്ക്കുന്ന ഗുണപ്രസക്തി. അങ്ങിനെ നോക്കുമ്പോൾ മൃദുവായ ശിരീഷം എന്നുപറയേണ്ട ആവശ്യമില്ലെന്നു പറയാം. അതിനാൽ പേലവം എന്നുള്ള പദം തർജ്ജമയിൽ വിട്ടുകളഞ്ഞതു ഈ ന്യായംകൊണ്ടാ

യിരിക്കണമെന്നു ഊഹിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. വണ്ടിൻെറ ഭാരംതന്നെ ശിരീഷത്തിന്നു സഹിക്കാൻ വയ്യെങ്കിലും അതു സ്ഥിരമായി നില്ക്കാത്തതുകൊണ്ട് സഹിക്കുന്നുവെന്നെയുള്ളു. എന്നാൽ കിളിയുടെ സ്ഥിതി അതല്ല. അതു പെട്ടെന്നു ശക്തിയോടെ വന്നിരിക്കും. മുഴുവൻ ഭാരം കുറെ അധികം നേരത്തേക്കു താങ്ങുകയും വേണം. അതു പെട്ടെന്നു പറന്നുപോകയില്ല എന്നു സാരം.

5. മനമുറച്ച = സ്ഥിരമായ നിശ്ചയത്തോടുകൂടിയ. അഭിമതദൃഢമുള്ളം = അഭിമതത്തിൽ, ഇഷ്ടമായ കാൎയ്യത്തിൽ സ്ഥിരപ്രതിഷ്ഠിതമായ മനസ്സു വേറൊരൎത്ഥം; അഭിമതനെ—തനിക്കിഷ്ടമായവനെ—കുറിച്ച സ്ഥിരമായ മനസ്സ്. ഒരു കാമുകനിൽ ചെന്നുറച്ചുനില്ക്കുന്ന അഭിനിവേശവും എളുപ്പത്തിൽ പിന്തിരിക്കാവുന്നതല്ലല്ലൊ. അലങ്കാരം = ദീപകാൎത്ഥാന്തരന്യാസങ്ങളുടെ സങ്കരം.

6. നിജഹിതം = തൻെറ ഇംഗിതം. അടുത്തൊരു തോഴിമുഖേന അനുമതിയെ ഇരന്നു എന്നു പറഞ്ഞതുകൊണ്ട് അടുത്തു സ്ഥിതിചെയ്യുന്ന എന്നുമാത്രമല്ല, മനസ്സിന്നടുത്ത എന്നുകൂടി പറയണം. അങ്ങിനെയുള്ളവൾ പാൎവ്വതിയുടെയും ഹിമവാൻെറയും വിശ്വാസഭാജനമായിരിക്കുമല്ലൊ. അവൾ പറയുന്നതു പാൎവ്വതി പറയുന്നതിന്നു തുല്യമായി ഹിമവാൻ കരുതുകയുംചെയ്യും. തോഴിമുഖേന പറയുന്നതിൽ പാൎവ്വതിക്കു താതനോടുള്ള ഭക്തിബഹുമാനാദികൾ സൂചിക്കുന്നു. തൻെറ ഹിതം അറിയുന്ന താതനാകയാൽ തെററിദ്ധരിക്കയുമില്ല. പാൎവ്വതി നേരിട്ടു പറയുന്നതായാൽ അപ്പോഴത്തെ ഹൃദയസ്ഥിതിഭേദങ്ങളാൽ വല്ല സ്തോഭങ്ങളും പ്രകാശിച്ചെങ്കിലൊ എന്ന സങ്കോചവും തോഴിയെക്കൊണ്ടു പറയിപ്പിപ്പാൻ കാരണമാകാം. ഒരു തോഴി = ഏതെങ്കിലും ഒരു തോഴിയല്ല. ആ ഒരു, ഒരു പ്രത്യേക തോഴിയെത്തന്നെയാണ്

കുറിക്കുന്നതു്. തനിക്കു അനവധി തോഴിമാരുള്ളതിൽ ഏറ്റവും ഇഷ്ടവും വിശ്വാസവുമുള്ളവളായ ഒരുവളെ എന്നു വ്യംഗം. പാൎവ്വതിയുടെ എല്ലാ കാൎയ്യത്തിലും മുമ്പും കൎയ്യമായി നില്ക്കുന്ന ആ തോഴി ഈ തോഴിതന്നെ ആയിരിപ്പാനാണു അവകാശമെന്നു ഉപരിഭാഗത്തിൽ ഒരവസരത്തിൽ കാണാം. ആ സഖി പ്രസിദ്ധയായ 'വിജയ'യായിരിക്കണം.

7. അനുഷക്തി = അഭിലാഷം. ഹിമവാന്റെ സന്തുഷ്ടിക്കു കാരണം മകളുടെ അഭിനിവേശം സദൃശനിലായതുകൊണ്ടാണ്. പിന്നെ "ഗൗരീശിഖിര'മതെന്നു തദാഖ്യയാ പുകഴ്ന്നു" എന്നു പറഞ്ഞതുകൊണ്ടു് അവൾ വളരെക്കാലം അവിടെ ഇരുന്നു തപസ്സുചെയ്തിട്ടുണ്ടെന്നു സിദ്ധം. കുറച്ചുകാലമെ അവിടെ ഇരുന്നു തപസ്സു ചെയ്തിട്ടുള്ളുവെങ്കിൽ ആ സമീപവാസികൾ മാത്രമെ അതറിവാൻ വഴിയുള്ളു. ലോകപ്രസിദ്ധി സിദ്ധിക്കേണമെങ്കിൽ കാലദൈർഘ്യം വേണമല്ലൊ. അതു സൂച്യം. മയിലെഴുമിടം = ധാരാളം മയിലുള്ള പ്രദേശം. ഈ പറഞ്ഞതുകൊണ്ടു് കേകാലാപം, മയൂരനൃത്തം, മുതലായ വികാരഹേതുകങ്ങളായ അവസ്ഥകൾ ഉണ്ടെന്നും എങ്കിലും അവകൊണ്ടൊന്നും പാൎവ്വതിയുടെ തപസ്സിന്നു ലേശംപോലും ഇളക്കമുണ്ടായില്ലെന്നും ധ്വനിക്കുന്നു. എന്നുതന്നെയല്ല ദുഷ്ടജന്തുക്കളുള്ള സ്ഥലത്തിൽ ഇത്ര വളരെ മയിലുകൾ ഉണ്ടാവാൻ തരമില്ലാത്തതിനാൽ അവിടെ ദുഷ്ടജന്തുക്കൾ അധികം ഉണ്ടായിരുന്നില്ലെന്നും സിദ്ധം.

8. ചന്ദനം തുടച്ചോരിഴകളെഴും കുളർമുത്തു മാലമാററി = എന്നു പറഞ്ഞതുകൊണ്ടു ചന്ദനം മാച്ചുന്ന ആ മാലയുടെ ഇഴച്ചിൽകൊണ്ടുള്ള ഉപദ്രവം മാത്രമെ സഹിച്ച ശീലമുള്ളു എന്നു സൂചന. അങ്ങിനെയുള്ള ശരീരത്തിലാണ് ഇപ്പോൾ പരുപരുത്തതും ശല്യപ്രദവുമായ വല്ക്കലം ധരിച്ചിരിക്കുന്നതു്. അരുണപ്രഭം = പിംഗളവൎണ്ണത്തോടുകൂടിയതു്. ഗോരോചന നിറത്തോ

ടുകൂടിയതു്. അതിന്നുകാരണം അപ്പോൾ എടുത്തു ധരിച്ചിട്ടെയുള്ളവെന്നതാണു്. ഏപ്പുപിഞ്ഞും = ഏപ്പു പിഞ്ഞുന്നു. അതിന്നു കാരണം മാറുമുഴുവൻ മറയ്ക്കാൻവേണ്ടി വല്ക്കലം വലിച്ചുനീട്ടി ബന്ധിച്ചപ്പോൾ അതിൻെറ അവയവങ്ങൾക്കു വിശ്ലേഷം സംഭവിച്ചതിനാലാവാം അല്ലെങ്കിൽ "അത്രപയോധര വിസ്താരയിതൃകം ആത്മനോ യൗവനമുപാലഭസ്വ"= (നിൻെറ സ്തനങ്ങളെ ക്ഷണന്തോറും പ്രവൃദ്ധമാക്കുന്ന സ്വന്തം യൗവനത്തെ തന്നെ കുററംപറയുക) എന്നു ശാകുന്തളത്തിൽ പ്രിയംവദ പറയുന്ന അഭിപ്രായമാവാം ഏപ്പുപിഞ്ഞുവാൻ കാരണം. ഇവിടെ അപ്രകാരമുള്ള !യൗവനകാലത്തും തപസ്സിൻെറ ഏകാഗ്രത ഭംഗ്യന്തരേണ സൂചിപ്പിച്ചിരിക്കുന്നു. പരിവൃത്ത്യലങ്കാരം. A76

9. പ്രസിദ്ധങ്ങളായ കേശങ്ങളെക്കൊണ്ടു ദേവിയുടെ മുഖം എത്രയ്ക്കു ശോഭിച്ചിരുന്നുവോ അത്രക്കുതന്നെ ജടകളെക്കൊണ്ടും മനോഹരമായിരുന്നു എന്നു പറഞ്ഞാൽ ആക്കെങ്കിലും വിശ്വാസക്കുറവുണ്ടെങ്കിൽ അതു വേണ്ടെന്നു കരുതിയാണോ കവി ഉത്തരാർദ്ധം കാണിച്ചിരിക്കുന്നതു എന്നു തോന്നും. അളിനിരകൊണ്ടു മാത്രമല്ല പായൽകൊണ്ടും പ്രകാശിക്കും എന്നു പിന്നെ എടുത്തുപറയുന്നു. അളികൾ ചുററിത്തിരിയുന്നവയാകയാൽ അവിടെ ഇരിപ്പുള്ള സമയത്തുമാത്രമെ ശോഭയെ കൊടുക്കുള്ളു. ശോഭ അധികനേരം നില്ക്കില്ലെന്നു സാരം, എന്നാൽ പായൽ എപ്പോഴുമുള്ളതാകയാൽ താമരപൂവും പായലും നശിക്കുന്നതുവരെ ആ ശോഭ നില്ക്കും. അലങ്കാരം = പൂർവ്വാർദ്ധം പരിവൃത്തിയും ഉത്തരാർദ്ധം പ്രതിവസ്തൂപമയും (ധർമ്മം) ആകുന്നു.

10. അരഞ്ഞാൾ ധരിച്ച സ്ഥാനത്തു മുഞ്ജപ്പുല്ലു ധരിച്ചപ്പോൾ ഉണ്ടായ ദുസ്സഹമായ വേദനയാണു് പുളകോൽഗമത്തിന്നു കാരണം അരഞ്ഞാൾത്തടം ചൊവന്നതിൽനിന്നു ആ ഭാഗത്തിൻെറ മാർദ്ദവം സ്പഷ്ടം.

11. കുചതടകുങ്കുമ.......പന്തു = കുങ്കുമാദി അംഗരാഗങ്ങളണിഞ്ഞ് മാറത്തു പന്തു അടിക്കുമ്പോഠം ഇടയ്ക്കിടയ്ക്കു വന്നു തട്ടുന്നതുകൊണ്ടുണ്ടാകുന്നതാണ്. പൊവപ്പുനിറം, അങ്ങിനെയുള്ള കുശാങ്കുരത്താൽ വിരലുമുറിഞ്ഞു എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും വിരലിൻെറ ഇളംമാർദ്ദവം ഊഹ്യം. ഇതിലെ പൂർവ്വാദ്ധത്തിലെ പൂർവ്വപാദംകൊണ്ടു അവഠം അലങ്കാരം ഉപേക്ഷിച്ചു; ഉത്തരപാദംകൊണ്ടു വിനോദവും നിത്തി. ഉത്തരാദ്ധത്തിൽ പൂർവ്വപാദംകൊണ്ടു തപസ്സിനുവേണ്ടുന്ന സാധനങ്ങളെ ശേഖരിക്കാൻ തുടങ്ങി. ഉത്തരാദ്ധത്തിലെ ഉത്തരപാദംകൊണ്ടു തപസ്സിനുള്ള ആരംഭവുമായി എന്നിങ്ങിനെ ക്രമപ്രകാരം തപഃപ്രാരംഭങ്ങളെ മൂലകവി എടുത്തുകാണിച്ചിരിക്കുന്നു. മൃദുവായ അധരത്തിൽ പെരുമാറിയിരുന്ന വിരലുകഠം മൂച്ചയുള്ള കുശനുള്ളലിൽ ഏപ്പെട്ടു. പന്തിൽ ക്രീഡിച്ചിരുന്ന കൈ ജപാക്ഷമാലയേയും സ്വീകരിച്ചു. ഇങ്ങിനെ രശനാപദം സരാഗമായി, കരംവിരതമായി എന്നു വെവ്വേറെ കവി എടുത്തു പറഞ്ഞതുകൊണ്ടു അവളുടെ ഓരോ അവയവവും അതാതിന്നു യോജിച്ചതും ഇഷ്ടമുള്ളതും ആയ പ്രവൃത്തിയിലാണ് മുമ്പ് വത്തിച്ചിരുന്നതു എന്നും ഇപ്പോഠം അവയെ നിർബ്ബന്ധപൂർവ്വം ഇഷ്ടമില്ലാത്തതും ആവാത്തതുമായ പ്രവൃത്തികളിൽ ഏപ്പെടുത്തി എന്നും സൂചന. പരിവൃത്ത്യലങ്കാരം.

12. ഉരുശയ്യ = ശ്രേഷ്ഠമായ കിടയ്ക്ക. അമൂല്യമായ പട്ടുശീല തുന്നി അതിൽ തൂവൽ നിറച്ച കിടയ്ക്കയാവാം. മുമ്പു ഇത്തരം കിടക്കയിൽ കിടന്നാൽ തലയിൽനിന്നു കൊഴിയുന്ന പൂക്കഠംകൊണ്ടും ശല്യം തോന്നിയിരുന്നവഠം ആണ് ഇന്നു വെറും നിലത്തു, ദേഹത്തിൽ എല്ലാം കുത്തിത്തറക്കുന്ന പരുപരുത്ത നിലത്തു, ഒരു തലയിണകൂടിയില്ലാതെ കിടക്കുന്നതു്. പൂക്കഠം തടഞ്ഞിട്ടുകൂടി അസഹസ്യത തോന്നിയിരുന്നവഠം എന്നു പറഞ്ഞതുകൊണ്ടു ഉറക്കം കുറവായിരിക്കണം. ഉറക്കം കുറവാൻ

PRESENTED BY:
SRI M. K. VASUDEVAN NAIR

കാരണം മനോവിചാരമാകണം. മനോവിചാരം പരമേശ്വരനെ ഭർത്താവായി ലഭിക്കാഞ്ഞതിനാൽ കാമജ്വരംകൊണ്ടു ദേഹത്തിന്നു ചൂട്, പൂവ്വ് വാടിയതാകകൊണ്ടു കുളുർമ്മയില്ലായ്മ, സുകുമാരശരീരം ഇതൊക്കെയായിരിക്കാം അല്ലലിന്നു കാരണം. വെറുംനിലം = നിഴലുകൂടിയില്ലാത്ത സ്ഥലം. പകലും രാത്രിയും അവിടെത്തന്നെയാണ് കഴിച്ചുകൂട്ടിയതു്. 4570 /A76

13. ദേവി നിശ്ചലശരീരയായി നാസാഗ്രത്തിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ടാണ് തപസ്സുചെയ്യുന്നതു്. എന്നാൽ ആ സമയത്തുതന്നെ അവിടെ നില്ക്കുന്ന ലതകളിലും ഹരണികളിലും വിലാസവായ്പും വിലോലനോട്ടവും കാണുന്നുമുണ്ടു്. അതുകണ്ടാൽ ദേവി ഇതുകറം രണ്ടും വിവാഹശേഷം മടക്കിതരേണമെന്ന ഏല്പാടിന്മേൽ അവയുടെ കയ്യിൽ സൂക്ഷിപ്പാൻ കൊടുത്തിരിക്കയാണൊയെന്നു തോന്നുമെന്നു സാരം. അലങ്കാരം ഉൽപ്രേക്ഷ.

14. കുടമാംകുചമേന്തിടും പയസ്സാൽ എന്നു പറഞ്ഞതുകൊണ്ടു കുട്ടിക്കു അമ്മ മുല കൊടുക്കുന്നതുപോലെ അവരം ചെടിക്കു കുടംകൊണ്ടു വെള്ളം കുറേശ്ശയായിട്ടാണ് ഒഴിച്ചുകൊടുത്തിരുന്നതു എന്നു താല്പയ്യം. താൻതന്നെ വിത്തു കുഴിച്ചിട്ടു മുളപ്പിച്ചു വളൎത്തുന്നതാണ് വാത്സല്യത്തിന്നു കാരണം.

ഗുഹനുമരുതുമേലിൽ............കുറപ്പാൻ—സാധാരണ പിതാവിന്നു മൂത്ത പുത്രനോടും മാതാവിന്നു ഒടുവിലത്തെ പുത്രനോടും ആയിരിക്കും അധികം സ്നേഹം ഉണ്ടാവുക എന്നാണ് മഹദ്വചനം. അതാണ് ഗുഹനെ എടുത്തു താരതമ്യം ചെയ്യാൻ കാരണം. എന്നാൽ ആ ചെറുവൃക്ഷങ്ങളോടുള്ള വാത്സല്യം ഗുഹന്റെ ജനനംകൊണ്ടുകൂടി കുറക്കാൻ കഴിഞ്ഞിട്ടില്ലെന്നു സാരം.

15. മാൻകുലം, എന്നു പറഞ്ഞതുകൊണ്ടു എല്ലാ മാനുകളും പെട്ടുവല്ലൊ. അവയെല്ലാം കണ്ണുകളെ അളക്കുവാൻ കാണി

ച്ചുകൊടുക്കുകയും ചെയ്തതായി കരുതണം. ഓരോന്നിൻെറയും കണ്ണുകഠം പ്രത്യേകംപ്രത്യേകമായി അളന്നു തൻെറ കണ്ണിൻെറ നീളം ഒത്തുനോക്കിയെന്നു സൂചന. ഇവിടെ കണ്ണളന്നതു സൌന്ദയ്യം നോക്കാനല്ല. അവയ്ക്കു പാവ്വതിയോടുള്ള വിശ്വാസം എത്രകൊണ്ടുണ്ടെന്നു സഖീജനങ്ങഠംക്കു കാണിച്ചുകൊടുപ്പാൻ വേണ്ടിമാത്രമാണ്. നീളം, വിലോലത്വം മുതലായവയ്ക്കു കവികഠം മാൻപേടകളുടെ കണ്ണുകളെയാണ് ഉപമിക്കാറ്. മററുള്ളേടത്തെല്ലാം കാളിദാസർ ഹരിണാംഗനകഠം എന്നു എടുത്തുപറഞ്ഞിട്ടുമുണ്ട്. പ്രസ്തുത ശ്ലോകത്തിൽ ഹരിണങ്ങഠം എന്നു പറഞ്ഞതുകൊണ്ട് മാൻപിടകളല്ലെന്നോ മാൻപിടകഠം മാത്രമല്ലെന്നോ തീച്ച തന്നെ. സൌന്ദയ്യം നോക്കാനാണെങ്കിൽ മാൻപിടകളുടെ കണ്ണുകളെയാണല്ലൊ അളക്കുക. അതിനാൽ ഇവിടെ ദേവിയോടുള്ള ഇണക്കവും വിശ്വാസവും കാണിപ്പാൻ മാത്രമെ ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളു. അതാണ് ഹരിണങ്ങഠം = മാൻകുലം എന്നുപയോഗിച്ചതു്. പിന്നെ രഹസ്സിലുമല്ല അളന്നതു്. സഖിമാരുടെ സംക്ഷത്തിൽ എന്നു പറഞ്ഞതുകൊണ്ടും സൌന്ദയ്യം നോക്കാൻ വേണ്ടിയല്ലെന്നതു വ്യക്തം.

16. ഋഷികഠം തപസ്സുചെയ്യുന്നവരെയെല്ലാം ചെന്നു കാണാറില്ല. എന്നാൽ പാവ്വതിയെ വന്നുകണ്ടതു പ്രത്യേക കാരണങ്ങളാലാണ്. ഈ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന വൃത്തികളെക്കൊണ്ടു ശരീരശുദ്ധി, അന്തക്കരണശുദ്ധി, വൈരാഗ്യം, ആത്മശക്തി മുതലായവയെക്കൊണ്ടു ഒരു കന്യകയുടെ പ്രായത്തിൽ ഒരു താപസി എന്ന പ്രസിദ്ധിക്ക് അഹ്യായ പാവ്വതിയെ കാണുന്നതുതന്നെ പാപഹരമാണെന്നുള്ള ബോദ്ധ്യത്താലായിരിക്കണം ഋഷിമാർ വന്നുകണ്ടതു്.

വൃദ്ധത്വം നാലുതരം. 1. ജ്ഞാനവൃദ്ധത്വം. 2. പയോവൃദ്ധത്വം. 3. ധമ്മവൃദ്ധത്വം. 4. വൈരാഗ്യവൃദ്ധത്വം. ഇവിടെ

പാർവ്വതിക്കു വയോവൃദ്ധത്വം ഒഴിച്ചു ബാക്കിയെല്ലാമുണ്ട്. എല്ലാ വിശേഷണങ്ങളെകൊണ്ടും ധർമ്മവൃദ്ധത്വം സ്പഷ്ടം. മരവുരി വൈരാഗ്യവൃദ്ധത്വത്തെ കാണിക്കുന്നു. അധീനിതി വേദാദ്ധ്യയനംചെയ്യുന്നവരാം—എന്നതുകൊണ്ട് ജ്ഞാനവൃദ്ധത്വവും സിദ്ധമായി. വയോവിധി ധർമ്മവൃദ്ധനുണ്ടോ? വയസ്സുനോട്ടം ധർമ്മവൃദ്ധന്മാരിൽ വേണ്ടല്ലോ. അലങ്കാരം അർത്ഥാന്തരന്യാസം.

17. ഈ ശ്ലോകംകൊണ്ടു 'ഗൌരീശിഖരം' ഒരു ആശ്രമം മാത്രമല്ലെന്നും ദർശനമാത്രത്തിൽത്തന്നെ അതൊരു തപോവനമായി തോന്നുന്നതാണെന്നും സൂചിപ്പിച്ചിരിക്കുന്നു ചുററുമുള്ള സ്ഥലങ്ങളെല്ലാം അതോടുകൂടി ചേൎന്നു ഈ ശ്ലോകത്തിൽപ്പറയുന്ന അവസ്ഥകളും അവിടെ തികഞ്ഞു. അവയെന്തെല്ലാമെന്നാൽ 1. ജന്തുവർഗ്ഗങ്ങൾ പൂർവ്വവൈരം കൂടാതെ സ്നേഹത്തോടെ പെരുമാറുക. 2. അവിടെ വരുന്നവൎക്കു വൃക്ഷങ്ങൾതന്നെ ഫലങ്ങൾകൊണ്ടു വേണ്ട സല്ക്കാരങ്ങൾ ചെയ്യുക. 3. എപ്പോഴും അഗ്നിയെ സംഭരിച്ചുവെച്ചിട്ടുള്ള പുതിയ പുതിയ ആശ്രമങ്ങൾ നിറയുക ഇതുകൾ എല്ലാംകൊണ്ടാകുന്നു ആ സ്ഥലവും ചുററുപാടും ഒരു തപോവനംതന്നെയായതു്. അല്ലാതെ ആശ്രമം പരിശുദ്ധമാക മാത്രമല്ല ചെയ്തുള്ളവെന്നും സാരം. വിവരണകർത്താവ് ഈ ശ്ലോകത്തെ ഇങ്ങിനെയാണ് ലേശമായ പാഠഭേദത്തോടുകൂടി വ്യാഖ്യാനിക്കുന്നതു്. ഫലനിരയാഗതനേകിടും തരുക്കൾ = ഇവിടെ തരുക്കൾക്കാണ് കർതൃത്വം. അവിടെ വരുന്ന ഋഷിമാർക്കു ഏതേതിലാണോ താല്പര്യം എന്നുവെച്ചാൽ ആ ഫലങ്ങളെ വഹിക്കയും വൃക്ഷങ്ങൾതന്നെ അതിഥിസല്ക്കാരം ചെയ്വാൻ സന്നദ്ധരാകയും ചെയ്യുന്നുവെന്നു സൂചന. അതിഥിസല്ക്കാരത്തിൽ വ്യാപൃതയാണെങ്കിലും ജപഹോമാദികൾക്കൊന്നും മുടക്കുവരുത്താതെ ദേവിക്കു ചെയ്വാൻ സാധിച്ചതു ഈ വൃക്ഷങ്ങളുടെ സ

ല്ലാരസന്നദ്ധതയാണ്. പുതിയ പുതിയ പർണ്ണശാലകഠം വരുന്ന ഋഷിമാരുടെ സൌകര്യത്തിന്നുള്ളതായിരിക്കണമല്ലോ.

18. കരുതിന്ന ഫലം = ഹരനെ വരിക്കുക എന്ന ഫലം. അതുമൂ............ദേവി = ഇച്ഛിച്ച കാര്യം സാധിച്ചില്ലെങ്കിൽ എന്റെ ഈ ശരീരംകൊണ്ട് എന്തു പ്രയോജനമാണുള്ളതു എന്നു കരുതി അവഠം കഠിനതപസ്സിന്നുതന്നെ ഒരുമ്പെട്ടുവെന്നു താല്പര്യം.

19. ഉടലതു.............ബലാഢ്യം = തങ്കത്താമരയാൽ സൃഷ്ടിക്കപ്പെട്ടതായ ശരീരം പ്രകൃത്യാ മൃദുവാണെങ്കിലും സാരത്തോടുകൂടിയതാകുന്നു. മാർദ്ദവം അധികമുള്ള വസ്തുവിന്നു ബലം കൂടുമല്ലോ.

20. വേനൽനാളിൽ = വേനൽക്കാലത്ത്. (താപാധിക്യത്തെ സൂചിപ്പിക്കുന്നു). ജ്വലിതഹുതാശനർ = ജ്വലിച്ചുകൊണ്ടിരിക്കുന്ന തീയ്. നാലുപാടും ജ്വലിതഹുതാശനർ എന്നു പറഞ്ഞതിനാൽ ചൂടിന്റെ പരമകാഷ്ഠയെ കാണിക്കുന്നുംഉണ്ടല്ലോ. ചുടുകതിരടി............നിന്നാഠം = സൂര്യന്റെ നേക്കു അധികനേരം ആക്കും നോക്കിനില്ക്കാൻ സാധിക്കില്ല. പാർവ്വതി ഉദയംമുതൽ അസ്തമയംവരെ മറെറങ്ങും നോക്കാതെ നിശ്ചലദൃഷ്ടിയായി നിന്നിരുന്നുവെന്ന്. എന്നാൽ ആ അവസ്ഥയിലും ദേവിക്കു പീഡയൊന്നും ഉണ്ടായിരുന്നില്ലെന്നു കാണിപ്പാനാണ് ശുചിഹസിത, സുമദ്ധ്യ എന്നീ വിശേഷണങ്ങഠംകൊണ്ടു കാണിച്ചിരിക്കുന്നതു്. ഇങ്ങിനെ പഞ്ചാഗ്നിമദ്ധ്യതപസ്സു (നാലുപാടും അഗ്നിയും മുകളിൽ സൂര്യനും) കൊണ്ടും അവളുടെ സ്വാഭാവികമായ ആ നിർമ്മലമന്ദസ്മിതം അപ്പോഴും മുമ്പത്തെപ്പോലെ വാട്ടംകൂടാതെയുണ്ടായിരുന്നുവെന്നു സാരം. സുമദ്ധ്യയാകകൊണ്ട് പീഡക്ക് അവകാശമുണ്ട്. അവഠം അതിനെ സഹിച്ചതു അവളുടെ ആശ്ചര്യകരമായ വ്യവസായിത്വത്താലാണെന്നു സൂചന. കാര

ണമുണ്ടായിട്ടും കാൎയ്യോല്പത്തിയുണ്ടായില്ലെന്നു ധ്വനി. 18-ാം ശ്ലോകത്തിൽ 'അതികഠിനം തപമാചരിച്ചുദേവി' എന്നു പറയുന്ന കഠിനതപസ്സാണു ഈ പഞ്ചാഗ്നിമദ്ധ്യത്തിലെ തപസ്സ്.

21. ഇനരശ്മി = സൂൎയ്യരശ്മി. ഇനരശ്മി............വഹിച്ചു = സൂൎയ്യരശ്മി മുഖത്തെ വാട്ടുകയാണ് ചെയ്തതു എങ്കിലും അനുഭവം കൊണ്ടു ആ മുഖത്തിനു താമരയുടെ നിറം (ശ്രീ) ലഭിക്കയാണ് ഫലമുണ്ടായതു്. എന്നാലൊ ആ വാട്ടലിൻെറ ഫലം വേറെ ഒരു ദിക്കിൽ കണ്ടു. മുഖത്തെങ്ങും ആ വാട്ടത്തിന്നു—കറുപ്പിന്നു—സ്ഥലം കിട്ടിയില്ലെന്നു കണ്ടപ്പോൾ ഒളിഞ്ഞു എവിടെയെങ്കിലും ഒരു മുക്കിൽ കടന്നുകൂടണമെന്നു കരുതി പതുക്കെപ്പതുക്കെയായി അപാംഗങ്ങളിൽ ചെന്നു കേറി ഇരിപ്പുറപ്പിച്ചു. കറുപ്പു പ്രബലമായ ശത്രുവിനെ ആക്രമിപ്പാൻ നോക്കി സാധിക്കാതെ വന്നപ്പോൾ മുഖസംബന്ധികളായ അപാംഗങ്ങളെ കടന്നുപിടിച്ചു എന്നുള്ളതുകൊണ്ട് പ്രത്യനീകാലങ്കാരം. ആ കറുപ്പും ഒരു ഭംഗിയാകയാൽ പിന്നേയും ഗുണഫലംതന്നെ. മുഖത്തിന്നു കമലസാദൃശ്യം കാൺകയാൽ സൂൎയ്യൻ അനുകമ്പാപൂൎവ്വം വൎത്തിച്ചതാകാമെന്നു വ്യംഗം.

22. പരമഭിലഷി............ജലം—മഴപെയ്യുമ്പോൾ വായിൽ വന്നു വീഴുന്ന ജലം മാത്രമെന്നൎത്ഥം. കുളുർതിങ്കൾ തൻ നിലാവും = ചന്ദ്രൻ അമൃതസ്വരൂപനാകയാൽ തദ്രശ്മികളുടെ പാരണാവിധി സാധകത്വമാണ് പറഞ്ഞിരിക്കുന്നതു്. പാരണ = വ്രതാവസാനത്തിലെ ഭക്ഷണം. വേനൽക്കാലം മുഴവൻ ഇങ്ങിനെ പഞ്ചാഗ്നിമദ്ധ്യത്തിൽ തപസ്സുചെയ്യുന്ന ദേവിക്കു ആ വേനലിൻെറ അവസാനത്തിൽ സുലഭമായ മേഘജലവും ദിവസാവസാനംവരെ ഉപോഷിതയായ അവൾക്കു രാത്രിയിൽ നിശാകരരശ്മിയും മാത്രമാണ് പാരണവിധിയായിബ്ഭവിച്ചതു എ

ന്നു താല്പര്യം. തരുവൃത്തി...............വാണാരം = വൃക്ഷങ്ങളുടെ ജീവിതവൃത്തിയിൽക്കറിഞ്ഞു് ഒന്നും ചെയ്തിരുന്നില്ലെന്നത്ഥം. വൃക്ഷങ്ങളും യാചിക്കാതെ കിട്ടുന്ന മഴവെള്ളവും ചന്ദ്രരശ്മിയും കൊണ്ടാണല്ലൊ ജീവിക്കുന്നതു്.

23. ധരണിയൊടൊപ്പ..............ഉദ്വമിച്ചതു്. പഞ്ചാഗ്നിമദ്ധ്യത്തിൽനിന്നുള്ള തപസ്സുകൊണ്ടു് തപിച്ചവളാകയാൽ വേനൽകൊണ്ടു തപിച്ച ഭൂമിയിലും മഴ പെയ്യുമ്പോരം ബാഷ്പമോചനം ചെയ്യുമല്ലൊ. ഇതു ശരീരത്തെക്കുറിച്ചു മമതയില്ലായ്മയേയും തപസ്സിൻെറ ഏകാഗ്രതയേയും കാണിക്കുന്നു. സഹോക്ത്യലങ്കാരം. ഉദ്വമിക്കുക = മേല്പോട്ടുവിടുക.

24. പാർവ്വതിയുടെ തപസ്സിന്നിടയ്ക്കുള്ള വർഷാഗമത്തിലെ ആദ്യത്തെ വർഷജലബിന്ദുക്കളുടെ ഗതിയെ വർണ്ണിക്കുന്നതാണു് ഈ പ്രസിദ്ധശ്ലോകം. ഇതിൽ പാർവ്വതിയുടെ സൌന്ദര്യവർണ്ണനയും നിർവ്വഹിച്ചിരിക്കുന്നു. 'ചെറുതിമകളിൽനിന്നു—ഇതിൽനിന്നും ഇമകരം ഇടതൂന്നതും അരാളമായിട്ടുള്ളതും എന്നു സിദ്ധിക്കുന്നു. 'ചുണ്ടു മട്ടിച്ചു' എന്നു പറഞ്ഞതുകൊണ്ടു ചുണ്ടിൻെറ മാർദ്ദവം ഊഹ്യം. ജലബിന്ദുക്കളുടെ പതനം ചുണ്ടിനു മദ്ദനമായിതീരേണമെങ്കിൽ അതു സാമാന്യത്തിലധികം മൃദുവായിരിക്കണമല്ലൊ. 'അലഘുകുചോപരി വീണുടൻ തകന്നു', എന്നതിൽനിന്നു കുചത്തിൻെറ കാഠിന്യവും പൂർണ്ണവളച്ചയും ദ്യോതിക്കുന്നു. 'വലികളിലിടറി'-അത്യുച്ചസ്ഥാനത്തിൽനിന്നു അതികഠിനമായ സ്തനതടത്തിലാണ് വീണതു്. ഉടനെ ചിന്നിച്ചിതറി എങ്കിലും ഒരുവിധത്തിൽ ഒന്നിച്ചുചേന്നു് കീഴ്പോട്ടിറങ്ങാൻ ഭാവിച്ചപ്പോഴാണ് വലികളിൽ—ത്രിവലികളിൽ—ഇടറിയതു്. ഈ ഇടറിച്ചക്ക കാരണം വലികരം കോണിപ്പടിപോലെയാകയാലാണ്. അലങ്കാരം—പരികരം.

ഇതിൽനിന്നു "ദേഹം ഇളകാതേയും വായ അടച്ചും നാസാഗ്രത്തിൽ ദൃഷ്ടിപതിച്ചുംകൊണ്ടുള്ള ധ്യാനനില വ്യഞ്ജിക്കുന്നു. ജലബിന്ദുക്കരം ഇമകളിൽ വീണിട്ടു അവിടെ ക്ഷണനേരം നിന്നതും അവിടുന്നു അധരത്തിൽത്തട്ടി വായിലിറങ്ങാതെ മാറിൽപ്പതിച്ചതും മററും, മററുവിധത്തിൽ, യോജിക്കില്ലല്ലൊ. ഈ വ്യംഗാത്ഥത്തിൽനിന്നു കാമോദ്ദീപകമായ വഷാരംഭത്തിൽപോലും അവളുടെ തപസ്സിന്നു അശേഷംപോലും ഭംഗം സംഭവിച്ചില്ലെന്നും വ്യഞ്ജിക്കുന്നു. ഇതിൽതന്നെ ജലബിന്ദു ചുണ്ടു മട്ടിച്ചതിന്നു ലക്ഷണകൊണ്ടു ചുണ്ടിൽ ബലത്തിൽ പതിച്ചു എന്നുണ്ടാകുന്ന ലക്ഷ്യാത്ഥംമൂലം തല ഉയത്തിയാണ് ദേവി നിന്നിരുന്നതു എന്നും വ്യഞ്ജിക്കുന്നു. ഇതിൽ വസ്തുധ്വനി, ശബ്ദധ്വനി, അലങ്കാരധ്വനി എന്നീ മൂന്നു ധ്വനികരം ഉള്ളതിനാലാണ് ഈ ശ്ലോകത്തിന്നു മാഹാത്മ്യം കല്പിച്ചിരിക്കുന്നതു്!

25. മഴയിലു............കിടക്കെ = കാററും മഴയും ഇടവിടാതെ ഉണ്ടായിക്കൊണ്ടിരുന്നുവെങ്കിലും ആ സമയത്തും പാറമേൽത്തന്നെനിന്നു തപസ്സുചെയ്തിരുന്നുവെന്നും രാത്രിയിലും അവിടെതന്നെയാണ് കിടന്നിരുന്നതു എന്നും അല്ലാതെ പണ്ണശാലയിലല്ലെന്നും താല്പയ്യം. അതുകൊണ്ടു രാത്രികരംക്കു നോക്കികാണ്മാൻ നല്ല സൌകയ്യമായി. രാത്രികരം ഇടയ്ക്കിടയ്ക്കുള്ള ഇടിമിന്നലാകുന്ന കൺമിഴികൽകൊണ്ടാണ് നോക്കിയിരുന്നതു്. അക്കാലത്തു രാത്രിയിൽ ധാരാളം മിന്നലുണ്ടായിരുന്നുവെന്നു സാരം. അതുകണ്ടാൽ രാത്രികരം ആഗമപ്രസിദ്ധമായ സാക്ഷിത്വത്തെ വഹിപ്പാൻവേണ്ടി മിന്നലാകുന്ന കൺമിഴിച്ചു അവളെ നോക്കിയതാണൊ എന്നു തോന്നും.

"ആദിത്യചന്ദ്രാവനലോfനിലശ്ച

ദ്യൌഭൂമിരാപോ ഹൃദയം യമശ്ച

അഹശ്ച രാത്രിശ്ച ഉഭേ ച സന്ധ്യേ
ധർമ്മശ്ച ജാനാതി നരസ്യ വൃത്തം''.

എന്നാണല്ലൊ പ്രമാണം. മഹാതപഃ സാക്ഷ്യങ്ങളോ എന്നു തോന്നുമാറുള്ള ക്ഷപകരം എന്നു ഉൽപ്രേക്ഷിക്കരുതെന്നു 'വിവരണകാരൻ' അഭിപ്രായപ്പെടുന്നു. കാരണം ക്ഷപകരം നിത്യങ്ങളായതുകൊണ്ടും മേൽപറഞ്ഞ പ്രമാണംകൊണ്ടും ചിലർ മാററിയും വ്യാഖ്യാനിച്ചുവരുന്നതുകൊണ്ടും പ്രത്യേകം എടുത്തുപറയേണ്ടിവന്നതാണ്.

26. തപസ്വികളുടെ ദയാലുത്വം പ്രസിദ്ധമാണ്. അതിനാലായിരിക്കാം പാർവ്വതിക്കു കോകയുഗത്തിൽ അടിവുതോന്നിയതു്. പരസ്പരം ആർത്തുകേഴുന്ന ചക്രവാകയുഗത്തെ ദേവി തൻെറ മുമ്പിൽ കാണുന്നുണ്ടു്. തൻെറ മുമ്പിൽവെച്ചാണ് അവ ഇണപിരിഞ്ഞതും അവയാകട്ടെ തമ്മിൽ കാണുന്നുമില്ല. അവയുടെ വിചാരം ഈ വിരഹം എന്നെന്നേക്കുമുള്ളതെന്നാണ്. അതുകൊണ്ടാണ് ഉറക്കെ കരയുന്നതും. ആ കരച്ചിലാണ് ദേവിയെ ആർദ്രചിത്തയാക്കിയതും. (സ്വാന്തസ്ഥിതിയും അപ്പോരം ഓർമ്മ വരാൻ വഴിയുള്ളതിനാൽ അനുകമ്പ കൂടുതലുണ്ടാകുമല്ലൊ).

27. തുഷാരമാരിയാൽ............ജലത്തിനബ്ജയോഗം = ജലത്തിനു അബ്ജയോഗമരുളി എന്നു പറഞ്ഞതുകൊണ്ടു് ആ ജലത്തിലെ താമരയ്ക്കു സ്വതവെ രാത്രിയിലും അത്ര കൂമ്പലോ വാസനക്കുറവോ വരാത്തതാണ് എന്നു ധ്വനി. മഞ്ഞുമഴകൊണ്ടു് താമരയ്ക്കു നാശം വന്നു എന്നേയുള്ളു. പക്ഷെ ആ ദോഷം ദേവിയുടെ മുഖാബ്ജംകൊണ്ടു പരിഹരിച്ചു എന്നു സാരം. താമര ഇതളുകരം കാററുകൊണ്ടു ഇളകുന്നു. ദേവിയുടെ അധരമാകുന്ന ദളവും തണുപ്പുകൊണ്ടു വിറച്ചിരുന്നു. ഇവിടെ താമരയുടെ സാദൃശ്യം ഉക്തം.. പക്ഷെ രാത്രിയിൽ എങ്ങിനെ ജലത്തിനബ്ജയോഗം അരുളിയതായി അറിഞ്ഞു എന്നാണെങ്കിൽ

'സരസിജസൌരഭശാലിയാംമുഖത്താ'ലാണു അറിഞ്ഞതു്. അതാറിതു സൌരഭ്യംകൊണ്ടറിഞ്ഞുവെന്നത്ഥം. കമ്പ്രദലത്വം, കമ്രസ്വരൂപത്വം, സുഗന്ധം, വണ്ണസാമ്യം ഇവയെല്ലാം ആ മുഖത്തിനുണ്ടെന്നു ഈ വിശേഷണംകൊണ്ടു കവി സമത്ഥിച്ചിരിക്കുന്നു. മററു താമരകാംക്കു മഞ്ഞുകൊണ്ടു നാശമുണ്ടാകും. അവ രാത്രിയിൽ കൂമ്പുകയും ചെയ്യും. ഈ മുഖത്തിനു എല്ലായ്പ്പോഴും ഒരേ ഒരു സ്ഥിതിയാണു്. നാശമില്ലെന്നു വിശേഷം. വ്യതിരേകാലങ്കാരം. 'അവാം മുഖത്താൽ ജലത്തിന്നു അബ്ജയോഗം അരുളി' എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു കഴുത്തിനുവരെ വെള്ളത്തിൽ ഇറങ്ങിനിന്നാണു് തപസ്സുചെയ്തിരുന്നതു എന്നു വ്യഞ്ജിക്കുന്നുണ്ടല്ലോ. മുമ്പു പഞ്ചാഗ്നിമദ്ധ്യത്തിൽനിന്നു വേനൽക്കാലത്തു തപസ്സുചെയ്തിരുന്നു. ഇപ്പോാം അതിശൈത്യകാലത്തു കഴുത്തിനുവരെ വെള്ളത്തിൽ ഇറങ്ങിനിന്നിട്ടാണു് ചെയ്യുന്നതു്. ഇതിൽനിന്നും അത്യന്തം ചൂടും അത്യന്തം തണുപ്പും അവാംക്കു ഒരുപോലെയാണെന്നും അതിൽ യാതൊരു ഭാവഭേദമില്ലെന്നും സ്പഷ്ടമാക്കുന്നുണ്ടല്ലോ.

28. തനിയെ വീഴും തരുപണ്ണമാത്രവൃത്തി=വൃക്ഷങ്ങളുടെ കൊഴിഞ്ഞ ഇലമാത്രം തിന്നു ജീവിക്കുന്ന പതിവു്. ഇതു പഞ്ചാഗ്നിമദ്ധ്യത്തിലെ തപസ്സിൻെറ ഉച്ചകാഷ്ഠയാണു്. അപണ്ണയെന്ന നാമം = പണ്ണംകൂടി (ഇലകൂടി) ഉപേക്ഷിച്ചതിനാൽ അപണ്ണയെന്ന പേർ സിദ്ധിച്ചു. പ്രിയംവദ എന്ന പദം പാവ്വതിക്കു വിശേഷണമായിട്ടല്ല, പുരാവിത്തുകാംക്കു വിശേഷണമായിട്ടാണു് 'വിവരണകാര'മതപ്രകാരം എടുത്തിരിക്കുന്നതു്.

29. ഈ ശ്ലോകംകൊണ്ടു മൂലകവി തപഃസിദ്ധിയെപ്പറഞ്ഞു് തപോവണ്ണനം ഉപസംഹരിക്കുന്നു. മൃണാളകോമളം എന്ന വിശേഷണത്താൽ ഹിമജലസമ്പക്കാദികളുടെ അസഹനത്വമാണു് കാണിക്കുന്നതു്. അതീവതാഴ്ത്തി = അല്പമെങ്കിലും സാ

ധൎമ്മമില്ലാത്തവിധം അത്രക്ക മുനിവൎയ്യരുടെ തപസ്സിനെ ദൂരീകരിച്ചു എന്നു സാരം. മുനിവൎയ്യർ ആദ്യംമുതല്ക്കുതന്നെ ആതപാദികളെ സഹിക്കുന്നതിന്നു പരിശീലിച്ചവരായിരിക്കുമല്ലൊ. അവരെക്കൂടി അതിശയിപ്പിക്കുന്നതായിരുന്നു അവളുടെ തപസ്സ എന്നു സാരം.

30. അഥ = തപസ്സിന്നുശേഷം (ഇതുകൊണ്ടു ഫലപ്രാപ്തി സമാസന്നത്വം ഊഹ്യം). അജിനം, പലാശദണ്ഡം മുതലായവകൊണ്ടു ബ്രാഹ്മണത്വം പൂൎത്തിയായിട്ടുണ്ടെന്നറിയേണം. മൊഴിവിരുതു—(1) "ആരാണവിടെ? തപസ്വിനിയായ ആ ശൈലാധിരാജതനയ എവിടെ?" എന്നിപ്രകാരം സാമൎത്ഥ്യത്തോടുകൂടി പറയുന്ന വാക്സാമൎത്ഥ്യം. (2) മററുള്ളവരുടെ അന്തൎഗ്ഗതത്തെ അവരെക്കൊണ്ടുതന്നെ സ്വയമേവ പറയിപ്പിക്കാനുള്ള വാക്പ്രൌഢി. ഒരുവൻ എന്നു പറഞ്ഞതുകൊണ്ടു അതേവരെ കണ്ടിട്ടും കേട്ടിട്ടുമില്ലാത്തവൻ എന്നു താല്പൎയ്യം. ഈ അപരിചിതത്വകഥനംകൊണ്ടു ദേവീവൃത്താന്തത്തെക്കുറിച്ചു (ഒന്നും അറിയാത്തതിനാൽ) ഇനിയുള്ള ചോദ്യങ്ങൾക്ക അവസരം ഉണ്ടാക്കിക്കൊടുക്കയാണ്. ഉജ്വലമാംമഹസ്സ് = വൈദികതേജസ്സ്. ഇവിടെ വടുവേഷധാരിയായ ഭഗവാൻ ദേവിയുടെ ഹൃദയത്തിലുള്ള നിഗൂഢമായ അഭിപ്രായംപോലും അറിവാനുള്ള ആഗ്രഹംകൊണ്ടാണ് ബ്രഹ്മചൎയ്യമവലംബിച്ചിരിക്കുന്നതു്. എന്നാൽ യുവജനസന്ദൎശനത്തിൽ വ്രീളകൊണ്ടു എല്ലാം പറഞ്ഞുവെന്നുവരില്ല. അതിനെ പരിഹരിക്കത്തക്ക വിശ്വാസം ജനിപ്പിപ്പാനാണ് വൈദികതേജസ്വിയെന്നു പറഞ്ഞതു്. ധൃതതനുവാം ................കണക്കെ = ബ്രഹ്മചൎയ്യം ശരീരം എടുക്കാൻവേണ്ടി പരകായപ്രവേശം (ഇദ്ദേഹത്തെ പ്രാപിച്ചപോലെ) ചെയ്തപോലെ തോന്നുമെന്നൎത്ഥം.

31. ഗിരിസുതാ—ഗിരി = ഗൌരവമുള്ളവൻ. മഹാൻ = അങ്ങിനെയുള്ളവന്റെ സുത. ഉന്നതകുലജാതയ്ക്കു അതിന്നു യോജിച്ച അതിഥിസല്ക്കാരപ്രാവീണ്യം ഉണ്ടായിരിക്കുമല്ലോ എന്നു ധ്വനി. സദൃശനിലയിലും സമാദരിപ്പൂ—രാഗദ്വേഷാദിരഹിതന്മാർ മററൊരുത്തനെ തുല്യനാണെങ്കിലും ആദരിക്കും—തുല്യനോ അതുല്യനോ എന്ന നോട്ടമില്ലെന്നു താല്പൎയ്യം. സുമഹിതരായവരെ = മഹാമനസ്സന്മാരെ. സ്ഥിരാശയന്മാർ = ദൃഢചിത്തന്മാർ. ഇവിടെ പോരെങ്കിൽ വിശേഷിച്ചും ബ്രഹ്മചൎയ്യം പൂൎത്തിയായവനും അതിഥിയും ആകയാൽ ഗൌരവപൂജാൎഹൻ തന്നെയാണു്.

32. വിശ്രമമെന്നപോലിരിക്കെ = ക്ഷീണംതീക്കാനെന്നു നടിച്ചു്, യഥാൎത്ഥത്തിൽ അങ്ങിനെയല്ല. അകുടിലമിഴി........ നോക്കി = അതിയായ അനുരാഗത്തെ ഗോപനം ചെയ്തുകൊണ്ടു് വിലാസലേശമെന്യേയെന്നൎത്ഥം. അനുക്രമമൊടു = കുശലപ്രശ്നംമുതൽ തപശ്ചരണകാരണംവരെ ചോദിക്കേണ്ടുന്ന ചോദ്യങ്ങൾ ഇന്നിന്നവയാണെന്നു മുൻകൂട്ടിതന്നെ ക്രമപ്പെടുത്തിയിട്ടുണ്ടെന്നു സാരം. ഉമ = അല്ലയൊ വത്സെ! അരുതു എന്നു മുമ്പു് അമ്മ തടഞ്ഞ ആ അനുകമ്പാസൂചകമായിതന്നേയായിരിക്കാം ഇവിടുത്തേയും ഉമാപ്രയോഗംകൊണ്ടു സൂച്യമായിരിക്കുന്നതു്.

ഇനി ചോദ്യോത്തരമായി.

33. കുശചമത ഇവിടെതന്നെ സുലഭമായില്ലെ? മററൊരിടത്തിൽനിന്നു കൊണ്ടുവരേണ്ടതില്ലല്ലോയെന്നു്. ശുഭജല....യല്ലീ? ഇവിടെ കുളിക്കുവാനും പരിശുദ്ധമായ ജലമില്ലേ? കുളം മുതലായവയില്ലേ? അതിലെ വെള്ളം പരിശുദ്ധവും പാനയോഗ്യവുമല്ലെയെന്നു്. തനു = ശരീരം. ധൎമ്മമൂലം = ധൎമ്മത്തെ സാധിപ്പിക്കുന്നതിനുള്ള ഉപകരണം. തനുവതുതന്നെ...........മൂലം ശരീരംകൊണ്ടു വേണം ധൎമ്മംചെയ്യാൻ; അതിനെ സൂക്ഷിച്ചില്ലെ

ങ്കിൽ ധൎമ്മം ചെയ്യാനാവില്ല. അതിനാൽ ശരീരസ്ഥിതിക്കു യോജിച്ചവിധത്തിലല്ലേ തപസ്സുചെയ്യുന്നുള്ളു എന്നു സ്നേഹസൂചകമായ അന്വേഷണം: തന്റെ ഭാവിപതിയുടെ ശരീരസ്ഥിതിക്കു ഹാനിതട്ടുന്നുണ്ടോ എന്നറിവാനുള്ള ജിജ്ഞാസകൂടിയുണ്ടാവാമെന്നു സൂചന.

34. ഇനി പൂജാസാധനങ്ങളെപ്പററി ചോദിക്കയാണ്. ലതകളിവയിൽ നീ............പ്പൊടിപ്പതില്ലേ? നീതന്നെ വെള്ളം കോരിക്കൊണ്ടു വന്നു നനക്കുന്നതിനാൽ ഇപ്പോഠം കാണുന്നപോലെതന്നെ എപ്പോഴും എടവിടാതെ തളിർ ഉണ്ടാകുന്നില്ലേ? എന്ന ചോദ്യത്തിൽതന്നെ ഉണ്ടാകാതിരിക്കില്ലെന്നുള്ള തന്റെ ബോദ്ധ്യം അന്തർഭൂതം. ഇനി ലതാപ്രവാളങ്ങളുടെ രമണീയതയെ വൎണ്ണിക്കുക എന്ന വ്യാജേന ദേവിയുടെ ചിത്തത്തെ ആവൎജ്ജിക്കാൻവേണ്ടി യഥാൎത്ഥമായ പ്രിയവചനം പറയുന്നു. അതു തവാധരത്തോടൊക്കും—ആ തളിരുകഠം നിന്റെ അധരസാദൃശ്യത്തെ വഹിക്കുന്നു എന്നു്. ഈ ചോദ്യം തപോനുഷ്ഠാനത്തിനും ബ്രഹ്മചൎയ്യത്തിനും യോജിച്ചതാണോ എന്നൊരു ചോദ്യത്തിനു വഴിയുണ്ട്. എന്നാൽ തപസ്വികളോടു് കുശലം ചോദിക്കുമ്പോഠം ആശ്രമവീരുത്തുകളേയും മററുംപററി ചോദിക്കണമെന്നുണ്ടു്. ആ ചോദ്യത്തിൽ നേരിട്ടു കണ്ണിൽ കണ്ടതായ ഒരു ഉപമകൂടി പ്രയോഗിച്ചുവെന്നേ കരുതേണ്ടു. അല്ലാതെ അതു സൌന്ദൎയ്യവൎണ്ണനയായി കരുതേണ്ടതില്ല. പിന്നെ അത്തരം തപസ്വികളുടെ ഉദ്ദേശശുദ്ധിയെപ്പററി ചോദ്യംചെയ്യാനും പാടില്ലല്ലോ.

മുമ്പു പാൎവ്വതി ചുണ്ടിനു അരുണിമവരുത്താൻ വളരെ സമയം വ്യയം ചെയ്തിരുന്നു. ആ സമയത്തെയാണിപ്പോഠം ലതകഠം നട്ടു നനക്കുന്നതിനു ഉപയോഗിക്കുന്നതു്. തളിരുകഠംക്കു നല്ല ചുമപ്പുണ്ടുതാനും. ഇതിൽനിന്നും താൻ തനിക്കുവേണ്ടി ഇപ്പോഠം ഒന്നും ചെയ്യുന്നില്ലെങ്കിലും മററൊന്നിൽ രാഗത്തെ ഉള

വാക്കുന്നുണ്ടെന്നും അതിന്നുള്ള ശക്തിയും പ്രാപ്തിയുമുണ്ടെന്നും വ്യഞ്ജിക്കുന്നു.

(3) ഈ അധരത്തെ എടുത്തുപറഞ്ഞതിൽനിന്നു ശിവന്നു പാർവ്വതിയിലുള്ള ഗൂഢാനുരാഗം സ്ഫുരിക്കുന്നു. തപസ്വിനിയായതിനാൽ സ്പഷ്ടമായിപ്പറവാൻ പാടില്ല; വികാരം പറയാതിരിപ്പാൻ സമ്മതിക്കുന്നുമില്ല. തന്റെ അനുരാഗം ദേവിയെ അറിയിപ്പാനും വയ്യാ. ഈ കാരണങ്ങൾകൊണ്ടാണ് തളിരുകളുടെ കാര്യം ചോദിക്കുക എന്ന കൈതവേന അധരത്തേയും സാമ്യപ്പെടുത്തി ചോദിച്ചതു്.

(4) തളിരിന്നു വളരെക്കാലമായി ചെമ്പഞ്ഞിച്ചാറു പുരട്ടാത്ത അധരത്തോടാണ് സാദൃശ്യം പറഞ്ഞതു്. അങ്ങിനെ ഇരിക്കെ അലക്തകം പുരട്ടിയാലത്തെ കഥയെന്തായിരിക്കും എന്നു ആശ്ചര്യം. (ഗൂഢം). ഉപമാനമായ തളിരിനെ ഉപമേയമാക്കി അധരത്തെ ഉപമാനമാക്കിയതുകൊണ്ടു രാഗാധിക്യം സൂചനം. പ്രതീപാലങ്കാരം.

35. അവൾ നട്ടുനനച്ച ദർഭകൾ ഹോമത്തിന്നായികൊണ്ടു പറിച്ചുകൊണ്ടു പോകുമ്പോഴാണ് ഹരിണങ്ങൾ കയ്യിൽനിന്നും കടന്നുകപ്പുന്നതു്. അതു ഒരു അപരാധമാണ്. ആ കാരണത്താലാണ് അവയോടു ദ്വേഷ്യത്തിന്നു പകരം സന്തോഷമല്ലെയുള്ളുവെന്നു ചോദിപ്പാൻ കാരണം. മുനികൾ സാപരാധരായ ജനങ്ങളിൽപോലും ദയാലുക്കളാണല്ലൊ. പോരെങ്കിൽ അവററകൾ തങ്ങളുടെ കണ്ണുകളെക്കൊണ്ടു നിന്റെ വിലോലദൃഷ്ടിയോടു സാമ്യംവഹിപ്പാൻ അഭ്യസിക്കുന്നവയുമാണ്. ചില ഗുണഹീനന്മാർ മഹാജനങ്ങളോടു സദൃശരാകാൻ ശ്രമിച്ചിട്ടു് സാധിക്കാതെ വരുമ്പോൾ അവരുടെ വ്യാപാരവേഷാദികളെയെങ്കിലും അനുകരിപ്പാൻ നോക്കുന്നതുപോലെയാണ് മാനുകൾ ഇവിടെ ചെയ്യുന്നതു്. ആ നിലയ്ക്കും നിനക്ക് അവററയോടു സന്തോഷ

ത്തിന്നൊ അവകാശമുള്ളവെന്നത്ഥം. വട്ട പാവ്വതിയുടെ സൌന്ദയ്യത്തെ വീക്ഷിക്കുന്നില്ല. പ്രവാളത്തിൻേറയും രത്നങ്ങളുടേയും കായ്യത്തെപ്പററി പറയാൻവേണ്ടി അവളുടെ അധരത്തേയും കണ്ണുകളേയും സ്പശിക്കേണ്ടി വന്നുവെന്നു പാവ്വതിക്കു തോന്നാവുന്നവിധത്തിലെ മൂലകവി അവയെ ഉപയോഗിച്ചിട്ടുള്ളു. ഇവിടെ അധരത്തിനും, പ്രവാളത്തിനും കണ്ണിനും മററുമുള്ള വ്യാപ്തിയെയാണു കാണിച്ചിരിക്കുന്നതു്. പ്രധാന ഭാഗങ്ങളായ കണ്ണും അധരവും എടുത്തുപറഞ്ഞതിൽനിന്നു ഗൂഢാനുരാഗം വ്യംഗം. ഇവിടെ വിവരണകാരൻ "യ ഉല്പലാക്ഷേപ ചലൈ" എന്നു പാഠഭേദം കൊടുക്കുന്നു. അങ്ങിനെയെടുക്കുമ്പോളുള്ള തജ്ജമ അടിയിൽ കാണുന്നതാണു്.

36. പാപവൃത്തി.......സത്യം = "രൂപം ശീലാനുസാരി" എന്ന വചനം സത്യമാണെന്നത്ഥം. സുദൾനേ! = മററുള്ളവക്കു നോക്കുവാൻ ഉൽകൃഷ്ടമായ ദശനത്തോടുകൂടിയവളെ! നിൻ നടവടിസ്വഭാവംതന്നെയാണ് ഇവിടെ കർത്തൃത്വം വഹിച്ചു മററുള്ളവക്കു ഉപദേശത്തെ ചെയ്യുന്നതു എന്നു സാരം.

37. പുലഹമുഖ മുനീന്ദ്രർ = സപ്തഷികൾ. പുലഹ....... .......പോലും എന്നു പറഞ്ഞതിനാൽ ഗംഗതന്നെ സ്വതവെ പരിശുദ്ധിയുള്ളതാണെന്നു വരുന്നു. ദിവ്യം = സ്വഗ്ഗത്തിൽനിന്നു നേരിട്ടു വീഴുന്നതു്. എടയ്ക്കു് വല്ല ദിക്കിലും പതിച്ചു് ഹിമവാനിൽക്കൂടി ഒഴുകുന്നതല്ല. അങ്ങിനെയാണെങ്കിൽ ഒരു സമയം മാലിന്യം സംഭവിക്കാമെന്നു ഊഹിക്കാം. നേരിട്ടു ഹിമവാനിൽതന്നെ വീഴുകയാൽ പരിശുദ്ധി കൂടുവാനേ തരമുള്ളു. പോരെങ്കിൽ സപ്തഷികൾ ബലിതൂവുന്നതുകൊണ്ടു് പരിശുദ്ധിക്കു മാററുകൂടുകയും ചെയ്യുന്നു. 'സുമഹാസിനി' എന്ന വിശേഷണംകൊണ്ടു സുമങ്ങളെക്കൊണ്ടു എപ്പോഴും ഹാസിക്കുന്നതു്—പുഞ്ചിരിക്കൊള്ളുന്നതു—ശോഭിക്കുന്നതു എന്നു സിദ്ധമാകുന്നുണ്ടല്ലൊ. ഇതു ഗംഗ

യുടെ പരിശുദ്ധ്യാധിക്യത്തെ കാണിക്കുന്നു. എന്നാൽ അതുകൊണ്ടൊന്നും ഈ (മുമ്പിൽകാണുന്ന ഗിരി) ഹിമവാൻ വംശത്തോടെ പരിശുദ്ധനായിട്ടില്ല. ഗംഗാപ്രപാതംകൊണ്ടു ഹിമവാനു മാത്രമേ പരിശുദ്ധിയുണ്ടായിട്ടുള്ളു. നേരേമറിച്ചു അദ്ദേഹം കുടുംബത്തോടെ പരിശുദ്ധനായതു നിന്റെ സുചരിതംകൊണ്ടാണെന്നു സാരം. മൂലത്തെ അനുസരിച്ചുതന്നെ ധരാധരനും എന്നു വ്യാപ്തകമായി പറഞ്ഞതിനാൽ ഭൂലോകവാസികൾക്കു കൂടി പരിശുദ്ധി സിദ്ധിച്ചുവെന്നും വ്യഞ്ജിക്കുന്നു. ധരാധരൻ = ഭൂമിയെ വഹിക്കുന്നവൻ—ഹിമവാൻ. ആ പദപ്രയോഗംകൊണ്ടു ലോകത്തേയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നും അവളുടെ പരിശുദ്ധി അളക്കാൻ വയ്യെന്നു സൂചന. ഗംഗ വഷ്ക്കാലത്തു മഴപെയ്താ മററൊ കലങ്ങി മാലിന്യമുള്ളതായി എന്നു വരാം. എന്നാൽ പാവ്വതിക്കു ആ വക കന്മഷങ്ങൾ ഒന്നുമില്ലെന്നു കാണിപ്പാനാണ് സുചരിതയെന്നു പറഞ്ഞിരിക്കുന്നതു്. ഗംഗയേക്കാൾ ചരിതങ്ങൾക്കു ശ്രേഷ്ഠത കൂടുന്നതുകൊണ്ടു് 'വ്യതിരേകാലങ്കാരം'.

38. ത്രിവഗ്ഗങ്ങളിൽവെച്ചു ധമ്മമാണ് ശ്രേഷ്ഠമായിട്ടുള്ളതു എന്നു കാട്ടികൊണ്ടു് നീ അതിനെമാത്രം എടുത്തുസേവിക്കുന്നതുകൊണ്ടു എന്നെപ്പോലെയുള്ളവക്കുംകൂടി അതൊരു ദൃഷ്ടാന്തമായിബ്ഭവിച്ചു എന്നു്. "യദ്യദാ ച രതി ശ്രേഷ്ഠ സ്തത്തദേവേതരോജന" എന്ന ന്യായേന പറയുന്നു. വഗ്ഗത്രിതയം = ധമ്മം. അത്ഥം, കാമം. സ്ഫുടമിവനു......=ശ്രുതി സ്മൃതികളിൽനിന്നു ധമ്മമാണ് സാരമായിട്ടുള്ളതു എന്നു ധരിച്ചിട്ടുണ്ടെങ്കിലും നിന്റെ ദൃഷ്ടാന്തത്തിൽനിന്നു അതു ഒന്നുകൂടി ഉറച്ചുവെന്നു താല്പയ്യം. ഈ യൗവ്വനാരംഭത്തിലും അതിന്നു തീരെ സ്ഖലനം തട്ടുന്നില്ലെല്ലോയെന്നു അത്ഭുതം. അത്ഥകാമസ്മൃതി കലരാതെ = അത്ഥകാമങ്ങളുടെ വിചാരംതന്നെയില്ലാതെ. അവയിൽ ഇപ്പോൾ തീരേ

പരാങ്മുഖിയാണെന്നു അൎത്ഥം. യാതൊന്നുകൊണ്ടാണോ നീ യൌവ്വനോചിതങ്ങളായ കാമങ്ങളെ പരിത്യജിച്ചും അച്ഛന്റെ ഗൃഹത്തിലുള്ള അതിസുലഭങ്ങളായ വിഭവങ്ങളെ അനാദരിച്ചും ധൎമ്മത്തെതന്നെ സേവിക്കുന്നതു, അതുകൊണ്ടു ധൎമ്മാൎത്ഥകാമങ്ങ ളിൽവെച്ചു ധൎമ്മത്തിന്നുതന്നേയാണ് പ്രാധാന്യം എന്നു എനിക്കു പൂൎണ്ണബോദ്ധ്യമായിയെന്നു സമൎത്ഥിക്കുന്നു.

ഗൂഢാൎത്ഥം: അവൾക്കു വാസ്തവത്തിൽ ഉണ്ടായിരുന്നതു ഇല്ലെന്നാക്കി പറകയാണ്. അങ്ങിനെ ഒരു വഴിയിട്ടു അവളെ ക്കൊണ്ടുതന്നെ പറയിക്കണമെന്ന ഉദ്ദേശ്യം ഇല്ലയോയെന്നു തോന്നും. തനിക്കു ഉള്ളതു ഇല്ലെന്നു അന്യൻ പറയുമ്പോൾ അതി നെ ചെറുത്തുപറഞ്ഞെങ്കിലോ നന്നായിയെന്നുമാവാം ഉദ്ദേശം.

മുമ്പെന്തോ ചിലതൊക്കെ അതിന്റെ അടയാളമായി കാ ട്ടിക്കൂട്ടി ഇപ്പോൾ ആവക വിചാരമൊന്നുമില്ലെന്നും ഊഹി ക്കുന്നതായി കരുതാം. ഇതിലെല്ലാം ദേവിയുടെ മുഖത്തിൽനി ന്നുതന്നെ പരമാൎത്ഥം കേട്ടു ആനന്ദമടയുവാനുള്ള ആസക്തി (ഗൂഢാനുരാഗം) വ്യംഗം.

ഉള്ളതു തീരെയില്ലെന്നു പറഞ്ഞുള്ള വടുവിന്റെ നടിപ്പ് കാൎയ്യസാദ്ധ്യപടുതയെ ദ്ദ്യോതിപ്പിക്കുന്നു. അൎത്ഥകാമസ്മൃതി കലരാതെയെന്നു ഊന്നിപ്പറഞ്ഞതിൽ "ഇതു മുമ്പുണ്ടായിരുന്നു വെന്നു ഇനിക്കറിയാം" എന്ന ഒരു സൂചനയുമുണ്ടാവാം.

39. ഈ ശ്ലോകംകൊണ്ടു ദേവീചിത്തത്തെ ആവൎജ്ജിക്കു ന്നു. കരുതിടുകരുത............രെന്നെ—നിന്റെ സല്ക്കാരവിശേ ഷംകൊണ്ടു ഞാൻ നിന്റെ സ്വന്തം ഒരാളായിരിക്കുന്നു. നിന്റെ പരിജനത്തെപ്പോലെ എന്നെ കണക്കാക്കിയാൽ മതിയെന്നു താ ല്പൎയ്യം. എങ്ങിനെയാണ് സല്ക്കാരമാത്രംകൊണ്ടു ആത്മീയത്വം ഉ ണ്ടാകുന്നതു എന്നാണെങ്കിൽ അതിനുള്ള മറുവടിയാണ് "എഴുമൊ ഴിമതി...........ബുദ്ധിമാന്മാർ" എന്ന പ്രമാണംകൊണ്ടു സമൎത്ഥിക്കു

ന്നതു്. നതാംഗി! എന്ന സംബോധനയിൽതന്നെ സജ്ജനത്വം സൂച്യം. എഴുമൊഴി = ഏഴുവാക്കു്. സജ്ജനങ്ങാംക്ക പരസ്പരം നാലുവാക്ക സംഭാഷണംചെയ്തുകൊണ്ടുള്ള സംഗമമാത്രത്താൽ സഖ്യം ഭവിക്കുന്നു എന്നാണു് വിദ്വാന്മാർ പറയുന്നതു്. അതു ഇപ്പോാം നാം തമ്മിൽ നടന്നു. അതുകൊണ്ടു ഞാൻ നിൻെറ ആളായിത്തീൎന്നുവെന്നു ഭാവം.

40. ഇതു കരുതിയിവൻ...........ചെയ്യാൻ—സഖ്യം മൂലമുള്ള വിശ്വാസത്താലും നിൻെറ ക്ഷമയിൽ ഉള്ള ഉറപ്പിനാലും നിൻെറ തപസ്സിനെപ്പററി ചിലതു ചോദിച്ചാൽ കൊള്ളാമെന്നുണ്ടു്. അതു ഒരു ചാപല്യമല്ലേ എന്നു വിചാരിക്കയാണെങ്കിൽ അതിന്നു അതു വിപ്രസഹജമാണെന്നേ എനിക്ക മറുവടി പറവാനുള്ളു. നീ ക്ഷമയുള്ളവളാകയാലും ഞാൻ വിപ്രനാകയാലും നീ കോപിക്കില്ലെന്നു എനിക്കറിയാം. അൎത്ഥകാമങ്ങളെ ത്യജിച്ചു ധൎമ്മത്തെമാത്രം ഭജിക്കുന്നവളായ നിനക്ക വിപ്രനോടു കോപിച്ചാൽ മഹാപാപമുണ്ടെന്നും മററും അറിയാമെന്നു എനിക്കറിയാം. പോരെങ്കിൽ ക്ഷമയില്ലാത്ത ഒരാംക്ക ഇപ്രകാരമുള്ള തപസ്സിന്നും വ്രതാനുഷ്ഠാനത്തിന്നും സാധിക്കയില്ലല്ലോയെന്നു ഭാവം.

തപോധനേ! തപസ്സാകുന്ന ധനത്തോടുകൂടിയവളെ. ഈ സംബോധന മൂലകവികളരെ അൎത്ഥത്തോടുകൂടി പ്രയോഗിച്ചതായിരിക്കണമെന്നു വേണം ഊഹിപ്പാൻ. (1) നീ മറെറാരു ധനവും കാംക്ഷിക്കാത്തവളാണു്. നീ അച്ഛൻെറ രാജധാനിയിലുള്ള സകല വിഭവങ്ങളേയും ഐശ്വൎയ്യങ്ങളേയും അനശ്വരങ്ങാം എന്നു തള്ളിക്കളഞ്ഞു്, ഈ ധനത്തെ ഇത്രയൊക്കെയും യത്നംചെയ്താണു് നേടിയതു്. അത്രയ്ക്കു സാരജ്ഞയും ക്ഷമാഢ്യയുമായ നിനക്ക എൻെറ ചാപല്യത്തിൽ നീരസം തോന്നില്ലെന്നൎത്ഥം. ഇങ്ങിനെയൊക്കെയാണെങ്കിലും എൻെറ ചോദ്യം

അത്ര രസിക്കില്ലെങ്കിൽ — അതിൽ വല്ല രഹസ്യവുമുണ്ടെങ്കിൽ — മറുവടി പറയേണമെന്നു നിർബ്ബന്ധവുമില്ല. രഹസ്യമില്ലെങ്കിൽ മറുവടി പറഞ്ഞാൽമതി, പറയേണമെന്നു നിർബ്ബന്ധമില്ലതാനും. പറഞ്ഞാൽ കേൾപ്പാൻ കൌതുകമുണ്ടെന്നുമാത്രം.

2) മറെറാരുവിധത്തിൽ ചിന്തിച്ചാൽ — തപോധനയ്ക്കു എന്തു രഹസ്യമാണ്? അങ്ങിനെയൊന്നു ഉണ്ടാവാൻതന്നെ പാടില്ലല്ലൊ. അതുകൊണ്ടു അതു പ്രഖ്യാപനാർഹമാണ് എന്നു ഗൂഢാത്ഥം.

3) രഹസ്യം ഉണ്ടെന്നു വാക്കിന്നറിയാം. അതിനാൽ അതു അവളുടെ മുഖത്തിൽനിന്നുതന്നെ കേട്ടേ കഴിയു എന്നു നിബ്ബന്ധം.

4) നിന്നെ ഞാൻ തപസ്സാകുന്ന സ്ത്രീധനംമാത്രം വാങ്ങി സ്വീകരിക്കുന്നുവെന്നും നിൻെറ പിതാവിൽനിന്നു മറെറാന്നും സ്ത്രീധനമായി വാങ്ങുവാൻ വിചാരിക്കുന്നില്ലെന്നും ഗഭിതം. എന്തൊക്കെയാണാവോ സ്ത്രീധനമായി കൊടുക്കേണ്ടിവരികയെന്നു നിനക്കും നിൻെറ പിതാവിന്നും വല്ല ആശങ്കയോ ഭയമോ ഉണ്ടെങ്കിൽ ആവക വിചാരമേ വേണ്ടെന്നു മുന്നറിയിപ്പുകൊടുക്കൽ വ്യംഗം. നിൻെറ തപസ്സിനാൽ "ഞാൻ വിക്രീതദാസ"നെന്നു വാക്കു ഈ സഗ്ഗാവസാനത്തിൽ പറയുന്ന സ്ഥിതിക്കു മൂലകവി ഈ തപോധനെ! എന്ന സംബോധനകൊണ്ടു സ്ത്രീധനകാൎയ്യംകൂടി സൂചിപ്പിച്ചിട്ടുണ്ടെന്നുവേണം കരുതാൻ. ഈ സ്വാരസ്യത്തിന്നു വേണ്ടിത്തന്നെയാവണം വിവൎത്തനകാരനും അതിനെ ഭാഷയിൽ കളയാതെ സൂക്ഷിച്ചതു്.

41. ഇനി താഴെ വരുന്ന ചില ശ്ലോകങ്ങൾകൊണ്ടു് പാൎവ്വതിയുടെ തപസ്സിൻെറ ഉദ്ദേശത്തെപ്പററി വിചാരണചെയ്യുകയാണ്. സംഭാവ്യങ്ങളായ ഓരോ കാരണങ്ങൾ എടുത്തു ചൎച്ചചെയ്തു അതൊന്നുമില്ലെന്നു സയുക്തികം സമൎത്ഥിക്കുന്നു.

പ്രഥമവിധി.......ജന്മം — "യജ്ഞാംഗാത്ഥം മയാസൃഷ്ടം ഹിമവാനചലേശ്വരഃ" എന്ന ബ്രഹ്മവചനമനുസരിച്ച ബ്രഹ്മാവിൻെറ പുത്രനാണ് ഹിമവാൻ. അതു ഉന്നതകുലസംഭവതവും, കുലശുദ്ധിയുമാണല്ലോ കാണിക്കുന്നതു്. വിധിയുടെ കുലത്തിൽ തന്നെ പാൎവ്വതിയും ജനിച്ചതുകൊണ്ടു പാൎവ്വതിയുടെ കാൎയ്യത്തിൽ വിധി മറെറാരുവിധത്തിൽ വിധിക്കാൻ ന്യായമില്ലല്ലോ എന്നു സൂചന. ത്രിഭുവന............ഗാത്രം—എന്നു പറഞ്ഞതുകൊണ്ടു് പഞ്ചഭൂതങ്ങളെക്കൊണ്ടു സൃഷ്ടിക്കേണ്ടതിനുപകരം മൂന്നു ലോകങ്ങളിലുമുള്ള സൌന്ദൎയ്യസാരംമാത്രം എടുത്തു സൃഷ്ടിച്ചതാണോ ഈ ശരീരം എന്നു തോന്നും. അത്രയും സൌന്ദൎയ്യമുണ്ടെന്നത്ഥം. ഐശ്വൎയ്യം പോരാഞ്ഞിട്ടാണോ ഈ തപസ്സു എന്നു ശങ്കിക്കനുണ്ടെങ്കിൽ അതിന്നും ന്യായം കാണുന്നില്ല. എന്തെന്നാൽ വശം ഉരുവിഭവം = ഉരു = മഹത്തായ, ഇത്രയെന്നു തിട്ടപ്പെടുത്താൻ വയ്യാത്ത. വിഭവംവശം = ഐശ്വൎയ്യങ്ങൾ വശത്തിലുണ്ടു്. പിതാവിൻെറ സ്വത്തു നിൻെറ കൈവശത്തിലുള്ളതുപോലെ തന്നെയാണല്ലോ. "മഹീഭൃതപുത്രവതോ...........തൃപ്തിം" എന്നു കാളിദാസർ ആദ്യസൎഗ്ഗത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു, (ബാക്കി അനവധി മക്കളുണ്ടെങ്കിലും ഈ മകളെ കണ്ടുകണ്ടു അദ്ദേഹത്തിൻെറ കണ്ണിന്നു തൃപ്തി വന്നിട്ടില്ല) നിനക്കു എത്രതന്നെ തന്നാലും അദ്ദേഹത്തിന്നു മതിയായിയെന്നു തോന്നായ്കയെ ഉണ്ടാവു. ആ സ്ഥിതിക്ക് ആ ന്യൂനതയും നിനക്കില്ല. ഇനി യൌവ്വനം അതിക്രമിച്ചുവെന്നു വിചാരിക്കയാണെങ്കിൽ അതുമില്ല. നവം വയസ്സ്= യൌവ്വനാരംഭമെ ആയിട്ടുള്ളു. ഇപ്പോൾ തപസ്സിന്നേ കാലമായില്ല. അതിനാൽ അതുകൊണ്ടും ഖേദിക്കേണ്ട. പിന്നെ എന്തിനാണ് ഈ തപസ്സു എന്നു ഊഹിപ്പാൻകൂടി വയ്യ എന്നു സാരം.

42. ഇനി അനിഷ്ടാവാപ്തിയെപ്പററിയാണ് പറയുന്നത്. ഇതുവിധമൊരു...........പ്രിയത്താൽ. ആരിൽനിന്നെങ്കിലും സഹിക്കുവാൻവയ്യാത്ത വല്ല അനിഷ്ടവും സംഭവിച്ചാൽ ചിലപ്പോഠം സ്ഥിരചിത്തന്മാരായ ആളുകഠം ഇങ്ങിനെ ചെയ്തുവെന്നു വരാം. എന്നാൽ കൃശതനു! എന്ന സംബോധനയിൽ അതിനും വഴിയില്ലെന്നനുമാനിക്കുന്നു. എന്തെന്നാൽ സാമുദ്രികാശാസ്ത്രപ്രകാരം സർവ്വ ശുഭലക്ഷണങ്ങളും തികഞ്ഞവളാണ് നീ. ഇപ്രകാരമുള്ള ചാരുരൂപിണികഠംക്കു അന്യനിൽനിന്നും ഒരു അനിഷ്ടവും സംഭവിപ്പാൻ പാടില്ലാത്തതാണ്. അതിനാൽതന്നെ അനിഷ്ടപ്രാപ്തി ഇല്ലെന്നു എങ്ങിനെ അറിഞ്ഞുവെന്നാണെങ്കിൽ, ഞാൻ നല്ലപോലെ മനസ്സിൽ ആലോചിച്ചുനോക്കിയിട്ടുതന്നെയാണ് അഭിപ്രായം പറയുന്നതു എന്നു സാരം. ബ്രാഹ്മമഹസ്സുള്ള ആളാകയാൽ ദിവ്യചക്ഷുസ്സുകൊണ്ടു കുടുംബത്തിലെ കാര്യ്യങ്ങഠം ഒക്കെയുംതന്നെ ഒരു കണ്ണാടിയിൽ കാണുന്നപോലെ കാണ്മാൻ സാധിക്കുമെന്നു ധ്വനി.

43 വടിവിതു = സാമുദ്രികാലക്ഷണപ്രകാരം സകലഗുണസമ്പൂർണ്ണയായ ആകൃതി. അഴലിനു = ദുഃഖത്തിന്. അധൃഷ്യം = ആക്രമിപ്പാൻ സാധിക്കാത്തതു്. സുഭ്രു = ശോഭനങ്ങളായ ഭ്രൂക്കളോടു (പുരികങ്ങളോടു) കൂടിയവഠം. ഈ സംബുദ്ധികൊണ്ടു സകലരിലും അവഠംക്കു കാരുണ്യബുദ്ധിയേ തോന്നുകയുള്ളുവെന്നു ധ്വനി. ഭർത്തൃഗൃഹവർത്തിനികളായാൽ ഒരുപക്ഷെ സപത്നികളിൽനിന്നോ മററൊ അവമതി സംഭവിച്ചേക്കാം. ഭർത്തൃമതിയായാലും നിൻെറ പിതൃഗൃഹത്തിൽ താമസിക്കുമ്പോഠം അതുണ്ടാവില്ല. പോരെങ്കിൽ കന്യകയും സർവ്വരുടേയും പരിപൂർണ്ണസ്നേഹഭാജനവുമാണ്. പിതൃഗൃഹത്തിലുമാണ്. ആ സ്ഥിതിക്ക് അതിനും ന്യായമില്ല. പിന്നെ അച്ഛൻെറ രക്ഷയിൻകീഴിൽ സ്വന്തം ഗൃഹത്തിൽ ജനിച്ചിരിക്കുന്ന നിന്നെ അന്യനൊരാഠം അക്രമം

ചെയ്യാൻ ഒരുമ്പെട്ടുമോ? അതു കാളസർപ്പത്തിൻെറ ഫണത്തിലെ രത്നം എടുക്കുവാൻ കൈ നീട്ടുന്നപോലെയാണ്. ആ കൈ നീട്ടുന്നവനുണ്ടാകുന്ന ഫലം (ഒരു കൊത്തു്) ആകുന്നു അവനും ഉണ്ടാവുകയെന്നർത്ഥം. അലങ്കാരം പ്രതിവസ്തൂപമ. ഇവിടെ ഹിമവാൻെറ പ്രതാപശക്തിയുടെ ദുർല്ലംഘ്യത്വം ധ്വനിക്കുന്നു.

44. തരുണിമയിൽ—യൗവ്വനത്തിൽ. യൌവ്വനപ്രായത്തിന്നു യോജിച്ചതായ ആഭരണങ്ങളെ മാററി ഇത്ര ചെറുപ്പത്തിൽ വാർദ്ധക്യത്തിന്നു പററിയ മരവുരിയും മററും എടുത്തതു് എന്തിനാണെന്നു ചോദിക്കുന്നു. ഇതു പിന്നെ ഭംഗ്യന്തരേണ ഒരു ഉപമകൊണ്ടു അശേഷവും ചേച്ചയല്ലെന്നു സമർത്ഥിക്കുന്നു. ഉഡു ശശിഭാസുരയായ ഒരു രാത്രി ആ നക്ഷത്രചന്ദ്രന്മാരെ ഉപേക്ഷിച്ച സന്ധ്യാസമയത്തിങ്കൽ അരുണനെ പ്രാപിക്കുമോ എന്നു ചോദിക്കയാണ്. അതിൽ വളരെ ഭംഗികേടുണ്ടെന്നർത്ഥം. ഇത്ര നല്ല സുകുമാരശരീരത്തിൽ ഈ വല്ക്കലം ചുററുന്നതിൽ വടുവിന്നുള്ള മനോവേദന ഇതിൽ അന്തർഭവിച്ചിട്ടുണ്ടാവാം. അലങ്കാരം പ്രതിവസ്തൂപമ.

45. അമരപുരി=മരണമില്ലാത്തവരുടെ ലോകം, സ്വർഗ്ഗം. വരപരവ്രതം. ഭർത്താവിനെ ഉദ്ദേശിച്ചുള്ള വ്രതനിഷ്ഠ. മണിതിരയില്ല.......കൊള്ളും = രത്നം തന്നെ ധരിപ്പാനുള്ള യോഗ്യതയൊത്ത പുരുഷൻ ആരെന്നു് അന്വേഷിച്ചു നടക്കാറില്ല. നല്ല രത്നം എവിടെയെന്നു ധരിപ്പാൻ ആഗ്രഹിക്കുന്നവർ അന്വേഷിച്ചു കണ്ടുപിടിക്കും. അതാണു ലോകസ്വഭാവം. അ—അർത്ഥാന്തരന്യാസം. രത്നത്തെപ്പോലെതന്നെ ദേവിയും മൃഗ്യയാണെന്നുള്ളതിനാൽ അപ്രസ്തുതപ്രശംസ.

46. നിനക്കു പ്രാർത്ഥനീയനായി ഒരാളും ഇല്ലാത്ത സ്ഥിതിക്കു നീ പ്രാർത്ഥിച്ചിട്ടു വഴിപ്പെടാത്തവനുണ്ടാകുമോ എന്നു പറഞ്ഞതു തൻെറ (ശിവൻെറ) ആത്മാഭിമാനത്തെത്തന്നെ വെളി

പ്പെടുത്തുകയാണോയെന്നു തോന്നും. താനൊഴിച്ചു മററാരും പ്രാൎത്ഥിതദുർല്ലഭനായിട്ടില്ലെന്നു ഭാവം. നെടുവീപ്പിനാൽ കഥിക്കപ്പെടുകിലും=നെടുവീപ്പ് ഉള്ള സംഗതി പറയുന്നുണ്ട് എങ്കിലും. ഇതിൽനിന്നും കവിയുടെ മനശ്ശാസ്ത്രതത്വജ്ഞാനം വെളിപ്പെടുന്നു. ഓരോരോ സന്ദൎഭങ്ങളിലെ ഭാവങ്ങളിൽനിന്നും ചേഷ്ടകളിൽനിന്നും കാൎയ്യം ഗ്രഹിക്കാനുള്ള പാടവമാണ് ഇവിടെ വ്യഞ്ജിക്കുന്നതു്. ഇതു കവിയുടെ പാത്രനിൎമ്മാണചാതുരിയേയും ദ്യോതിപ്പിക്കുന്നു.

47. ഉത്തരാൎദ്ധം—അവളുടെ പിംഗളവൎണ്ണമായ ആ ജടയെപ്പററി ആ പ്രാൎത്ഥിതദുർല്ലഭനു് അല്പമെങ്കിലും സങ്കടം തോന്നുന്നില്ലല്ലൊ. ഉണ്ടെങ്കിൽ കൎണ്ണാഭരണങ്ങളെക്കൊണ്ടു ശോഭിക്കേണ്ടതായ ആ കവിൾത്തടങ്ങളിൽ ജട തൂങ്ങിക്കിടപ്പാൻ ആ യുവകാമുകൻ ഇടവരുത്തുമോ? അഭീപ്സിതൻ—കാമുകൻ. അതിന്നിട വരുത്തിയതിനാലാണ് അയാളെ കഠിനൻ എന്നു് അഭിപ്രായപ്പെടുന്നതു്. ഇതിൽ സൌന്ദൎയ്യസൂചനയുമുണ്ടു്.

48. അണിയിടം=ആഭരണങ്ങൾ ധരിക്കുന്ന ഭാഗം. അണിയേണ്ടുന്ന ഇടം എന്നതിൽനിന്നു പദഘടന. തപസ്സുകൊണ്ടു ശരീരമാസകലം ശോഷിച്ചു· ആഭരണങ്ങൾ ധരിച്ചുകൊണ്ടിരിക്കുമ്പോൾ വാതാതപാദിസംസൎഗ്ഗത്തിന്നു വഴിയില്ലാത്തതിനാൽ ആഭരണസ്ഥാനങ്ങൾ ഏററവും മൃദുവും ശോഭനീയവുമായിരിക്കും. എന്നാലിപ്പോൾ മെലിച്ചൽകൊണ്ടും ആഭരണങ്ങൾ ഇല്ലായ്കകൊണ്ടും ആ ഭാഗങ്ങൾ കഠിനവെയിലും മറവും തട്ടി വല്ലാതെ കരുവാളിച്ചിരിക്കുന്നു. ഇങ്ങിനെയുള്ള നീ ഇപ്പോൾ കാഴ്ചക്കു പകലത്തെ ചന്ദ്രനെപ്പോലെ പരിധൂസരയായിരിക്കുന്നു. പകലത്തെ ചന്ദ്രനു പ്രകാശം ഇല്ലല്ലൊ. അങ്ങിനെയുള്ള നിന്നെ സഹൃദയനായ ഒരുവനും ഈ സ്ഥിതിയിൽ സങ്കടം—സങ്കോചം—കൂടാതെ കാണ്മാൻ സാധിക്കില്ല എന്നു സാരം. “യേഷാം കാ

ധ്യാനശീലനാഭ്യാസവശാൽ വിശദീഭൂതതേ മനോമുകുരേ വർണ്ണ നീയതന്മയീഭാവന യോഗ്യതാ ത ഏവ ഹൃദയസംവാദ ഭാജഃ സഹൃദയാ". ഇപ്രകാരമുള്ള സഹൃദയനല്ല. സഹൃദയ—നല്ല ഹൃദയത്തോടുകൂടിയവൻ. ഹൃദയാലു, സഹൃദയ, ഇത്യമര.

49. നിന്റെ കാമുകൻ ഒരു സുന്ദരവിഡ്ഢി (തന്റെ സൌന്ദയ്യത്തെപ്പററി അഭിമാനിക്കുന്നവൻ) അല്ലായിരുന്നുവെങ്കിൽ തീച്ച്യയായും അവൻ അവന്റെ മുഖത്തെ ലോകോത്തരഗുണഭൂയിഷ്ഠമായ നിന്റെ നേത്രത്തിന്നു ലക്ഷ്യമാക്കി ചെയ്യുമായിരുന്നു. ഇപ്പോഠം വളഞ്ഞ് ഇമ രോമങ്ങഠംകൊണ്ടു മനോഹരമായ അതിന്റെ വീക്ഷാവിരുതു പതിയുന്നതു മറെറാരിടത്തു (സൂയ്യനിൽ—സൂയ്യന്റെ നേക്കു നോക്കി തപസ്സു ചെയ്യുന്നതിനാൽ) ആണ് എന്നർത്ഥം.

ഗൂഢാത്ഥം— ഇത്രയുംകാലം പാഴാക്കിക്കളഞ്ഞതിൽ ആത്മനിന്ദന ചെയ്കയാണോയെന്നുകൂടി ശങ്കിപ്പാൻ വഴി നൽകുന്നതാണിതു്.

50. ഇങ്ങിനെ ചാടുവാക്കുകളെക്കൊണ്ടു ദേവിയോടു ചോദിപ്പാനുള്ളതെല്ലാം ചോദിച്ചു ഉപസംഹരിക്കുന്നു.

ആദ്യാശ്രമകൃതം—ബ്രഹ്മചയ്യാശ്രമത്തിൽ കൃതമായതു്. ബ്രഹ്മചയ്യത്തിൽ ഞാൻ ചെയ്ത തപസ്സിൽ പകുതി നിനക്കു തരാം. അതുകൊണ്ടു നിന്റെ വരത്തെ (അഭീഷ്ടത്തെ) നേടിയാലും. ശ്രമമട............കാലം—എത്ര കാലമാണ് ഇങ്ങിനെ കാത്തിരിക്കുന്നതു— ഇങ്ങിനെ കഴിക്കാൻ കണ്ടിരിക്കുന്നതു്.

ഗൂഢാർത്ഥം—തപഃശബ്ദംകൊണ്ടു തപസ്സിന്നു സാധനമായ ശരീരം ലക്ഷിക്കപ്പെടുന്നു. ആദ്യാശ്രമകൃതം—ആദ്യം (ജഗൽസൃഷ്ടിന്നുമുമ്പു— അശ്രമം—ശ്രമം കൂടാതെ (മായാമാത്രേണ) കൃതം—ചെയ്യപ്പെട്ടതു—സമ്പാദിച്ചതു്. അതിന്നുടെ, (തപസ്സാധനമായ ശരീരത്തിന്റെ) പാതികൊണ്ടു വരം നേടാം—എന്റെ ശ

രീരത്തിൽ പകുതിഭാഗം തന്നെ തരാം. വരാ=വരത്തെ എന്നും വരനെയെന്നും എടുക്കാം. ഈ രണ്ടർത്ഥവും മഹാകവി കാളിദാസൻ ഉദ്ദേശിച്ചിട്ടുണ്ടാവും. ആ രണ്ടർത്ഥവും ഭാഷയിലും സ്വാരസ്യം പറയത്തക്കവണ്ണം 'വരം' എന്ന പദപ്രയോഗത്താൽ ഒപ്പിച്ചുകൊണ്ടാണ തൎജ്ജമ.

51. ദ്വിജൻ=ബ്രാഹ്മണൻ (രണ്ടു ജന്മത്തോടുകൂടിയവൻ) ഇതുകൊണ്ടു ബ്രാഹ്മണന്റെ പ്രാൎത്ഥന തെറ്റി നടക്കാൻ പാടില്ലെന്നു സൂചന. കയറിക്കഥിക്കെ=കയറി പറഞ്ഞപ്പോൾ, തന്റെ ഇഷ്ടത്തിന്നു വിരോധമായി പറഞ്ഞാറെ, ഒരു തോഴിയാളെ— പാൎവ്വതിയുടെ തപസ്സിന്നു പോകേണ്ടതിലേക്ക സമ്മതത്തിന്നു് അച്ഛന്റെ അടുക്കലേക്ക പറഞ്ഞയച്ച തോഴി ഇതുതന്നെയാണെന്നു വേണം ഊഹിപ്പാൻ. ആ തോഴിയെ നോക്കിയതിൽനിന്നു ദേവിയുടെ അന്തൎഗ്ഗതം മുഴുവനും അവൾക്കറിയാമെന്നും അവൾ പറയുന്നതെല്ലാം പാൎവ്വതിയുടെ വാക്കപോലെ കണക്കാക്കാവുന്നതാണെന്നും വേണ്ടപോലെ പറവാൻ അവൾക്ക പാടവമുണ്ടെന്നും മററും ഊഹ്യമാണ്.

അണിമഷി.......കൺ=ആദ്യം വിരഹപീഡ, അല്ലെങ്കിൽ ഇച്ഛാഭംഗം കൊണ്ടും പിന്നെ തപശ്ചരണംകൊണ്ടും മഷി എഴുതാത്ത കണ്ണു. ബ്രഹ്മചാരിമുഖത്തുനിന്നു കണ്ണെടുത്തു് സഖീമുഖത്തേക്ക നോക്കിയെന്നു പറഞ്ഞതുകൊണ്ടു തന്റെ മനോരഥത്തെ അറിയിപ്പാൻ തോഴിയെ പ്രേരിപ്പിച്ചു എന്നു ഭാവം.

1) മഷിയെഴുതാത്ത കണ്ണ് എന്നു് എടുത്തു പറഞ്ഞതുകൊണ്ടു് എന്റെ എല്ലാ പീഡകളേയും പറയേണമെന്നുധ്വനി.

2) കണ്ണെഴുതാതായതുമുതൽക്കുള്ളതെല്ലാം പറയേണമെന്നു ഗൂഢാൎത്ഥം.

52. സാധോഃ=സമചിത്ത! (എന്നാണ വിവരണക്കാരൻ ഇതിന്നു് അൎത്ഥം കൊടുത്തിരിക്കുന്നതു്). സാധുക്കളോടു (സമ

ചിത്തന്മാരോട്ട് അല്ലെങ്കിൽ സജ്ജനത്തോടു മറച്ചുവെച്ചു പറയത്തക്കതായി ഒന്നുമില്ലെന്നു സൂചന; വേണമെങ്കിൽ=കേൾക്കേണമെന്നുണ്ടെങ്കിൽ. കേൾക്കുക=പറയാം കേട്ടോളൂ. എല്ലാം അറിയുമ്പോൾ അങ്ങയും ഞങ്ങളെപ്പോലെ തുല്യ ദുഃഖിയായിത്തീരുമെന്നെ ഫലമുള്ളുവെന്നു താല്പര്യം.

ഗൂഢാൎത്ഥം— വേണമെങ്കിൽ കേട്ടോളൂ എന്ന് ഉദാസീനമട്ടിൽ പറഞ്ഞതു് എന്തുകൊണ്ടെന്നുവെച്ചാൽ, അൎദ്ധഭാഗംകൊണ്ടു കാംക്ഷിതം നേടിക്കോളൂ എന്നു അങ്ങു് പറഞ്ഞതു പ്രമാണിച്ച് അതു കിട്ടാൻ വേണ്ടി ഞങ്ങൾ പറയുകയാണെന്നു കരുതേണ്ട. അങ്ങയുടെ കൌതുകം നിവൃത്തിക്കാൻ മാത്രമെ ഞങ്ങൾ ഉദ്ദേശിച്ചിട്ടുള്ളുവെന്നു വരുത്താൻ.

ഉത്തരാൎദ്ധംകൊണ്ടു ദേവിയുടെ അഭിലാഷസിദ്ധി ദുസ്സാധമെന്നു വെളിവാക്കുന്നു.

“ദൃങ്മനഃസങ്കല്പോജാഗരഃ കൃശതാരതി

ഹ്രീത്യാഗോന്മാദ മൂൎച്ഛാന്താ ഇത്യനംഗദശാദശ”

ഇതിൽ ഏതേതു ദശകൾ ഉണ്ടായിട്ടുണ്ടെന്നു ആറു ശ്ലോകങ്ങളിൽനിന്നുമറിയാം.

53 ഇവൾ വിഭവമുയൻ........വരിപ്പൂ. അതിസുലഭരായ ഇന്ദ്രാദികളെ വെടിഞ്ഞു ഇവൾ പിനാകിയെ വരിപ്പാനിച്ഛിക്കുന്നു. പിനാകി=വില്ലു ധരിച്ചിരിക്കുന്നവൻ. ഇതുകൊണ്ടു ദേവി വീരപത്നിയാവാനാണ് ഇച്ഛിക്കുന്നതു് എന്നു ഭാവം. ശ്രീപരമേശ്വരൻ വീരാഗ്രേസരനാണ്. അല്ലാതെ പാഷാണം—പാറ—പോലെ ജഡനല്ലെന്നു ഗൂഢാൎത്ഥം. മഹേന്ദ്രപ്രഭൃതികൾ ദിക്പാലകന്മാരും ഐശ്വൎയ്യസമൃദ്ധരും ആണെങ്കിലും അവരെ ഉപേക്ഷിച്ചു. അതിൽനിന്നും അവൾ പണത്തേയോ പ്രഭുത്വത്തേയോ അല്ല കാംക്ഷിക്കുന്നതു്. എന്നാൽ ശൌൎയ്യത്തെയാണെന്നും ഭാവം. ആ ധൎമ്മം ശിവനിലുണ്ടെന്ന സൂചനക്കാണ് പിനാകി എ

നുപയോഗിച്ചിരിക്കുന്നതു്. മൂലത്തിലും പിനാകപാണിയെന്നാണല്ലൊ പ്രയോഗം. എന്നാൽ പിനാകിയെ പ്രാപിക്കാൻ എന്തിന്നു് ഇത്രയൊക്കെ തപസ്സു ചെയ്തു ക്ലേശിക്കുന്നു; സർവലോകപ്രാർത്ഥനീയമായ രൂപമുണ്ടല്ലോ ദേവിക്കു; 'മണിതിരയില്ല, അതിനെ തിരഞ്ഞുകൊള്ളു'മെന്നും മററും പറഞ്ഞിട്ടുണ്ടല്ലൊ എന്നാണെങ്കിൽ അതിന്നുള്ള കാരണം പറയുന്നു.

സ്മരനിധനാശാൽ സപസൌകുമാര്യംവഴി ലഭിയാത്തവനാണു് ആ പിനാകപാണി. കാമദഹനം കണ്ടപ്പോൾതന്നെ ഇദ്ദേഹത്തെ സൌന്ദര്യംകൊണ്ടു വശീകരിപ്പാൻ സാധിക്കില്ലെന്നു മനസ്സിലാക്കി, പിന്നെ തപസ്സല്ലാതെ മറെറാരു ഉപായവുമില്ലെന്നു കണ്ടു. അതിന്നു് ഒരുങ്ങി എന്നു മാനാൽ = അഭിമാനംകൊണ്ടു വീരപത്നീത്വത്തിലാണു് അവൾക്കഭിമാനം. ഇവിടെ ദേവിയുടെ സങ്കല്പാവസ്ഥ സൂചിതം.

54. പുരഹരൻ=ശിവൻ, (പുരന്മാരെ ഹിംസിച്ചവൻ) ഈ ശബ്ദംകൊണ്ടു ശിവന്റെ സംഹാരരൌദ്രതയേയും (സംഹാരരുദ്രത്വം തന്നെയാവാം.) അനഭിഭവനീയത്വത്തേയും ദ്യോതിപ്പിച്ചിരിക്കുന്നു. ശരം തൊടുത്തു വിട്ടപ്പോൾ ശിവന്റെ കോപാഗ്നിയിൽ കാമൻ ദഹിച്ചു. ലക്ഷ്യം നോക്കിച്ചെന്ന അസ്ത്രം ശിവന്റെ ഹുങ്കാരം ഏററു പിൻമടങ്ങിയിട്ടു ദുർബ്ബലയായ ഇവളെയാണു ചെന്നു ബാധിച്ചതു്. ഇതുകൊണ്ടു ദുർബ്ബലരിൽ എല്ലാവരും പ്രഗത്ഭരാവുമല്ലോയെന്നു സൂചന. 'സുമശരനുള്ളുടൽ ചാമ്പലായപോതും' കാമൻ മരിച്ചു, വില്ലും ഭസ്മമായി, എങ്കിലും കൈവിട്ടുപോയ അസ്ത്രത്തിന്റെ ഫലത്തിന്നു യാതൊരു കുറവും വന്നില്ലെന്നർത്ഥം. ശിവൻ ജിതേന്ദ്രിയനായി തപസ്സു ചെയ്യുന്നതുകൊണ്ടു സാധാരണ അസ്ത്രങ്ങളൊന്നുമായാൽ പോരെന്നു വെച്ചു കാമൻ സമ്മോഹനാസ്ത്രമാണു പ്രയോഗിച്ചതു്. ഇവിടെ കരുത്തായ അസ്ത്രം (ആറാമത്തെ അസ്ത്രം) പാർവ്വതിതന്നെയായി

രിക്കാം. പാർവ്വതിയെ ധ്യാനിച്ചയച്ച അസ്രൂത്തിന്നു ലക്ഷ്യപ്രാപ്തി വരായ്കയാൽ പിന്നെ അടുത്തു് എവിടെയെങ്കിലും ചെന്നു ലയിക്കയല്ലേ തരമുള്ളൂ. അതിനാലാണു് അവളുടെ ഹൃദയത്തിൽ ആഴത്തിൽച്ചെന്നു തറച്ചതു എന്നും ഒരു സ്വാരസ്യം പറയാം. എന്നാൽ അസ്രൂത്തിൻെറ ഉടമസ്ഥൻ- കാമദേവൻ- ചാമ്പലായതിനാൽ അതു വലിച്ചെടുപ്പാൻ ആളുണ്ടായില്ല അതിനാൽ അതു വേദനിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കുന്നുവെന്നർത്ഥം. ഇവിടെ കാർശ്യാവസ്ഥയെയാണു സൂചിപ്പിക്കുന്നതു്.

55. ബാലാ—ഇവിടെ ദുർബ്ബലാ എന്നർത്ഥം, മദനവേദന താങ്ങാൻ അശക്ത. ഫാലപാടീരകധവളാളക = നെററിയിൽ പൂശിയിരിക്കുന്ന ചന്ദനച്ചാർത്തിനാൽ വെളുത്ത കുറുനിരയോടുകൂടിയവൾ. മദനജ്വരശാന്ത്യർത്ഥം നെററിയിൽ ചന്ദനം അരച്ചിട്ടിട്ടുണ്ടു്. അതു കുറുനിരയിൽ പററുകയാൽ അതെല്ലാം വെളുത്തും ഉണങ്ങിയതിനാൽ പൊടിയണിഞ്ഞതായും തീർന്നുവെന്നു താല്പര്യം. പിതൃഗൃഹമതിൽ എന്നു പറഞ്ഞതുകൊണ്ടുതന്നെ സ്വതവെ (അവിടെ എപ്പോഴും മഞ്ഞു വർഷിക്കുന്നതുകൊണ്ടു്) എപ്പോഴും തണുപ്പുള്ളതായിരിക്കണമെന്നുവന്നു. എന്നാൽ അതുകൊണ്ടൊന്നുമാവാഞ്ഞിട്ടാണു മഞ്ഞുകട്ടത്തറകളിൽ കിടന്നു നോക്കിയതു, തറകളിലൊന്നിലുമേ, എന്നു പറഞ്ഞതുകൊണ്ടു പലെ തറകളിലും മാറിമാറി കിടന്നുവെന്നു സൂചന. ഒന്നിൽകിടന്നു നോക്കി, കുറച്ചു കഴിഞ്ഞപ്പോഴക്കും അതിന്നു ചൂടു തോന്നി. ഉടനെ വേറെയൊന്നിൽ കിടന്നു. അതു ചൂടായപ്പോഠം മറെറാന്നിലേക്കു മാറി എന്നർത്ഥം. ഇതു കാമതാപാധിക്യത്തെ കാണിക്കുന്നു. ഇത്രയൊക്കെയായിട്ടും സുഖം തോന്നിയില്ല. ഇവിടെ അരതി എന്ന അവസ്ഥയായിരിക്കുന്നു.

56. ഹരനുടെ ചരിതം—ത്രിപുരദഹനം, ഗജാസുരാവമർദ്ദം മുതലായവയെക്കുറിച്ചു വിസ്തരിച്ചു പാടാനുള്ള സൌകര്യം

സൂചിപ്പിക്കുന്നു. 'വനഗീതോത്സവ........കന്യകമാർ=വനത്തിൽവെച്ച് സംഗീതാഭ്യാസരസാസ്വാദനത്താൽ സഖിമാരായിത്തീൎന്ന കിന്നരരാജാവിൻെറ കുമാരികൾ. ദേവിക്കു രാജനന്ദിനിമാരുമായുള്ള സഖ്യത്തിൻെറ ഔചിത്യം സൂച്യം. രാജപുത്രിയായ ദേവിക്കു തുല്യനിലയിലുള്ളവരായിട്ടുള്ള സമ്പൎക്കമല്ലെ ശ്രേയസ്കരം!

ഇതിൽ ഗുംഭനം ചെയ്തിരിക്കുന്ന സാരം—ഏകാന്തത്തിൽ പിനാകിയുടെ ചരിതം കേൾപ്പാനുള്ള തൃഷ്ണകൊണ്ടു കിന്നരകന്യമാരെക്കൊണ്ടു പാടിക്കാമെന്നു കരുതി, സംഗീതമഭ്യസിക്കാനെന്ന വ്യാജേന പാൎവ്വതി വനത്തിൽ പോകാറുണ്ട്. അവിടെ ചെന്നിട്ടു മനോമോഹനകണ്ഠകളായ അവരുമായി പ്രസംഗാൎത്ഥം ആദ്യം താൻതന്നെ ത്രിപുരദഹനം മുതലായ ഹരചരിതത്തെ പാടുവാൻ ആരംഭിക്കുന്നു. തൽക്ഷണം അദ്ദേഹത്തിൻെറ സ്വരൂപം മനസ്സിൽ ഉദിക്കയും തന്മൂലം അവൾ സാമാന്യത്തിലധികം വികാരപരവശയാവുകയും ചെയ്യുന്നു. അതിനാൽ ബാഷ്പഗൽഗദംകൊണ്ട് ഒട്ടും പാടാനാവാതെ അവൾ വളരെ കരയുക പതിവാണ്. അവളുടെ ആ ദുഃഖം കണ്ടു സഹിക്കവഹിയാതെ ആ കിന്നരരാജകന്യകമാരും വളരെ കരയാറുണ്ടെന്നുതാല്പൎയ്യം.

എന്നാലൊ പിനാകിചരിതം കേൾക്കാൻ ഉത്സാഹിക്കയല്ലാതെ, ബാഷ്പനിരുദ്ധകണ്ഠത്താൽ, ഒട്ടും കേൾക്കാൻ സാധിച്ചിട്ടില്ല. കഷ്ടം! ആ കാൎയ്യത്തിലും വിധി അവൾക്കു വിരോധമായിരുന്നു എന്നു സഖിയുടെ സ്വാഭിപ്രായസൂചനം.

കിന്നരരാജകുമാരികൾക്കു പോലും അത്ര ദുഃഖമുണ്ടായിട്ടുള്ള സ്ഥിതിക്കു സൎവ്വദാ സമീപവൎത്തിനികളും ഇഷ്ടതോഴികളുമായ ഞങ്ങളുടെ കഥ പറയേണമോ എന്ന് അനുമാനസംഭാവന. ഇതിൽ മൂൎച്ഛാവസ്ഥയെത്തി പ്രലാപാവസ്ഥയുമുണ്ടെന്നു പക്ഷാന്തരമുണ്ട്.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANNATHARA VEEDU
MALAYINKIL



57. നിശയുടെയൊടുവോടു........എന്നതുകൊണ്ടു മൂന്നാം യാമം വരെ ഉറക്കമുണ്ടാവാറില്ലെന്നും ആ യാമാവസാനം ഒന്നു കണ്ണടയ്ക്കുമ്പോഴേക്കും പെട്ടെന്നുണരുകയും ചെയ്യുകയാണു പതിവെന്നും പറയുന്നു. കണ്ണടയ്ക്കുമ്പോഴേയ്ക്കും അദ്ദേഹത്തിനെ സ്വപ്നം കാണുന്നു. എന്നാൽ അതു കുറേനേരം കാണുവാൻ സാധിക്കുന്നുമില്ല. അപ്പോഴേക്കും ഉണരും. സഹസാ=പെട്ടെന്നു. ഈ സഹസാ എന്നു പറഞ്ഞതിൽനിന്നും സ്വപ്നസമാഗമസുഖവും അധികനേരം അനുഭവിപ്പാൻ സാധിക്കുന്നില്ലെന്നു സാരം.

ഗമിപ്പതെങ്ങോ? എന്നതുകൊണ്ടു ഉപശ്രുതമാത്രനായ ഉടൻതന്നെ പോകുന്നതിന്നു ഉദ്യുക്തനായ മട്ടിലാണു് അവൾക്കു സ്വപ്നദർശനമുണ്ടാകുന്നതു് എന്നു ധ്വനി.

4570

മിഥ്യാഗളഭുവി........മിട്ടു=യഥാർത്ഥത്തിൽ ഇല്ല. ഉണ്ടെന്നു തോന്നൽമാത്രം. അങ്ങിനെയുള്ള കണ്ഠത്തിൽ കൈകൾ അർപ്പിച്ചു. സ്വപ്നസമാഗമത്തിൽപോലും അവളുടെ പ്രിയൻ പരാധീനനാണല്ലോ കഷ്ടം=അവളുടെ വിധിവൈപരീത്യം നോക്കുക എന്നു ഭാവം. ഇതിൽ ജാഗരം, ഉന്മാദം എന്നീ രണ്ടു വിരഹാവസ്ഥകൾ കാണിച്ചിരിക്കുന്നു. പിന്നെ 'സ്വപ്നസാദൃശ്യപ്രതികൃതിദർശനതദംഗസ്പൃഷ്ടസ്പർശ'ങ്ങളാകുന്ന നാലു വിനോദങ്ങളിൽ സ്വപ്നദർശനവും കാണാം.

58. അഖിലഹൃദിസ്ഥൻ=ദേശകാലഭേദമെന്നിയെ എല്ലാരിലും വർത്തിക്കുന്നവൻ. അങ്ങു ദേശകാലാനവച്ഛിന്നനാണെല്ലോ. ആ സ്ഥിതിക്കു് എന്റെ ഹൃദയവും അങ്ങയ്ക്കറിയാതിരിക്കില്ല. അറിഞ്ഞിട്ടുപേക്ഷിക്കുന്നതു് അങ്ങയ്ക്കു യുക്തവുമല്ല. ഉപേക്ഷിക്കുന്നതു നിർദ്ദയനായതുകൊണ്ടാണു്. എന്നെല്ലാം പറഞ്ഞുകൊണ്ടാണവൾ ചന്ദ്രശേഖരന്റെ ച്ഛായയെ പഴിച്ചിരുന്നതു്. ചന്ദ്രചൂഡൻ എന്ന വാക്കിൽ ദർശനൌത്സുക്യം വ്യഞ്ജിക്കുന്നു. അവൾ ചിത്രത്തിൽ വരച്ചിരുന്നതു ചന്ദ്രചൂഡരൂപത്തിലാണു്. അതു സു

ന്ദരരൂപമാണല്ലോ. ഈ വക ഭാഗങ്ങളിലാണ് കാളിദാസർ ഉചിതപദപ്രയോഗങ്ങൾ ചെയ്തിരിക്കുന്നതു്. ഭാഷയും തദനുസാരമായില്ലെങ്കിൽ ഈ ചമല്ക്കാരം സിദ്ധിക്കില്ല പാർവ്വതി ശിവനെ സുന്ദരരൂപനായ ചന്ദ്രമൌലിയായിട്ടാണ് ധ്യാനിക്കുന്നതു എന്നു ഇതിൽനിന്നും വരുന്നുണ്ടല്ലോ. അതു നിങ്ങൾ എങ്ങിനെ അറിഞ്ഞു, രഹസ്സിലുള്ളതല്ലേ എന്നു ചോദിക്കയാണെങ്കിൽ 'വിജനേവിമുഗ്ദ്ധചൊന്നാൾ' എന്നതിൽനിന്നും മനസ്സിലാക്കാം. വിജനത്തിൽ ചെയ്യാറുള്ളതു ഞങ്ങൾ അവൾ അറിയാതെ നോക്കിക്കാണാറുണ്ടെന്നു് അർത്ഥം. ഇതിൽ ലജ്ജാത്യാഗമെന്ന അവസ്ഥകൾ. പിന്നെ പ്രകൃതിദർശനമെന്ന വിനോദവും ഈ പദ്യം കൊണ്ടു പറയുന്നുണ്ടു്.

59. ത്രിഭുവനപതികാന്തനായ്വരാൻ എന്നതുകൊണ്ടു്, അതു തപസ്സുകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും സാദ്ധ്യമല്ലെന്നു സാരം. ഇവിടെ ത്രിലോകപട്ടമഹിഷിസ്ഥാനകാംക്ഷ.

താതസമ്മതം പൂണ്ടുവന്നാൾ—ദേവി താന്തോന്നിയായി ഓടിപ്പോന്നതല്ലെന്നും വേണ്ടപ്പെട്ട ഗുരുക്കന്മാരുടെയെല്ലാം സമ്മതത്തോടുകൂടിയാണെന്നും വിവക്ഷ. ഞങ്ങളൊത്തു—ഞങ്ങൾക്ക അവളുടെ ഇംഗിതമെല്ലാം അറിവുള്ളതുകൊണ്ടും ഇച്ഛാധീനകളുമാകയാൽ എന്നു സ്പഷ്ടമായി ഊഹ്യം. അങ്ങയുടെ അൎദ്ധഭാഗമൊന്നും (തപസ്സിൻെറ) വാങ്ങാതെതന്നെ കാൎയ്യം നേടുവാൻ അവൾ പ്രാപ്തയാണെന്നും എല്ലാ വശങ്ങളും നല്ലപോലെ ആലോചിട്ടാണെന്നും ധ്വനി. സഖി ഇവിടെ ദേവിയുടെ ബുദ്ധിവൈഭവം കാൎയ്യജ്ഞത മുതലായതെല്ലാം ഭംഗ്യന്തരേണ വടുവിനു മനസ്സിലാക്കിക്കൊടുക്കുന്നു.

60. തപമതിനിഹ.........ത്തരുനിര = ദേവിതന്നെത്താൻ വിത്തുപാവി നനച്ചുവളൎത്തിയവയാണ് ഈ കാണുന്ന വൃക്ഷങ്ങൾ. അവ ജനിച്ച മുതല്ക്കുതന്നെ ദേവിയുടെ തപസ്സു കാണുന്നവരാണ്.

(സാക്ഷിത്വസാഫല്യമാണിതു കാണിക്കുന്നതു്) തരുക്കാം എന്നു പറഞ്ഞതുകൊണ്ടു അതുകളുടെ വളച്ച്, കാലദൈൎഘ്യം മുതലായവ ചിന്ത്യം. ഒരു വിത്തു വൃക്ഷമായി ഇതാ കാച്ചുതുടങ്ങി എന്നു പറഞ്ഞതിൽനിന്നു കാലദൈൎഘ്യം വ്യഞ്ജിക്കുന്നുവല്ലൊ.

മതിധരനിലെഴും = ചന്ദ്രചൂഡനിലുള്ള (ശിവൻെറ സൌന്ദൎയ്യാതിരേകം പാൎവ്വതി ആ രൂപത്തിലാണ് ശിവനെ ധ്യാനിക്കാറ് എന്നു സഖിക്കുള്ള അറിവ് ഇതെല്ലാം ഊഹ്യം.

മനോരഥത്തിൻമുളയുടെ ഭാവവും = ഹരസമാഗമലക്ഷണം പോലും. അതിനുള്ള മുളപോലും(ആരംഭലക്ഷണംപോലും)കാണുന്നില്ല. പിന്നെയാണോ സംഭോഗരൂപമായ ഫലോൽപ്പത്തിയുണ്ടാവുന്നതു്? കാലദൈൎഘ്യത്തെ ഓൎത്തുകൊണ്ടുള്ള സഖിയുടെ അത്യുൽക്കണ്ഠ സുവ്യക്തം.

ഗൂഢം——ഇവളുടെ മനോരഥം സാധിക്കുമൊയെന്നു സഖിക്കു സംശയമായിരിക്കുന്നുവെന്നു ധ്വനി.

61. സഖികളായ ഞങ്ങൾക്കേ ഈ ചിന്തയും വിഷാദവുമുള്ളൂ. ഇവൾക്കു യാതൊരു ധൈൎയ്യക്കുറവും വിഷാദവും കാണുന്നില്ല എന്ന അഭിപ്രായത്തോടെ ദേവിയുടെ അവസ്ഥയെപ്പററി പ്പറയുന്നു.

വ്രതകൃശ——എന്നു പറഞ്ഞതുകൊണ്ടു ആ ദുരാപനായ പ്രിയൻ ഇനി ഇതിലധികം ഇവളെ കഷ്ടപ്പെടുത്താനില്ലെന്നു പരിഭവം.

സബാഷ്പമീക്ഷിക്കുക = കണ്ണുനീരോടുകൂടി നോക്കുക. നോക്കലും കണ്ണുനീർ പൊട്ടിപ്പുറപ്പെടലും ഒപ്പം കഴിയുമെന്നൎത്ഥം. കണ്ണുനീരു പുറപ്പെടുന്നവരെയുള്ള സമയത്തുമാത്രമെ നോക്കാൻ സാധിക്കുള്ളുവെന്നും എല്ലായ്പ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന കണ്ണുനീർ ക്ഷണം വീഴുകയും ഉടൻ ഉണ്ടാവുകയും ചെയ്യുന്നതിൻെറ ഇടയ്ക്കുള്ള സമയത്തുമാത്രം. ഒരു തുള്ളി വീണിട്ടു രണ്ടാമത്തെ

തുള്ളി ഉണ്ടാവുന്നതിന്നു വേണ്ടിവരുന്ന ആ സ്വല്പസമയത്തിന്നിട യ്ക്കു എന്നൎത്ഥം. കണ്ണിൽ വെള്ളം നിറഞ്ഞുനില്ക്കുമ്പോഴും ഒന്നും കാണില്ലല്ലൊ. ഇതിൽനിന്നു സഖികൾക്കു എപ്പോഴും കരയാനെ ഇടയുള്ളുവെന്നു വ്യംഗം. വരളിനവയലിന്നു = വെയിൽ കൊണ്ടു വല്ലാതെ ഉണങ്ങിയ ഉഴുഭൂമിക്കു്.

ഇന്ദ്രൻ—പ്രാൎത്ഥിതദുൎല്ലഭനാണു്. അങ്ങിനെയുള്ള ഇന്ദ്രന്റെ പ്രസാദംകൊണ്ടേ മഴപെയ്യുള്ളു. മഴയില്ലാതെ സസ്യമുണ്ടാകയില്ല. സസ്യമില്ലായ്മകൊണ്ടും വെയിലിന്റെ കാഠിന്യം കൊണ്ടും കാൎശ്യം സംഭവിച്ചതും വിത്തു വിതയ്ക്കേണ്ട സമയം സമാസന്നമായതുമായ വയലിനെ എപ്രകാരമാണോ ഉടമസ്ഥന്മാരായ കൃഷിക്കാർ സബാഷ്പമീക്ഷിക്കുക അപ്രകാരമാണു് സഖികൾ ഇപ്പോൾ ദേവിയെ ഈക്ഷിക്കുന്നതു്. ഭൂമിക്കു ഈ കൃശത സംഭവിക്കാൻ കാരണക്കാരൻ ഇന്ദ്രനാണു്. ദേവിക്കു പരമേശ്വരനും. ഇപ്രകാരമെല്ലാമിരിക്കുന്ന ദേവിയെ എന്നാണു് അദ്ദേഹം അനുഗ്രഹിക്കുക എന്നറിവില്ല. ദേവി പരമേശ്വരമാത്രശരണയും ഞങ്ങൾ ദേവീമാത്രശരണകളുമാണെന്നു ധ്വനി. അദ്ദേഹം അനുഗ്രഹിക്കുന്ന കാൎയ്യത്തിൽ സംശയമുണ്ടെന്നു ഗോപ്യാൎത്ഥം. ദേവിയേക്കാൾ സങ്കടം അവളെക്കാണുന്ന ഞങ്ങൾക്കാണെന്നു ഭാവം.

62. ഇപ്രകാരം ഒളിച്ചുവെയ്ക്കാതെ എല്ലാ രഹസ്യവും സഖി പറഞ്ഞുവെങ്കിലും ദേവിയുടെ മുഖത്തുനിന്നുതന്നെ കേൾക്കേണമെന്നുവെച്ചു കാമുകനായ ഭഗവാൻ തുടരുന്നു.

ഹൃദയജ്ഞ—“അണിമഷിയെഴുതാത്ത കണ്ണു”കൊണ്ടു നോക്കിയപ്പോഴക്കും ദേവിയുടെ ഹൃൽഗതാഭിപ്രായങ്ങളെ അറിഞ്ഞവൻ. സുന്ദരാംഗൻ—ഇവിടെ നൈഷ്ഠികസുന്ദരനാണു്—നിഷ്ഠയോടുകൂടിയവനും കാമലക്ഷണം തികഞ്ഞവനും—ഈ രണ്ടവസ്ഥയും കൂടിയുള്ളവൻ ശിവൻ മാത്രമേയുള്ളു. ഉമയോടു് =

(ഉ=അല്ലയൊ വത്സെ, മ=അരുതു) എന്നു അമ്മ പറഞ്ഞതു കൂട്ടാക്കാതെ—കാൎയ്യംനേടുവാൻ പുറപ്പെട്ടവളോട്. "ഇതു കളിയോ"= ഇങ്ങിനെ ചോദിപ്പാൻ മുമ്പു പറഞ്ഞിരിക്കുന്ന സംഗതികളിൽതന്നെ ധാരാളം ന്യായമുണ്ട്. ഭവതിയുടെ രൂപസമ്പത്തും ശ്മശാനനിലയനായ ഹരന്റെ സ്വരൂപവുംകൂടി ആലോചിക്കുമ്പോഠം എനിക്കു ചിരിവരുന്നു. അതുകൊണ്ടാണ് ഇതിന്റെ പരമാൎത്ഥത്തെക്കുറിച്ചു സംശയം തോന്നുന്നതു്. അത്രതന്നെയല്ല, ഇതു നേരംപോക്കോ പരമാൎത്ഥമോ എന്നുള്ള ചോദ്യം ഇനി പ്രദൎശിപ്പിക്കാൻപോകുന്ന ഹരനിന്ദാനാടകത്തിന്റെ നാന്ദിശ്ലോകമായാണ് നിലകൊള്ളുന്നതു്. എന്നാൽ തന്നെക്കുറിച്ചുള്ള അഭിലാഷങ്ങഠം നേരിട്ടു വിസ്തരിച്ചു കേട്ടവനായ കാമുകനു ഹൎഷോല്പത്തി ഉണ്ടാവില്ലെ എന്നു സംശയിക്കുന്നതായാൽ, അതുണ്ടായി എന്നുതന്നെ പറയാം; പക്ഷെ അതു സ്ഫുടമാക്കിയില്ല—പ്രത്യക്ഷമാക്കിയില്ല—അതു പരദൃഷ്ടികളിൽനിന്നും ഒളിപ്പിച്ചിരുന്നു എന്നു മാത്രമെയുള്ളു. കാരണം, തോഴി സമൎത്ഥയായിരുന്നതിനാൽ ആ ഹൎഷലക്ഷണങ്ങഠം അവളുടെ കണ്ണിൽപ്പെടാതെയിരിക്കയില്ലെന്നും അങ്ങിനെ വന്നാൽ തന്റെ കള്ളി പുറത്താവുമെന്നും കരുതി മറച്ചതാണ്. അതാണ് അവിസ്പുടഹൎഷനായിത്തിരക്കി എന്നു പറഞ്ഞതു്. സാത്വികഭാവങ്ങഠം (രോമാഞ്ചങ്ങഠം) ഉണ്ടായി. പക്ഷെ മായാവിയായ അദ്ദേഹത്തിന്നുണ്ടോ അതു മറയ്ക്കുവാൻ വല്ല പ്രയാസവും?

63. വിരലുകഠം കൂമ്പിയ..........ലുടക്കി—ഇതിൽ മാലതുക്കുവാനുള്ള സൌകൎയ്യവും ബ്രഹ്മചാരിയോടുള്ള ഭക്തിയും അല്ലെങ്കിൽ (സാക്ഷാൽ പരമേശ്വരവന്ദനവും) സാധിച്ചിരിക്കുന്നു. ഇങ്ങിനെ കൂമ്പിച്ചുനിൎത്തിയ ആ കൈ് രണ്ടു കാൎയ്യങ്ങഠം സാധിച്ചു, അതു ഒന്നു മാലതൂക്കൽ, മററതു വന്ദനം. പിന്നെ തനിക്കു വരണമാല ഇതാ കാണിച്ചുതന്നിരിക്കുന്നു, ഇനി കഴുത്തു കാണി

ക്കയേ വേണ്ടു എന്നു ശിവന്നു ഒരു തോന്നൽ ഉണ്ടാകുന്നു. പക്ഷെ പാർവ്വതി അതുള്ളിൽ കരുതിയിട്ടില്ല, വാസ്തവം തന്നെ. ഹരൻെറ മനസ്സിനെ ഹരിക്കൽ ഇതിനാൽ സാധിച്ചു. തഴകിന = പരിചയിച്ച. ഒരുമട്ടു = വളരെ പണിപ്പെട്ടു. അതിന്നുകാരണം മൌനവ്രതഭംഗഭീതിയും വ്രീളാപാരതന്ത്ര്യവും. മിതാക്ഷരം എന്നു പറഞ്ഞതുകൊണ്ടു് അവളുടെ വാക്കുകളിൽ എണ്ണാവുന്ന അക്ഷരങ്ങളെ ഉണ്ടായിരുന്നുള്ളുവെന്നർത്ഥം. ശബ്ദത്തിന്നുമാത്രമേ പരിമിതത്വമുണ്ടായിരുന്നുള്ളു. അർത്ഥത്തിന്നുണ്ടായിരുന്നില്ല എന്നു വ്യംഗം. മിതഭാഷിത്വം ഉത്തമനായികാലക്ഷണം. "സത്യായമിതഭാഷിണാം" എന്നു രഘു.

64. ദ്വിജവര! = ബ്രാഹ്മണശ്രേഷ്ഠ! വേദവേദാംഗങ്ങളെ അറിയുന്നവരാണ് ബ്രാഹ്മണർ—അവരിൽ ശ്രേഷ്ഠൻ ഈ സംബുദ്ധികൊണ്ടു അവളുടെ അഭിലാഷത്തിൻെറ പരമസ്പൃഹണീയത്വവും ദുഷ്പ്രാപമായ ഏതു കാർയ്യവും തപസ്സുകൊണ്ടു നേടുവാൻ സാധിക്കുമെന്നു അറിയാമല്ലൊ എന്ന ഭാവവും സൂചിക്കുന്നു. അങ്ങുകേട്ടപോൽതന്നെ = സഖീമുഖത്തിൽനിന്നു കേട്ടപോൽതന്നെ—അതെ, എന്നർത്ഥം. എന്നാൽ ആ പോൽ എന്നുള്ളതു മററുള്ളവരുടെ വാക്കിനെ അടിസ്ഥാനപ്പെടുത്തി പറഞ്ഞതാണു. മററുള്ളവർക്കു ഈ തപസ്സുകൊണ്ടു കാർയ്യം സാധിക്കില്ലെന്നുള്ള വിചാരമാണുള്ളതു എന്നു (സഖിയുടെ സംസാരംകൊണ്ടു) പാർവ്വതിക്കറിവാൻ സംഗതിയായിട്ടുണ്ടു്. സാധിക്കുമോ ഇല്ലയോ എന്നു തീർച്ച ദേവിക്കറിയാമെങ്കിലും തല്ക്കാലം അവർ പറഞ്ഞ പ്രകാരംതന്നെയെന്നു സമ്മതംമൂളി, ഇതു 'അതിന്നുള്ളപായമത്രെ' എന്നു പറയുന്നു എന്നുമാത്രം. സഖീവചനം 'കളിയാണോ' എന്നു ചോദിച്ചതിന്നു, അതുശരി തന്നെയെന്നുള്ള അർത്ഥത്തിൽ "അവിഷയമെന്തു മനോരഥത്തിനുള്ളൂ" എന്ന അർത്ഥാന്തരന്യാസംകൊണ്ടു സമർത്ഥിക്കുന്നു. മോഹിക്കാൻ

വയ്യാത്ത കാര്യമില്ലല്ലോ,' മനോരാജ്യത്തിന്നു മതിലുണ്ടോ എന്നത്ഥം.

65. കോപകലുഷിതയായ ദേവിയുടെ മുഖസ്തോഭങ്ങളെ കാണ്മാൻവേണ്ടിപ്പറയുന്നു. അഥ = പരമാത്ഥമറിഞ്ഞപ്പോഠം. മഹേശനെ ഞാനറിയുമെന്നു പറഞ്ഞതുകൊണ്ട കേട്ടുകേഠംവി യും കണ്ടുപരിചയവും ധാരാളമുണ്ടെന്നു നാട്യം. വീണ്ടുമെന്നോ—സ്മരദഹനംകൊണ്ട ഭഗ്നമനോരഥയായിട്ടുകൂടിയും അദ്ദേഹത്തെ ആശിക്കയെന്നോ? നിൻെറ മന്ദഭാഗ്യത്വം കഷ്ടംതന്നെ എന്നു താല്പയ്യം. മുമ്പു ഞാൻ നിന്നോട്ട 'വരമതിന്നുടെ പാതികൊണ്ട നേടാ'മെന്നൊക്കെ പറഞ്ഞുവെങ്കിലും ഈ കായ്യത്തിൽ നിൻെറ ചിത്തവൃത്തിക്കനുസരിപ്പാൻ ഞാനുദ്ദേശിക്കുന്നില്ല. അതിന്നുള്ള കാരണം ശിവൻെറ അശുഭപ്പ്രയററാണെന്നു സാരം. അശുഭപ്പ്രയററ് = ചിതാഭസ്മമെടുത്തു മേൽപൂശുവാനുള്ള വാസന. ഇഷ്ടാനുസരണമാണ് സഖ്യഫലമെങ്കിലും അശുഭക്രിയാതല്പരനായ അദ്ദേഹത്തിൻേറയും സവ്വമംഗളയായ നിൻേറയും പരസ്പരസംഘടന അയോഗ്യമാണെന്നു തൽസ്വരൂപപരമാത്ഥവേദിയായ എനിക്കറിയാവുന്നതുകൊണ്ട് നിനക്ക് വാക്കുകൊണ്ടുപോലും സമ്മതം തരാൻ ഞാൻ ആളല്ലെന്നത്ഥം. വലിയ കുടുക്കിൽ വീഴാൻപോകുന്ന ബന്ധുക്കളെ മുൻകൂട്ടി തടഞ്ഞുനിത്തൽ സഖ്യത്തിൽനിന്നുണ്ടാകേണ്ട മഹൽഫലമാണെന്നു ഭാവം.

66. അനുചിത...........തല്പരെ = ഉചിതമല്ലാത്ത വസ്തുവിൽ താല്പയ്യത്തോടുകൂടിയവളെ. ഈ സംബുദ്ധികൊണ്ട അവളുടെ നിർബ്ബന്ധം അയോഗ്യമാണെന്നു അഭിപ്രായം. ഈ കരാബ്ജം = ഏററവും സുകുമാരമായ നിൻെറ ഈ കാണുന്ന കരകമലം. പണ്ട വിവാഹം നിശ്ചയിച്ചാൽ വധൂവരന്മാരുടെ കയ്യിൽ പരിണയസൂത്രം ബന്ധിക്കുക എന്ന ചടങ്ങു ആചരിച്ചുവന്നിരു

ന്നു. ഇതിന്നു വിവാഹക്കാപ്പുകെട്ടിക്കുക എന്നാണ് പറയാറു ള്ളതു് (ഈ സമ്പ്രദായം ഇന്നും എവിടെയെങ്കിലും നിലവുണ്ടോ എന്നറിവില്ല). വരൻെറ കയ്യിൽ ആ സ്ഥാനത്തു വളയായി സ്വീകരിച്ചിരിക്കുന്നതു പാമ്പാണ്. കഷ്ടം! ഇതു യോജിക്കില്ലെ ന്നുമാത്രമല്ല, സഹിക്കാവതുമല്ലെന്നൎത്ഥം. പ്രഥമകരാൎപ്പണം = മന്ത്രപൂൎവ്വം ആദ്യത്തെ പാണിഗ്രഹണം. ആ ആദ്യത്തേതു എ ങ്ങിനെ സഹിക്കും? കുറേക്കാലം ചെന്നാൽ പരിചയംകൊണ്ടു വല്ലവിധത്തിലും സഹിച്ചുവെന്നു വരാം. പ്രഥമകരാൎപ്പണം സ ഹിക്കില്ലെന്നു ഭാവം. കാരണം കയ്യിന്നു കർത്തൃത്വം കൊടുത്ത തുകൊണ്ടു അവളുടെ കയ്യ് അദ്ദേഹത്തിൻെറ സൎപ്പവലിയിതമാ യ കയ്യ് കാണുമ്പോഴേക്കും പെട്ടെന്നു പേടിച്ചു പിൻവാങ്ങുമെ ന്നു ഭാവം. പിന്നെ ആഭരണംതന്നെ പാമ്പായ സ്ഥിതിക്ക് വേഷംകൊണ്ടുമുള്ള ഭയങ്കരത്വത്തെ സൂചിപ്പിക്കുന്നു. അതിനാൽ നീ അദ്ദേഹത്തെ പ്രാപിക്കരുതെന്നു നേരിട്ടു വിലക്കുന്നു എന്നു ഭാവം.

67. മരാളചിഹ്നിതവസ്ത്രവും ദന്തിചൎമ്മവുംതമ്മിൽ യോ ജിക്കുമോ ഇല്ലയോ എന്ന ഞങ്ങളുടെ പക്ഷം ഇരിക്കട്ടെ. നീ തന്നെ അതിനെപ്പററി ഒന്നു ഗാഢമായി ആലോചിച്ചുനോക്കുക. മരാളചിഹ്നവസ്ത്രം = വിവാഹസമയത്തു ധരിക്കാനുള്ള വസ്ത്ര ത്തിൻെറ അററങ്ങളിൽ ഗോരോചനാദികളെക്കൊണ്ടു ഹംസമി ഥുനങ്ങളെ വരച്ചതു്! രുധിരകണം പൊഴിയുന്നതു്. രക്തം ഇററിററു വീഴുന്നതു്. ദന്തിചൎമ്മം = ആനത്തോൽ. വധു എന്നു പറഞ്ഞതുകൊണ്ടു വിവാഹസമയത്തു ഭവിക്കാൻപോകുന്ന യോ ഗ്യതയെയാണ് സൂചിപ്പിക്കുന്നതു്. പരിണയസമയത്തു പുതിയ വസ്ത്രമായിരിക്കും ധരിക്കുക. അതിനാൽ അതിന്നായി എടുത്ത പുതിയ ആനത്തോലായിരിക്കും ശിവൻ ഉടുക്കുക. അപ്പോഴും എടുത്തതാകയാൽ രക്തത്തുള്ളികൾ ഇററിററു വീഴുമല്ലോ. പുറ

മേ, വിവാഹാവസരത്തിൽ വധൂവരന്മാരുടെ വസ്ത്രങ്ങൾതമ്മിൽ കെട്ടിയിടുക എന്നൊരു പതിവുള്ളതായിപ്പറയുന്നു. അതിന്നും ഇതുരണ്ടും യോജിക്കുമോ എന്നും ആ ചോദ്യത്തിൽ സങ്കല്പിച്ചിട്ടുണ്ടാകാം.

68. അലക്തം = ചെമ്പഞ്ഞിച്ചാർ. മലർനിറ.......... സഹിക്കും—ഏററവും മിനുസമുള്ള നാലുകെട്ടിലെ നിലത്തിൽ ധാരാളം വിതറിയിരിക്കുന്ന സുരഭിലപുഷ്പങ്ങളിന്മേൽക്കൂടി സഞ്ചരിച്ചു ശീലമുള്ള നിന്റെ കാലടികൾക്കു മുടികൾ ചിന്നിച്ചിതറിക്കിടക്കുന്ന പർവതഭൂമികളിൽ നടക്കുക എന്ന നിയതസാഹചര്യമാണുണ്ടാവുക എന്നു താല്പര്യം.

69. ത്രിനേത്രശബ്ദംകൊണ്ടു കാമദഹനം, മുക്കണ്ണനായതുകൊണ്ട് സൌന്ദര്യഭംഗം എന്നിവ വ്യംഗം. ഹരിചന്ദനസ്ഥലത്തിൽ = ഹരിചന്ദനം പൂശേണ്ടുന്ന ദിക്കിൽ. ഇതിൽനിന്നു ഇന്ദ്രൻ മുതലായവരാണ് നിന്റെ ഭർത്താവാവാൻ യോഗ്യൻ എന്നു ധ്വനി. ഹരിചന്ദനസംഗമയോഗ്യമായ നിന്റെ സ്തനദ്വയത്തിൽ ഹരാലിംഗനംകൊണ്ടു സംക്രാന്തമായ ചിതാഭസ്മം സ്ഥാനം പിടിക്കുയാണെങ്കിൽ അതിലധികം ആഭാസമായിട്ടുള്ള ഒരു കാര്യം മറെറന്താണ്? ആലോചിക്കുവാൻകൂടി വയ്യെന്ന്. ഇനി വിവാഹശേഷമുള്ള അനുഭവങ്ങളെയാണ് (ഭർത്തൃഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടു പോകുമ്പോൾ) പറയുന്നത്. മുമ്പിൽ സ്വന്തം കാര്യമേ പറഞ്ഞുള്ളൂ. ഇനി പരപുച്ഛവും സഹിക്കേണ്ടിവരും. സദാഹിമാനൈക ധനാഹിമാനിനഃ

70 വിവാഹം കഴിഞ്ഞു ഭർത്തൃഗൃഹത്തിലേക്കു പോകുമ്പോൾ നീ ആനപ്പുറത്ത് കയറിപ്പോകേണ്ടവളാണ്. ആ നീ ഒരു മൂത്തൻകാളപ്പുറത്തു കേറിപ്പോകുന്ന കണ്ടാൽ മഹാജനങ്ങൾ പോലും ഒന്നു പുഞ്ചിരികൊള്ളാതിരിക്കില്ലെന്നു സാരം. മഹാജനങ്ങൾ = ഓഷധിപ്രസ്ഥവാസികൾ. (ഓഷധിപ്രസ്ഥം — ഹി

മവാൻെറ രാജധാനി). അവർ നിന്നെ ചെറുപ്പം മുതല്ക്കുതന്നെ ആനപ്പുറത്തു സഞ്ചരിച്ചിട്ടായിരിക്കും കണ്ടിരിക്കുക. ഈ വിവാഹസമയത്തു നിന്നെ ഏതെല്ലാംതരത്തിൽ യോഗ്യതയോടുകൂടി കാണ്മാനായിരിക്കും അവർ ആശിച്ചിട്ടുണ്ടാവുക എന്നു നിശ്ചയമില്ല. അങ്ങിനെയുള്ള നിന്നെ ഒരു മുത്തൻകാള വഹിക്കുന്നതു കണ്ടാൽ ആരാണ് ചിരിക്കാതിരിക്കുക? കാളയെന്നുതന്നെയല്ല, ഒരു മുത്തൻകാളയാണുതാനും. എപ്പോഴോ എവിടെയൊ വീണു ചാവുകയെന്നറിവില്ല. മഹാജനങ്ങൾകൂടി പുഞ്ചിരിക്കുന്ന അവസ്ഥക്ക മററുള്ള (അടുത്ത ആളുകളുടെ) വരുടെ കഥ പറയേണമോ. വാരണവാഹനാഃ എന്നു പറഞ്ഞതുകൊണ്ട് ഇന്ദ്രൻ മുതലായവരുടെ മഹിഷീസ്ഥാനമാണു നിനക്ക യോഗ്യതയെന്നു സൂചന.

71. സപദിപിനാകിയെയാശ്രയിക്കമൂലം—ഒരു ധനുർദ്ധരനെ സേവിക്ക കാരണം—അങ്ങിനെയുള്ള ഒരാളെ പ്രാപിക്ക കാരണം രണ്ടുകൂട്ടരാണ് കഷ്ടത്തിലായതു എന്നു—ഒന്നു ചന്ദ്രക്കല; രണ്ടാമത്തതു, നീയും. വില്ലാളിവീരന്മാക്ക എപ്പോഴും യുദ്ധചിന്തയെ ഉള്ളൂ. അവർ ആഭരണം (ചന്ദ്രക്കല) ധരിക്കുന്നതിലും പത്നിയെ പ്രാപിക്കുന്നതിലും മററും അത്ര രസികന്മാരായിരിക്കില്ല എന്നു ഒരു സാമാന്യാത്ഥം. പിനാകി എന്ന പദം വട്ടു ഹാസ്യമായി ഉപയോഗിച്ചതുമായിരിക്കാം. അങ്ങിനെ പരിഹാസമായി പറഞ്ഞാലുണ്ടാവുന്ന ദേവിയുടെ പ്രതിസ്പന്ദനം എന്തെന്നറിയാൻ വേണ്ടിയാവാനും മതി. ആ ചിന്താഗതി ഇങ്ങിനെയായിരിക്കാം. പിനാകി എന്നു കേട്ടിട്ടു ശിവൻ വീരാഗ്രേസരനാണെന്നു വിചാരിച്ചാണോ നിൻെറ ഭ്രമം? വില്ലു അവസ്ഥക്ക കയ്യിൽ പിടിച്ചിട്ടുന്നെയുള്ളൂ. അതുകൊണ്ടു ഒരു കൈക്രിയയും ചെയ്യാറില്ല. അതിന്നു ദൃഷ്ടാന്തം കാമദഹനംതന്നെ പോരെ? എന്നുകൂടി സ്വാരസ്യം പറയാം.

ഉലകിനു കണ്ണിനു വെണ്ണിലാവുനീയും = ദൎശനമാത്രംകൊണ്ടു നേത്രങ്ങൾക്കു ആനന്ദകാരണി എന്നൎത്ഥം. ഇതേവരെ ചിതാഭസ്മകപാലാദികളുടെ മദ്ധ്യത്തിൽ വൎത്തിക്കുന്നതുകൊണ്ടു ചന്ദ്രക്കല മാത്രമേ ശോച്യാവസ്ഥയെ പ്രാപിച്ചിരുന്നുള്ളു. ഇതാ ഇപ്പോൾ നീയുംകൂടിയായി. ചന്ദ്രക്കലയുടെ ഒളി നശിച്ചാൽ അതിന്നു ചന്ദ്രൻ ഒരാൾമാത്രമെ സങ്കടപ്പെടുവാനുണ്ടാകയുള്ളു. എന്നാൽ നിൻെറ കാൎയ്യത്തിൽ അങ്ങിനെയല്ല. നീ ഈ ലോകത്തിൻെറ കണ്ണുകൾക്കു മുഴുവനും നിലാവായിട്ടുള്ളവളാണ്. നിനക്കൊരു ദോഷം വരുന്നതു ഈ ലോകത്തിന്നൊട്ടാകെ ദോഷം വരുന്നതുപോലെയാണ്. അതു നീ നന്നായി ഓൎക്കണം. ഒരാൾക്ക് (കലക്ക്) കളങ്കം പററിക്കഴിഞ്ഞു. നിൻെറയും ഗതി ഇതുതന്നെ എന്നു ഉപദേശരൂപമായിപ്പറയുന്നതു്.

72. ഇവിടെ വടു, ശിവനു ഭൎത്താക്കന്മാൎക്കു വേണ്ട യോഗ്യതകളിൽ എന്തെങ്കിലുമൊന്നുണ്ടോ എന്നൊരു വിചാരണ നടത്തുകയാണ്.

കന്യാവരയതെ രൂപം
മാതാവിത്തം പിതശ്ശ്രുതം
ബാന്ധവാഃ കുലമിച്ഛന്തി
മിഷ്ടാന്നമിതരേജനാഃ

ഈ പ്രമാണം വെച്ചുനോക്കി പോകുമ്പോൾ ആദ്യം കന്യകയുടെ ലക്ഷ്യമായ രൂപത്തെത്തന്നെയാണ് ചിന്തിക്കേണ്ടതു എന്നു കരുതിയാണ്, 'വിഷമമിഴി വപുസ്സു' എന്നു തുടങ്ങിയതു്. വിഷമമിഴി വപുസ്സായപ്പോൾ ദേഹത്തിൽ ത്രിനേത്രത്വം വന്നു. മൂന്നു കണ്ണുള്ളതുകൊണ്ടു സൌന്ദൎയ്യമില്ലെന്നുതന്നെയല്ല അവലക്ഷണം സംഭവിക്കയുംചെയ്തു. "ന്യൂനാംഗത്വേസേവാധികാംഗത്വസ്യാപി സാമുദ്രികഃപടിഭിരംഗദോഷപക്ഷേ നിക്ഷിപ്തത്വാൽ" എന്നുള്ള പ്രമാണപ്രകാരം അംഗഹീനന്മാരെയെന്നപോലെ

അംഗം അധികമുള്ളവരേയും സാമുദ്രികാശാസ്ത്രകാരന്മാർ അംഗദോഷപക്ഷത്തിലാണുൾപ്പെടുത്തിയിരിക്കുന്നതു്. ജന്മമെങ്ങോ = എന്നാണു് ജനിച്ചതു എന്നുള്ളതിലേക്കു ലക്ഷ്യമില്ല, എവിടെ—ഏതുവംശത്തിൽ എന്നും അറിഞ്ഞുകൂടാ—ദേശകാലങ്ങളെക്കൊണ്ടും തെളിയിക്കാൻ വയ്യാത്തതു്. ഇതിനാൽ വൃദ്ധന്മാരേക്കാൾ വൃദ്ധൻ എന്നു വരുന്നു. (തരുണീരമണീയതാം നാസ്തി എന്നു വ്യംഗം) ഇന്ന വംശമെന്നു പറഞ്ഞു ബന്ധുക്കൾക്കും അഭിമാനിപ്പാൻ നിവൃത്തിയില്ല. ഇനി മാതാക്കളുടെ കണ്ണു ചെല്ലുന്ന ധനഭാഗമെടുക്കുക. നഗ്നഭാവംകൊണ്ടു ഐശ്വര്യത്തിൻെറ കഥ സ്പഷ്ടമാകയാൽ അതിനെപ്പററി ഇനി വേറെ പറയേണ്ടതില്ല. പിതാവന്വേഷിക്കുന്ന ഭാഗം ഇവിടെ എടുക്കുന്നില്ല; എന്തെന്നാൽ മുഖ്യമായ കന്യകയുടെ കണ്ണുചെല്ലുന്ന ഭാഗം കമ്പളിയാണെന്നു വന്നപ്പോൾതന്നെ കാൎയ്യം പൊളിഞ്ഞു, പോരെങ്കിൽ മാതാക്കളുടെയും ബന്ധുവൎഗ്ഗങ്ങളുടേയും വീക്ഷണകോടികൾകൊണ്ടും കൊള്ളില്ലെന്നു വന്നു. അത്രയായപ്പോഴെക്കും ഇനിയൊരു കൂട്ടത്തു മതിയെന്നുവെച്ചു് "ഇളമൃഗനയനേ വരക്കുവേണ്ടുന്നവയിലൊരെണ്ണവുമിത്രിനേത്രനുണ്ടോ" എന്ന ചോദ്യംകൊണ്ടു ഒന്നുമില്ലെന്നു സമൎത്ഥിക്കുന്നു. ഇളമൃഗനയനേ! എന്ന സംബോധനകൊണ്ടു നോട്ടത്തിൻെറ അധീരത്വത്തിന്നു മാററക്കൂടുമെന്നു സ്പഷ്ടം. അത്രയുമല്ല, ആ സംബോധനകൊണ്ടു വടു അവളെ ഒന്നും അറിയാറായിട്ടില്ലാത്തവളെന്നു സങ്കല്പിച്ചു കളിയാക്കുന്നുണ്ടോയെന്നുകൂടി സംശയിക്കാം. കാളിദാസർ അതു ഉദ്ദേശിച്ചിട്ടില്ലെന്നും വിചാരിച്ചുകൂടാ. എന്തെന്നാൽ 'ബാലമൃഗാക്ഷി'യെന്നാണു് മൂലത്തിൽ സംബോധന. ആ സ്ഥാനത്താണു് 'ഇളമൃഗനയനെ'യെന്നു തൎജ്ജമയിലും ഇരിക്കുന്നതു്. അപ്പോൾ അവൾ ഒരു കുട്ടി, കണ്ണും ഒരു ദിക്കിലും സ്ഥിരമായി നില്ക്കാത്തതു്. അതുകൊണ്ടു ഇതൊന്നും നോക്കിക്കാണ്മാൻ പ്രാപ്തിയില്ലാത്തവളെന്നു അനുകമ്പാപരമായ ഒരു പരിഹാസവുമാവാം.

73. കെട്ടനിനവു = ചീത്ത വിചാരം. അകററുക = മാററുക. വിരൂപാക്ഷവിഷയമായ നിൻെറ അഭിലാഷം ചിരപ്രവൃദ്ധമാണെങ്കിലും ഞാൻ പറഞ്ഞതിനെ ഗാഢമായി ആലോചിച്ചു ആ അകുശലോദക്മായ വിഷയത്തിൽനിന്നു കുറേശ്ശെ കുറേശ്ശയായി മനസ്സിനെ അകററിയാലും. യൂപം = യാഗത്തിന്നു പശുവിനെ കെട്ടുവാനുള്ള കുററി. വിശിഷ്ടയജ്ഞാവസരത്തിൽ ആ കുററിയിൽ വൈദികന്മാർ വേദവിധിപ്രകാരമുള്ള ക്രിയ ശരിയാംവണ്ണം ചെയ്യുന്നു. ശ്മശാനശൂല്ത്തിന്നു ആ ക്രിയ ആരും ചെയ്യാറില്ല എന്നത്ഥം. അതുപോലെ മുമ്പു പറഞ്ഞ സകല പുണ്യലക്ഷണങ്ങളും തികഞ്ഞ നീ മഹാഭാഗ്യവാനും, ഗുണനിലയനും സ്വഗ്ഗാദിഭോഗങ്ങൾക്കു ആശ്രയഭൂതനുമായ വിശിഷ്ടപുരുഷനോടാണ് ചേരേണ്ടതു്. അല്ലാതെ ശ്മശാനനിലയനായ ഹരനോടുകൂടിയല്ലെന്നു ഭാവം. സുജനമഭിലഷിക്കയില്ല എന്നു പറഞ്ഞതുകൊണ്ടു, നിന്നോടു "അനുകൂലിയാകവയ്യ" എന്നു തീച്ചയായി പറഞ്ഞ സമാധാനം വ്യഞ്ജിക്കുന്നു. ഇങ്ങിനെ പറഞ്ഞു വടു സംസാരം ഉപസംഹരിക്കുന്നു. വിഷമാലങ്കാരം. സാദൃശ്യനിമിത്താപ്രസ്തുതപ്രശംസയും.

74. ചൊടി = അധരം. ദ്വിജനിതു—എന്നു പറഞ്ഞതുകൊണ്ടു ശാപാനഹ്ത്വമാണ് കാണിക്കുന്നതു്. ബ്രാഹ്മണൻ ഇപ്രകാരം എതിർമൊഴി ചൊല്ലിയപ്പോൾ അദ്ദേഹം ശാപാഹ്നല്ലാത്തതുകൊണ്ടു പാവ്വതി കോപത്താൽ ചുണ്ടുവിറച്ചു പുരികം വളച്ചു അദ്ദേഹത്തിൻെറ മുഖത്തുനിന്നു കണ്ണുകളെ മററൊരു ദിക്കിലേക്കു തിരിച്ചു എന്നത്ഥം. ഇതു ബ്രഹ്മചാരിയുടെ നേക്കുള്ള ഒരനാദരമാണല്ലൊ. ഈ ഭ്രൂഭംഗപ്രതിപാദനവും മിഴിമുനതിരിക്കലുംകൊണ്ടു കാമുകൻെറ മനോരഥസ്പൂത്തി ധ്വനി.

75. ഗിരിസുത കോപം നടിക്കമാത്രമെ ചെയ്തുള്ളു; മറുവടി പറകയുംചെയ്തു. എന്താ മറുവടി? 'മഹേശനെ ഞാനറിയും' എന്നു മുമ്പു വടു പറഞ്ഞതിനുള്ള സാമാധാനമാണ് ഈ ശ്ലോകംകൊണ്ടു പറയുന്നതു്. ഹരന്റെ പരമാത്ഥം അങ്ങയ്ക്കറിയില്ലെന്നതു തീച്ച്തന്നെ. അറിയുമെങ്കിൽ എന്നോടു ഇങ്ങിനെ (അവനുടെയശുഭപ്പയററു) പറയുകയില്ലായിരുന്നു. നിനവിനതീതം=ഊഹിപ്പാൻപോലും വയ്യാത്തതു്. ഉലകിനനുപമം = ലോകത്തിൽ തുല്യമററതു്. മറെറാന്നു സമമായി പറവാനില്ലാത്തതു്. മഹാന്മാരുടെ ഇപ്രകാരമുള്ള അനുഷ്ഠാനത്തിന്റെ പ്രയോജനമെന്താണെന്നു ലോകത്തിൽ ഒരുവനും അറിവാൻ സാദ്ധ്യമല്ല. അവരുടെ ചരിതം അവാങ്മനസാ ഗോചരമാണ്. അങ്ങിനെയുള്ള അദ്ദേഹത്തിന്റെ ഏതോ ചില ഭാഗംമാത്രം മനസ്സിലാക്കി നിന്ദിക്കുന്നതു് അദ്ദേഹത്തിന്റെ സ്വരൂപജ്ഞാനമില്ലായ്കകൊണ്ടാണ്. അതിനാൽ 'മഹേശനെ ഞാനറിയുമെന്ന' അങ്ങയുടെ ജല്പന അയുക്തംതന്നെ

76. ഇനി ആറു ശ്ലോകങ്ങാംകൊണ്ടു 'അശുഭപ്പയററു'മുതലായ ആക്ഷേപങ്ങാംക്കു സമാധാനം പറയുന്നു. 'പരമനുചിതവസ്തുതല്ലരെ' എന്നതിന്നാണു ഈ മറുവടി. സമ്പൽപ്രാപ്തിയേയോ അനിഷ്ടപരിഹാരത്തേയോ ആഗ്രഹിക്കുന്നവർ മാത്രമേ മംഗളകൎമ്മങ്ങാം ചെയ്യാറുള്ളു. ഭുവനങ്ങാംക്കെല്ലാം ശരണമായവനും നിരഭിലാഷനും ആയ അദ്ദേഹത്തിന്നു അത്യാഗ്രഹം കൊണ്ടു അന്തക്കരണത്തെ ദൂഷിപ്പിക്കുന്ന ആവക പ്രവൃത്തികാം (മംഗളാചരണങ്ങാം) കൊണ്ടു ആവശ്യമെന്താണ്? ചാഴ്ന്നടപ്പാൽ = ദുരാചാരങ്ങളാൽ. ഇതുകൊണ്ടു നിരഭിലാഷനും ലോകനായകനുമായ അദ്ദേഹത്തിനു പ്രാപിക്കുവാനും പരിഹരിക്കുവാനുമായി ഒന്നുംതന്നെയില്ലെന്നു സാരം.

77. 'ധനനിലയോ വെളിവാണു നഗ്നഭാവാൽ' എന്ന വട്ടുവിൻെറ പരിഹാസവാദത്തെ ഖണ്ഡിക്കുന്നു അദ്ദേഹം ധനരഹിതനാണെന്നാണല്ലൊ അങ്ങ് പറയുന്നതു്. ശരി, അതു ഞാൻ വാദത്തിന്നുവേണ്ടി സമ്മതിച്ചേക്കാം, പക്ഷേ അദ്ദേഹം വസുപ്രഭാവൻ അല്ലേ? ദരിദ്രനായ അദ്ദേഹം ഐശ്വൎയ്യത്തിന്നു (അണിമാദി അഷ്ട ഐശ്വൎയ്യങ്ങൾക്കും) ഇരിപ്പിടമല്ലേ? അതല്ലെന്നു അങ്ങ് പറയുമോ? അതു സമ്മതിക്കുന്നുണ്ടെങ്കിൽ (സമ്മതിക്കുന്നുണ്ടല്ലോ) അദ്ദേഹത്തിൻെറ ദാരിദ്ര്യം ധനാഢ്യതയെയല്ലെ കാണിക്കുന്നതു്? (രത്നവ്യാപാരിയുടെ കൈവിരലിൽ ഒരു ചെമ്പുമോതിരം കിടക്കുന്നതു കണ്ടിട്ടു അയാളെ ദരിദ്രൻ എന്നു പറയുന്നതുപോലെയല്ലെ ഇതും) എന്നൎത്ഥം.

'തലമുടിയുലരും ശവപ്പറമ്പിൽ' എന്ന വട്ടുവിൻെറ ആക്ഷേപത്തിനാണിനി സമാധാനം പറയുന്നതു്. അദ്ദേഹത്തെ 'ശ്മശാനചാരി' എന്നു നിങ്ങൾ പറയുന്നു—ആവോ? അതു ദൈവം കണ്ടു? എന്തെങ്കിലുമാകട്ടെ, അതും സമ്മതിച്ചേക്കാം. പക്ഷേ ആ ശ്മശാനചാരി ത്രിഭുവനനാഥനല്ലേ? അതിനു നിങ്ങൾക്കു തൎക്കമില്ലല്ലൊ. ത്രിഭുവനനാഥൻ എവിടേയും സഞ്ചരിക്കുന്നവനും സഞ്ചരിക്കാവുന്നവനും സഞ്ചരിക്കേണ്ടവനുമല്ലെ? അതിനാൽ അതുകൊണ്ടെന്താണ് കുറവു എന്നു ഭാവം.

'ഭുജഗവലയധരിച്ച ശങ്കരൻ' എന്നതിന്നാണ് ഇനിയത്തെ ഉത്തരം. അവൻ ഭയദതനുവാണു—ഭയങ്കരാകാരനാണ്, വാസ്തവംതന്നെ. വിഷധരാഭരണങ്ങൾ ആൎക്കും ഭയജനകങ്ങളാണല്ലൊ—അതും ഞാൻ സമ്മതിച്ചു. എന്നാൽ അദ്ദേഹത്തിന്നു ശിവൻ എന്നല്ലെ പേര്. ശിവൻ = ശാന്തസ്വരൂപൻ, മംഗളസ്വരൂപൻ എന്നല്ലെ ആളുകൾ അദ്ദേഹത്തെ കീൎത്തിക്കുന്നതു്? അതു രണ്ടും കൂടി യോജിക്കുന്നില്ലല്ലൊ. അല്ലേ, സാധുമനുഷ്യ! അങ്ങ് ഒന്നു ധരിച്ചോളു. ഭഗവാൻെറ ശരീരം മായാമാത്രംകൊ

ണ്ടു നിർമ്മിച്ചതാണ്. അതിനാൽ ഭയങ്കരാകാരനോ, മംഗളസ്വരൂപനോ എങ്ങിനെയുള്ളവനാണെന്നു ആൎക്കും പറയുവാനും അറിയുവാനും വയ്യ. അദ്ദേഹത്തിൻെറ തത്വം ശരിയാംവണ്ണം അറിയാതെ ഓരോന്നു പറകയെന്നേ ഇതിനൊക്കെ അൎത്ഥമുള്ളു. അദ്ദേഹം പിനാകിയാണ്. എൻെറ അഭിനിവേശം വീരാഗ്രേസരനിലാണ്. അസാരനിൽ അല്ലെന്നു ഇനിയെങ്കിലും മനസ്സിലാക്കിക്കൊള്ളു. അലങ്കാരം—ആദ്യത്തെ മൂന്നുവരി 'വിരോധാഭാസവും' അതുകൊണ്ടു നാലാമത്തേതു 'കാവ്യലിംഗവും'.

78. വിശ്വമൂൎത്തി = ത്രൈലോക്യാത്മാവ്. 'വിഷമിഴിവപുസ്സ്' എന്നു തുടങ്ങിയ ശ്ലോകത്തിനുള്ള മറുവടിയാണിത്. വിശ്വമൂൎത്തിയായ അദ്ദേഹത്തിൻെറ ശരീരം എങ്ങിനേയുള്ളതാണെന്നോ ഏതുകളെക്കൊണ്ടാണ് അലങ്കരിച്ചിരിക്കുന്നതു എന്നോ ഒന്നും ആൎക്കുംതന്നെ അറിവാൻ സാദ്ധ്യമില്ലെന്നു താഴെ പറയുന്ന സംഗതികൾ എടുത്തു സന്ദേഹരൂപമായ ഖണ്ഡനങ്ങൾകൊണ്ടു സമൎത്ഥിക്കുന്നു. 'ഭുജഗവളധരിച്ച ശങ്കരൻ' എന്ന ആക്ഷേപം പാൎവ്വതിയുടെ ഉള്ളിൽ കിടന്നു കിളരുന്നു. അതിനുള്ള സമാധാനം മതിയായില്ലെന്നു തോന്നിയിട്ടോ എന്നു തോന്നുമാറുള്ളതാണ് ഇനിയത്തെ വിശദീകരണം. മണിയണിയുറ താം, ഭുജംഗമൊത്താം – രത്നാഭരണങ്ങൾ അണിഞ്ഞതുമാകാം. പാമ്പുവളയിട്ടതുമാകാം. എങ്ങിനെയുള്ള രൂപവും അദ്ദേഹത്തിന്നു ധരിക്കാം. ഇന്ന തരത്തിലാണെന്നു ആൎക്കും പറവാൻ സാദ്ധ്യമല്ല.

'വധുവിനുടെ മരാളചിഹ്നവസ്ത്രം' എന്ന വടുവിൻെറ വാക്കുകളെ ഖണ്ഡിക്കയാണിവിടെ. അലൌലികമായ ദന്തിചൎമ്മംകൊണ്ടോ ലൌകികമായ പട്ടുവസ്ത്രംകൊണ്ടോ ഏതുകൊണ്ടാണു അദ്ദേഹം ശരീരം അലങ്കരിക്കുന്നതു എന്നു പരമാൎത്ഥം പറവാൻ സമൎത്ഥനായിട്ടുള്ളവൻ ആരാണ്? തലയോട്ടുമേന്തിയും അദ്ദേഹത്തെ കണ്ടറവെന്നുവരാം. ഇവിടെ തലയോട്ടു എന്ന

പദം വട്ട ഉപയോഗിക്കാത്തതാണ്. അങ്ങിനെയൊരു കുററം വട്ട പറഞ്ഞിട്ടുമില്ല. എന്നാൽ പറയാത്ത കാൎയ്യം പാൎവ്വതി എടുത്തു പറയുന്നതു, അതു വട്ട പറവാൻ മറന്നിട്ടാണെങ്കിൽ താൻതന്നെ എടുത്തുപറഞ്ഞേക്കാമെന്നു വെച്ചോ, അല്ലെങ്കിൽ അതും തനിക്കിഷ്ടമാണെന്നറിഞ്ഞോട്ടേ എന്നുവെച്ചോ, അതുമല്ലെങ്കിൽ, ആ തലയോടിൻെറ രഹസ്യവും തനിക്കറിയാമെന്നു വട്ട ധരിച്ചോട്ടെയെന്നുവെച്ചോ കരുതിക്കൂട്ടിയാണ്. തലയോട്ടിൻെറ രഹസ്യം—ശിവന്നു ബ്രഹ്മഹത്യാപാപമുണ്ടെന്നതാണ്. മുമ്പു ബ്രഹ്മാവിന്നു അഞ്ചു തലയുണ്ടായിരുന്നുവെന്നും, കളവുപറഞ്ഞതിനാൽ ശിവൻ ഒരു ശിരസ്സു ഛേദിച്ചുവെന്നും ആ തലയോട്ട ഭൂമിയിൽ പതിച്ചാൽ സൎവ്വവും ഭസ്മമാകുന്നതാകയാൽ അതുകൂടാതെ കഴിപ്പാൻ അദ്ദേഹം അതെപ്പോഴും ശിരസ്സിൽ ധരിക്കുന്നു എന്നും മററും പുരാണത്തിൽ പറയുന്നു. ഇതിലധികം ഇനിയൊരു കുററം പറവാനില്ലല്ലൊ. എന്നാലും എനിക്കിഷ്ടമാണെന്നു ധ്വനി. ശിരസ്സിൽ കപാലം ധരിച്ചതായിട്ടൊ അമ്പിളിക്കല ചൂടിയതായിട്ടോ എങ്ങിനെയാണ് ആ രൂപമെന്നു നിൎണ്ണയിപ്പാൻ ആരാലും സാദ്ധ്യമല്ലെന്നൎത്ഥം.

79. അദ്ദേഹത്തിൻെറ അംഗസംസൎഗ്ഗംകൊണ്ട പരിശുദ്ധമായ ചിതാഭസ്മം സ്വതഃവ എല്ലായ്പോഴും കിട്ടുവാൻ പ്രയാസമായതുകൊണ്ട ദേവന്മാർ അദ്ദേഹത്തിൻെറ നടനസമയം കാത്തുനില്ക്കുന്നു. നടനസമയത്തു അദ്ദേഹത്തെ നമസ്കരിക്കുമ്പോൾ അദ്ദേഹത്തിൻെറ ദേഹത്തിൽനിന്നു വീഴുന്ന പൊടിയാണ് സുരന്മാർ ശിരസ്സിലണിയുന്നതു്. അതുകൊണ്ട എത്ര അശുദ്ധപദാൎത്ഥവും അദ്ദേഹത്തിൻെറ അംഗസമ്പൎക്കംകൊണ്ട് പരിശുദ്ധമാകുന്നു എന്നും സുരന്മാർ അദ്ദേഹത്തെ നമസ്കരിക്കുന്നതുകൊണ്ട അവരുടെപോലും നിഗ്രഹാനുഗ്രഹപ്രാഭവം ശിവന്നുണ്ടെന്നും സ്പഷ്ടം. തന്മൂലം അദ്ദേഹത്തിൻെറ അംഗസമ്പൎക്കം പ്രാപിക്കാൻ

പോകുന്ന എൻെറ ഭാഗ്യസമ്പത്തു ഇത്രയെന്നു കണക്കാക്കുവാൻ ബൃഹസ്പതിപോലും ശക്തനല്ലെന്നു താല്പര്യം.

80. 'ഇതുമൊരു പരിഹാസമാം വിവാഹാൽ' എന്ന വടുവിൻെറ വാക്കിനുള്ള സമാധാനമാണ് ഈ ശ്ലോകത്തിൽ പറയുന്നതു്. അഭീഷ്ടപ്രദങ്ങളായ കല്പകവൃക്ഷങ്ങളുടെ പൂക്കളെയാണു മഹേന്ദ്രൻ ശിരസ്സിൽ ചൂടുന്നതു്. ആ ഇന്ദ്രനാണ് വൃഷവാഹനൻെറ കാല്ക്കൽ നമസ്കരിച്ച് അദ്ദേഹത്തിൻെറ (ശിവൻെറ) വിരലുകളെ അരുണവർണ്ണമാക്കുന്നതു എന്നതുകൊണ്ടുതന്നെ സമ്പദഭാവംകൊണ്ടല്ലാ, അദ്ദേഹം കാളപ്പുറത്തു സഞ്ചരിക്കുന്നതു എന്നു തീർച്ചയാക്കരുതെ? എന്നാൽ പിന്നെ എന്തു കാരണത്താലാണെന്നുവെച്ചാൽ 'ഉലകിലനുപമം മഹൽചരിത്രം' എന്നുതന്നെ പറവാൻ നിവൃത്തിയുള്ളു. വാസ്തവം പറകയാണെങ്കിൽ 'വിഷയാസക്തരാവരുതു' എന്ന തത്വമാണ് അദ്ദേഹത്തിൻെറ ചരിതങ്ങൾകൊണ്ടു ലോകത്തെ പഠിപ്പിക്കുന്നതു എന്നു സൂചന.

(a) ഇനി മൂരുകാളയും മദദിഗ്ഗജവും തമ്മിൽ വളരെ അന്തരമുണ്ടെന്നാണെങ്കിൽ വൃഷവാഹനൻെറ കാല്ക്കൽ വീഴുന്നു എന്നുള്ളതുകൊണ്ടുതന്നെ വൃഷവാഹനത്വം പരിഹാസാസ്പദമല്ലെന്നു സുവ്യക്തമല്ലേ? ഇനി വേറെയും ചിന്തിക്കാം. കല്പകവൃക്ഷങ്ങൾ തന്നെ സകലാഭീഷ്ടദങ്ങൾ ആണ്. അവ നന്ദനോദ്യാനത്തിൽ (ഇന്ദ്രൻെറ) ധാരാളമുണ്ടുതാനും. അങ്ങിനെയുള്ള ഇന്ദ്രൻ ശിവപാദങ്ങളിൽ വീഴേണമെങ്കിൽ കല്പകവൃക്ഷങ്ങൾക്കു സാധിക്കാത്തതായ അഭീഷ്ടപ്രദത്വം ശിവപാദങ്ങൾക്കുണ്ടെന്നല്ലെ വിചാരിക്കേണ്ടതു്?

b) അംഗുലികളെ അരുണമാക്കിത്തീർക്കേണമെങ്കിൽ ഇന്ദ്രൻ എത്ര വളരെ പുഷ്പ് ചൂടിയാലും ഒരു നമസ്കാരംകൊണ്ടൊന്നും ആ പൂക്കളിലെ പരാഗം മുഴുവൻ വീഴുന്നതല്ല, അരുണമാകുന്നതു

മല്ല. അങ്ങിനെ വരേണമെങ്കിൽ അനവധി ദണ്ഡനമസ്കാരങ്ങൾതന്നെ ചെയ്യണമെന്നും ധ്വനി.

81. 'ജന്മമെങ്ങോ?' എന്ന വടുവിന്റെ പരിഹാസവാക്കിനുള്ള സമാധാനമാണ് ഇനി പറയാൻപോകുന്നതു്. അങ്ങ് പരമേശ്വരനെക്കുറിച്ച ദൂഷ്യങ്ങൾ പലതും പറഞ്ഞു എങ്കിലും അതിൽ ഒന്നു സത്യമായിട്ടാണ് പരിണമിച്ചതു്. ആത്മഭൂവ് = ബ്രഹ്മാവ്—ചരാചരാത്മകമായ വിശ്വത്തെ സൃഷ്ടിച്ചതു ബ്രഹ്മാവാണെന്നാണല്ലൊ പുരാണപ്രസിദ്ധി. അങ്ങിനെയുള്ള ബ്രഹ്മാവിനും മുമ്പെഴുന്നവൻ—മുമ്പുള്ളവൻ ആയ ആ മഹേശ്വരന്റെ ജന്മത്തെപ്പററി ആരാഞ്ഞറിവാൻ ആൎക്കാണ് സാധിക്കുക? ആൎക്കുമാവില്ല, തീൎച്ചതന്നെ. അതിനാൽ അതൊന്നു്, ദോഷവിവക്ഷയോടുകൂടി പറഞ്ഞതാണെങ്കിലും, പരമാൎത്ഥമായിവന്നു. കലുഷമതി, മനസ്സിൽ കാലുഷ്യം (ദുഷ്ടത) നിറഞ്ഞവൻ—ഇടിച്ചുപറയുന്നവൻ.

82. പരമേശ്വരൻ അങ്ങ് പറഞ്ഞതുപോലെയൊക്കെയാണെന്നുതന്നെ ഇരുന്നോട്ടെ. അതുകൊണ്ടെന്താണ്? എന്നെ സംബന്ധിച്ചേടത്തോളമല്ലെ പറയേണ്ടു? അങ്ങയുടെ ദോഷശതശ്രവണങ്ങളെക്കൊണ്ടൊന്നും എന്റെ മനസ്സിന്നു യാതൊരു ചഞ്ചലിപ്പുമില്ല. എന്റെ മനസ്സു അദ്ദേഹത്തിൽതന്നെ സ്ഥിരമായിട്ടു നില്ക്കുന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. ഞാൻ എന്റെ ഇഷ്ടംപോലെ നടക്കുന്നവളാണെന്നു കരുതിക്കോളു. സ്വെച്ഛാസഞ്ചാരികൾ മററുള്ളവരുടെ അഭിപ്രായത്തെ വകവെക്കാറില്ലല്ലൊ. ഞാൻ അത്തരത്തിലുള്ള ഒരു നിരവഗ്രഹയാണെന്നു വെച്ചോളു എന്നു പറഞ്ഞു ദേവി വടുവിനോടുള്ള വാഗ്വാദം ഉപസംഹരിക്കുന്നു.

83. ഇത്രയും പറഞ്ഞു സഖിയുടെ നേൎക്കു തിരിഞ്ഞുപറയുന്നു. സഖി! ഇദ്ദേഹം പരമേശ്വരനെക്കുറിച്ച അനവധി ദൂഷ്യ

ങ്ങരം പറയുന്നു. നീയും കേട്ടിട്ടുള്ളതാണല്ലോ. ഇതാ അതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ ഇനിയും എന്തൊക്കെയൊ പറവാൻ ഭാവിക്കുന്നു. ചുണ്ടനക്കുന്നതിൽനിന്നു അതു വ്യക്തമാണ്. അതിനാൽ അദ്ദേഹത്തെ ഉടനെ തടയുക—ആശ്രമത്തിൽനിന്നും പുറത്താക്കുക. വലിയവരെപ്പററി—മഹാത്മാക്കളെപ്പററി—ദൂഷ്യംപറയുന്നവൻ മാത്രമല്ല അതു കേരംക്കുന്നവനും ഒപ്പം പാപഭാക്കാണ്. വക്താവിനെ അപേക്ഷിച്ചു ശ്രോതാവിനു പാപാധിക്യമുണ്ടെന്നുതന്നെ പറയണം. എന്തെന്നാൽ ശ്രോതാവു് കേരംക്കുവാൻ താല്പര്യം കാണിച്ചാൽ വക്താവ് വിസ്തരിച്ചുപറവാൻ തുടങ്ങുകയായി. നേരേമറിച്ചു കണ്ണുചുളിച്ചോ മററു മുഖഭാവങ്ങളെക്കൊണ്ടോ ശ്രോതാവു കോപമോ നീരസമോ നടിച്ചാൽ വക്താവു അധികം പുലമ്പുകയില്ല. അതിനാൽ ശ്രോതാവിനും വാക്കിലുള്ള കർത്തൃത്വം—അധികാരം—നടത്താതിരുന്നാൽ സമം പാപമുണ്ടെന്നു താല്പര്യം.

84. സ്വയമിനി..........ദേവി, അല്ലെങ്കിൽ എന്തിനാണ് ഇയ്യാളെ പറഞ്ഞയക്കുന്നതു്! ഞാൻതന്നെ ഇവിടുന്നു പോയ്ക്കളയാം എന്നു പറഞ്ഞു അവരം പെട്ടെന്നു ഇളകുന്നു. ഇളകുന്നതെങ്ങനെ? ഗമനസംരംഭംകൊണ്ടു സ്തനങ്ങളിൽനിന്നു ആവരണവല്ക്കലം ഒന്നഴിഞ്ഞുവീഴുമാറു ഇളകി എന്നു പറഞ്ഞതുകൊണ്ടു പെട്ടെന്നു തട്ടിപ്പിടഞ്ഞു എണീററിരിക്കണമെന്നു സ്പഷ്ടം. വൃഷേന്ദ്രകേതനൻ = വൃഷശ്രേഷ്ഠൻ കൊടിയടയാളമായിട്ടുള്ളവൻ. ഇതുകൊണ്ടു പരമേശ്വരൻ രാജചിഹ്നത്തോടെയാണ് പ്രത്യക്ഷമാകുന്നതു എന്നു കാണാം. പർവ്വതരാജപുത്രിയെ പരിണയിക്കുവാനുള്ള യോഗ്യത തികഞ്ഞവനാണ് അദ്ദേഹം എന്നുകൂടി ഭാവം. രാജകുമാരിയെ രാജാവു് തന്നേയാണ് കല്യാണം കഴിക്കുന്നതു എന്നു കാണിപ്പാനാണ് മൂലകവി ഇവിടെ 'വൃഷരാജകേതനൻ' എന്ന പദം ഉപയോഗിച്ചിരിക്കുന്നതു്. ആ കാരണമാണ്

തൎജ്ജമയിലും വൃഷേന്ദ്രകേതനൻ എന്നുപയോഗിച്ചതു്. പാൎവ്വതിയേയും ശിവനേയും ഒരേസമയത്തു കാണുമ്പോഴും കൂട്ടിമുട്ടിക്കുമ്പോഴും കാളിദാസർ വൃഷരാജകേതനൻ, വൃഷഭദ്ധ്വജൻ, ചന്ദ്രശേഖരൻ ചന്ദ്രമൌലി മുതലായ സംജ്ഞകളാണ് പരമേശ്വരന് ഉപയോഗിക്കുന്നതു്. അതിലുള്ള ഔചിത്യവും ചമല്ക്കാരവും ശ്ലാഘനീയംതന്നെ.

എന്നാൽ ഇവിടെ മൂലശ്ലോകത്തിൽ 'ചചാലബാലാസ്തനഭിന്നവല്ക്കലാ' എന്നതിലെ ബാലാപ്രയോഗം അത്ര പന്തിയായില്ലെന്നാണ് വിവരണകാരൻെറ മതം. അതിനുള്ള യുക്തി ആ വരിയിൽതന്നെ അടുത്തുവരുന്ന 'സ്തനഭിന്നവല്ക്കലാ' എന്ന വിശേഷണംകൊണ്ടു സമൎത്ഥിക്കുന്നു. സ്തനഭിന്നവല്ക്കല = തൎജ്ജമയിൽ ശ്ലഥകുചവല്ക്കലാ—സ്തനഭിന്നവല്ക്കലയാവേണമെങ്കിൽ ബാലയുടെ പ്രായത്തിൽ കവിഞ്ഞിരിക്കണം. ഇവിടെ സ്തനങ്ങൾ താരുണ്യംകൊണ്ടു പ്രവൃദ്ധങ്ങളാണ്. അതാണ് വ്രീളകൊണ്ടു് വല്ക്കലം ഒന്നഴഞ്ഞു് കിഴിഞ്ഞുപോകാൻ നോക്കുന്നതു്. അതു ഒരു ബാലാപ്രായത്തിൽ ഉണ്ടാവുന്നതല്ലല്ലൊ. പിന്നെ 8-ാംശ്ലോകം കൊണ്ടും ബാലയല്ലെന്നുവരുന്നു.

ബബന്ധബാലാരുണ ബഭ്രുവല്ക്കലം
പയോധരോത്സേധവിശീൎണ്ണസംഹതി

തൎജ്ജമ

തടമുലയുടെ വാപ്പിലേപ്പുപിഞ്ഞും
മരവുരിയങ്ങരുണപ്രഭം ധരിച്ചാൾ.

ഇതിൽനിന്നും താരുണ്യമാണ് തെളിയുന്നതു്. പോരെങ്കിൽ 44-ാംശ്ലോകം നോക്കുക.

കിമിത്യപാസ്യാഭരണാനി യൌവ്വനേ
ധൃതം ത്വയാ വാൎദ്ധകശോഭിവല്ക്കലം.

തർജ്ജമ

തരുണിമയിൽ വിഭ്രഷമാററി വൃദ്ധോ-
ചിതതരുവല്ക്കമെടുത്തതെന്തിനായ് നീ

ഇവിടേയും യൌവ്വനംതന്നെയാണ് പ്രായം പറഞ്ഞിരിക്കുന്നതു്. അതിനാൽ ബാലാ എന്ന പ്രയോഗം സാധൂകരിപ്പാൻ പ്രയാസം തന്നെ. വേറെയൊരു ദിക്കിൽ ബാലായെന്നു 'ദുബ്ബലാ'യെന്ന അത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ടു്. ആ അത്ഥത്തിലും ഇവിടെ (സ്തനഭിന്നവല്ക്കലാ എന്നുള്ളതുകൊണ്ടു) എടുക്കാൻ നിവൃത്തിയില്ല. അതിന്നു പരിഹാരമായി വിവരണകാരൻ 'ബാലാ'യെന്ന പദം കളഞ്ഞു 'ചചാലസാച' എന്ന ഒരു പാഠഭേദം കൊടുത്തിരിക്കുന്നു. അതു നന്നായിട്ടും തോന്നുന്നുണ്ടു്. ആ പാഠഭേദത്തെ മുൻനിത്തി ദോഷപരിഹാരാത്ഥമാണ് തർജ്ജമക്കാരനും 'ബാലാ' ശബ്ദം കളഞ്ഞു തർജ്ജമയിൽ ദേവിയെന്നാക്കിയതു്. ഇവിടെ പരമേശ്വരൻ രാജചിഹ്നോചിതനായി ദേവനായി പ്രത്യക്ഷപ്പെട്ടതിനാൽ രാജപുത്രിയായ അവരം ദേവിയെന്ന അവസ്ഥക്കും അഹ്യാണല്ലൊ. അതാണ 'ശ്ലഥകുചവല്ക്കലയായെണീററ ദേവി'യെന്നു ഭാഷപ്പെടുത്തിയതു്. ഇങ്ങിനെ മുമ്പുള്ള വേറെ ചില ശ്ലോകങ്ങളിലും പാഠഭേദസ്വാരസ്യം അനുസരിച്ചു ഭാഷപ്പെടുത്തിയിട്ടുണ്ടു്.

85. നീങ്ങീല = 'സ്വയമിനിയിവിടുന്നു പോക'യെന്നു പറഞ്ഞതുണ്ടായില്ലെന്നത്ഥം. കാരണം കാമുകാവലോകനകൌതുകത്താലും അപ്രതീക്ഷിതമായ സന്തോഷത്താലും വിസ്മയത്താലുംതന്നെ. പിന്നെ ശിവൻ നേരിട്ടു തടഞ്ഞുനില്ക്കയാൽ ആളെ തട്ടിമാററാതെ നീങ്ങാനും നിവൃത്തിയില്ലല്ലൊ. നിന്നുമില്ല. പിന്നാക്കം മടങ്ങിയുമില്ല. ആ നില്പ് ഒററക്കാലിന്മേലാകയാൽ ഉറച്ചുമില്ല. കാരണം വ്രീളാനമ്രതയും കത്തവ്യതാമൂഢതയും. "നീങ്ങീലശൈലവതി നന്ദിനി, നിന്നുമില്ല"—ഒരാളെ (പാവ്വതിയെ) നീങ്ങാതേയും നിത്താതേയും നിത്തിയ വിദ്യ എന്തെന്നു

ആ ഭാവനാരസികനായ മഹാകവിക്കുതന്നെ അറിഞ്ഞുകൂട. എന്തൊരു വെപ്പടിവിദ്യയോ ആവോ! എന്നാൽ ഇതു എങ്ങിനെയെന്നാണെങ്കിൽ, പോകാൻവേണ്ടി ഒരു കാലെടുത്തുവെക്കാൻ ഓങ്ങി. പക്ഷേ ആ കാലു നിലത്തുകുത്തുന്നതിന്നു മുമ്പു മുൻഭാഗത്തു കാലുകുത്താൻ നിവൃത്തിയില്ലാത്തവിധം അത്ര അടുത്തു ഭഗവാൻ പരമേശ്വരൻ വന്നുനിന്നു. എടുത്ത കാൽ വ്രീളാവിസ്മയാവേശങ്ങൾനിമിത്തം പൂവ്വസ്ഥാനത്തു വെക്കാനൊരുങ്ങിയതുമില്ല. ആ മട്ടിൽ ഒററക്കാലിന്മേൽ നിലവായി. ഇതുകൊണ്ടു സ്തംഭമെന്ന സാത്വികവികാരമുണ്ടായിയെന്നു ധ്വനി. മാൎഗ്ഗാന്തരെ മലയിൽമുട്ടിയൊരാറുപോലെ = അതൎക്കിതപതനത്തോടുകൂടിയ മലയുമായി അഭിമുഖസമ്പൎക്കത്താൽ പരവശയായ നടിപോലെയായി അവൾ എന്നൎത്ഥം. നദി ഒഴുക്കോടുകൂടി വരുന്നതായിരിക്കുമല്ലൊ. അതിന്നു ഒരു തടസ്ഥം നേരിട്ടാൽ മുന്നോട്ടും പോകില്ല. പിന്നോട്ടും ഒഴുക്കിന്നെതിരായിപ്പോവില്ല. പിന്നെ എന്തു ചെയ്യും? അവിടെ തടിച്ചുകൂടി കരകവിഞ്ഞു വല്ല വശത്തേക്കും പോകാൻ തരമുണ്ടോയെന്നുള്ള സ്തംഭനാവസ്ഥയിൽ കുറച്ചു നില്ക്കുയെ ചെയ്യുള്ളൂ.

മൂന്നാംസൎഗ്ഗത്തിൽ "വിവൃണ്വതീശൈലസുതാപിഭാവം" എന്നിങ്ങിനെ ദശിതോദയങ്ങളായി നായികാഗതങ്ങളായിരിക്കുന്ന വ്രീളാഹൎഷാദി വ്യഭിചാരിഭാവങ്ങളുടെ സമുന്മീലനമാണ് ഇവിടെ. "ഹരസ്തു കിഞ്ചിൽ പ്രതിപത്യധൈൎയ്യം" എന്നിങ്ങിനെ ദശിതോദയങ്ങളായി നായകഗതങ്ങളായിരിക്കുന്ന സാത്വികവ്യഭിചാരിഭാവങ്ങളുടെ "അവിസ്പുടഹൎഷ" ഇത്യാദികളെക്കൊണ്ടു സമുന്മീലനം സിദ്ധമെന്നുമറിയണം. സംഭോഗശൃംഗാരവും ഇതുമുതൽ പ്രകൎഷപദവിയെ പ്രാപിക്കുന്നു. ശൈലപതിനന്ദിനി = പാൎവ്വതി. ഇനി ഇവിടെ ഉത്തരാൎദ്ധത്തിലെ 'മാൎഗ്ഗാന്തരെ..................................നിന്നുമില്ല' എന്ന ഉപമയെ അല്പ

മൊന്നു പരിശോധിക്കേണ്ടതുണ്ട്. ഇവിടെ പാർവ്വതിയുടെ സ്ഥാനത്തു നദിയാണല്ലോ നില്ക്കുന്നതു്. പാർവ്വതി ഉപമേയം. നദി ആറ്—ഉപമാനം. പാർവ്വതിയുടെ പ്രാപ്യസ്ഥാനം ശിവൻ. ആറിൻെറ പ്രാപ്യസ്ഥാനം സമുദ്രം. ആറിന്നു പ്രതിബന്ധമായി നില്ക്കുന്നതു മല. ആ സ്ഥാനത്തു പാർവ്വതിക്കു എന്താണ് പ്രതിബന്ധം? ഇവിടെ വരുമ്പോൾ അല്പം ആശയക്കുഴപ്പം വരുന്നു. മലയുടെ സ്ഥാനമാണ് ഒരു നോട്ടത്തിന്നു ഇവിടെ ശിവൻ വഹിക്കുന്നതു എങ്കിലും, അങ്ങിനെ എടുത്താൽ പാർവ്വതിയുടെ പ്രാപ്യസ്ഥാനം ഏതാണ്? ആറിൻെറ പ്രാപ്യസ്ഥാനത്തിൻെറ സ്ഥാനത്തു പാർവ്വതിക്കും ഒരു പ്രാപ്യസ്ഥാനം വേണമല്ലോ. ശിവനെ പ്രാപ്യസ്ഥാനമായെടുത്താൽ തടസ്ഥരത്തിൻെറ സ്ഥാനത്തേക്കു ഒന്നുമില്ല. തടസ്ഥസ്ഥാനത്തേക്കെടുത്താൽ പ്രാപ്യസ്ഥാനത്തിനു ബദലില്ല. ശിവനാണോ പ്രാപ്യസ്ഥാനമെന്നുള്ളതിലേക്കു സംശയവുമില്ല. ആറിൻെറ ഒഴുക്കിനെ കിടപിടിപ്പാൻ ഇവിടെ അനുരാഗത്തിൻെറ ഒഴുക്കുണ്ട്. ഈ ഉപമ ഇങ്ങിനെ ഒരു ദുർഘടത്തിൽ വന്നു പെട്ടിരിക്കുന്നു. ഉപമക്കും നീങ്ങാനും നില്ക്കാനും നിവൃത്തിയില്ലാതായിരിക്കുന്നു. ഇനി ഇതിനെ നിലനിത്താൻ കൌശലം ആലോചിക്കതന്നെ നിവൃത്തിയുള്ളു. മലയുടെ സ്ഥാനത്തേക്കു വ്രീളാവിസ്മയാദി വികാരങ്ങളെതന്നെ നിത്തണം. വ്രീളകൊണ്ടു ആ പ്രാപ്യസ്ഥാനമായ ശിവനെ കടന്നു കെട്ടിപിടിപ്പാൻ നിവൃത്തിയില്ലാതായി. അനുരാഗാദിവികാരങ്ങളെക്കൊണ്ടു മടങ്ങുവാനും നിവൃത്തിയില്ല. ഇങ്ങിനെയുള്ള പതനത്തിൽ ആ ഉപമയെ വിശദീകരിക്കേണ്ടിയിരിക്കുന്നതായിട്ടാണ് കിടക്കുന്നതു്.

86. 'അവനതാംഗി'ക്കു, 'അനവമാംഗി' എന്നു വിവരണകാരൻ ഒരു പാഠഭേദം കൊടുത്തിട്ടുണ്ട്. ശ്രേഷ്ഠമായ അംഗത്തോടുകൂടിയവൾ എന്നത്ഥം. 'തനപ്രഭൃതിയിനുമുതൽ' എന്നു പറഞ്ഞതുകൊണ്ടു ദാസ്യകാലത്തിൻെറ അവധിയില്ലായ്മയാണ് വ്യഞ്ജിക്കുന്ന

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKKAVEEDU
MALAYINKIL



ത്ത്. എത്രകാലംവരെ എന്നു പറയുന്നില്ല. അതിനാൽ മേലാൽ എന്നും എന്നത്ഥം. തപസ്സിനാൽ സംക്രീതദാസൻ = തപസ്സാകുന്ന ധനംകൊടുത്തു സമ്യക്കാകുംവണ്ണം വാങ്ങപ്പെട്ട ദാസൻ. മുൻ സൂചിപ്പിച്ച സ്ത്രീധനം—തപസ്സാകുന്ന സ്ത്രീധനം—സ്മര്യം.

ദാസന്മാർ രണ്ടുതരത്തിലാണ്—ഒന്നു കുലക്രമാഗതന്മാർ, മറേറതു പണംകൊടുത്തു വാങ്ങപ്പെട്ടവർ. എനിക്കു ഈ ദാസ്യം നിൻെറ തപസ്സാകുന്ന ധനം വാങ്ങിച്ചിട്ടുണ്ടായതാണ്. വില കൊടുത്ത് വാങ്ങിയ ദാസന്മാർ മററു ദാസന്മാരേക്കാറം ആത്മായത്തന്മാരാകും. തപോധന വിലക്കു വാങ്ങിയതാണെങ്കിൽ പിന്നെ പറയേണ്ടതില്ലല്ലൊ എന്നു ഭാവം.

A76

നിയമക്ലമം = നിയമാനുഷ്ഠാനങ്ങറംകൊണ്ടുള്ള ക്ഷീണം. നിയമം = വ്രതം, തപസ്സു മുതലായ്ത്. ക്ലേശം ഫലിച്ചുവരികിൽ പ്പുതുസൌഖ്യമല്ലോ = സർവ്വകർമ്മാനുഷ്ഠാനങ്ങളിൽനിന്നുണ്ടാകുന്ന പീഡ ഫലാവാപ്തിക്കുശേഷം പുതിയതായ അവസ്ഥാന്തരത്തെ ചെയ്യുന്നുവല്ലൊ. അതാവിതു വളരെ കഷ്ടപ്പെട്ടതിന്നുശേഷം ഇഷ്ടഫലം സിദ്ധിക്കയൊണെങ്കിൽ ആ ആളെ ആ ക്ലേശംതന്നെ ദുഃഖമൊന്നുമനുഭവിച്ചിട്ടില്ലാത്തവനെപ്പോലെ ആക്കിതീക്കുമെന്നു സാരം. അലങ്കാരം—അത്ഥാന്തരന്യാസം.

ഇങ്ങിനെ എളിയതരത്തിലുള്ള ഒരു ഭാവരസചിന്ത ചെയ്വാൻ എന്നെ പ്രാപ്തയാക്കിയതു എൻെറ ഗുരുഭൂതരായ പി. കുഞ്ഞുണ്ണിമേനേൻറയും സി. കൃഷ്ണവാരിയരുടേയും അദ്ധ്യാപനരീതിയും വിവരണവ്യാഖ്യാനവുമാണ്. അതിനാൽ ഞാൻ അവരോടു രണ്ടുപേരോടും ആ വ്യാഖ്യാനത്തോടും ഏററവും കടപ്പെട്ടിരിക്കുന്നു. ഇതിൽ പലേ അഭിപ്രായവ്യത്യാസങ്ങളും പ്രമാദങ്ങളും മററു കുറവുകളും ഉണ്ടായേക്കാം. അവയെ സഹൃദയന്മാർ സദയം വീക്ഷിക്കുമല്ലൊ. ഇതു വിദ്യാത്ഥികളുടെ ചിന്താസരണിക്കു ഒരു മാർഗ്ഗദർശിയായാൽ ഞാൻ കൃതാത്ഥയായി.

ചന്ദ്രിക.

പകർപ്പവകാശം സ്വായത്തം.

# അറിയിപ്പ്

അഞ്ചാംസൎഗ്ഗം തൎജ്ജമയുടെ അച്ചടി പകുതിയായപ്പോഴാണ് മൂന്നാംസൎഗ്ഗവും തൎജ്ജമചെയ്യാൻ തീൎച്ചയാക്കിയത്. ഉടനെ അതു തൎജ്ജമചെയ്യലും വിവരമുള്ള ഒന്നുരണ്ടുപേരെക്കൊണ്ടു നോക്കിക്കലുമെല്ലാം അഞ്ചാഴ്ചക്കള്ളിൽ കഴിഞ്ഞു. രണ്ടുംകൂടി ഒന്നിച്ചു ഒരു നിൎദ്ദിഷ്ടദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കണമെന്ന കരുതലിന്മേൽ അതും മുദ്രണത്തിന്നു ഏല്പിച്ചു. എന്നാൽ മുദ്രാലയക്കാരുടെ പണിത്തിരക്കിനാൽ അതു സാധിച്ചില്ല. അതിനാൽ 5-ാംസൎഗ്ഗം അല്പം ചില പ്രതികൾ മാത്രം എടുത്ത് തുന്നിക്കെട്ടി സമയത്തിന്നു തക്കവണ്ണം ആ ചടങ്ങു നിൎവ്വഹിക്കയാണുണ്ടായത്. അത്രയും പ്രതികൾ മൂന്നാംസൎഗ്ഗവും വേർതിരിഞ്ഞു കാണും. ശേഷമെല്ലാം ഒരു ഒററപുസ്തകമായിട്ടാണ് ഇപ്പോൾ പുറത്തിറക്കിയിരിക്കുന്നത്.

ഗ്രന്ഥകൎത്താവ്.

27-10-1122.

# കുമാരസംഭവഹൃദയം

ഭാഷ.

3-ാം സർഗ്ഗം.

ഭാവപ്രകാശികാസഹിതം..

# മൂലം.

1 തസ്മിൻ മഘോന സ്ത്രിദശാൻ വിഹായ
സഹസ്രമക്ഷ്ണാം യുഗപത് പപാത
പ്രയോജനാപേക്ഷിതയാ പ്രഭൂണാം
പ്രായശ്ചലം ഗൌരവമാശ്രിതേഷു.

2 സവാസവേനാസനസം നികൃഷ്ടം
ഇതോ നിഷീദേതി വിസൃഷ്ടഭൂമിഃ
ഭർത്തുഃപ്രസാദം പ്രതി നന്ദ്യമൂർദ്ധ്നാ
വക്തും മിഥഃ പ്രാക്രമ തൈവമേനം.

3 ആജ്ഞാപയ ജ്ഞാത വിശേഷപുംസാം
ലോകേഷു യത്തേ കരണീയമസ്തി
അനുഗ്രഹം സംസ്മരണപ്രവൃത്തം
ഇച്ഛാമി സംവർദ്ധിതമാജ്ഞയാ തേ.

4 കേനാഭ്യസൂയാപദകാംക്ഷിണാ തേ
നിതാന്തദീർഘൈർജനിതാ തപോഭിഃ
യാവത് ഭവത്യാ ഹിതസായ കസ്യ
മൽകാർമുകസ്യാ സ്യതിദേശവർത്തീ.

5 അസംമതഃ ക സ്തവമുക്തിമാർഗ്ഗം
പുനർഭവക്ലേശ ഭയാത് പ്രപന്നഃ
ബദ്ധശ്ചിരം തിഷ്ഠതു സുന്ദരീണാം
ആരേചിത ഭ്രൂ ചതുരൈഃ കടാക്ഷൈഃ

6 അദ്ധ്യാപിതസ്യോശന സാപിനീനിം
പ്രയുക്തരാഗ പ്രണിധിർദ്വിഷസ്തേ
കസ്യാർത്ഥ ധർമ്മൌ വദ പീഡയാമി
സിന്ധോ സ്തടാവോഘ ഇവപ്രവൃദ്ധഃ

## ഭാഷ.

1 വിണ്ണോരെവിട്ടാമഘവാൻ സഹസ്ര
കണ്ണം പതിപ്പിച്ചിതവങ്കലൊപ്പം
ആവശ്യമൊത്താശ്രിതരിൽ പ്രഭുക്കൾ-
ക്കണ്ടായിട്ടും ഗൌരവചാഞ്ചലത്വം.

2 സിംഹാസനത്തിന്നരികത്തു പീഠം
നല്കീട്ടിരിക്കെന്നരുൾചെയ്തു ശക്രൻ
സ്വാമിപ്രസാദം തലതാഴ്ത്തി മാനി-
ച്ചോതീരഹസ്സിൽസ്സുമബാണനേവം.

3 കല്പിക്കുകാൾഭേദമറിഞ്ഞ നാഥ!
മുപ്പാരിലെന്നാൽക്കരണീയമെന്താം
ഇന്നെന്നെയോർമ്മിച്ചൊരനുഗ്രഹത്തെ-
ക്കാമിപ്പു നിൻകല്പനയാൽപ്പുലർത്താൻ.

4 ആരത്രനീണ്ടുള്ള തപസ്സിനാൽ ത്വൽ
പ്പദംകൊതിച്ചീർഷ്യഭവാനിലേററി?
ആവൈരിയിന്നെൻെറ തൊട്ടത്താമീ
യന്ത്രാജ്ഞയൊന്നിനു വിധേയനത്രേ.

5 ആരോ പുനർജന്മഭയാൽ ഭവാനി-
ന്നസന്മതൻ മോക്ഷപഥത്തിലെത്തീ?
നീണാളവൻ ബദ്ധനരാളചില്ലീ-
ലസദ്വിലോലാക്ഷികൾ തൻ കടാക്ഷാൽ.

6 നീതിപ്രദൻ ശുക്രനു ശിഷ്യനാട്ടേ,
വിപക്ഷനേവൻെറ തകർത്തിടേണ്ടു ?
രാഗാഖ്യദൂതൻ വഴിയർത്ഥധർമ്മം
ഓളം നദീവക്കുകളെക്കണക്കേ.

7 കാമേകപത്നീ വ്രത ദുഃഖശീലാം
ലോലം മനശ്ചാരു തയാ പ്രവിഷ്ടാം
നിതംബിനീമിച്ഛസി മുക്തലജ്ജാം
കണ്ഠേ സ്വയംഗ്രാഹനിഷക്തബാഹും.

8 കയാസികാമിൻ സുരതാപരാധാത്
പാദാനതഃ കോപനയാവധൂതഃ
തസ്യാഃ കരിഷ്യാമി ദൃഢാനുതാപം
പ്രവാളശയ്യാശരണം ശരീരം.

9 പ്രസീദവിശ്രാമ്യതു വീരവജ്രം
ശരൈർമദീയൈഃ കതമഃ സുരാരിഃ
ബിഭേതു മോഘീകൃത ബാഹുവീര്യ്യഃ
സ്ത്രീഭ്യോപി കോപസ്ഫുരിതാധരാഭ്യഃ

10 തവ പ്രസാദാത് കുസുമായുധോപി
സഹായമേകാ മധുമേവ ലബ്ധ്വാ
കുര്യ്യാം ഹരസ്യാപി പിനാകപാണേഃ
ധൈര്യ്യച്യുതിം കേമമധന്വിനോന്യേ

11 അഥോരുദേശാദവതാര്യ്യ പാദ-
മാക്രാന്തി സംഭാവിതപാദപീഠം
സങ്കല്പിതാർത്ഥേ വിവൃതാത്മശക്തിം
ആഖണ്ഡലഃ കാമമിദം ബഭാഷേ.

12 സർവ്വം സഖേ ത്വയ്യുപപന്നമേതത്
ഉഭേമമാസ്ത്രേ കുലിശംഭവാശ്ച
വജ്രം തപോവീര്യ്യ മഹത്സു കുണ്ഠം
ത്വം സർവ്വതോഗാമി വസാധകം ച.

7 തൻകാന്തിയാൽത്താമസകൂഹത്തിളക്കി-
ഷ്പതിവ്രതാശാശ്വമിയന്നൊരേവാം
നിർല്ലജ്ജമെത്തിസദയമേ ഭവാൻെറ
കണ്ഠേകരം ചേത്ത്രു പുണൎന്നിടേണ്ട ?

8 കാമാൎത്തനായ്ക്കാല്ക്കൽ നമിച്ചനേരം
കോപാൽ ത്യജിച്ചാളൊരുളങ്ങെയിപ്പോം?
ഗാത്രാൎത്തിചേൎത്തീത്തളിർമെത്തതന്നെ
യാധാരമാക്കിടുമവാംക്കടൻ ഞാൻ.

9 ക്ഷമിക്ക, വിശ്രാന്തികൊടുക്ക വജ്ര-
ത്തിന്നും, മമാസ്ത്രാൽസ്സുര വൈരിയേവൻ
നിവീൎയ്യനായ് ഭീതിയെഴേണ്ട കോപ-
പ്രവേപമാനാധരിമാർകളേയും?

10 ഭവാൻ കനിഞ്ഞാൽസ്സുമബാണനാണെ-
ന്നാലും വസന്തൈക സഹായനായ് ഞാൻ,
പിനാകി രുദ്രൻെറ മനസ്സുകൂടി-
യിളക്കിടാം ധന്വികളന്യരെന്താം?

11 ആഖണ്ഡലൻ തൻ തുടയിന്നെടുത്ത
കാൽവെച്ചു മാനിച്ചഥ പാദപീഠം
നിനച്ച കാൎയ്യം നിറവേററിടാമെ-
ന്നേററൊരു കന്ദൎപ്പനൊടേവമോതി.

12 സഖേ! ഭവാൻ താനിതിനൊക്കെ യോഗ്യൻ
രണ്ടേശരം വജ്രവുമങ്ങയും മേ
എത്താതപോവീരരിൽ വജ്രമെന്നാൽ
അങ്ങെങ്ങുമെത്തും സകലം നടത്തും.

13 അവൈമി തേ സാരമതഃ ഖലു ത്വാം
കാര്യ്യേ ഗുരുണ്യാത്മ സമം നിയോക്ഷ്യേ
വ്യാദിശ്യതേ ഭൂധര താമവേക്ഷ്യ
കൃഷ്ണേ ന ദേഹോ ദ്വഹനായ ശേഷഃ

14 ആശംസതാ ബാണഗതിം വൃഷാങ്കേ
കാര്യ്യം ത്വയാ നഃ പ്രതിപന്നകല്പം
നിബോധയജ്ഞാംശ ഭുജാമിദാനീം
ഉച്ചൈർദ്വിഷാമീപ്സിതമേത ദേവ.

15 അമീഹിവീര്യ്യപ്രഭവം ഭവസ്യ
ജയായ സേനാന്യമുശന്തി ദേവാഃ
സച ത്വദേകേഷു നിപാതസാധ്യോ
ബ്രഹ്മാങ്ഗ്ഭൂഃ ബ്രഹ്മണി യോജിതാത്മാ.

16 തസ്മൈ ഹിമാദ്രേഃ പ്രയതാം തനൂജാം
യതാത്മനേ രോചയിതും യതസ്വ
യോഷിത്സു തദ്വീര്യ്യനിഷേക ഭൂമിഃ
സൈവക്ഷമേത്യാത്മ ഭുവോപദിഷ്ടം.

17 ഗുരോർന്നിയോഗാച്ച നഗേന്ദ്രകന്യാ
സ്ഥാണും തപസ്യന്തമധിത്യകായാം
അന്വാസ്ത ഇത്യപ്സരസാം മുഖേഭ്യഃ
ശ്രുതംമയാമത് പ്രണിധിഃ സവർഗ്ഗഃ

18 തദ്ഗച്ഛസിദ്ധ്യൈ കുരുദേവകാര്യ്യം
അർത്ഥോയമർത്ഥാന്തരഭാവ്യ ഏവ
അപേക്ഷതേ പ്രത്യയമുത്തമാം ത്വാം
ബീജാങ്കുരഃ പ്രാഗുദയാദിവാംഭഃ

13 നിൻശക്തിയോൎത്തിട്ടൊരുമുഖ്യകാൎയ്യ-
മേല്പിപ്പു ഞാനാത്മസമൻ ഭവാനെ,
ഭ്രുതാങ്ങുമെന്നുള്ളതു കണ്ടുതൻമെ-
യ്യേററാനുമാശ്ലേഷനെയാക്കി കൃഷ്ണൻ.

14 വൃഷാങ്കനിൽബ്ബാണമയപ്പനെന്ന
വാക്കാൽ ഭവാൻ കാൎയ്യമതേററമട്ടായ്
ധരിക്ക, വൻവൈരികളുള്ള യാഗ
ഭോക്താക്കൾ തന്നിച്ഛയിതൊന്നുതന്നേ.

15 ഇദ്ദേവകൾക്കോ, ഭവദ്വീൎയ്യജാതൻ
സേനാനിയിൽത്താൻ ജയകാംക്ഷനിൽപൂ
എന്നാൽ പരബ്രഹ്മപരാപ്തിതാത്മാ-
വാശംഭുവോ നിൻെറ ശരൈകസാദ്ധ്യൻ.

16 ഹിമാദ്രിതൻ പാവന പുത്രിയാളിൽ
പ്രേമം വളൎത്തു, യമിയാം ശിവനു
സ്വയംഭു ചൊന്നാൻ ഭവദ്വീൎയ്യമേന്താൻ
ക്ഷമാദ്ധ്യയാം പെണ്ണവൾ തന്നെയെന്നായ്.

17 ഗുൎവ്വാജ്ഞയാൽ മാമലകന്യയാളും
തപസ്വിശൎവ്വൻെറ സപൎയ്യ ചെയ്തും
മേൽത്തട്ടിൽ മേവും കഥയപ്സരസ്ത്രീ
വൎഗ്ഗങ്ങളാം ചാരർ മുഖേന കേട്ടേൻ.

18 പോയങ്ങു സാധിക്കുക ദേവകാൎയ്യം
എന്നാകിൽ മറേറതതിൽ നിന്നുമുണ്ടാം
ബീജം മുളപ്പാനുദകം കണക്കു
നിഷ്പാകതിന്നുള്ളൊരു മുഖ്യഹേതു.

19 തസ്മിൻ സുരാണാം വിജയാഭ്യുപായേ
തവൈവ നാമാസ്ത്രഗതിഃ കൃതീ ത്വം
അപ്യപ്രസിദ്ധം യശസേഹി പുംസാം
അനന്യസാധാരണമേവ കർമ്മ.

20 സുരാഃ സമഭ്യർത്ഥയിതാര ഏതെ
കാര്യം ത്രയാണാമപി വിഷ്ടപാനാം
ചാപേന തേ കർമ്മ ന ചാതിഹിംസ്രം
അഹോ ബതാസി സ്പൃഹണീയ വീര്യഃ

21 മധുശ്ച തേ മന്മഥ സാഹചര്യാദ്
അസാവനുക്തോപി സഹായ ഏവ
സമീരണോനോദയിതാ ഭവേതി
വ്യാദിശ്യതേ കേന ഹുതാശനസ്യ.

22 തഥേതി ശേഷാമിവ ഭർത്തുരാജ്ഞാം
ആദായമൂർദ്ധ്നാ മദനഃ പ്രതസ്ഥേ
ഐരാവതാസ്ഫാലന കർക്കശേന
ഹസ്തേന പസ്പർശ്ശ തദംഗമിന്ദ്രഃ

23 സമാധവേനാഭി മതേന സഖ്യാ
രത്യാ ച സാശങ്കമനുപ്രയാതഃ
അംഗവ്യയപ്രാർത്ഥിതകാര്യസിദ്ധിഃ
സ്ഥാണ്വാശ്രമം ഹൈമവതം ജഗാമ.

24 തസ്മിൻ വനേ സംയമിനാം മുനീനാം
തപഃ സമാധേഃ പ്രതികൂലവർത്തീ
സങ്കല്പയോനേരഭിമാനഭൂതം
ആത്മാനമാധായ മധുർജ്ജൃംഭേ.

19 നിൻബാണമേ, ദേവജയാവലംബൻ,
ശിവങ്കലെത്തുള്ള; ഭവാൻ കൃതാൎത്ഥൻ,
മററാക്കമാകാത്തൊരു കമ്മമെത്ര
നിസ്സാരവും പൂരുഷകീൎത്തിദായി.

20 ഇദ്ദേവരൎത്ഥിപ്പവ,രിത്രിലോക
കാൎയ്യം, ഭവാനോ, പണി വിൽകുലയ്ക്കൽ,
ക്രൂരതമില്ലേറെ, മഹാത്ഭുതം നിൻ
പരാക്രമം സൎവ്വജനാഭികാമ്യം.

21 ചൊല്ലായ്കിലും മന്മഥ! കൂട്ടുകെട്ടാൽ
വസന്തനങ്ങയ്ക്കു സഹായിതന്നെ
തിയ്യിൻെറ താളത്തിനു നിന്നുതുള്ളാ-
നാർചെന്നു തെന്നല്ലുപദേശമേകും?

22 പ്രസാദമെന്നാജ്ഞ ശിരസ്സിലേന്തി-
പ്പുറപ്പെട്ടും മാരനെയാമഹേന്ദ്രൻ
ഐരാവതത്തെത്തഴകിത്തഴമ്പി-
ച്ചുള്ളോരു കൈകൊണ്ടു തലോടിവിട്ടാൻ.

23 പിന്നിൽസ്സഖാവായ വസന്തനോടു-
മാശങ്കതേടും രതിയോടുമൊത്ത്
സ്ഥാണ്വാശ്രമം പുക്കിതു കാൎയ്യസാദ്ധ്യം
പ്രാൎത്ഥിച്ചവൻ തന്നുടൽവിട്ടുപോലും.

24 അക്കാട്ടിൽവാഴും യമിമാർ മഹൎഷി-
മാൎക്കും സ്സമാധിക്ക തടസ്ഥമായി
മനോഭവനുള്ളഭിമാനഭൃതൻ
പ്രത്യക്ഷമായ്ത്താൻ വിലസീവസന്തം.

25 കുബേരഗുപ്താംദിശമുഷ്ണരശ്മൗ
ഗന്തും പ്രവൃത്തേ സമയം വിലംഘ്യ
ദിഗ്ദക്ഷിണാഗന്ധവഹം മുഖേന
വ്യളീകനിശ്വാസമിവോത്സസർജ.

26 അസൂതസദ്യഃ കുസുമാന്യശോകഃ
സ്കന്ധാത് പ്രഭൃത്യേവ സ പല്ലവാനി
പാദേന നാപൈക്ഷതസുന്ദരീണാം
സമ്പർക്കമാസിഞ്ജിത നൂപുരേണ.

27 സദ്യഃ പ്രവാളോദ്ഗമ ചാരുപത്രേ
നീതേസമാപ്തിം നവചൂതബാണേ
നിവേശയാമാസമധുർദ്വിരേഫാൻ
നാമാക്ഷരാണീവ മനോഭവസ്യ.

28 വർണ്ണപ്രകർഷേ സതികർണ്ണികാരം
ദുനോതി നിർഗ്ഗന്ധതയാ സ്മ ചേതഃ
പ്രായേണ സാമഗ്ര്യവിധൗ ഗുണാനാം
പരാങ്മുഖീ വിശ്വസൃജഃ പ്രവൃത്തിഃ

29 ബാലേന്ദുവക്രാണ്യവികാസഭാവാത്
ബഭുഃ പലാശാന്യതിലോഹിതാനി
സദ്യോവസന്തേന സമാഗതാനാം
നഖക്ഷതാനീവ വനസ്ഥലീനാം.

30 ലഗ്നദ്വിരേഫാഞ്ജന ഭക്തിചിത്രം
മുഖേമധുശ്രീസ്തിലകം പ്രകാശ്യ
രാഗേണ ബാലാരുണ കോമളേന
ചൂതപ്രവാളോഷ്ഠമലംചകാര.

25 കുബേരനാൽപ്പാലിതദിക്കിലേക്കു
നേരം വരുംമുമ്പു ഖരാംശുപോകേ,
താപത്തിനാൽത്തൻ നെടുവീപ്പുപോലാ—
മുഖേന ദിഗ്ദക്ഷിണവായുവിട്ടാൾ.

26 പെട്ടെന്നശോകം കവരംമുതല്ക്കു
പൊട്ടിത്തളിർപ്പൂക്കൾ നിറഞ്ഞുനില്പായ്:
ചിലൽച്ചിലമ്പൊച്ച വഹിച്ച നാരീ
പാദപ്രഹാരങ്ങളപേക്ഷിയാതെ.

27 ചാരുപ്രവാളച്ചിറകൊത്തു പുത്തൻ
മാമ്പൂശരം തീൎത്തുടനേവസന്തം
കാമന്റെ നാമാക്ഷരമെന്നതിങ്കൽ
കടത്തിവെച്ചൂ വരിവണ്ടിനത്തേ.

28 നിറപ്പകിട്ടേറിയ കൊന്നതൻപൂ
നിൎഗ്ഗന്ധമെന്നോൎത്തു ജനം തപിപ്പൂ;
സാമാന്യമായ് സൎവ്വഗുണംതികഞ്ഞ
സൃഷ്ടിപ്രവൃത്തിക്കലസൻവിരിഞ്ചൻ.

29 ചൊവന്നുനന്നായ് വിരിയാതരാള—
ചന്ദ്രക്കലയ്ക്കൊത്ത പലാശപുഷ്പം
വിളങ്ങിയപ്പോൾ വനലക്ഷ്മികൾക്കാ—
വസന്തയോഗത്തിൽ നഖക്ഷതംപോൽ

30 വണ്ടാംമഷിച്ചാൎത്തുകളാൽ വിചിത്രം,
ചാൎത്തീമുഖത്തിൽ തിലകം മധുശ്രീ;
ബാലാരുണച്ചന്തമിയന്ന രാഗാൽ
ചേലാക്കിമാവിൻ തളിരാകുമോഷ്ഠം.

31 മൃഗാഃ പ്രിയാളദ്രുമമഞ്ജരീണാം
രജഃ കണൈർവ്വിഘ്നിതദൃഷ്ടിപാതാഃ
മദോദ്ധതാഃ പ്രത്യനിലം വിചേരു–
ർവ്വനസ്ഥലീർമ്മർമ്മരപത്രമോക്ഷാഃ

32 ചൂതാങ്കുരാസ്വാദകഷായകണ്ഠഃ
പുംസ്കോകിലോയന്മധുരം ചുകൂജ
മനസ്വിനീമാനവിഘാതദക്ഷം
തദേവജാതം വചനം സ്മരസ്യ

33 ഹിമവ്യപായാത് വിശദാധരാണാം
ആപാണ്ഡുരീഭൂതമുഖച്ഛവീനാം
സ്വേദോദ്ഗമഃ കിം പുരുഷാംഗനാനാം
ചക്രേപദം പത്രവിശേഷകേഷു.

34 തപസ്വിനഃ സ്ഥാണുവനൗകസസ്താം
ആകാലികീം വീക്ഷ്യമധുപ്രവൃത്തിം
പ്രയത്നസംസ്തംഭിത വിക്രിയാണാം
കഥം ചിദീശാമനസാം ബഭൂവുഃ

35 തം ദേശമാരോപിതപുഷ്പചാപേ
രതിദ്വിതീയേ മദനേ പ്രപന്നേ
കാഷ്ഠാഗതസ്നേഹരസാനുവിദ്ധം
ദ്വന്ദ്വാനിഭാവം ക്രിയയാവിവവ്രുഃ

36 മധുദ്വിരേഫഃ കുസുമൈകപാത്രേ
പപൌപ്രിയാം സ്വാമനുവർത്തമാനഃ
ശൃംഗേണ ച സ്പർശനിമീലിതാക്ഷീം
മൃഗീ മകണ്ഡൂയത കൃഷ്ണസാരഃ

31 മുരാംത്തരുപ്പൂമ്പൊടികൊണ്ടു കണ്ണു
കാണാത്തതാ മേണഗണം മദത്താൽ
കുതിച്ചുകാററിന്നെതിരിട്ടു, ശുഷ്ക–
പർണ്ണാവലീമർമ്മരമാർന്ന കാട്ടിൽ.

32 മാവിൻതളിർതിന്നുതെളിഞ്ഞകണ്ഠാൽ
കൂകീടിനാനാൺകുയിൽ ഭംഗിയായി.
സുമാനിനീദർപ്പമടക്കി നിത്താ–
മെന്നായതാ ക്കാമപരസ്യമായി.

33 ഹിമാർത്തിതീർന്നിട്ടധരം തെളിഞ്ഞും,
ലേശംപെടും പാണ്ഡുമുഖാഭചേർന്നും,
മേവുന്ന കിംപുരുഷനാരിമാർക്കു
വിയർപ്പുതെല്ലാർന്നുവിശേഷകത്തിൽ.

34 സ്ഥാണ്വാശ്രമം തന്നിലെഴും മുനീന്ദ്രർ
കാലംവരാതാഗതമാം വസന്തം,
കണ്ടുള്ളിലുണ്ടായ വികാരമെല്ലാ–
മേറെപ്പണിപ്പെട്ടു പിടിച്ചമർത്തി.

35 കുലച്ചവില്ലൊത്തു രതീസമേതൻ
കാമൻ വനംപുക്കളെവാത്തരാഗാൽ
ദ്വന്ദ്വങ്ങളായ് സൃഷ്ടിയിലുള്ളതെല്ലാം
ശൃംഗാരചേഷ്ടാഭിനയങ്ങൾ കാട്ടി.

36 സ്വയംമെരുക്കി പ്രിയയൊത്തൊരേക–
പ്പൂന്തട്ടിലെത്തേൻ ഭ്രമരം നുകർന്നു
സ്പർശത്തിനാൽക്കണ്ണടയുംവിധം തൻ
കൊമ്പാൽ ചൊറിഞ്ഞു; കല, പേടയേയും.

37 ദദൌരസാത് പങ്കജരേണുഗന്ധി
ഗജായ ഗണ്ഡൂഷ ജലം കരേണു
അർദ്ധോപഭുക്തേന ബിസേന ജായാം
സംഭാവയാമാസരഥാംഗനാമാ.

38 ഗീതാന്തരേഷു ശ്രമവാരിലേശൈഃ
കിംചിത് സമുച്ഛ്വാസിതപത്രലേഖം
പുഷ്പാസവാഘൂർണ്ണിതനേത്രശോഭി
പ്രിയാമുഖം കിംപുരുഷശ്ചുചുംബേ.

39 പര്യാപ്തപുഷ്പസ്തബകസ്തനാഭ്യഃ
സ്ഫുരത് പ്രവാളോഷ്ഠ മനോഹരാഭ്യഃ
ലതാവധൂഭ്യസ്തരവോപ്യവാപുഃ
വിനമ്രശാഖാഭുജബന്ധനാനി.

40 ശ്രുതാപ്സരോഗീതി രപിക്ഷണേസ്മിൻ
ഹരഃ പ്രസംഖ്യാനപരോബഭൂവ
ആത്മേശ്വരാണാം നഹി ജാതുവിഘ്നാഃ
സമാധിഭേദ പ്രഭവോ ഭവന്തി.

41 ലതാഗൃഹദ്വാരഗതോഥ നന്ദീ
വാമപ്രകോഷ്ഠാർപ്പിതഹേമവേത്രഃ
മുഖാർപ്പിതൈകാംഗുലി സംജ്ഞയൈവ
മാചാപലായേതിഗണാൻ വ്യനൈഷീത്.

42 നിഷ്കമ്പവൃക്ഷം നിഭൃതദ്വിരേഫം
മൂകണ്ഡജം ശാന്തമൃഗപ്രചാരം
തച്ഛാസനാത് കാനനമേവസർവ്വം
ചിത്രാർപ്പിതാരംഭമിവാവതസ്ഥേ.

37 കൊമ്പനു പങ്കേരുഹ സൌരഭം തൻ
ഗണ്ഡൂഷവെള്ളം പിടിയാന നല്കി;
ചവിച്ചതണ്ടാർവളയാർദ്ധമേകി-
സ്വകാന്തയെസ്സൽകൃതിചെയ്തു കോകം.

38 സംഗീതമദ്ധ്യത്തിൽ വിയത്തടന്ന
പത്രത്തൊട്ടും പൂമധുപാനമൂലം
കലങ്ങിമിന്നും മിഴിയോടുമൊത്ത
കാന്താമുഖം കിംപുരുഷൻ നുകന്നാൻ.

39 മുഴപ്പെഴും പൂങ്കുലനൽക്കുചങ്ങ-
ളൊത്തും സ്ഫുരൽചെന്തളിരോഷ്ഠമാർന്നും,
ശാഖാകരം താഴ്ത്തി ലതാവധൂസം-
ശ്ലേഷം സുഖംപൂണ്ടു തരുക്കൾപോലും.

40 ദിവ്യാംഗനാഗാനവുമപ്പൊഴീശൻ
കേട്ടിട്ടുമുൾത്താരുലയാതെ നിത്തി;
ആത്മാധിപക്കുള്ള സമാധിഭംഗം
വിഘ്നങ്ങളാൽ ചെയ്വതു സാദ്ധ്യമാമോ?

41 പൊൻചൂരൽതൻ വാമകരത്തിലേന്തി-
ട്ടാകുഞ്ജവാതുക്കലണഞ്ഞനന്ദി,
ഗണങ്ങളെച്ചാപലചേഷ്ടയിന്നു
മുഖത്തിൽവെച്ചംഗുലിയാൽ വിലക്കി.

42 മരങ്ങൾ നിശ്ചഞ്ചലമായ്, ദ്വിരേഫം
മൂളാതെയായ്, പക്ഷികൾ കൂകിടാതായ്,
മൃഗങ്ങൾ നില്പായി; തദാജ്ഞയാലെ,
കാടാശു ചിത്രത്തിൽ വരച്ചപോലായ്.

43 ദൃഷ്ടിപ്രപാതം പരിഹൃത്യതസ്യ
കാമഃ പുരഃശുക്രമിവപ്രയാണെ
പ്രാന്തേഷു സംസക്തനമേരുശാഖം
ധ്യാനാസ്പദം ഭൂതപതേർവിവേശ

44 സദേവദാരുദ്രുമവേദികായാം
ശാർദ്ദൂലചർമ്മ വ്യവധാനവത്യാം
ആസീനമാസന്ന ശരീരപാതഃ
ത്രിയംബകം സംയമിനം ദദർശ

45 പര്യ്യങ്കബന്ധസ്ഥിരപൂർവ്വകായം
ഋജ്വായതം സം നമിതോഭയാംസം
ഉത്താനപാണിദ്വയ സംന്നിവേശാത്
പ്രഫുല്ലരാജീവമിവാങ്കമദ്ധ്യേ.

46 ഭുജംഗമോന്നദ്ധ ജടാ കലാപം
കർണ്ണാവസക്തദ്വിഗുണാക്ഷസൂത്രം
കണ്ഠപ്രഭാസങ്ക വിശേഷനീലാം
കൃഷ്ണത്വചം ഗ്രന്ഥിമതീം ദധാനം.

47 കിംചിത് പ്രകാശ സ്തിമിതോഗ്രതാരൈഃ
ഭ്രൂവിക്രിയായാം വിരതപ്രസംഗൈഃ
നേത്രൈരവിസ്പന്ദിത പക്ഷ്മമാലൈഃ
ലക്ഷീകൃതഘ്റാണമധൊ മയൂഖൈഃ

48 അവൃഷ്ടിസംരംഭമിവാംബുവാഹം
അപാമിവാധാരമനുത്തരംഗം
അന്തശ്ചരാണാം മരുതാം നിരോധാ_
ന്നിവാതനിഷ്കംപമിവപ്രദീപം

PRESENTED BY:
SRI.M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL
9570

43 യാത്രാമുഖേ ഭാഗ്ഗാദൃഷ്ടിയിൽപ്പോ–
ലവന്റെ കണ്ണിൽപ്പതിയാതെ കാമൻ,
ചെന്നാൻ നമേരുദ്രുമശാഖതിങ്ങി–
ച്ചുഴന്ന ഭൂതേശസമാധി ദിക്കിൽ.

44 നൽദേവദാരുത്തരുവിൻ തറയ്ക്കൽ
ശാർദ്ദൂലചർമ്മത്തെ വിരിച്ചതിങ്കൽ,
ത്രിയംബകൻ യോഗിയെയങ്ങു കണ്ടാൻ
ശരീരനാശത്തിനടുത്ത കാമൻ.

45 തുടയ്ക്കു പാദങ്ങൾ പിണച്ചുറച്ചും,
നിവിർന്നു നീണ്ടങ്ങിരുതോൾ കുനിച്ചും,
വിരിഞ്ഞചെന്താമരയെന്നമട്ടായ്
മടിക്കുമേൽ കൈകൾ മലർത്തിവെച്ചും;

46 പാമ്പാലുയർത്തിജ്ജടകെട്ടി, യക്ഷ
മാല്യം മടക്കായ് ചെവിയീന്നു ഞാന്നും,
തോളത്തുകണ്ഠപ്രഭകൊണ്ടിരുണ്ട
കൃഷ്ണാജിനക്കെട്ടു ധരിച്ചുകൊണ്ടും;

47 സ്തംഭിച്ചകണ്ണിൻ മണികാണുമാറായ്
മിഴിച്ചു്, ചില്ലീചലനം വെടിഞ്ഞും,
കൺപോളചിന്നാതെ മരീചിവീഴ്ത്തി
നേത്രങ്ങൾ നാസാഗ്രമണച്ചുകൊണ്ടും;

47 കാറാർന്നു പെയ്യാമുകിൽ പോലെയായും
കല്ലോലമില്ലാക്കയതുല്യമായും
പ്രാണപ്രയാണങ്ങളടക്ക മൂലം
കാറ്റേശിടാദ്ദീപ സമാനമായും;

49 കപാല നേത്രാന്തര ലബ്ധമാർഗ്ഗൈഃ
ജ്യോതിഃ പ്രരോഹൈ രുദിതൈഃ ശിരസ്ഥഃ
മൃണാളസൂത്രാധിക സൌകുമാര്യാം
ബാലസ്യ ലക്ഷ്മീം ഗ്ലപയന്ത മിന്ദോഃ

50 മനോ നവദ്വാരനിഷിദ്ധവൃത്തി
ഹൃദി വ്യവസ്ഥാപ്യ സമാധിവശ്യം
യ മക്ഷരം ക്ഷേത്രവിദോ വിദുസ്തം
ആത്മാനമാത്മന്യവലോകയന്തം

51 സ്മര സ്തഥാഭൂത മയുഗ്മനേത്രം
പശ്യന്നദൂരാത് മനസാപ്യധൃഷ്യം
നാലക്ഷയത് സാദ്ധ്വസ സന്നഹസ്തഃ
സ്രസ്തം ശരം ചാപ മപി സ്വഹസ്താത്

52 നിർവ്വാണഭൂയിഷ്ഠമഥാ സ്യവീര്യം
സന്ധുക്ഷയന്തീവ വപുർഗ്ഗുണേന
അനുപ്രയാതാ വനദേവതാഭ്യാം
അദൃശ്യത സ്ഥാവരരാജകന്യാ.

53 അശോകനിർഭർത്സിതപത്മരാഗം
ആകൃഷ്ട ഹേമദ്യുതി കർണ്ണികാരം
മുക്താകലാപീകൃത സിന്ദുവാരം
വസന്തപുഷ്പാഭരണം വഹന്തീ.

54 ആവർജ്ജിതാ കിഞ്ചിദിവ സ്തനാഭ്യാം
വാസോവസാനാ തരുണാർക്കരാഗം
പര്യാപ്തപുഷ്പസ്തബകാവനമ്രാ
സഞ്ചാരിണീ പല്ലവിനീ ലതേവ.

49 ശിരസ്സിൽ നിന്നിട്ടുളവായ് കപാല-
നേത്രന്ന പോന്നുള്ള മരീചിയാലെ,
തണ്ടാരിളം നൂലൊളിയെജ്ജയിച്ച
ബാലേന്ദുശോഭയ്ക്കൊരു മങ്ങൽചേർത്തും;

50 മനം, നവദ്വാരമടച്ചു പൂട്ടി-
സ്സമാധിയാൽത്തൻ ഹൃദയത്തിൽ നിർത്തി,
തത്വജ്ഞർ ചൊല്ലുന്നൊരനന്തനാകു
മാത്മാവെയാത്മാവിൽ നിരീക്ഷചെയ്തും;

51 ആമട്ടു ചിന്തയ്ക്കുമധൃഷ്യനാമ-
ത്രിനേത്രനെ ത്തന്നരികത്തു കാൺകെ,
കാമൻ നടുങ്ങീട്ടണിവില്ലുമമ്പും
കൈത്താർ കുഴഞ്ഞൂർന്നതറിഞ്ഞതില്ല.

52 തൻമൈ ഗുണത്താലലരമ്പ നഷ്ട-
വീര്യത്തെയാളിക്കുമൊരാഭയോടെ,
വന്നെത്തിയപ്പോളഗരാജ കന്യ,
പിന്നാലെയെത്തീവനദേവിമാരും.

53 നൽപത്മരാഗം തൊഴുമാമശോകം,
സ്വർണ്ണാഭകുമ്പിട്ടൊരു കൊന്നതൻ പൂ,
നന്മുത്തു തോല്ക്കും കരുനെച്ചി, യെന്നീ
വസന്തപുഷ്പാഭരണങ്ങളൊത്തും;

54 കുചങ്ങളാലൊട്ടുവനമ്രമെയ്യി-
ലാരക്തവർണ്ണാഞ്ചിതചേല ചുററി,
ആകെത്തളിർപ്പൂങ്കുലകൊണ്ടു ചാഞ്ഞു
ചരിപ്പതാകും ലതയെന്നപോലെ;

55 സ്രസ്താം നിതംബാദവലംബമാനാ
പുനഃ പുനഃ കേസരദാമകാഞ്ചീം
ന്യാസീകൃതാം സ്ഥാനവിദാ സ്മരേണ
മൌർവ്വീം ദ്വിതീയാമിവ കാർമ്മുകസ്യ.

56 സുഗന്ധനിശ്വാസവിവൃദ്ധതൃഷ്ണം
ബിംബാധരാസന്നചരം ദ്വിരേഫം
പ്രതിക്ഷണം സംഭ്രമലോലദൃഷ്ടിഃ
ലീലാരവിന്ദേന നിവാരയന്തീ.

57 താം വീക്ഷ്യ സർവ്വാവയവാനവദ്യാം
രതേ രപി ഹ്രീപദ മാദധാനാം
ജിതേന്ദ്രിയേ ശൂലിനി പുഷ്പചാപഃ
സ്വകാർയ്യസിദ്ധിം പുനരാശശംസേ

58 ഭവിഷ്യതഃ പത്യുരുമാ ച ശംഭോഃ
സമാസസാദപ്രതിഹാരഭൂമിം
യോഗാത്സ ചാന്തഃ പരമാത്മ സംജ്ഞം
ദൃഷ്ട്വാ പരം ജ്യോതി രുപാരരാമ

59 തതോ ഭുജംഗാധിപതേഃ ഫണാഗ്രൈഃ
അധഃകഥഞ്ചിത് ധൃതഭൂമിഭാഗഃ
ശനൈഃകൃതപ്രാണവിമുക്തിരീശഃ
പർയ്യങ്കബന്ധം നിബിഡം ബിഭേദ.

60 തസ്മൈ ശശംസ പ്രണിപത്യ നന്ദീ
ശുശ്രൂഷയാ ശൈലസുതാ മുപേതാം
പ്രവേശയാമാസ ച ഭർത്തുരേനാം
ഭ്രൂക്ഷേപമാത്രാനുമത പ്രവേശാം

55 നിതംബഭാഗത്തുതരുമിക്കിഴിഞ്ഞോ–
തിലഞ്ഞിമാലാമലർമഞ്ജുകാഞ്ചി,
സ്ഥാനജ്ഞനാമസ്മരനഞ്ഞു വെച്ച
രണ്ടാമതാം ഞാണതുപോൽ പിടിച്ചും;

56 വണ്ടിൻറെ നിശ്വാസസുഗന്ധമേററ
തൊണ്ടിക്കു തുല്യാധരമോടടുക്കേ,
ഉണ്ടാം ഭയത്താലുടനാശു കേളി–
ത്തണ്ടാരുകൊണ്ടാട്ടിയകററി വിട്ടും;

57 നാണം രതിക്കും പെടുമാറനിന്ദ്യ–
സൗന്ദര്യ്യമാമങ്കയിലഞ്ഞു കാൺകേ,
ജിതേന്ദ്രിയൻ ശൂലിയിലാന്ന തൻകാ–
ര്യ്യാസക്തി മൂത്തു; മദനന്നു വീണ്ടും.

58 ആശംഭുവാം ഭാവിവരൻെറ വാസ–
ദ്വാരപ്രദേശത്തുമയൊന്നു നിന്നാൾ,
യോഗത്തിലപ്പോൾ പരമാത്മരൂപം
പാർത്തീശനേകാഗ്രത വിട്ടണഞ്ഞാൻ.

59 സമാധിയിൽശ്ശങ്കരപാദഭൂമി
താങ്ങീട്ടനന്തൻ വിഷമിക്കെ, യീശൻ,
തൻപ്രാണവായുക്കളെ മെല്ലെ വിട്ടാ
വീരാസനം വിട്ടെഴുന്നീററു പിന്നെ.

60 ശുശ്രൂഷ ചെയ്വാൻ ഗിരിവത്സയെത്തി
യെന്നീശനെക്കൂപ്പിയുണർത്തി നന്ദി,
വരാജ്ഞ ചില്ലിക്കൊടിവെട്ടു മാത്രാൽ
വാങ്ങിപ്രവേശത്തെയവൾക്കു നല്കീ.

61 തസ്യാഃ സഖീഭ്യാം പ്രണിപാതപൂൎവ്വം
സ്വഹസ്തലൂനഃ ശിശിരാത്യയസ്യ
വ്യകീൎയ്യത ത്ര്യംബക പാദമൂലേ
പുഷ്പോച്ചയഃ പല്ലവഭംഗഭിന്നഃ

62 ഉമാപി നീലാളകമദ്ധ്യശോഭി
വിസ്രംസയന്തീ നവകൎണ്ണികാരം
ചകാര കൎണ്ണച്യുതപല്ലവേന
മൂൎദ്ധ്നാ പ്രണാമം വൃഷഭധ്വജായ.

63 അനന്യഭാജംപതി മാപ്നുഹീതി
സാ തഥ്യമേവാഭി ഹിതാ ഭവേന
നഹീശ്വരവ്യാഹൃതയഃ കദാചിത്
പുഷ്ണന്തി ലോകേ വിപരീതമൎത്ഥം.

64 കാമസ്തു ബാണാവസരം പ്രതീക്ഷ്യ
പതങ്കവത് വഹ്നിമുഖം വിവിക്ഷുഃ
ഉമാ സമക്ഷം ഹരബദ്ധലക്ഷ്യഃ
ശരാസനജ്യാം മുഹു രാമമൎശ

65 അഥോപനിന്യേ ഗിരിശായ ഗൗരീ
തപസ്വിനേ താമ്രരുചാകരേണ
വിശോഷിതാം ഭാനുമതോ മയൂഖൈഃ
മന്ദാകിനീപുഷ്കരബീജമാലാം

66 പ്രതിഗ്രഹീതും പ്രണയിപ്രിയത്വാത്
ത്രിലോചനസ്താ മുപചക്രമേ ച
സംമോഹനംനാമ ച പുഷ്പധന്വാ
ധനുഷ്യമോഘം സമധത്ത ബാണം

61 തൻകൈകളാൽത്തന്നെയറുത്തതാകും
വസന്തശോണത്തളിർ പുഷ്പജാലം,
മുക്കണ്ണകാൽത്താരടിയിങ്കലർപ്പി-
ച്ചുതോഴിമാർ കൂപ്പുകരേണ നിന്നാർ.

62 കൊന്നത്തരുപ്പൂവളകത്തിൽനിന്നും,
നന്നായ്ത്തിളങ്ങും തളിർകാതിൽനിന്നും,
താഴത്തു വീഴെ,ശ്ശിരസാ നമിച്ചാൾ
വൃഷധ്വജൻ ദേവനെ ഗൗരി താനും.

63 "അനന്യഭാക്കാം പതിയെ ലഭിക്കെ"
ന്നനുഗ്രഹിച്ചാൻ ഭവ,നർത്ഥയുക്തം,
മഹേശ്വരന്മാരരുളുന്ന വാക്കി-
നർത്ഥം മറിച്ചായി വരുന്നതാമോ?

64 തിയ്യിൽപ്പതിപ്പാൻ പതംഗംകണക്കെ
ബ്ബാണം തൊടുപ്പാനിട പാർത്തകാമൻ,
ഉമാസമക്ഷം ഹരലക്ഷ്യമായ
വില്ലിന്റെ ഞാൺ നീട്ടിവലിച്ചു വീണ്ടും.

65 വെയ്ലത്തു വാടിത്തരമൊത്തുകോർത്ത
വിണ്ണോർനദീപങ്കജബീജമാല,
തപസ്വിയാകും ഗിരിശന്നു ഗൗരി
ചൊവന്നകൈകൊണ്ടഥകാഴ്ചവെച്ചാൾ

66 ഭക്തപ്രിയംകൊണ്ടതുവാങ്ങുവാനായ്
മുക്കണ്ണദേവൻ തുനിയുന്നനേരം,
പൂവില്ലനും സൽഫലകീർത്തിപേറും
സമ്മോഹനം ബാണമണച്ചു ഞാണിൽ.

67 ഹരസ്തു കിഞ്ചിത് പരിലുപ്തധൈര്യഃ
ചന്ദ്രോദയാരംഭ ഇവാംബുരാശിഃ
ഉമാമുഖേ ബിംബഫലാധരോഷ്ഠേ
വ്യാപാരയാമാസ വിലോചനാനി

68 വിവൃണ്വതീ ശൈലസുതാപി ഭാവം
അംഗൈഃ സ്ഫുരത് ബാലകദംബകല്പൈഃ
സാചീകൃതാ ചാരുതരേണ തസ്ഥൗ
മുഖേന പര്യസ്ത വിലോചനേന.

69 അഥേന്ദ്രിയക്ഷോഭമയുഗ്മനേത്രഃ
പുനർവ്വശിത്വാത് ബലവന്നിഗൃഹ്യ
ഹേതും സ്വചേതോവികൃതേർ ദിദൃക്ഷുഃ
ദിശാമുപാന്തേഷു സസർജ ദൃഷ്ടിം

70 സദക്ഷിണാപാംഗ നിവിഷ്ട മുഷ്ടിം
നതാംസ മാകുഞ്ചിത സവ്യപാദം
ദദർശ ചക്രീകൃത ചാരുചാപം
പ്രഹർത്തു മഭ്യുദ്യത മാത്മയോനിം

71 തപഃ പരാമർശവിവൃദ്ധമന്യോഃ
ഭ്രൂഭംഗ ദുഷ്പ്രേക്ഷ്യ മുഖസ്യ തസ്യ
സ്ഫുരന്നുദർച്ചിഃ സഹസാ തൃതീയാ
ദക്ഷ്ണഃ കൃശാനുഃ കില നിഷ്പപാത.

72 ക്രോധം പ്രഭോ സംഹര സംഹരേതി
യാവദ്ഗിരഃ ഖേ മരുതാം ചരന്തി
താവത്സ വഹ്നിർഭവനേത്രജന്മാ
ഭസ്മാവശേഷം മദനം ചകാര.

67 വാർതിങ്കറംതൻ വെൺകതിർ കണ്ടിടുന്ന
വാരാശിപോൽ തെല്ലു തുടിച്ചു രുദ്രൻ,
തൊണ്ടിപ്പഴം പോലധരോഷ്ഠമാന്ന-
ള്ളമാമുഖത്തക്ഷികളെ നടത്തി.

68 ഇളംകടമ്പിൻ മുളപോലെ മേനി-
യടച്ചുരോമാഞ്ച മണിഞ്ഞ ഗൌരി,
ആലോലനേത്രാഞ്ചിതമാം മുഖത്തെ
വിലാസഭാവേന തിരിച്ചു നിന്നാറം.

69 ജിതേന്ദ്രിയത്വാൽബലമായ് ത്രിനേത്രൻ
തന്നുള്ളിലെക്ഷോഭ മടക്കിയാറേ,
ഓടിച്ചുതൻ കണ്ണുകറം നാലുപാടും
തേടിപ്പിടിപ്പാൻ സ്വവികാരമൂലം.

70 മുന്നിട്ടിടം കാലുമടക്കി, യംസം
കുനിച്ചു, തൻ ദക്ഷിണകൺകടയ്ക്കൽ,
വളച്ച വില്ലോടണി മുഷ്ടിചേർത്തും,
മനോജനമ്പോങ്ങിയെഴുന്നകണ്ടാൻ.

71 തപസ്സിനല്പം തടവാന്ന, കോപാൽ
ച്ചുളിച്ച ചില്ലീയുതഭീകരാസ്യൻ,
ദേവൻെറ മൂന്നാം നയനത്തിൽനിന്നും
ജവേനതേജോമയ വഹ്നിചിന്നി.

72 സ്വാമിൻ! ഭവാൻ കോപമടക്ക,ടക്കെ,-
ന്നെപ്പോറംപ്പതിച്ചു സുരവാക്കവാനിൽ,
അപ്പോറംക്കഴിഞ്ഞു മദനൻെറ ദേഹം
ഭവൻെറനേത്രാഗ്നിയിൽ ഭസ്മമാകൽ

73 തീവ്രാഭിഷാംഗപ്രഭവേണവൃത്തിം
മോഹേന സംസ്തംഭയ തേന്ദ്രിയാണാം
അജ്ഞാത ഭർത്തൃവ്യസനാ മുഹൂർത്തം
കൃതോപകാരേവ രതിർബഭൂവ.

74 ത മാശു വിഘ്നംതപസ സ്തപസ്വീ
വനസ്പതീം വജ്ര ഇവാ വഭജ്യ
സ്ത്രീ സംനികഷ്ടം പരിഹർത്തു മിച്ഛൻ
അന്തർദധേ ഭൂതപതിഃ സഭൂതഃ

75 ശൈലാത്മജാപി പിതു രുച്ഛിരസോ ഭിലാഷം
വ്യർത്ഥം സമർത്ഥ്യ ലലിതം വപു രാത്മനശ്ച
സഖ്യോഃ സമക്ഷ മിതി ചാ ധികജാതലജ്ജാ
ശൂന്യാ ജഗാമ ഭവനാഭിമുഖീ കഥംചിത്

76 സപദിമുകുളിതാക്ഷീം രുദ്രസംരംഭഭീത്യാ
ദുഹിതരമനുകമ്പ്യാ മദ്രിരാദായ ദോർഭ്യാം
സുരഗജഇവബിഭ്രത് പത്മിനീം ദന്തലഗ്നാം
പ്രതിപഥഗതിരാസീ ദ്വേഗ ദീർഘീകൃതാംഗഃ

73 ദുർവ്വാര ദുഃഖത്തിലമർന്നമന്ദം
മന്ദിച്ചസർവ്വേന്ദ്രിയ ജാതമോഹം,
സ്വഭർത്തൃനാശാർത്തിയറിഞ്ഞിടായ്വാൻ
രതിയ്ക്കു മാത്രയ്ക്കുപകാരമായി.

74 തപം മുടക്കുന്നവനെക്ഷണത്തിൽ–
ഖണ്ഡിച്ചു വജ്രം തരുവെക്കണക്കെ,
ഭൂതേശനബ്ഭൂത ഗണങ്ങളോടെ
സ്ത്രീ സന്നിധാനം വിടുവാൻ മറഞ്ഞാൻ.

75 താതൻമഹാൻറെയഭിലാഷവുമാത്മരൂപ–
ചാരുത്വവും വിഫലമെന്നു നിനച്ചു ഗൗരി,
തോഴീ സമക്ഷമിതുപോലുളവായ ലജ്ജ–
യോർത്താർത്തയായി നിജമന്ദിര മാർഗ്ഗമാർന്നാൾ.

76 ഹരനുടെ കടുകോപാൽ ഭീതയായ്, ദീനയായി,–
ത്തിരുമിഴികളടച്ചുംകൊണ്ടെഴും പുത്രിയാളെ.
സുരഗജമിരുകൊമ്പത്തംബുജം തൂക്കിഃയാണം
ഗിരിവരനുമെടുത്തിട്ടേറെ വേഗം ഗമിച്ചാൻ.

സമാപ്തം.

# കുമാരസംഭവഹൃദയം

## ഭാഷ. 3-ാം സൎഗ്ഗം

### ഭാവപ്രകാശികാ.

1. മഘവാൻ = ഇന്ദ്രൻ. ആവശ്യമൊത്ത് = കാൎയ്യം അനുസരിച്ച് ചഞ്ചലതചം = ഇളക്കം, മാറിക്കൊണ്ടിരിക്കുന്ന സ്വഭാവം. ഉണ്ടായിട്ടും = സാധാരണ ഉണ്ടാവുക പതിവാണ്. ആവശ്യ..........................ചഞ്ചലതചം = ആശ്രിതരെക്കൊണ്ടു നെടേണ്ടതായ കാൎയ്യത്തിൻെറ സ്ഥിതിയനുസരിച്ച പ്രഭുക്കാംകൾ (യജമാനന്മാൎക്ക) അവരോടു കാണിക്കാറുള്ള ഗൌരവത്തിന്നു ഭേദം വരുമെന്നൎത്ഥം. അതാറ്റതു, കാൎയ്യം വലിയതാണെങ്കിൽ യജമാനന്മാരുടെ ഗൌരവം കുറയുകയും, ലഘുവാണെങ്കിൽ വലുതാകയും ചെയ്യുമെന്നു സാരം. മഘവാൻ എന്ന വാക്കപയോഗിച്ചതു് ഇന്ദ്രൻെറ ഗൌരവത്തിൻെറ വലുപ്പം കാണിപ്പാനാണ്. അനവധി യാഗങ്ങാം ചെയ്തു ഇന്ദ്രപട്ടം ലഭിച്ച ആാം എത്ര ഗൌരവം കാണിച്ചാലും അതു അധികമായി എന്നു വരുന്നതല്ല. ആ അവസ്ഥയ്ക്കനുസരിച്ച ഗൌരവം കാണിക്കയും വേണം. ആശ്രിതന്മാരോടു പ്രത്യേകിച്ചും. എന്നാൽ അതു ഇവിടെയുണ്ടായില്ല. അതിന്നു കാരണം ആശ്രിതൻമുഖാന്തിരം തനിക്കു സിദ്ധിക്കേണ്ട കാൎയ്യം വളരെ വലിയതായിരുന്നതാണ്. ഇവിടെ താൻ വലിയ യോഗ്യനാണെന്നുള്ള നാട്യവും നടിച്ചിരുന്നാൽ ചിലപ്പോാം ആശ്രിതന്മാർ അത്ര വഴങ്ങിയില്ലെന്നു വരും. അങ്ങിനെയൊരു വിചാരം അവരിൽ ജനിപ്പിക്കാതിരിപ്പാനാണു ഈ അടവു എടുത്തതു്. സഹസ്രകണ്ണും പതിപ്പിച്ചിതവങ്കലൊപ്പം— ഇതു കാമദേവനോടുള്ള ആദരവിനേയും കാൎയ്യഗൌരവത്തേയും കാണിക്കുന്നു. വിണ്ണോരെ വിട്ടു അവങ്കൽ പതിപ്പിച്ചു എന്നു

പറഞ്ഞതുകൊണ്ടു, കാമദേവൻ വരുന്ന വരെ, ആ ആയിരം കണ്ണുകളും മുപ്പത്തിമുക്കോടി ദേവകളിലുമാണു പതിപ്പിച്ചിരുന്നതു് എന്നും, കാമൻെറ ആഗമനത്തിൽ അവരെയെല്ലാം ഉപേക്ഷിച്ചു് കാമനിൽ ഒരാളിൽ മാത്രമാക്കിയെന്നും വരുന്നു. അതുതന്നെ കാമനോടുള്ള ആദരവിനെ വ്യക്തമാക്കുന്നു. പോരെങ്കിൽ ഒപ്പം പതിപ്പിച്ചു എന്നു പറഞ്ഞതുകൊണ്ടു ആ ആദരവിൻെറ മാററു കൂട്ടുന്നു. ആയിരം കണ്ണുകളും തങ്കൽപതിയേണമെന്നുള്ള ആഗ്രഹത്തോടുകൂടിയവരാണ് ഓരോ ദേവന്മാരും. എന്നാൽ അനവധി ആളുകൾക്കുകൂടി ഒരു കണ്ണിൻെറ ദർശനസുഖമെല്ലാനെ ഇവിടെ വകയുള്ളു. അങ്ങിനെയിരിക്കേ അതെല്ലാംകൂടി കാമനിൽ പതിപ്പിച്ചാൽ—അതും ദേവന്മാർ കാൺകെ ചെയ്താൽ—കാമനോടുള്ള ആദരവിൻെറ സീമ നിർണ്ണയിക്കാം. എത്ര മനക്കരുത്തുള്ള ആളേയും വലയിൽപ്പെടുത്തുവാൻ ഇതിൽക്കവിഞ്ഞു മററെന്താദരവാണു വേണ്ടതു്? ഒന്നു് സംശയമില്ല, കാമദേവൻ വലിപ്പം കയററിയാൽ കയറുന്ന ആളാണെന്നു ഇന്ദ്രൻ മുമ്പുതന്നെ ധരിച്ചുവെച്ചിട്ടുണ്ടാവണം. അങ്ങിനെയാണെന്നു താഴെയുള്ള ഭാഗങ്ങളെക്കൊണ്ടു തെളിയുന്നുമുണ്ട്. ഉത്തരാർദ്ധം ഈ പ്രകിട്ടെല്ലാം കാണിച്ചതിൻെറ ഉദ്ദേശത്തെ വെളിവാക്കുന്നു. ഇതിൽനിന്നും സിദ്ധിക്കുന്നതു പ്രമാണികളായ പ്രഭുക്കൾ സന്ദർഭോചിതമായും കാര്യഗൌരവംപോലേയും ആശ്രിതന്മാരുടെ സ്വഭാവബലക്ഷയങ്ങളെ മനസ്സിലാക്കി അതാതു ആളോടു അതാതുവിധം പെരുമാറാൻ പഠിച്ചവരാണെന്നും അവർ ഗുണതന്ത്രന്മാരേക്കാൾ ഫലതന്ത്രന്മാരേയാണു അധികം ബഹുമാനിക്കുകയെന്നുമാണല്ലൊ.

2. സ്വാമിപ്രസാദം = യജമാനൻെറ പ്രീതി. തൻെറ സിംഹാസനത്തിനു സമീപം ആസനം നല്കി "ഇവിടെ ഇരിക്കു" എന്ന ക്ഷണമാകുന്ന പ്രസാദം. പ്രഭുക്കൾ തങ്ങളിൽ താന്നവരെ

മാനിക്കേണ്ടമെന്നുണ്ടെങ്കിൽതന്നെ അതു പലവിധത്തിലുമാകാം. ഗൃഹത്തിൻെറ എവിടെയെങ്കിലും രണ്ടു പീഠങ്ങൾ ഇട്ടുവിപ്പിച്ചു ഒപ്പമിരുന്നു മാനിക്കാം. ഇവിടെ അങ്ങിനെയല്ല. ആസ്ഥാനമണ്ഡപത്തിൽ തൻെറ സിംഹാസനത്തിന്നരികത്താണ്. സിംഹാസനത്തിന്നരികത്തു സ്ഥാനം തന്നോടു സമന്മാർക്കോ അത്രയ്ക്കടുത്ത ആളുകൾക്കോ മാത്രമേ കൊടുക്കാറുള്ളു. ഇവിടെ സാമീപ്യം കൊടുത്തതുകൊണ്ടു കാമദേവനെ ബഹുമാനകാഷ്ഠയിലെത്തിച്ചിരിക്കുന്നു. ഇത്രയും വലിയ ആദരവ്,—ബഹുമാനം—തന്നോടു കാണിച്ചതിനെയാണു കാമൻ തലതാഴ്ത്തി സ്വീകരിക്കുന്നതു. സുമബാണൻ എന്ന വാക്ക് അതിഥിയും ആതിഥേയനും തമ്മിലുള്ള അന്തരത്തെ വ്യക്തമാക്കുന്നു. കാമദേവൻ എത്രയും പേലവമായ ഒരു പുഷ്പം ബാണമായിട്ടുള്ളവനാണ്. ശക്രനാകട്ടെ, വജ്രായുധനാണ്. ആശ്രിതൻെറ നിസ്സാരത്വവും പ്രഭുവിൻെറ വലിപ്പവും ചില്ലറയാണോ? അത്ര നിസ്സാരനെയാണു ഇങ്ങിനെ മാനിച്ചതു്. അതിൽനിന്നും ആശ്രിതനെക്കൊണ്ടു നേടേണ്ട കാര്യ്യഗൌരവം ചിന്ത്യം. രഹസ്സിൽ = പിന്നെ ഇവർതമ്മിലുള്ള സംഭാഷണം ആരും കേൾക്കാതെയെന്നർത്ഥം.

3. ആൾഭേദമറിഞ്ഞ നാഥാ! = പുരുഷന്മാരുടെ യോഗ്യതായോഗ്യതകൾ—ഓരോരുത്തരും ഇന്നിന്നതിന്നു മതിയായവരാണെന്ന വസ്തുത—നല്ലവണ്ണം ഗ്രഹിച്ചവനെ. ഈ ആദരവെല്ലാം കണ്ടപ്പോൾ കാമദേവനുതന്നെ തൻെറ യോഗ്യതയെപ്പററി ഒരു മതിപ്പുതോന്നി. (എൻെറ യോഗ്യതയും ശക്തിയും അങ്ങയ്ക്കറിയാം. അതാണ് ഇപ്പോൾ എന്നെ സ്മരിച്ചതും ഇങ്ങിനെ ബഹുമാനിച്ചതും എന്ന സ്വാഭിപ്രായം, വ്യംഗം). 'മൽപ്പാരിൽ എന്നാൽ കരണീയമെന്താം'—എന്ന ചോദ്യത്തിൽനിന്നു തൻെറ ശക്തിയുടെ സാർവ്വത്രികവ്യാപ്തി ദ്യോതിക്കുന്നു. ആ ചോദ്യത്തിൻെറ ആവശ്യം ഉത്തരാർദ്ധംകൊണ്ടു വ്യക്തമാക്കുന്നു. അതു്, തന്നെ

സ്മരിച്ചതു താൻ ഒരു അനുഗ്രഹമായി കണക്കാക്കുന്നുവെന്നും ആ അനുഗ്രഹത്തെ വർദ്ധിപ്പിക്കുവാൻ എന്തു കല്പനകളെയാണു നിറവേറേറണ്ടതു് എന്നുമാകുന്നു. 'വിനിയോഗം..........' എന്നു് 6-ാംസർഗ്ഗത്തിൽ പറഞ്ഞിട്ടുണ്ടു്. അതു് ഈ പ്രകൃതത്തെ ഒന്നു കൂടി വ്യക്തമാക്കുന്നു.

4. ഇനി കല്പന എന്തായാലും വേണ്ടില്ലെന്നുള്ളതിലേയ്ക്കു ഒരു സൂചന കൊടുക്കുന്നു. "എനിയ്ക്കു അസാദ്ധ്യമായിട്ടു ഒന്നുമില്ല, അതിനാൽ കല്പനയെപ്പററി ആശങ്ക വേണ്ടെന്നു താല്പര്യം. തല്പദം = അങ്ങയുടെ പദം—ഇന്ദ്രപദം. ഈർഷ്യ = ദ്വേഷ്യം. അത്ര നീണ്ടുള്ള തപസ്സിനാൽ = വളരെക്കാലം കഷ്ടപ്പെട്ടു ചെയ്തുള്ള തപസ്സുകൊണ്ടു്. എത്ര തപോബലമുണ്ടായാലും സാരമില്ലെന്നു താല്പര്യം. അങ്ങയുടെ കല്പന കേൾക്കേണ്ട താമസമേയുള്ളു. എന്നാൽ ആ വൈരി എൻെറ അസ്ത്രത്തിൻെറ ആജ്ഞയ്ക്കു അധീനനാകൽ കഴിഞ്ഞു. ശരം തൊടുക്കേണ്ട താമസം കൂടിയില്ല. അതു തൊടുത്തു തയ്യാറാക്കിനിത്തിയിരിക്കുന്നു. ഇനി ശത്രുവിൻെറ പേരു് കേൾക്കയേ വേണ്ടു എന്നു സാരം.

5. തപസ്സു സാധാരണ മോക്ഷത്തിനു വേണ്ടിയിട്ടായിരിക്കുമല്ലോ. അതിനാൽ അവസാനപുരുഷാർത്ഥമായ മോക്ഷത്തെപ്പററി പറയുന്നു. പുനർജ്ജന്മഭയം = വീണ്ടും ജനിക്കുന്നതിലുള്ള സങ്കടം. അസമ്മതൻ = സമ്മതനല്ലാത്തവൻ—അങ്ങയുടെ ഇഷ്ടത്തിന്നു വിരോധമായി ചെയ്യുന്നവൻ. മോക്ഷപഥം = മുക്തിമാർഗ്ഗം. മോക്ഷം സിദ്ധിച്ചവൻ എന്നു പറയുന്നില്ല. അതു സാദ്ധ്യമല്ലല്ലൊ. മോക്ഷമാർഗ്ഗത്തിൽ എത്തിയവൻ എന്നേ പറയുന്നുള്ളു. ഇതു പ്രത്യേകം ശ്രദ്ധവെക്കണം. ബദ്ധൻ = കെട്ടപ്പെട്ടവൻ. നീണാൾ = വളരെക്കാലം. അരാള ചില്ലീ.......... തൻകടാക്ഷാൽ = വളഞ്ഞ പുരികക്കൊടികൊണ്ടു ലസത്തുക്കളും ഇളകിക്കൊണ്ടിരിക്കുന്നതും ആയ കണ്ണുകളോടുകൂടിയവരുടെ

നോട്ടങ്ങൾകൊണ്ട് മോക്ഷപഥത്തെ പ്രാപിച്ചവനെ കുടിലങ്ങളായ പുരികങ്ങൾ വെട്ടിച്ചുകൊണ്ടുള്ള സുന്ദരിമാരുടെ കടാക്ഷപാശങ്ങൾകൊണ്ടു ബന്ധിക്കാമെന്നു പറയുന്നു. അങ്ങിനെയുള്ളവരെക്കൂടി അധഃപതിപ്പിക്കാമെന്നു താല്പര്യം. അതോ, കെട്ടിയിടുന്നതു ബലവത്തായ വല്ലതുകൊണ്ടുമാണോ? അല്ല, വെറും കടാക്ഷത്താൽമാത്രം—ഇതിലധികം നീചമായ ഒരു അധഃപതനമുണ്ടോ? തപസ്സിന്നു തുനിയുന്നവരെ അതിൽനിന്നും വിരമിപ്പിച്ചു അങ്ങയ്ക്കിഷ്ടമുള്ള കാലംവരെ സ്ത്രീജിതന്മാരാക്കി നിത്താമെന്നു താല്പര്യം.

6. ഇനി ധർമ്മാർത്ഥങ്ങളെക്കുറിച്ചു പറയുന്നു. നീതിപ്രദൻ= നീതിയെ പ്രദാനംചെയ്യുന്നവൻ -- നീതി പഠിപ്പിക്കുന്നവൻ-- ശുക്രൻ--അസുരഗുരു. ശുക്രനാണല്ലൊ നീതിശാസ്ത്രപ്രണേതാവ്. പ്രതിപക്ഷൻ = ശത്രു രാഗാഖ്യദൂതൻ = അനുരാഗമെന്നു പേരായ ദൂതൻ. നീതിശാസ്ത്രപ്രണേതാവായ ശുക്രമഹർഷിയുടെ ശിഷ്യനാകുമ്പോൾ അവൻ ഏററവും നീതിജ്ഞനാകണമല്ലൊ. അവൻ നീതിക്കു വിരോധമായി ഒന്നും ചെയ്കയുമില്ല. അപ്രകാരമുള്ളവനാണ് അങ്ങയുടെ ശത്രു എങ്കിലും വേണ്ടില്ല, അവൻെറ ധർമ്മാർത്ഥങ്ങളെ ഞാൻ തകർത്തുകൊള്ളാമെന്നർത്ഥം. അതു എങ്ങിനെ എന്നുവെച്ചാൽ--രാഗാഖ്യദൂതൻ വഴിക്ക്. ഞാൻ നേരിട്ടു അതിന്നൊന്നും ചെയ്യേണ്ടതില്ല. എൻെറ ഒരു ദൂതൻമാത്രം മതിയെന്നു സാരം. അതു എന്തുപോലെ. ഓളം നദീവക്കുകളെകണക്കെ അതിപ്രവൃദ്ധമായ പ്രവാഹം പുഴയുടെ രണ്ടു വക്കുകിളടിച്ചു തകൎക്കുന്നപോലെ. ആ ഓളം വക്കുകളെ ഇടിച്ചു വെള്ളം കലക്കുകമാത്രമല്ല ചെയ്യുള്ളു. തടങ്ങളെ കെട്ടിനിത്താൻ സമ്മതിക്കയുമില്ല. തുടരെത്തുടരെ ഓളം വെട്ടുമ്പോൾ തടമുണ്ടാക്കാൻ സാദ്ധ്യമല്ലല്ലൊ. അതുപോലെ അവൻെറ അർത്ഥധർമ്മങ്ങളെ മേലിൽ ഉണ്ടാവാത്തവിധം തകൎക്കാൻ എൻെറ ഒരു ചാരൻ മതിയെന്നു താല്പ

GRANDHASALA RUM MALAYINKIL

ൎയ്യം. എല്ലാ പുരുഷാൎത്ഥങ്ങളേയും വിഘടനം ചെയ്വാൻ വിഷയാസക്തി പൎയ്യാപ്തമാണെല്ലോ എന്നു സൂചന.

7. ഇനി കാമത്തെക്കുറിച്ചു പറയുന്നു. നായികമാർ സ്വകീയ; പരകീയ; സാധാരണീ എന്നിങ്ങിനെ മൂന്നു തരമാണു. അതിൽ ഇന്ദ്രനു ഏതെങ്കിലും നായികയിൽ അഭിനിവേശം ജനിച്ചിട്ടാണു കാമനെ സ്മരിച്ചതു എങ്കിൽ അതിനും അവനുള്ള കഴിവിനെക്കുറിച്ചു പറയുന്നു. ഇവിടെ പരകീയയായ നായികയെപ്പററിയാണു പറയുന്നതു. പതിവ്രതാശാൎയ്യമിയന്നവളെപ്പോലും തീരെ ലജ്ജകെട്ടവളാക്കാമെന്നു ധൈൎയ്യമായിപ്പറയുന്നു. സാധാരണക്കാൎക്കാണെങ്കിൽ കേവലം ഒരു സാധാരണക്കാരിയെ ഇത്തരം കാൎയ്യത്തിൽ ലജ്ജ കെട്ടവളാക്കുക എന്നതു പ്രയാസമേറിയ ഒന്നാണു. ഇവിടെയാകട്ടെ പതിവ്രതാശാൎയ്യയെ ഒരേ ഒരു പതിമതിഎന്ന വ്രതം ദൃഢമായനുഷ്ഠിക്കുന്നവളെ—അങ്ങിനെ ആക്കാമെന്നേല്ക്കുന്നു. എന്നാൽ ഇതിന്നുതക്കവണ്ണം അവളുടെ പേരിലുള്ള കുററമെന്താണെന്നാണെങ്കിൽ, 'തവഹൃത്തിളക്കി'—അങ്ങയുടെ മനസ്സു അവളുടെ കാന്തിയാൽ—സൌന്ദൎയ്യത്താൽ ഇളക്കിയെന്നതാണു. സ്വയമേഭവാൻെറ . . . . പുണൎന്നിടേണ്ടു?=തന്നേത്താൻ അങ്ങയെവന്നു ആലിംഗനം ചെയ്യേണ്ട എന്നു പറയേണ്ടതാമസമേ ഉള്ളുവെന്നു പറയുന്നു. ഇതു വല്ലാത്ത ശിക്ഷതന്നെ. ഇങ്ങോട്ടാവശ്യപ്പെട്ടു വന്നപ്പോൾ നിരസിച്ചയച്ച ആളെ അങ്ങോട്ടുചെന്നാശ്രയിക്കേണ്ട പതനത്തിലാക്കുന്നതു വലിയ ദുരവസ്ഥതന്നെ.

8. ഇനി മററു നായികമാരെക്കുറിച്ചുപറയുന്നു. ഭവാൻ കാമാൎത്തനായിട്ടു കാല്ക്കൽവീണപേക്ഷിച്ചിട്ടും അങ്ങയെ ത്യജിച്ചവളായി വല്ലൊരുത്തിയുമുണ്ടോ? ആ ത്യാഗമോ, കോപിച്ചും ആണെങ്കിൽ അങ്ങിനെയുള്ളവളെ അറിയണമല്ലോ—പറയു; ആധിക്കാരി ആരാണെന്നു? അങ്ങിനെയുള്ളവൾക്കു താൻ എന്തു ശി

ക്ഷയാണു കൊട്ടപ്പാൻ പോകുന്നതു എന്നുപറയുന്നു. ഗാത്രാത്തി............................ഞാൻ 'അവളുടെ ശരീരത്തെ വിരഹാഗ്നിയാൽ തപിപ്പിച്ച അങ്ങയുടെ തളിർമെത്തയെതന്നെ ശരണം പ്രാപിപ്പിക്കാറാക്കിക്കളയാം' എന്നു പറയുന്നു.

9. ഇത്രയൊക്കെയായിട്ടും ഇന്ദ്രന്റെ മുഖത്തിന്നു യാതൊരു ഭാവഭേദവും കണ്ടില്ല. അതിനാൽ ആവകക്കൊന്നിനുമല്ല തന്നെ സ്മരിച്ചതെന്നു കാമൻ മനസ്സിലാക്കി പിന്നേയും തുടങ്ങുന്നു. അസുരന്മാരിൽനിന്നും വല്ല അനിഷ്ടവും നേരിട്ടിട്ടായിരിക്കുമോ എന്നു ശങ്കിച്ചിട്ടാണു ഇനി പറവാൻപോകുന്നതു എന്നാൽ 'ക്ഷമിക്ക' എന്നു പറഞ്ഞു വാക്യം തുടങ്ങിയതു എന്തിനെന്നാണെങ്കിൽ, ഇത്രയൊക്കെ പറഞ്ഞതിൽനിന്നു തന്റെ പ്രാപ്തി ഇത്രമാത്രമെ ഉള്ളുവെന്നു ഇന്ദ്രൻ ധരിക്കേണ്ടെന്നു കരുതിയാണു. അങ്ങയുടെ വജ്രായുധം കുറച്ചുകാലം വിശ്രമിക്കട്ടെ, എന്റെ അസ്ത്രമുള്ളപ്പോൾ അതിനെ ക്ഷീണിപ്പിക്കേണ്ട ആവശ്യമില്ലെന്നർത്ഥം. എന്റെ ആയുധംകൊണ്ടു ഏതു സുരാരിയെയാണു വീര്യം കെടുത്തേണ്ടതു എന്നു കല്പിച്ചാൽമതി—അല്ല വീര്യം കെടുത്തുകമാത്രമല്ല, ഭീതിയേഴേണ്ടു.........................കളേയും=കോപംകൊണ്ടു ചുണ്ടുവിറയ്ക്കുന്ന ഏതു സുന്ദരിയെ ഭയന്നുകൊണ്ടിരിക്കുന്നവനാക്കേണ്ടു എന്നു ചോദിക്കുന്നു. ഒരു സ്ത്രീയുടെ വരുതിക്കധീനനാക്കാമെന്നു ഉറപ്പുപറയുന്നു.

10. സുമബാണനാണെന്നാലും—ഈ വാക്കു, തന്നെപ്പററി ഇന്ദ്രന്നു വലിയ അഭിപ്രായമുണ്ടാവാൻ വഴിയില്ലെന്നതു തനിക്കു തന്നെ ബോദ്ധ്യമാണെന്നു നടിച്ചു പറകയാണു. അങ്ങിനെ വല്ല അഭിപ്രായമുണ്ടെങ്കിൽ അതു തെററാണെന്നു തെളിയിക്കുന്നു. എനിക്കു പുഷ്പമല്ലെ ആയുധമായിട്ടുള്ളുവെന്നുവെച്ചു എന്നെ നിസ്സാ

SREE KRISHNA VILASOM GRANDHASALA

രനാക്കിതരേണ്ട. വസന്തൻെറ ഒരാളുടെ സഹായമുണ്ടെങ്കിൽ പിനാകിയായ രുദ്രൻെറ മനസ്സുകൂടിയിളക്കാമെന്നു പറയുന്നു. പിനാകമെന്ന ധനുസ്സുണ്ടെങ്കിലും ശാന്തനാണെന്നുവെച്ചാൽ അത്ര കണക്കാക്കാനില്ല. രുദ്രനും=രൌദ്ര സ്വഭാവമുള്ളവനുംകൂടിയാണ് അങ്ങിനെയുള്ള ആളുടെ മനസ്സുകൂടി ഇളക്കാമെന്നുപറഞ്ഞാൽ മററുള്ള വില്ലാളികളുടെ കാൎയ്യം പറയേണ്ടതുണ്ടോ? എന്നാൽ ഇതിനൊക്കെയും പ്രതിഫലമായിട്ടു എനിക്കു ഒന്നേവേണ്ടു. അതു, ഭവാൻ കനിഞ്ഞാൽ=ഭവാൻെറ ദയവുണ്ടായാൽ–അങ്ങയുടെ കാരുണ്യംമാത്രം. അതുണ്ടെങ്കിൽ രൌദ്രാകാരനും പിനാകം ധരിച്ചവനുമായ പരമേശ്വരനെക്കൂടി ച്യുതവീൎയ്യനാക്കാമെന്നു ഭാവം.

11. ആ ഖണ്ഡലൻ=അഖണ്ഡം (ഐശ്വൎയ്യം), ജ്ഞാനം വാ ലാതി (ഗൃഹ്ണാതി) ഇത്യാഖണ്ഡലഃ=പരിപൂൎണ്ണമോക്ഷം ലഭിച്ചവൻ. ഈ വിശേഷണം ഇന്ദ്രൻെറ വിശേഷാത്തരത്വത്തെ ദ്യോതിപ്പിക്കുന്നു. പിനാകിയുടെ മനസ്സുകൂടിയിളക്കാമെന്നുള്ള കാമദേവൻെറ വാക്കു കേട്ടപ്പോൾ, താൻ ഉദ്ദേശിച്ചകാൎയ്യം അതു തന്നെയായിരുന്നതിനാൽ ഇന്ദ്രൻ തുടയിൽനിന്നു കാലെടുത്തു പീഠത്തിൽവെച്ചു എന്നൎത്ഥം. ഇതു സ്വാഭാവികമാണ്. ഇതു രണ്ടുപേർതമ്മിലുള്ള സംഭാഷണമദ്ധ്യത്തിൽ അനുകൂലമായ ഒരു ഉത്തേജനമുണ്ടാകുമ്പോൾ ഉണ്ടാകുന്ന ഒരു ചേഷ്ടയാണ്. പിന്നെ കന്ദൎപ്പനോടു ഇപ്രകാരം പറഞ്ഞു കന്ദൎപ്പൻ = കുത്സിതമായ ദൎപ്പത്തോടുകൂടിയവൻ. പിനാകപാണിയായ രുദ്രനെ ജയിക്കാമെന്നു പറഞ്ഞതു ഒരുതരം അന്തമില്ലാത്ത അഹംഭാവത്താൽ തന്നേയാണെല്ലൊ.

തന്നെ സ്മരിച്ചുവരുത്തിയ കാൎയ്യം അതോ ഇതോയെന്നു് സംശയിച്ചു സംശയിച്ചു ഓരോപടി കേറിക്കേറി കാമദേവനെക്കൊണ്ടുതന്നെ ഉദ്ദേശ്യവിഷയത്തിലേക്കു കാൎയ്യം കൊണ്ടു

റിടിച്ച കാളിദാസൻെറ ആ ശ്ലോകത്തിൻെറ തന്മയത്വം പ്രത്യേകം ശ്രദ്ധേയമായിട്ടുള്ളതാണ്.

12. അങ്ങ് തന്നേയാണ് ഇതിന്നൊക്കെ യോഗ്യൻ! എനിക്ക രണ്ടസ്ത്രങ്ങളേ കാൎയ്യമായിട്ടുള്ളു; അതിലൊന്ന് വജ്രവും മററതു അങ്ങയുമാണ് എന്നുള്ള സ്തുതി കാമനെ ഒന്നുകൂടി അഭിമാനംകൊണ്ട ഞെളിയിപ്പിക്കുന്നു. 'എത്താത്തപോവീരരിൽ വജ്രം' എന്ന വാക്കിൽനിന്നു ഒരു തപോവീരൻെറ അടുക്കലേക്കാണ തന്നെ അയപ്പാൻ ഉദ്ദേശിക്കുന്നതു എന്നു കാമന്നു ഒരു സൂചനയും പ്രത്യക്ഷം. ഇവിടെ കാമന്നു വജ്രത്തിനേക്കാറം രണ്ടവസ്ഥകളിൽ മെച്ചം കല്പിക്കുന്നു.

13. ആത്മസമൻ=തന്നോടുതുല്യൻ. കാൎയ്യം മുഖ്യമായിട്ടുള്ളതാണു. അതിനാൽ ഞാനോ എന്നോടു തുല്യനായിട്ടുള്ള ആളോവേണം അതുപായി നടത്തുവാൻ എൻെറ ആയുധത്തിൻെറ അവശത ഞാൻ പറഞ്ഞുവല്ലൊ അങ്ങെയ്യാണെങ്കിൽ അതു എളുപ്പവുമാണു. അതിനാലാണു ആത്മസമനായ ഭവാനെ ഏല്പിക്കുന്നതു.

ആത്മസമൻ എന്ന വാക്കിൽ വേറേയും ഒരു സൂചന അന്തൎഭവിച്ചിട്ടുണ്ടാവാം. ആത്മാവു എല്ലാവരുടേയും ഒരുപോലെതന്നേയാണു. അതുകൊണ്ട ഇതിൽ കാമന്നു എന്തെങ്കിലും ആപത്തു സംഭവിച്ചാൽ അതു തനിക്ക സംഭവിച്ചതുപോലെ താൻ കരുതുമെന്നുള്ള ഒരു ഉറപ്പുകൊടുക്കൽകൂടി അന്തൎഭവിച്ചിരിക്കുന്നതായിക്കാണാം. 4-ാം സൎഗ്ഗത്തിലെ 40-ാം ശ്ലോകംമുതൽ 5 ശ്ലോകങ്ങറം ഈ ഊഹത്തിന്നു ഉപോൽബലകങ്ങളാണെല്ലൊ. രതി തീയ്യിൽ ചാടാൻ ഭാവിക്കുമ്പോഴുള്ള ആകാശവാണി ദേവകളുടേതാണല്ലൊ—ഇവിടെ ആത്മസാദൃശ്യം.

ഇനി കാര്യ്യം പറവാൻ തുടങ്ങുകയായി. കാര്യ്യത്തോടടുക്കും തോറും ഭൃത്യഭാവംപോയി സമഭാവമായി. 'ആവശ്യമൊത്താശ്രിതരിൽ പ്രഭുക്കൾക്കുണ്ടായിട്ടും ഗൌരവചാഞ്ചല്യതം' എന്ന കവിവാക്യത്തെ ഓമ്മിപ്പിക്കുകയാണു ഇവിടെ ചെയ്യുന്നതു

കൃഷ്ണൻ=(ജഗത്തിൻെറ) അഘത്തെ കഷിക്കുന്നവൻ. ഈ കാര്യ്യത്തിന്നു താൻതന്നേ വേണമെന്നുണ്ടോ, മററാരെങ്കിലുമായാൽ പോരേയെന്നു കാമന്നു തോന്നുകയാണെങ്കിൽ അതു പോരെന്നു സമത്ഥിക്കയാണു ഉത്തരാദ്ധത്തിലെ ഉപമകൊണ്ടു സാധിക്കുന്നതു. കൃഷ്ണൻ ഭൂമി താങ്ങിയിട്ടുള്ള ആളാണു. അതിനാൽ അതിന്നുള്ള പ്രയാസവും വേണ്ടതായ ശക്തിയും കൃഷ്ണന്നറിയാം. ആ ഭൂമിയെ താങ്ങിയ ആളെ താങ്ങേണമെങ്കിൽ ആ ആളോളമെങ്കിലുമുള്ള ശക്തിവേണം ശേഷന്നും ഭൂമിയെ താങ്ങാനുള്ള ശക്തിയുള്ളതായിക്കണ്ടു. അതിനാലാണു ആ ശേഷനെ കൃഷ്ണൻെറ ശരീരം താങ്ങാനാക്കിയതു അതുപോലെ ഭവാനു ഇതു സാധിപ്പാനുള്ള ശക്തിയുണ്ടെന്നു കാണുകയാലാണു ഭവാനെ ഈ കാര്യ്യമേല്പിക്കുന്നതു എന്നു താല്പര്യ്യം.

14. ഇതിൽ കാര്യ്യം തുറന്നു പറയാൻ പോകുന്നു. വൃഷാങ്കൻ = കാള അടയാളമായവൻ. എന്താ, വൃഷാങ്കനെന്നു തുടങ്ങുവാൻ കാരണം? കാമൻ പിനാകിരുദ്രൻെറയെന്നാണല്ലൊ തുടങ്ങിയതു്, അപ്പോൾ ക്രമത്തിന്നു അങ്ങിനെ തുടങ്ങേണ്ടേ എന്നാണെങ്കിൽ അതിന്നു തക്ക ന്യായമുണ്ട്. കാമദേവൻ പറഞ്ഞതുപോലെ പരമേശ്വരൻ ഇപ്പോൾ പിനാകിരുദ്രനായിട്ടുള്ള അവസ്ഥയിലല്ല ഇരിപ്പ്. പിനാകപാണിയായി ഇരിക്കുമ്പോഴും ധൈര്യ്യഭംഗം വരുത്താമെന്നു പറഞ്ഞ കാമന്നു് ഇന്നത്തെ ശിവൻെറ നില നോക്കിയാൽ അത്രവളരെ ബുദ്ധിമുട്ടുണ്ടാവില്ല. അദ്ദേഹം ഇപ്പോൾ തപസ്സുചെയ്യുകയാണ്. ധനുസ്സോ മററോ യാതൊരു ആയുധവും ഇപ്പോൾ അദ്ദേഹത്തിൻെറ ക

യ്യിൽ ഇല്ലതാനും. കാള ഒന്നുമാത്രമെ ഒരു ചിഹ്നമായി അടുത്തുള്ളു. അതും ഒരു വെറും ചിഹ്നം. അതിനാൽ കാര്യസാദ്ധ്യത്തിന്നു എളുപ്പമുണ്ടെന്നു് കാണിപ്പാനാണ് വൃഷാങ്കൻ എന്നു പറഞ്ഞതു്. ഇന്ദ്രൻ ഉദ്ദിഷ്ടകാര്യം പറയാതെ കാമൻ ഊഹിച്ചു അങ്ങോട്ടു പറഞ്ഞതാണല്ലൊ. അപ്പോൾ അതിനെ ഔത്സുക്യത്തോടെ അഭിനന്ദിച്ചുകൊണ്ടുള്ള മറുപടിപോലെയാണ് 'ധരിക്ക' എന്നു പറഞ്ഞിരിക്കുന്നതു് "ഞാൻ അതു ചെയ്യാം" എന്നു ഒരാൾ പറയുമ്പോൾ കേട്ടുനില്ക്കുന്നവൻ "ഉവ്വോ" എന്നാൽ "ഒന്നു മനസ്സിലാക്കിക്കൊള്ളു" എന്നു തുടങ്ങി കാര്യം പറയുന്നതുപോലെയാണ് ഇവിടെ 'ധരിക്ക' എന്നു പ്രയോഗിച്ചിരിക്കുന്നതു്. സംഭാഷണം പദ്യരൂപേണയാണെങ്കിലും അതു സാധാരണവും സ്വാഭാവികവുമായുള്ള നാടൻരീതിയിൽ ചെയ്യാനുള്ള മൂലകവിയുടെ ചാതുര്യം എവിടേയും പ്രശംസാവഹം തന്നെ.

യാഗഭോക്താക്കൾ = യാഗാംശത്തെ ഭുജിക്കുന്നവർ, ദേവന്മാർ യാഗഭോക്താക്കളുടെ ഇച്ഛയെന്നുപറഞ്ഞു തള്ളിയതു് എന്തുകൊണ്ടാണ്? ദേവന്മാരുടെ ഭക്ഷണം യാഗാംശമാണ്. ഭൂമിയിൽ യാഗം നടന്നാലെ ദേവന്മാൎക്കു ഭക്ഷണം കിട്ടുകയുള്ളു. താരകാസുരൻെറ മുഷ്ക്കുനിമിത്തം യാഗംചെയ്യുന്നവർതന്നെ ചുരുക്കം. അഥവാ വല്ലവരുമുണ്ടെങ്കിൽ ആ യാഗം മുടക്കുകയോ യാഗാംശം തട്ടിത്തിന്നുകയോ ചെയ്യുന്നതു താരകാസുരനാണ്. അതിനാൽ ദേവന്മാർ ഇപ്പോൾ ഭക്ഷണംകിട്ടാതെ പട്ടിണി കിടക്കയാണ്. ഇങ്ങിനെ എത്രകാലം അവർ ഇരിക്കും എന്നാലോചിപ്പാൻ പഴുതുകൊടുക്കുന്നു. ഭക്ഷണംകിട്ടാതിരിപ്പാനുള്ള കാരണം 'വൻവൈരികളുള്ള'താകയാൽ. അതാണ് ഭക്ഷണക്ഷാമമെന്നു ഭാവം. എന്നാൽ അതിന്നു വൃഷാങ്കനിൽ എന്തിനു ബാണമയക്കുന്നു അദ്ദേഹംഎന്തുപിഴച്ചു? എന്നാണെങ്കിൽ യാഗഭോ

ക്താക്കൾക്കു ഒരു ഇച്ഛയുണ്ടെങ്കിൽ അതു ഇതൊന്നു മാത്രമാണ്. വൃഷാങ്കനിൽ ബാണമയച്ചാൽ മറ്റെല്ലാം സാധിതപ്രായമായി എന്നു സാരം. ഇച്ഛിക്കുന്ന കാൎയ്യമെന്നല്ല പറയുന്നതു്. ഇച്ഛതന്നെയിതൊന്നാണെന്നാണ്. അതിൽനിന്നും അവർ എത്ര പൊറുതിമുട്ടിയിരിക്കുന്നു എന്നു് സുവ്യക്തമാണല്ലൊ.

പിന്നെ 'യാഗഭോക്താക്കൾതന്നിച്ഛ..................തന്നെ' എന്നെന്തേ പറഞ്ഞതു്? ഞങ്ങളുടെ ഇച്ഛയെന്നു എന്തുകൊണ്ടു ഇന്ദ്രൻ പറയുന്നില്ല? അതു് ഇന്ദ്രന്റെ അന്തസ്സിന്നു അല്പം കുറവാകയാൽതന്നെയായിരിക്കാം. മററുള്ളവരുടെ ആവശ്യത്തിനുവേണ്ടി താൻ ശുപാൎശി പറയുന്നുവെന്നേ ഇന്ദ്രൻ നടിക്കുന്നുള്ളു. ദേവരാജാവല്ലെ? പ്രജകളുടെ ഇഷ്ടമറിഞ്ഞും അഭ്യുദയം പ്രമാണിച്ചും വേണ്ടതു ചെയ്യുന്നുവെന്നു വെയ്പു്.

15. കാൎയ്യമെന്തെന്നും, അതു് ഹരനെ എങ്ങിനെ ബാധിക്കുമെന്നും അതിന്റെ ആവശ്യമെന്തെന്നുമാണ് ഈ ശ്ലോകം മൂലം വ്യക്തമാക്കുന്നതു്.

'ഇദ്ദേവകൾക്കോ' എന്നുതുടങ്ങിയതിനാൽ ദേവകളെ ചൂണ്ടിക്കാണിച്ചു പറയുന്നതാണെന്നും. ദേവകൾ അവിടെതന്നെയുണ്ടെന്നും സ്പഷ്ടമാണല്ലൊ. അവർ നിന്റെ പ്രസാദകാംക്ഷയോടെയാണ് പോകാതെ ഇവിടെതന്നെ നില്ക്കുന്നതു്. നീ അതു് ഓൎക്കണമെന്നുള്ള അഭിപ്രായം ഗഭിതം. ഭവവീൎയ്യജാതൻ = ഭവന്റെ (ശിവന്റെ) വീൎയ്യത്തിൽ (രേതസ്സിൽ) നിന്നു ജനിച്ചവൻ, ഇപ്പോഴത്തെ സ്ഥിതിവിട്ടു് ശിവൻ തീരെ സംസാരിയായിത്തീൎന്നതിന്നുശേഷം അദ്ദേഹത്തിന്റെ രേതസ്സിൽനിന്നു ജനിച്ചവൻ. ഭവം = സംസാരം. ഭവവീൎയ്യജാതനിൽ ജയകാംക്ഷ നിൽപൂ എന്നുപറഞ്ഞു നിൎത്തുകയല്ല ചെയ്യുന്നതു്. ഭവവീൎയ്യജാതനായാൽ പോരാ, സേനാനിയുമാകണം അതാണ് ഭവവീൎയ്യജാതനായ സേനാനിയിൽ എന്നു എടുത്തു പറഞ്ഞിരിക്കുന്നതു്. സേനാനി =

സേനാനായകൻ. അങ്ങിനെയുള്ള ഭവപുത്രനിലാണ് ഇവരുടെ വിജയത്തിന്റെ ഇരിപ്പ്. എന്നാൽ ആ ഭവന്റെ സ്ഥിതിയെന്താണ്? അദ്ദേഹം പരബ്രഹ്മപരാർപ്പിതാത്മാവാണ്. പരബ്രഹ്മപരാർപ്പിതാത്മാവ് = പരബ്രഹ്മത്തിൽതന്നെ അർപ്പിക്കപ്പെട്ട ആത്മാവോടുകൂടിയവൻ. അങ്ങിനെയുള്ള ആളെ സംസാരിയാക്കാൻ സാദ്ധ്യമാണോ എന്ന സംശയം തീർപ്പാനാണ്—ആ ആൾ നിന്റെ ശരൈകസാദ്ധ്യൻ എന്നു സമർത്ഥിക്കുന്നതു്. നിന്റെ ഒരു ശരത്തിനുമാത്രമെ അതു സാധിക്കുള്ളു എന്നു പറഞ്ഞതുകൊണ്ടു സകല പഴുതും അടച്ചു.

16. യമി = ജിതേന്ദ്രിയൻ. ശിവൻ = മംഗളത്തിനു ഇരിപ്പിടമായിട്ടുള്ളവൻ. ജിതേന്ദ്രിയനായ ആ ശിവനു ഹിമാദ്രിയുടെ പാവന പുത്രിയിൽ പ്രേമം ജനിപ്പിപ്പാനാണ് ഇന്ദ്രൻ ആവശ്യപ്പെടുന്നതു്. ഹിമാദ്രിതൻപുത്രിയിൽ എന്നു പറഞ്ഞാൽ പോരെ? എന്തിനാണ് പാവനപുത്രിയിൽ എന്നു പ്രത്യേകമെടുത്തുപറഞ്ഞതു്? ഹിമംതന്നെ അച്ഛസ്ഫടികമായിട്ടുള്ളതാണ് = പരിശുദ്ധമാണ്. അപ്പോൾ പുത്രിക്കും ആ പാവനത്വം വേണമല്ലൊ. അതുകൊണ്ടായില്ല പുത്രിക്കു സ്വന്തനിലയിൽതന്നെ പാവനത്വമുണ്ടെന്നു വരുത്തുവാനാണ് അതു വേറെയെടുത്തു് പറഞ്ഞതു് സതിയായിരുന്ന പൂർവ്വചരിത്രമാണ് പാർവ്വതിക്കുള്ള പരിശുദ്ധതക്കെല്ലാം കാരണം. ഹിമവാൻമൂലം പാർവ്വതിയല്ല, പാർവ്വതിമൂലം ഹിമവാനാണ് പവിത്രനായിരിക്കുന്നതു്. പ്രഭുക്കളായാലും ആശ്രിതന്മാരോട് പറയുന്ന കാർയ്യത്തിൽ ഒരുകൂട്ടം ന്യായവും മർയ്യാദയും വേണം. ശിവൻ ത്രിമൂർത്തികളിൽ ഒരാളാണ്. ജിതേന്ദ്രിയനുമാണ്. എന്താ, അങ്ങിനെയുള്ള ഒരാൾക്ക് ഒരു സാധാരണ സ്ത്രീയിൽ—അതും ഒരു മലമകളിൽ—പ്രേമം ജനിപ്പിക്കണം എന്നു പറയുന്നതു്? അതു് അക്രമമല്ലേ, എന്നു കാമദേവനു ഉള്ളിൽ തോന്നാതിരിപ്പാൻ വേണ്ടിയാണ്

ആ പാർവ്വതിയുടെ യോഗ്യതയെക്കുറിച്ചു ഇത്ര വിസ്തരിക്കുന്നതു്. ശിവൻെറ അവസ്ഥക്കൊത്ത യോഗ്യത പാർവ്വതിക്കുമുണ്ടെന്നു് കാണിപ്പാനായിട്ടാണ്. പിന്നെയൊരു കാരണം ശിവൻെറ ബീജം വഹിപ്പാൻ ക്ഷമാഢ്യയായിട്ടു് ഒരു സ്ത്രീയുണ്ടെങ്കിൽ അതു് പാർവ്വതി മാത്രമെ ഉള്ളുവെന്നു്, സംധാരണ ഒരു ആളല്ല, സ്വയംഭൂതന്നെ പറഞ്ഞിട്ടുണ്ടെന്നതും. സൃഷ്ടികർത്താവായ സ്വയംഭൂ പറഞ്ഞാൽ പിന്നെ അതിൽ സംശയിപ്പാനുണ്ടോയെന്നു് ഭാവം.

17. ഇനി ഹിമാദ്രിയുടെ പുത്രിയെ അന്വേഷിച്ചുനടക്കേണ്ട കാര്യമൊന്നുമില്ലെന്നു പറയുന്നു. ഗുർവ്വാജ്ഞ = ഗുരുവിൻെറ ആജ്ഞ. ഗുരു = പിതാവ്. ആജ്ഞ = കല്പന—വേറെയൊരത്ഥം ഗുരുവായ ആജ്ഞ = വലിയ ആജ്ഞ. ഹിമവാൻെറ മുകൾപ്പരപ്പിൽ തപസ്സുചെയ്യുന്ന ശിവനെ ശുശ്രൂഷിപ്പാൻ ആരും കാണാതെ ഓടിപ്പോന്നതല്ലെന്നും പാർവ്വതി അവിവേകയോ താന്തോന്നിയോ അല്ലെന്നും കാണിപ്പാനാണ് ഗുർവ്വാജ്ഞയാ എന്നു പറഞ്ഞതു്. ഇന്ന ദിക്കിൽ ഉണ്ടെന്നും മററും പറയുന്നതു് കാര്യം സാധിപ്പാനുള്ള എളുപ്പവഴികൾ പറഞ്ഞുകൊടുക്കാനുള്ള സമ്പ്രദായത്തെ കാണിക്കുന്നു. അവൾ വിവാഹിതയോ അവിവാഹിതയൊ എന്ന ശങ്ക തീക്കാനാണ് മാമലകന്യ എന്നു സ്പഷ്ടമായി പറഞ്ഞിരിക്കുന്നതു്. ഇതെല്ലാം വാസ്തവമാണോ അല്ലയോ എന്ന സംശയത്തിന്നിടകൊടുപ്പാതിരിപ്പാൻ ചാരന്മാരായ അപ്സരസ്ത്രീകളിൽനിന്നു കേട്ടുവെന്നു് വിശ്വാസയോഗ്യമായ തെളിവും കൊടുക്കുന്നു. രാജാക്കന്മാർ ചാരദൃക്കുകളാണല്ലൊ. അവരുടെ ചാരവർഗ്ഗം സത്യമല്ലാതെ ഒന്നും പറകയുമില്ല. ഇതിൽനിന്നും ഇതൊരു നല്ല അവസരമാണെന്നും വ്യംഗ്യം.

ഇവിടെ ഒരു വിശേഷം കാണാം. കാമദേവന്നു വിവരമറിയേണ്ടതിന്നു ഇങ്ങോട്ടു് ഒരു ചോദ്യം ചോദിപ്പാൻ എടകൊടു

കുന്നില്ല. ചോദിക്കേണ്ടതായോ സംശയമുണ്ടായേക്കാവുന്നതായോ ഉള്ള സകല വശങ്ങളും കാലേക്കൂട്ടി കണ്ടറിഞ്ഞു് അങ്ങോട്ടു് പറഞ്ഞാൽ കാര്യം നിർവ്വഹിപ്പാൻ ചുമതലപ്പെട്ട ആളുകൾക്ക് ഒരു ഉത്സാഹവും ജയത്തിൽ വിശ്വാസവും ഉണ്ടാകുന്നതാണല്ലോ. ഇതു് പ്രതിഭാശാലികളും നയകോവിദന്മാരും ആയ പ്രഭുക്കളിൽ കാണുന്ന ഒരു വിശേഷഗുണമാണ്. കാളിദാസൻ ഇതുവഴിക്ക ഈ സാമാന്യതത്വത്തേയും കാര്യസാദ്ധ്യത്തിന്നുള്ള ഉപായമാർഗ്ഗത്തേയുമാണ് നമ്മെ പഠിപ്പിക്കുന്നതു്. വിശേഷിച്ചു് ഇന്ദ്രൻ വിജ്ഞനും വാഗ്മിയുമാണെന്നതു പ്രസിദ്ധമായിട്ടുള്ള ഒരു സംഗതിയാണല്ലോ.

18. പ്രോയങ്ങ......................ദേവകാര്യം—ഇതു് ഒരു ആശീർവ്വാദമാണ്. ഒരു കാര്യം ഏല്പിച്ചിട്ടു് ആ ആൾ പോകാൻ യാത്രയാകുമ്പോൾ "എന്നാൽ കാര്യമൊക്കെ ശുഭമായിവരട്ടെ" എന്നു നാം സാധാരണ ഒരു അനുഗ്രഹവാക്ക പറയാറുള്ളതുപോലെയാണ്. ആ വാക്ക് പ്രോത്സാഹജനകവുമാണ്. എന്നാകിൽ മറെറാന്നു....................മുണ്ടാം—ഇതു് ഒരുമാതിരി ധൃതിക്കൂട്ടലാണ്. നിന്നെ ഏല്പിച്ച കാര്യം സൌകര്യം പോലെ പോയി നേടിവന്നാൽ പോരാ; എന്തെന്നാൽ നിൻെറ കൃത്യം നടത്തിയതുകൊണ്ടു് കാര്യം മുഴുവനായില്ല. അതിൽനിന്നു് മറെറാരു കാര്യംകൂടി നേടേണ്ടതുണ്ട്. എന്നാലെ മുഴുവനായുള്ളു. അതുകൊണ്ടു് ഇതിന്നു താമസം വന്നാൽ അതിന്നും താമസംവരും എന്നു ഭാവം. ഇത്ര തിടുക്കമുണ്ടെങ്കിൽ വേറെയാരെയെങ്കിലും അയച്ചാൽ പോരേയെന്നാണെങ്കിൽ—പോരെന്നു് ഒരു ഉപമകൊണ്ടു് സമർത്ഥിക്കുന്നു. തടമെല്ലാം കോരി ഒരു വിത്തുപാവി വളമെല്ലാം ഇട്ടാലും വെള്ളം പാരാതെ അതു മുളക്കില്ലല്ലോ—എന്നതു പോലെ മറെറല്ലാം ഒത്തിരുന്നാലും വെള്ളത്തിൻെറ സ്ഥാനത്തു നില്ക്കുന്ന നീയില്ലാതെ ഈ കാര്യം സഫലമാകയില്ല. ഇവിടെ

ശിവനുണ്ട്; പാർവ്വതിയുണ്ട്; മററെല്ലാ സൌകര്യങ്ങളും ഒത്തിട്ടുണ്ട്. എന്നാൽ കാമനില്ലാതെ ശിവനു പാർവ്വതിയിൽ അനുരാഗം ജനിപ്പിച്ചു പാർവ്വതീപരിണയമാകുന്ന ആ അങ്കുരം ഉണ്ടാകില്ല. അതു മുളച്ചുവന്നിട്ടുവേണം സുബ്രഹ്മണ്യജനനമാകുന്ന ഫലമുണ്ടാകാൻ. ആ സുബ്രഹ്മണ്യനെകൊണ്ടു വേണം കാര്യംനേടൽ. എന്നാൽ ഈ കാര്യം ഇങ്ങിനെ തുറന്നു കാമദേവനോടു പറയുന്നില്ല. അതു അയാളെ സംബന്ധിച്ചുള്ളതല്ലാത്തതിനാൽ അയാളോടു പറഞ്ഞിട്ടാവശ്യവുമില്ലല്ലൊ. അതുകൊണ്ടാണ് "എന്നാകിൽ...............മുണ്ടാം" എന്നുമാത്രം പറഞ്ഞുനിത്തിയതു്.

19. ദേവജയാവലംബൻ = ദേവന്മാരുടെ ജയത്തിന്നു ആശ്രയസ്ഥാനമായിട്ടുള്ളവൻ. ശിവനാണ് ദേവന്മാരുടെ ജയത്തിന്നു ആശ്രയം. ആ ശിവനെ ജയിക്കുന്നതിന്നു നിയ്യാണ് ആശ്രയം. അതിന്നാണ് നിൻെറ യാത്ര. നിൻബാണമെ ശിവങ്കലെത്തുള്ളു. മററാരുടേയും അസ്ത്രത്തിന്നതു സാദ്ധ്യമല്ല. ഇതു ചില്ലറയായ ഒരു അവസ്ഥയാണോ? ഹ! അങ്ങയെപ്പോലെ കൃതാൎത്ഥനായിട്ടു ആരാണുള്ളതു്! എന്നു താല്പൎയ്യം. ഇതു മേനി പറഞ്ഞു കാമനെ കാട്ടകയറവുകയാണെന്നു പറയേണ്ടതില്ലല്ലൊ. ഇതിലെന്താ ഇത്ര വലിയ കൃതാൎത്ഥതകൾ വരുകയുള്ളതു എന്നു തോന്നുകയാണെങ്കിൽ അതിന്നുള്ള സമാധാനമാണ് 'മററാൎക്കു...........ദായി' എന്നു ഉത്തരാൎദ്ധംകൊണ്ടു സാധിക്കുന്നതു്. ഒരാറം ചെയ്യുന്ന കാര്യം എത്ര നിസ്സാരമായാലും മററൊരാറക്കു ചെയ്യാൻവയ്യാത്തതാണെങ്കിൽ അതു ആ പുരുഷന്നു കീൎത്തികരമായിട്ടുള്ളതുതന്നേയാണ് എന്നു സമൎത്ഥന.

20. ഇനി ഈ ഏല്പിക്കുന്ന ജോലി ആൎക്കുവേണ്ടിയാണെന്നും അതിൽ എത്രകൊണ്ടു അഭിമാനമുണ്ടെന്നും, തന്മൂലം വല്ല പാപവും ഉണ്ടോ എന്നും മററുമുള്ള കാര്യത്തെപ്പററി ഒരു ചൎച്ചചെയ്തുകൊടുക്കയാണ്. കാമൻ ആലോചിച്ചെടുക്കേണ്ട എല്ലാ ഭാഗവും

ഇന്ദ്രൻതന്നെ ആലോചിച്ചെടുത്തു കാണിച്ചുകൊടുക്കുന്നു. ഇദ്ദേവാര്ത്ഥിപ്പവർ = ഈ ദേവന്മാരുടെ എല്ലാവരുടേയുമായ അപേക്ഷയാണിതു്. അല്ലാതെ ഞാൻ കല്പിക്കുകയല്ല. എന്നാൽ, കാര്യം അവർക്കു മാത്രമുള്ളതാണോ? അല്ല; പിന്നെയോ? ത്രിലോകകാര്യമാണു്; അതുകൊണ്ടു പൊതുനന്മക്കു ഏതവരും പ്രവൃത്തിക്കേണ്ടതാണെന്നു താല്പര്യം. ഇതിൽ കായക്ലേശം എത്രകൊണ്ടുണ്ടെന്നാണെങ്കിൽ, അതു നിസ്സാരം—ഒരു വില്ലു കുലക്കേണ്ട ഭാരമേയുള്ളു. പൊതുഗുണത്തിന്നുവേണ്ടി അദ്ധ്വാനമുള്ള കാര്യംകൂടി ചെയ്യണം, നിസ്സാരമായതു പിന്നെ സംശയിപ്പാനുണ്ടോയെന്നു സൂചന. ആട്ടെ പ്രവൃത്തി വളരെ ക്രൂരമായിട്ടുള്ളതാണൊ എന്നു ചിന്തിക്കേണ്ടതുണ്ടു്. അതും അതിക്രൂരമല്ലതാനും. ശാരീരികമായി യാതൊരു ഹിംസയും ചെയ്യേണ്ടതില്ല. 'ക്രൂരത്വമില്ലേറെ' എന്നു പറഞ്ഞതുകൊണ്ടു കുറച്ചൊന്നില്ലെന്നും പറഞ്ഞുകൂടാ. (ഇവിടെ ഇന്ദ്രൻ താൻ പൊളിപറഞ്ഞു വഞ്ചിച്ചു എന്നു വരരുതു എന്നു കരുതി പച്ചപ്പരമാർത്ഥിയാകയാണു്) ആത്മാവിന്നു് ധൈര്യക്ഷയം സംഭവിപ്പിക്കുന്നതാണെന്നുള്ള ഒരു ചെറിയ ക്രൂരത്വമില്ലെന്നില്ലതാനും. ഭവാനു ബുദ്ധിമുട്ടുള്ളതല്ലെന്നു ഞാൻ മുമ്പു പറകയും കഴിഞ്ഞിട്ടുണ്ടല്ലൊ. 'മഹാത്ഭുതം...................... സർവ്വജനാഭികാമ്യം' = അത്യാശ്ചര്യംതന്നെ, എന്താ ഞാൻ അങ്ങയുടെ പരാക്രമത്തെപ്പററി പറയേണ്ടതു്? ഈ ഒരു അവസ്ഥ ആരാണു് കാമിക്കാത്തതു്? എനിക്കുംകൂടി ഈ ഒരു യോഗ്യതയുണ്ടായില്ലല്ലൊ എന്നു സ്വാഭിപ്രായപ്രകടനം (അന്തർഭാവം); സർവ്വജനാഭികാമ്യം = സർവ്വരാലും അഭികാമ്യമായിട്ടുള്ളതു്. എനിക്കും ഈ മാതിരി വീര്യം വേണമെന്നു ഓരോരുത്തരും ആഗ്രഹിക്കുന്നതു എന്നു സാരം.

21. മന്മഥ! മനസ്സിനെ മഥിപ്പിക്കുന്നവനെ! അവിടെ ചെന്നാൽ കാമന്റെ ജോലി മനസ്സിനെ മഥിപ്പിക്കലാണെന്നു

സൂചന 'തിയ്യിൻെറ താളത്തിനു..........ഉപദേശമേകും'? എന്ന ചോദ്യത്തിൽ, ഭംഗ്യന്തരേണ, വസന്തനുള്ള ഒരു നിയോഗവുംകൂടി അടങ്ങിയിരിക്കുന്നു. ഇതിന്നാണ് കല്പിക്കാതെ കല്പിക്കൽ എന്നു പറയുക. ഫലം ഇരട്ടിയാണുതാനും. എന്തെന്നാൽ പ്രകാശത്തിൽ നിർബന്ധലേശമില്ല, അതുതന്നെ തീ കത്തുമ്പോഠം കാററിനെ വിളിച്ച് "കാറേറ, നീ പോയി വീശണം" എന്നു ആരും പറയാറില്ലല്ലൊ. അതുപോലെ, "വസന്ത! കാമൻെറ കൂടെ പോകണം", എന്നു ആരും പറയേണ്ട. അങ്ങ് പുറപ്പെട്ടാൽ വസന്തംകൂടെ പുറപ്പെട്ടുകൊള്ളുമെന്നത്ഥം. അലങ്കാരം പര്യായോക്തം.

22. പ്രസാദമെന്നാജ്ഞശിരസ്സിലേന്തി = സന്തോഷിച്ച് കൊടുക്കുന്ന മാല, പുഷ്പം മുതലായവ തലയിൽ ചൂടുന്നതുപോലെ, കല്പനകേട്ടപ്പോഠം, "അങ്ങിനെ തന്നേ"യെന്നു പറഞ്ഞു തൊഴുതു തലതാഴ്ത്തി വന്ദിച്ചുവെന്നത്ഥം. വന്ദിക്കുമ്പോഠം ശിരസ്സ് അല്പം കുനിക്കുമല്ലൊ. പ്രസാദം വാങ്ങുമ്പോഴും തൊഴുതു ശിരസ്സു നമിപ്പിച്ചിട്ടാണ് വാങ്ങുക.

ഐരാവതത്തെ.......................തലോടിവിട്ടാൻ—ഐരാവതത്തെ തലോടിയ കയ്യുകൊണ്ടു എന്നു് കയ്യിനു ആ വിശേഷണം എന്തിനു കൊടുത്തു? ഒന്നാമതു് കയ്യ് കക്ശമാകേണമെങ്കിൽ അതു വളരെ തലോടിയിട്ടുണ്ടാകണം പിന്നെ ആനകഠം എത്ര ശൂരന്മാരും ചൊടിയുള്ളവയുമായാലും മിക്കപ്പോഴും കണ്ണടച്ചു ഉറക്കംതൂങ്ങി നില്ക്കുക അവയുടെ സ്വഭാവമാണ്. അതിന്നു 'ഗജനിമീലികാ'എന്നു പറയും. അങ്ങിനെയുള്ള ഐരാവതത്തെ തലോടിത്തട്ടിയുണർത്തി തഴകിയിട്ടുള്ളതാണ് ആ കയ്യ്. അങ്ങിനെ ചെയ്ത് തഴമ്പു വന്നിട്ടുള്ളതാണ് കയ്യ്. അത്ര മാത്രം പ്രോത്സാഹനശക്തിയുള്ളതാണ് ആ കയ്യ് എന്നു കാണിപ്പാനാണ് ആ വിശേഷണം. യജമാനൻ ഭൃത്യനെ ഒന്നു

തൊട്ടതലോട്ടിയാൽ ഭൃത്യന്ന് അതിലും വലിയ ബഹുമതി വേറേയുണ്ടോ?

ഈ 22 ശ്ലോകങ്ങളെക്കൊണ്ട ഇന്ദ്രന്റെ (ഒരു പ്രഭുവിന്റെ) നയനൈപുണിയെയാണ് വണ്ണിച്ചിരിക്കുന്നത്. ഇതു വായിക്കുന്നവക്ക ഇന്ദ്രനോട്ട അദ്ദേഹത്തിന്റെ കാൎയ്യസാദ്ധ്യത്തിനുള്ള പ്രയോഗപടുതയെപ്പററി അതിയായ ബഹുമാനം ജനിക്കുന്നു. എന്നാൽ നാം ഈ പാടവം കത്തിച്ചിലത്തി പാത്രസൃഷ്ടി ചെയ്ത ആ കവിയെ തല്ക്കാലം വിസ്മരിക്കുന്നു. നമ്മുടെ ബഹുമാനമെല്ലാം കാളിദാസനിലാകുന്നു വേണ്ടതു്. സ്രഷ്ടാവിനെ ഓൎമ്മിപ്പിക്കാതെ സൃഷ്ടിയിൽ വായനക്കാരുടെ ശ്രദ്ധയേ പതിപ്പിച്ച് കവിതാനിൎമ്മാണം ചെയ്യാനുള്ള സാമത്ഥ്യമാണ് കവിതയുടെ മൎമ്മം. ഇത്രയും പദ്യങ്ങറം വഴിയായി കവി, ലോകത്തെ പഠിപ്പിക്കുന്നതു ഒരു പ്രഭു തന്റെ ആവശ്യങ്ങറംക്കവേണ്ടി അംഗീകരിക്കുന്ന നയത്തെപ്പററിയാണ്. ഇതു അദ്ദേഹത്തിന്റെ ലോകജ്ഞാനത്തേയും പ്രകൃതിനിരീക്ഷണശക്തിയേയും കാണിക്കുന്നു.

23. സ്ഥാണ്വാശ്രമം = സ്ഥാണുവിന്റെ (ശിവന്റെ) ആശ്രമം, വനം. സ്ഥാണുവെന്നാൽ കുററിയെന്നും അത്ഥമുണ്ടല്ലോ. ഇവിടെ കുററിപോലെ നിശ്ചലനായി തപസ്സുചെയ്യുന്ന മട്ടിലാണ് അപ്പോഴത്തെ അദ്ദേഹത്തിന്റെ നിലയെന്നു് സ്ഥാണ്വാശ്രമപദംകൊണ്ട സിദ്ധിക്കുന്നു. കാമൻ മാത്രമല്ല പോയതു്. കൂടെയും രണ്ടുപേരുണ്ടെന്നു പറയുന്നു. അവർ രതിയും വസന്തവുമാണ്. എന്നാൽ രതി ആഹ്ളാദത്തോടുകൂടിയോ തന്റെ വല്ലഭനൊന്നിച്ചു പുറപ്പെടുന്നതു്? അല്ല, വളരെ ആശങ്കയോടെയാണ്. കാരണം പോകുന്ന സ്ഥലത്തേയും അവിടെ ചെന്നാൽ കണ്ടുമുട്ടുന്ന ആളേയുമോത്തുതന്നെ. ഭാവിഷ്യത്താലോചിച്ചാണ് ആ ആശങ്കയെല്ലാം. കാമന്റെ മനോഭാവമോ? തനുടൽ വിട്ടുപോലും കാൎയ്യസാദ്ധ്യത്തെ പ്രാത്ഥിച്ചാണ് തന്റെ പോക്ക്.

കാമനു ഒരുപക്ഷെ ശരീരനാശം സംഭവിക്കുമെന്നു ബലമായ സംശയമുണ്ടെന്നു തെളിയുന്നു. പക്ഷെ അതിൽ ഖേദം പ്രദർശിപ്പിക്കുന്നില്ല. താൻ നശിച്ചാലും കാര്യസാദ്ധ്യം വരണമെന്ന പ്രാർത്ഥനയാണ് മുഴച്ചുനില്ക്കുന്നത്. 'ബഹുമാനിക്കൽ' എന്ന മരുന്നു പരിപൂർണ്ണ മാത്രയിലാണ് കുത്തിവെച്ചിരിക്കുന്നത്. അതിന്റെ ശക്തി അത്ര ക്ഷണം ക്ഷയിക്കയില്ല. ഇന്ദ്രൻ- അതാതാളുകളിൽ കുത്തിവെക്കേണ്ട ഡോസ് അറിയാത്ത ആളാണോ?

24. യമിമാർ = മനസ്സിനെ അടക്കിയവർ. മനസ്സടക്കിയ മഹർഷിമാരുടെ സമാധിക്കുപോലും തടസ്ഥമാകത്തക്കവണ്ണമായിരുന്നു വസന്താവിർഭാവം. എങ്ങിനെ ആവിർഭവിച്ചു? പ്രത്യക്ഷ്യമായിട്ടു = തന്റെ സ്വന്തം രൂപമെടുത്തിട്ട്. വിലസി = സർവ്വത്ര വ്യാപിച്ചു. എങ്ങിനെയാണ് വിലസിയത്? മനോഭവനുള്ള അഭിമാനഭൂതനായിട്ട്. അഭിമാനഭൂതൻ = അഭിമാനത്തിനു കാരണമായി ഭവിച്ചവൻ. മനോഭവൻ = മനസ്സിൽനിന്നു ഭവിച്ചവൻ. അങ്ങിനെയാണെങ്കിൽ ആളെ നേരിട്ടു കാണ്മാൻ പററില്ലല്ലൊ. അഭിമാനത്തിന്നു ഹേതുഭൂതനാകത്തക്കവണ്ണം സ്വരൂപം ധരിച്ചു വിലസിയെന്നർത്ഥം. മനോഭവൻ എന്നു ഒരാൾ ഉണ്ടെന്നു സങ്കല്പിക്കയല്ലെ നിവൃത്തിയുള്ളു. അങ്ങിനെയൊരാൾക്കു അഭിമാനഭൂതനായ വസന്തവും ഉണ്ടെന്നു സങ്കല്പിക്കാനല്ലെ സാധിക്കു? പിന്നെ എന്തുകൊണ്ടു പ്രത്യക്ഷനായ്താൻ വിലസി എന്നു പറഞ്ഞുവെന്നു ചോദിച്ചാൽ അപ്പോഴത്തെ ആ വസന്താവിർഭാവം വസന്തം പ്രത്യക്ഷനായി വിലസുംപോലെ യമിമാർക്കുകൂടി ഉദ്ദീപനകാരണഭൂതനായിരുന്നുവെന്നു സാരം. സാമാന്യമായ വസന്തം യമിമാർക്കു ഉദ്ദീപനത്തെ ഉണ്ടാക്കില്ല. എന്നാൽ അപ്പോഴത്തെ വസന്താവിർഭാവം തികച്ചും അവരുടെ സമാധിവിഘ്നത്തിനു പര്യാപ്തമായിരുന്നു എന്നർത്ഥം. എന്നാൽ അതുകൊണ്ടു കാമനു ഇത്ര അഭിമാനിപ്പാൻ എന്താണവകാശം? കൂട്ടുകാരനു സാധി

ക്ഷമമെങ്കിൽ പിന്നെ കാമനു സാധിക്കുമോയെന്നുള്ളതിലേക്കു സംശയമുണ്ടോ? കൂട്ടുകാരൻെറ യോഗ്യതയിൽനിന്നു പ്രമാണിയുടെ യോഗ്യത ഗണിക്കാമല്ലൊ. അത്രയുമല്ല, മനസ്സിളക്കുക മുതലായ തായ സഹായികളുടെ ജോലികഴിഞ്ഞാൽ പിന്നെ കാമൻെറ ജോലി വളരെ കുറയുകയും ചെയ്യുമല്ലൊ. കാമൻെറ ജോലി മിക്കതും ചെയ്തു കാമനു പേരും പെരുമയും ഉണ്ടാക്കിതീക്കുന്ന ആളാണ് വസന്തം. ആ സ്ഥിതിക്ക് കാമൻെറ അഭിമാനഹേതുഭൂതനല്ലെ വസന്തം?

25. ഇനി വസന്തധൎമ്മങ്ങളെപ്പററി പ്രതിപാദിക്കുന്നു. ഉത്തരായനകാലത്തു മലയാനിലൻ വീശി. സൂൎയ്യൻ സമയത്തിന്നു മുമ്പു തെക്കെ ദിക്കു വിട്ടു വടക്കേ ഭാഗത്തേക്കു പോയി. അപ്പോഠം തെക്കൻകാററു വീശിത്തുടങ്ങി അതു കണ്ടാൽ സൂൎയ്യൻെറ വേർപാടിലുള്ള ദുഃഖംമൂലം തെക്കെ ദിക്കു നെട്ടുവീൎപ്പിടുകയാണോയെന്നു തോന്നുമെന്നാണീ പദ്യത്തിൻെറ അൎത്ഥം. അ.ഉൽപ്രേക്ഷാ. കുബേരൻ= വൈശ്രവണൻ. ഉഷ്ണാംശു = സൂൎയ്യൻ. കുബേരനാൽപ്പാലിതദിക്കു = വടക്കെ ദിക്ക്. ദിഗ്ദക്ഷിണ = തെക്കേ ദിക്ക്. ഇതിൽ ശബ്ദശക്തിമൂലം മറെറാരൎത്ഥംകൂടി സ്ഫുരിക്കുന്നുണ്ട്. കുബേരൻ = കുത്സിതമായ ബേരത്തോടുകൂടിയവൻ. ബേരം = ശരീരം അങ്ങിനെയുള്ളവനാൽ പാലിക്കപ്പെട്ട സ്ത്രീ. നേരം വരുംമുമ്പു = സംഗമസമയത്തിന്നു മുമ്പു—അതിനെ വകവെക്കാതെ. ഖരാംശു = കടുപ്പംകൂടിയ രശ്മിയോടുകൂടിയവൻ; സാഹസികനായ നായകൻ. ദക്ഷിണാ എന്ന വിശേഷ്യ സാമൎത്ഥ്യംമൂലം ദാക്ഷിണ്യവതിയായ ഒരു നായിക എന്ന പ്രതീതിയുളവാകുന്നു. അങ്ങിനെയായാൽ സാഹസികനായ ഒരു നായകൻ സമാഗമകാലത്തെ വകവെക്കാതെ ചൊക്കും ചൊറിയുമുള്ള ഒരുത്തൻ (വിരൂപി) രക്ഷിച്ചുപോരുന്ന ഒരു സ്ത്രീയെ പ്രാപിക്കാൻ പോകയാൽ ദാക്ഷിണ്യവതിയായ നായിക വ്യസനംകൊണ്ട്

നെടുവീർപ്പിടുന്നുവെന്നർത്ഥം. സമാസോക്തി അലങ്കാരം—ഉൽപ്രേക്ഷാസമാസോക്തികളുടെ സങ്കരം.

26. "സനൂപുരരവേണസ്ത്രീചരണേനാഭിതാഡനം

ദോഹദംയദശോകസ്യ തതഃ പുഷ്പോദ്ഗമോഭവേൽ"

എന്നാണ് കവിമതം. സുന്ദരിമാരായ സ്ത്രീകൾ ചിലമ്പിട്ട കാൽകൊണ്ടു ചവുട്ടിയാലെ അശോകം പൂക്കുള്ളു. അതിന്നുള്ള ദോഹദം (വളം) അതാണ്. 'ചലൽച്ചിലമ്പൊച്ച വഹിച്ച' എന്ന വിശേഷണംകൊണ്ടു സൂചിപ്പിക്കുന്നതു ഇതാണ്:—പ്രമദകൾ ഉല്ലാസത്തോടെ ആർത്തു ചിരിച്ചുപുളച്ചു ചിലമ്പുകൾ ഇട്ട കാൽകൊണ്ടു ചവിട്ടണം. വ്യസനമുള്ളവർ ചവുട്ടിയാൽ പോരാ. ചവുട്ടുന്നവരുടെ മനസ്സു കുസുമംപോലെ മാർദ്ദവവും ലാഘവവും ഉള്ളതായിരിക്കണം. ഇതാണു അശോകങ്ങളുടെ സാധാരണമായ സ്വഭാവം. എന്നാൽ ഇവിടെ അശോകങ്ങൾ പൂക്കാൻ ചലൽച്ചിലമ്പൊച്ച വഹിച്ച നാരീപാദപ്രഹാരങ്ങൾ ഏല്ക്കേണ്ടിവന്നില്ലെന്നർത്ഥം. വസന്തം വന്നപ്പോഴക്കും പെട്ടെന്നു അശോകമെല്ലാം മറവു യാതൊരു ചടങ്ങുംകൂടാതെ കവരമുതൽ തളിർത്തുപൂത്തുവെന്നാണ് പറയുന്നതു്.

27. ഇതിൽ വസന്തൻെറ ശരനിർമ്മാണവും മറവുമാണ് പറയുന്നതു്. തൻെറ പ്രവൃത്തിയെല്ലാം കഴിഞ്ഞു. ഇനി കാമനു ശരംതീർത്തു കൊടുക്കാൻ തെയ്യാറാക്കി വെയ്ക്കുകയേ വേണ്ടു. മാവിൻപൂവുകൊണ്ടാണ് ശരംതീർത്തതു്. ശരത്തിൻെറ കടക്കൽ ചിറകുപോലെയൊന്നുണ്ടല്ലൊ. അതു പ്രവാളംകൊണ്ടാണ് സാധിച്ചതു്. ഇങ്ങിനെ ശരമുണ്ടാക്കി. ഇനി അതിന്മേൽ ഉടമസ്ഥാവകാശം സ്ഥാപിപ്പാൻ പേരു കൊത്തണമല്ലൊ. അതിൽ കാമദേവൻെറ പേരും കൊത്തി. അതെങ്ങിനെ ചെയ്തു? അക്ഷരങ്ങൾ പെറുക്കിവെക്കുന്നപോലെ വണ്ടുകളെ നിരത്തിവെച്ചിട്ടു്. വണ്ടു വന്നിരിക്കുന്ന കണ്ടാൽ അങ്ങിനെ തോന്നുമെന്നർത്ഥം. അക്ഷരങ്ങളുടെ സ്ഥാനത്തു ഇവിടെ വണ്ടുകളാണ്.

ഒന്നുണ്ടാക്കിയാൽ അതിന്മേൽ ഉടമസ്ഥൻെറ പേരെഴുതി വെക്കയൊ കൊത്തുകയൊ ചെയ്യുന്ന സമ്പ്രദായം എത്രയോ പുരാതനമായിട്ടുള്ളതാണെന്നു ഇതിൽനിന്നും തെളിയുന്നു. അക്ഷരങ്ങളിന്മേൽ മഷിയുള്ളതിനാൽ വണ്ടിനോടു വർണ്ണസാമ്യം സ്പഷ്ടം. കാമൻെറ നാമാക്ഷരങ്ങൾ എന്നു പറഞ്ഞതുകൊണ്ടു ഉദ്ദീപനപ്രതീതി സിദ്ധം.

ഈ ശ്ലോകത്തിന്നു വന്നുകൂടുന്ന അർത്ഥം—മാവുകളെല്ലാം തളിൎത്തുപൂത്തു. ആ സമയത്തു വണ്ടുകൾ തേൻകുടിപ്പാൻ അവയുടെ ചുററുമേ വന്നുനിറഞ്ഞുതുടങ്ങി—എന്നു മാത്രം.

28. കൊന്നമരം പൂത്തു—അതങ്ങിനെ പൂത്തു എന്നു പറഞ്ഞു വിടുകമാത്രമല്ല ചെയ്യുന്നുള്ളു. ആ പുഷ്പിന്നുള്ള ഗുണദോഷത്തേയും ഒന്നു ചിന്തിച്ചു. അതിൽനിന്നും ഒരു സാമാന്യതത്വത്തെ ലോകദൃഷ്ടിയിൽ കൊണ്ടുവരുന്നു. ഇങ്ങിനെയുള്ള സന്ദർഭങ്ങൾ കാളിദാസൻ ഒരിക്കലും പാഴാക്കിക്കളയില്ല. കൊന്നപ്പൂവ്—വിഷുക്കണിപ്പൂവ്—കാണ്മാൻ വളരെ ഭംഗിയുള്ളതാണ്. ഇതു വർണ്ണപ്പകിട്ടു മററൊന്നിന്നില്ല. എന്നാലോ കൌതുകംകൊണ്ടു പൊട്ടിച്ചു മൂക്കത്തണച്ചാൽ യാതൊരു വാസനയും ഇല്ല—വിവരമില്ലാത്ത ആളുകൾക്കു ഇതു വലിയ ഇച്ഛാഭംഗത്തെ കൊടുക്കുന്നു—അവർ "കഷ്ടം! ഇതിത്ര വാസനയില്ലാത്തതായല്ലൊ" എന്നു വിചാരിക്കയൊ പറകയോ ചെയ്തു വ്യസനിക്കും. ഇതിൽനിന്നും ബ്രഹ്മസൃഷ്ടിയെ പരാമർശിക്കയാണ്. ലോകസൃഷ്ടിയിൽ സർവ്വഗുണവും തികഞ്ഞതായി ഒന്നുമില്ല; അങ്ങിനെ കുററംകൂടാത്ത ഒന്നു സൃഷ്ടിപ്പാൻ ബ്രഹ്മാവിന്നു വിമുഖതയുമാണ് എന്നു വിശേഷത്തിൽനിന്നു സാമാന്യസമർത്ഥന ചെയ്യുന്നു. അലങ്കാരം അർത്ഥാന്തരന്യാസം. മൂലത്തിൻെറ ഉത്തരാർദ്ധം പലപ്പോഴും ഉദ്ധരിക്കുന്ന രണ്ടു വരികളാണ്.

29. ഉടനെത്തന്നെ ചൊവന്നു അല്പം വിടൎന്നു വളഞ്ഞ ചന്ദ്രക്കലയുടെ ആകൃതിയിലുള്ള പിലാശു (പ്ലാശുമരം) മൊട്ടിട്ടു. അതുകണ്ടാൽ വസന്തസമാഗമത്തിൽ ശൃംഗാരക്രീഡയുടെ ഫലമായി വസന്തലക്ഷ്മികൾക്കു നഖക്ഷതം പററിയതാണോ എന്നു തോന്നുമെന്നുൽപ്രേക്ഷിക്കുന്നു. ചൊവന്ന എന്നു പറഞ്ഞതുകൊണ്ടു നഖക്ഷതമേററിട്ടു അധികം സമയമായിട്ടില്ലെന്നു വ്യംഗ്യം വസന്തയോഗത്തിൽ—വസന്തമെന്ന ഏകവചനംകൊണ്ടും വനലക്ഷ്മികൾ എന്ന ബഹുവചനംകൊണ്ടും വസന്തനിൽ വിടത്വം കല്പിച്ചിരിക്കുന്നു. ലോഹിതത്വത്തിലും (ചൊവന്ന് എന്നു പറഞ്ഞതിലും) നഖക്ഷതത്തിലും ആസക്തി, വിടനാകയാൽ ഇന്ന വിധം വേണമെന്നുള്ള വീണ്ടുവിചാരമില്ലാത്ത പ്രവൃത്തി എന്നിവയെല്ലാം ദ്യോതിക്കുന്നു. ഇതുകൊണ്ടു ഒരഭിനവസമാഗമപ്രതീതികൂടി ഉളവാക്കുന്നുണ്ട്.

30. വനലക്ഷ്മികളുടെ കാൎയ്യം പറഞ്ഞു. ഇനി വസന്തലക്ഷ്മി എന്താ ചെയ്തതെന്നാണ് പറയുന്നത്. വസന്തലക്ഷ്മി മുഖത്തു തിലകം ചാൎത്തുകയാണുണ്ടായത്. തിലകം = തിലകസുമം = എള്ളിൻപൂവ്, അല്ലെങ്കിൽ പൊട്ട്. അതെങ്ങിനെയുള്ളതാണ്? വണ്ടാംമഷിച്ചാൎത്തുകളാൽ വിചിത്രം = വണ്ടുകളാകുന്ന കുറിക്കൂട്ടുകൾകൊണ്ട് ചിത്രവൎണ്ണങ്ങളോടുകൂടിയതു്. വണ്ടുകൾ വന്നിരിക്കുമ്പോൾ ഇടയ്ക്കെല്ലാം തിലകുസുമങ്ങളുടെ നിറങ്ങളുമുണ്ട്. അതു കൊണ്ടു പല വൎണ്ണങ്ങളോടുകൂടിയതു്. വേറെയൊരൎത്ഥം വിചിത്രമായ (ഭംഗിയായ) തരത്തിൽ ഉള്ള പൊട്ട് എന്നുമെടുക്കാം. മുഖത്തിൽ = ആനനത്തിൽ അല്ലെങ്കിൽ ആദ്യമായി എന്നുമാകാം.

ഇതിനുശേഷം ഓഷ്ഠങ്ങളെ മിനുക്കി. മധുശ്രീയുടെ ഓഷ്ഠങ്ങൾ ഏതാണിവിടെ? മാവിൻതളിരുകൾ. അവയെ ഭംഗിയാക്കി. എങ്ങിനെ? ബാലാരുണച്ചന്തമിയന്ന രാഗാൽ. അതാവിതു ഉദിച്ചുപൊങ്ങിവരുന്ന ഇളംചൊവപ്പാൎന്ന നിറത്താൽ.

അല്ലെങ്കിൽ അരുണിമയാൽ = ലാക്ഷാരാഗത്താൽ. ഇവിടെ സമാസോക്തികൊണ്ടു ഒരു നായികാപ്രതീതിയും ഉളവാകുന്നുണ്ടു്. നായികയെ ആസ്പദമാക്കിപ്പറയുമ്പോൾ, മുഖേ = മുഖത്തു്; or ആദ്യമായി, പ്രാരംഭത്തിൽ വിചിത്രതിലകം = നാലഞ്ചുനിറം ചേൎന്ന തൊട്ട പൊട്ടോ, വിചിത്രരൂപത്തിൽ തൊട്ടതോ ആകാം. ചുണ്ടൊക്കെ ചൊവ്വിപ്പിച്ചുവെന്നൎത്ഥം. തിലകം, രാഗാൽ (രാഗേണ) ഈ രണ്ടു ദിക്കിലും ശ്ലിഷ്ടരൂപകം. 'മധുശ്രീ' എന്നു് നായികാരൂപത്തിൽ പറഞ്ഞതുകൊണ്ടു ഉദ്ദീപനകാരണം.

31. സ്ഥാണ്വാശ്രമത്തിൽ മുരൾവൃക്ഷങ്ങൾ ധാരാളമുണ്ടു്, അവ നല്ലവണ്ണം പൂത്തു പൂമ്പൊടി ധാരാളം കൊഴിക്കുന്നുമുണ്ടു്. അവയുടെ ചുവട്ടിൽക്കൂടിയോ സമീപത്തിൽക്കൂടിയോയാണ് ഏണഗണങ്ങൾ കുതിച്ചുപായുന്നതു്. അതിനാലാണ് കണ്ണിൽ പൊടി വീണു നോക്കാൻവയ്യാതെയാകുന്നതു്. അതിനാൽ കണ്ണടച്ചു ഓടുന്നു. കണ്ണു തുറക്കാൻ തരമില്ലെങ്കിലും ഓട്ടം വേണ്ടെന്നുവയ്ക്കുന്നുമില്ല. എന്നാൽ എന്തിനാണ് അതിന്റെ സമീപത്തിൽ കൂടി ഓടുന്നതു്? അതു മറെറാന്നുകൊണ്ടുമല്ല. മററുള്ള വൃക്ഷങ്ങളെ അപേക്ഷിച്ചു മുരൾതരുക്കൾക്കാണ് പൂമ്പൊടി കുറവു്. എന്നാൽ ഇവയിലും ഇത്ര ധാരാളം വരാൻ കാരണമെന്തു്? അതു വസന്തജൃംഭണത്താൽതന്നെ. മററുള്ളവയ്ക്കു ഇതിലും കൂടുതലാണ്. കണ്ണുകാണാഞ്ഞിട്ടും പിന്നാക്കം പോകയല്ല. കുതിച്ചു കാററിന്നു എതിരായിപ്പായുകയാണ്. കാരണം? വസന്താഗമത്താൽ ഉണ്ടായ മദം തന്നെ. അവ എവിടെയാണ് ഓടിയിരുന്നതു്? പൎണ്ണാവലീമൎമ്മരമാൎന്ന കാട്ടിൽ = ഉണങ്ങിയ ഇലകൾ ധാരാളം കൊഴിഞ്ഞുവീണു ശബ്ദായമാനമാൎന്ന കാട്ടിൽ. കാടിന്നു അങ്ങിനെയൊരു വിശേഷണം കൊടുത്തിരിക്കുന്നതിന്റെ ആവശ്യമെന്തു്? അതോ, ഏണങ്ങൾ സ്വതവേ ഭീരുക്കളാണ്. ഒരു ഇല അനങ്ങുന്ന ശബ്ദംകേട്ടാൽക്കൂടി നടുങ്ങുന്നവയാ

PRESENTED BY:
SRI M. K. VASUDEVAN NAIR
... VEEDU
MALAYINKIL



ണ്. അങ്ങിനെയുള്ള ഭീരുക്കളാണ് ഓട്ടമ്പോഠം ഉണങ്ങിയ ഇലകളിൽ കാൽ തട്ടിയുണ്ടാകുന്ന ശബ്ദങ്ങളെ വകവെക്കാതെ ഓടുന്നതു്. അതിന്നും കാരണം മദോന്മാദംതന്നെ. മദോന്മത്തന്മാൎക്കു ഇന്നതേ ചെയ്യുകയുള്ളുവെന്നില്ലല്ലൊ.

32. 'മാവിൻതളിർ.................കണ്ടാൽ കൂകീടിനാനാൺകുയിൽ'. മാവിൻതളിർ തിന്നു വയറു നിറച്ചിട്ടു, അല്ലെങ്കിൽ വിശപ്പുതീൎന്നിട്ടാണ് അവ പാടാൻതുടങ്ങിയതു്. അവററയുടെ കണ്ഠം തെളിഞ്ഞതുമാണ്. അതിനാൽ മാവിൻതളിർ തിന്നതുകൊണ്ടാണോ കണ്ഠം തെളിഞ്ഞതു എന്നും, കണ്ഠം തെളിയിപ്പിക്കേണ്ടതിന്നാണോ അതു തിന്നതു എന്നും ശങ്കിക്കയും എങ്ങിനെയായാലും കണ്ഠം തെളിഞ്ഞിട്ടുണ്ടെന്നു സമൎത്ഥിക്കയുംചെയ്യുന്നു. കണ്ഠംതെളിയുക = ശബ്ദത്തിന്നു ഘനമില്ലാതേയും ചിലമ്പൽകൂടാതെയുമിരിക്കുക. പാടാൻ കാലത്തു തൊണ്ട ശരിയാക്കുന്ന ഒരു പതിവുണ്ടല്ലൊ. അതിന്നുള്ള ഉപകരണം ഇവിടെ മാവിൻതളിരാണ്. കുയിലുകഠംക്കു അതു വളരെ ഇഷ്ടമുള്ളതാണ്. ആൺകുയിൽ എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ആൺകുയിലാണ് പെൺകുയിലിനേക്കാഠം നന്നായിപ്പാടുക എന്നു വരുന്നു. കാളിദാസൻ പ്രകൃതിനിരീക്ഷണപടുവാകയാൽ കണ്ടനുഭവപ്പെട്ടതല്ലാതെ ഊഹിച്ച് ഒന്നും ഉറപ്പായി പറയാറില്ല! എന്നാൽ ആ കൂജനം അന്നു് കാമദേവൻെറ ഒരു "പരസ്യമോ"യെന്നു തോന്നുന്ന വിധത്തിലായിരുന്നുവത്രെ. എന്താണു കാമദേവൻെറ വിളംബരമെന്നു നോക്കുക. 'സുമാനിനീ, ദൎപ്പമടക്കി നിൎത്താമെന്നായതാക്കാമപരസ്യമായി' = "അല്ലയോ സുമാനിനിമാരെ! ദൎപ്പം അടക്കിനിൎത്താം" എന്നു ആയതു (ആ കൂജനം) ആ കാമൻെറ വിളംബരമായി. സുമാനിനികഠം = നല്ല അഭിമാനത്തോടുകൂടിയ സ്ത്രീകഠം; സ്ഥിരചിത്തകഠം ദൎപ്പം = ഗൎവ്വം. കുയിൽ കൂകുന്നതിൻെറ അൎത്ഥം "അല്ലെയൊ അഭിമാനവതികളെ നിങ്ങളുടെ, എ

ന്തായാലും ഇളകില്ലെന്നുള്ള ഗർവ്വൊക്കെ മാററിവെച്ചേക്കു; തൃതീയപുരുഷാൎത്ഥമായ കാമത്തെ സാധിപ്പാൻ വൈകാതെ ഒരുങ്ങിക്കൊള്ളണ്ടേ" എന്നാണെന്നു വ്യാഖ്യാനിക്കുന്നു. അതെന്തുകൊണ്ടാണ് സുമാനിനികളായ സ്ത്രീകളെ മാത്രം സംബോധനചെയ്തു പറഞ്ഞതു്? അഭിമാനികളായ സ്ത്രീകൾ ഒരു നിശ്ചയം ചെയ്താൽ അതിൽനിന്നു ലേശവും വ്യതിചലിക്കില്ലെന്നതുതന്നെ. പുരുഷന്മാർ എത്ര സ്ഥിരചിത്തന്മാരും മാനികളുമായാലും മിക്കവാറും വികാരങ്ങളെ നിയന്ത്രിപ്പാനുള്ള ക്ഷമയും ധൈര്യവും അവൎക്കു മാനിനികളായ സ്ത്രീകളെപ്പോലെതന്നെ ഉണ്ടാവില്ല, അതാണു കാരണം. അഭിമാനവതികളായ സ്ത്രീകളുടെ മാനഭംഗത്തെ ചെയ്വാൻപോലും ആ കൂജനം പര്യാപ്തമായിരുന്നുവെന്നു് ഭാവം.

33. ഇനി കിംപുരുഷാംഗനമാരെപ്പററി പറയുന്നു. കിംപുരുഷന്മാർ = പുരുഷമുഖത്തോടും അശ്വശരീരത്തോടുംകൂടിയവർ. 'ഹിമാൎത്തി.......... .... ........തെളിഞ്ഞും' = ഹേമന്തകാലത്തു് (മഞ്ഞുകാലത്തു്) അവൎക്കു ചുണ്ടു വിള്ളുകകൊണ്ടു ഉപദ്രവമുണ്ടാവാറുണ്ട്. ഇപ്പോൾ മഞ്ഞുകാലം കഴിഞ്ഞു, അതുകൊണ്ടു അധരങ്ങൾ എല്ലാം തെളിഞ്ഞു ശോഭിച്ചു. വിവരണകാരന്റെ മതപ്രകാരം ഹിമാൎത്തി തീൎന്നതുകൊണ്ടു മാത്രമല്ല ചുണ്ടു തെളിഞ്ഞതത്രെ. ശീതകാലത്തു സ്ത്രീകൾ അധരത്തിൽ അലക്തകരസം പുരട്ടാറുണ്ടത്രെ. അതു ഉഷ്ണമാകയാലാണ് വിള്ളിച്ചയുണ്ടാകുന്നതു എന്നു പറയുന്നു. മല്ലിനാഥൻ പറയുന്നതു മധൂച്ഛിഷ്ടമാണ് പുരട്ടുക എന്നാണ്. തേനും വലിവുള്ള വസ്തുവാകയാൽ ഉണങ്ങിക്കഴിഞ്ഞാൽ ഫലം അതുതന്നെയായിരിക്കും. പിന്നെ അവർ ഈഷൽപ്പാണ്ഡുമുഖാഭയോടുകൂടിയവരാണ്. ഉഷ്ണകാലത്തിടുന്ന കുങ്കുമാപ്പണമില്ലായ്മ പാണ്ഡുച്ഛായ ബാധിപ്പാൻ കാരണമാണല്ലോ. പിന്നെ ഹേമന്തം കഴിഞ്ഞു വസന്തം തുടങ്ങിയതേയുള്ളു. അതി

നാൽ ശരിയായ ശോഭ വന്നു തുടങ്ങാറായിട്ടേ ഉള്ളു അങ്ങിനെയുള്ള കിംപുരുഷാംഗനകളുടെ പത്തിക്കീറുകളിൽ അല്പം വിയപ്പു പൊട്ടിത്തുടങ്ങി എന്നത്ഥം. കിംപുരുഷാംഗനമാർ എന്നു പറഞ്ഞതുകൊണ്ടു അവർ ഭർത്തൃമതികളാണെന്നും കിംപുരുഷന്മാർ അവിടെയുണ്ടെന്നും ഊഹിക്കാം. കിംപുരുഷാംഗനമാർ സ്വതവേ സുന്ദരികളാണ്. ശോഭയുള്ള മുഖത്തു വിയപ്പുതുള്ളികഠം മുത്തുമണികളെപ്പോലെ രാമണീയതയുണ്ടാക്കുന്നതുമാണല്ലൊ. ശേഷം ഭാവനാരസികന്മാർ ചിന്തിച്ചെടുത്തുകൊള്ളട്ടെ.

34. മേൽപ്രസ്താപിച്ച വസന്തകാലം സ്ഥാണ്വാശ്രമത്തിലെ മുനീന്ദ്രന്മാരെ എത്രകൊണ്ടു ബാധിച്ചുവെന്നാണ് ഇവിടെ പറയാൻ പോകുന്നതു്. അവിചാരിതമായി വന്ന വസന്തം കാരണത്താൽ മൌനവ്രതത്തോടുകൂടിയിരുന്ന തപസ്വികഠംകൂടി വികാരാധീനന്മാരായി എന്നു പറഞ്ഞതുകൊണ്ടു വസന്തജൃംഭണത്തിൻെറ ആധിക്യവും ശക്തിയും വെളിവാകുന്നു. അങ്ങിനെയാണെങ്കിലും അവർ അതു ഉടനെ അടക്കി. സാധാരണയായി മുനികഠം വസന്ത ഋതു അടുക്കാറായാൽ കാലേക്കൂട്ടിതന്നെ മനസ്സിനെ സംയമനം ചെയ്യുന്നവരാണ്. ഇവിടെ അതിന്നു തരം കിട്ടിയിട്ടില്ല. കാരണം 'കാലംവരാതാഗതമാം വസന്തം'തന്നെ. പോരെങ്കിൽ ഇവിടെ വസന്തം പരിപൂണ്ണധമ്മത്തോടെയാണ് ആവിർഭവിച്ചിരിക്കുന്നതും. വസന്തം ഉദ്ദീപനകാലമാണല്ലൊ. അത്രയുമല്ല, സ്ഥാണ്വാശ്രമത്തിൽ വന്നാൽ മനസ്സിളകില്ലെന്നു കരുതിയാണ് അവർ ഇവിടെ വന്നതും. പരമേശ്വരൻ തപസ്സുചെയ്യുന്ന വനത്തിൽ അങ്ങിനെ വരുവാൻ പാടില്ലല്ലൊ. പരമേശ്വരൻ ഇവിടെ വരുന്നതിന്നു മുമ്പു മുനികഠം ഇവിടെ തപോവൃത്തിയിൽ പാത്തിരുന്നതായി തെളിവുമില്ല. അതിനാൽ ശിവൻ വന്നതിന്നു ശേഷമായിരിക്കണം അവരും ഇവിടെ വന്നതു്. യാതൊരു ബാധയുമുണ്ടാവില്ലെന്നു കരുതിവന്ന സ്ഥലത്തെ കഥ ഏറെ ചിത്ര

മായി എന്നു താല്പൎയ്യം. മുനീന്ദ്രന്മാരും വികാരാവേശിതരായി എന്നു പറഞ്ഞതുകൊണ്ട് അവർ സപരിഗ്രഹന്മാരായിരിക്കാമെന്നും ഊഹിക്കാം. പരിഗ്രഹമെട്ടത്തില്ലെങ്കിലും, പരിഗ്രഹമുള്ളവർ ആ കാലത്തെ രതിഹർഷാദിവാസനാരൂപേണ വൎത്തിക്കുന്നവരാണെന്നതിലേക്ക ശാകുന്തളത്തിലെ "രമ്യാണിവീക്ഷ്യമധുരാശ്ചനിശമ്യശബ്ദാൽ പൎയ്യുത്സുകീഭവതിയൽ സുഖിതോഽപിജന്തു" etc എന്ന ശ്ലോകംതന്നെ ദൃഷ്ടാന്തമാണല്ലോ. പക്ഷെ ആ വികാരം അടക്കാതിരിപ്പാൻ നിവൃത്തിയില്ല. ഇതു സ്ഥാണ്വാശ്രമമാണ്. സ്ഥാണു ഇവിടെയുണ്ടതാനും.

35. ഇതേവരെ ഓരോ തരക്കാരുടെ കഥയെടുത്തു വെവ്വേറെ പറഞ്ഞു. ഇങ്ങിനെ പറഞ്ഞാലവസാനിക്കില്ലെന്നു കണ്ടിട്ടോയെന്നു തോന്നുമാറ് സ്ഥാവരജംഗമങ്ങളുടെ കഥ മൊത്തത്തിൽ പറയുന്നു. കാമദേവൻ ഞാണു തൊടുത്തു നിൎത്തിയിരിക്കുന്ന വില്ലും കയ്യിൽവെച്ച് രതിയോടൊന്നിച്ച് കാട്ടിൽ വന്നപ്പോഴയ്ക്കും സൃഷ്ടിയിലുള്ള പക്ഷിമൃഗാദി വൃക്ഷങ്ങളുടെ മിഥുനങ്ങൾ അനുരാഗപാരമ്യത്താൽ ആവേശിതരായി ശൃംഗാരചേഷ്ടകളെ പ്രകടിപ്പിച്ചു എന്നു താല്പൎയ്യം. കാമൻ ശരം തൊടുത്തപ്പോഴെക്കും ഈ മട്ടായാൽ ശരം വിട്ടാലത്തെ കഥയെന്തായിരിക്കും? മുൻപദ്യത്തിൽ വസന്തവൃത്തിയെപ്പററി പറഞ്ഞുവല്ലൊ. വസന്തംമാത്രം വന്നാൽതന്നെ സാമാന്യം കാൎയ്യങ്ങളെല്ലാം സാധിപ്പാൻ അവൻതന്നെ മതി. കാമന്റെ ജോലികൂടി നടത്താൻ ആയാൾക്ക പ്രാപ്തിയുണ്ട്. സഖാവാണ് വസന്തം എങ്കിലും സഖാവിന്റെ ജോലി മാത്രമല്ല വസന്തം ചെയ്യുള്ളു.

എന്നാൽ ഇതു സ്ഥാണുവനമാകകൊണ്ട്, അനുരാഗത്തിന്റെ പരമകാഷ്ഠയിൽ എത്തിയിട്ടും അനിയന്ത്രിതമായി അധികമൊന്നും ചെയ്തില്ല. 'ശൃംഗാരചേഷ്ടാഭിനയങ്ങൾ കാട്ടീ'—അത്രയേ ചെയ്തുള്ളു. അതിൽ കടന്നു ഒന്നും ചെയ്തില്ല. ആത്തരാ

ഗാൽ = ഓരോ സൃഷ്ടിവൎഗ്ഗത്തിന്നും ഓരോ വിധത്തിലായിരിക്കും അനുരാഗപ്രകടനവും കാമലീലകളും. അതിൻെറ പരമകാഷ്ഠയിലെത്തിയാൽ ആകാവുന്നേടത്തോളം ചേഷ്ടാഭിനയങ്ങറം കാട്ടി—അത്രയെ ഉള്ള.

36. ഭ്രമരം = 'ഭ്ര' എന്നതിലെ രേഫവും 'മര' എന്നതിലെ രേഫവും കൂടിയതു്—ഭ്രമരം = വണ്ട്.

ഭ്രമരം = ഒരിടത്തും സ്ഥിരമായി നില്ക്കാതെ എപ്പോഴും ചുററിയലയുന്നവൻ. അങ്ങിനെയുള്ള ഭ്രമരം തൻെറ പ്രിയയെ ഇണക്കി—അനുകൂലിച്ചുനിന്നുകൊണ്ട്,—ഒരേ പൂവ്വിൻെറ ഇതളാകുന്ന തളികയിൽനിന്നു മധുപാനം ചെയ്യുവെന്നാണ് പറയുന്നതു്. ഇണക്കലിൽ ഇഷ്ടം അനുസരിക്കൽ ആണല്ലൊ കാൎയ്യം—അങ്ങിനെയാണെങ്കിൽ ഒന്നുകിൽ ഒരേസമയത്തു് ഒന്നിച്ചു കുടിക്കൽ—അല്ലെങ്കിൽ പ്രിയ കുടിച്ചതിന്നുശേഷം ബാക്കിയുള്ളതിനെ കുടിക്കൽ—പക്ഷിമൃഗാദികളിലും സ്ത്രീകറംക്ക്—പ്രിയകറംക്ക്—മുൻഗണന കൊടുക്കലുണ്ടായിരിക്കാം. എന്നാൽ ഭ്രമരശീലനായ ഇയ്യാറം പ്രിയയൊത്ത് എന്നുപറഞ്ഞതിനാൽ പ്രിയയെ വിട്ടുപിരിഞ്ഞിട്ടില്ലെന്നു വരുനു. അതിന്നു് അന്നു് ക്ഷമയുണ്ടായില്ല. കാരണം, ആ മധുജൃംഭണത്താലുള്ള വികാരാതിരേകംതന്നെ. അതിനാൽ അടുത്തുണ്ടായിരുന്ന പ്രിയയിൽ അല്ലാതെ മററൊന്നിലും ചിന്തപോയില്ലെന്നും സിദ്ധിക്കുന്നു. ഇതാണ് വണ്ടുകളുടെ ശൃംഗാരചേഷ്ടയുടെ പരമകാഷ്ഠയായി കാണിക്കുന്നതു്.

ഇനി കൃഷ്ണസാരത്തിൻേറയും—കലമാൻേറയും—മാൻപേടയുടേയും കഥയെന്തെന്നു നോക്കുക. ഇവിടെ സ്വന്തം മാൻപേടയെന്നു പറയുന്നില്ല. 'പേടയേയും' എന്നുമാത്രമെ പറയുന്നുള്ളു. ഏതെങ്കിലും ഒരു മാൻപേടയെന്നേ അൎത്ഥവിവക്ഷയുള്ളൂ. മധുജൃംഭണത്തിലെ വികാരാവേശശക്തിയാൽ സ്വന്തം മൃഗിയെ

അന്വേഷിപ്പാനുള്ള ക്ഷമയുണ്ടായില്ല. കലമാൻ അടുത്തുള്ള ഒരു മൃഗിയെ പ്രാപിക്കയാണ് ചെയ്തതു്. ആ മൃഗി അവന്നു് അനുകൂലമായി നില്ക്കയും ചെയ്തു. അല്ലാതെ തൻെറ സ്വന്തം വല്ലഭനായ കലമാനല്ലെന്നുവെച്ച് വഴിപ്പെടാതെ നിന്നില്ല. അതും വികാരോദ്ദീപനത്താൽതന്നെ. വന്നു് കൊമ്പുകൊണ്ടു ചൊറിഞ്ഞ മാനിൻെറ സ്പർശസുഖമേററ് കണ്ണടച്ച് അനുരക്തയായിനിന്നുവെന്നു താല്പര്യം. 'സ്പർശിക്കയാൽക്കണ്ണടയേ' = സ്പർശിച്ചപ്പോഴക്കം കണ്ണടഞ്ഞു. മൃഗികളുടെ ഇടത്തെ കണ്ണിന്നരികെ ചൊറിയുന്നതു അവയ്ക്കു വികാരോദ്ദീപനഹേതുകമാണത്രെ. കൊമ്പിൻെറ അററംകൊണ്ടു തൊട്ടപ്പോഴക്കം കണ്ണടച്ചു. അത്രക്കു വികാരാധീനയായിയെന്നു് സാരം. തൊട്ടപ്പോഴക്കം കണ്ണടഞ്ഞതു് ഇണക്കത്തിൻെറ ഒരു ലക്ഷണമാണ്. അങ്ങിനെ പരസ്പരസ്നേഹമില്ലാത്ത കൂട്ടിയിണക്കൽ മനുഷ്യലോകത്തിൽ എന്നതുപോലെ കാവ്യത്തിലും ഒരു ദോഷമായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ലോകഗതിയെ പ്രതിബിംബിപ്പിക്കുന്നതാണല്ലൊ കാവ്യം. ഇതാണ് മാൻകുലങ്ങളിലുള്ള—ആത്മാനുരാഗലക്ഷണം—ശൃംഗാരചേഷ്ടകളുടെ പരമകാഷ്ഠയായി കാണിച്ചിരിക്കുന്നതു്. സ്വമൃഗിയെ സ്പർശിച്ചപ്പോഴയ്ക്കും വശംവദയായിയെന്നാണ് പറഞ്ഞതു് എങ്കിൽ സ്വാരസ്യം അത്രയില്ല. കാരണം അതു മധുജൃംഭണശക്തികൊണ്ടായിക്കൊള്ളണമെന്നില്ലാത്തതിനാൽതന്നെ. മുൻപദ്യത്തിൽ 'ദ്വന്ദങ്ങളായി സൃഷ്ടിയിലുള്ളതെല്ലാം................ കാട്ടീ', എന്നു ഒട്ടാകെ ഒരു കൂട്ടിയടി കഴിഞ്ഞിട്ടും കവി ഓരോന്നിൻെറ ശൃംഗാരചേഷ്ടാവിധി വെവ്വേറെയെടുത്തു കാണിക്കുന്നു. അവയിൽ മിക്കതും—ഭ്രമരങ്ങളുടേയും മാൻകുലങ്ങളുടേയും, താഴെ വരുന്ന പിടിയാനകളുടേയും ലതകളുടേയും സ്ഥിതികൾ—കാളിദാസൻെറ സൂക്ഷ്മനിരീക്ഷണഫലമായ പ്രകൃതിപാഠങ്ങളിൽനിന്നും എടുത്തവയായിരിക്കണം. ആരണ്യജീവിതം അദ്ദേഹം

വളരെ കഴിച്ചിട്ടുണ്ടെന്നും അവിടെ പ്രകൃതിയെ കണ്ടു പലതും സൂക്ഷ്മമായി പഠിക്കലായിരുന്നു അദ്ദേഹത്തിന്റെ മുഖ്യ വിനോദമെന്നും പല ഭാഗങ്ങളിൽനിന്നും തെളിയുന്നുണ്ട്. ഇണപിരിയാതെ നടക്കുന്ന പക്ഷിമൃഗാദികളുടെ കാര്യത്തിൽ കവി, 'പ്രിയ', 'ജായ' മുതലായ പദങ്ങൾ പ്രത്യേകിച്ചെടുത്തുപയോഗിക്കുന്നതായും മററിടങ്ങളിൽ മററിച്ചും കാണാം.

37. ഗണ്ഡൂഷജലം = മുഖാന്തർധൃതജലം = കവിൾകൊണ്ട വെള്ളം. പിടിയാന താമരപ്പൂമ്പൊടിയുടെ സൌരഭ്യത്തോടുകൂടിയ വെള്ളം കവിൾക്കൊണ്ടതു കൊമ്പനാനയ്ക്കു കൊടുത്തു. ഗജങ്ങളുടെ പ്രണയചേഷ്ട അങ്ങിനെയാണ്. എന്നാൽ മററിടങ്ങളിൽ പുരുഷന്മാരെ അനുസരിക്കലാണ്. ഇവിടെ സ്ത്രീയുടെ ഹിതത്തെ അനുസരിക്കലാണ്. ഇവിടെ പിടിയാനയാണ് തന്റെ വായിലെ വെള്ളം കൊമ്പനു കൊടുക്കുന്നതു്. ഇവയുടെ ഇടയിലെ പ്രണയത്തിന്റെ പരമകാഷ്ഠ ഇങ്ങിനെയാണെന്നു് പറയുന്നു. കൊമ്പൻ പിടിക്കു ഗണ്ഡൂഷജലം കൊടുക്കില്ല. അതു പിടിയാനയുടെ—പെണ്ണിന്റെ—പ്രവൃത്തിയാണ്. ഓരോന്നിന്റെ പ്രകൃതിയനുസരിച്ചാണല്ലോ വികാരചേഷ്ടകളും. അത്രയുമല്ല, ഇവിടെ പിടിയാനകൾ സ്വന്തം കൊമ്പന്മാൎക്കല്ല കൊടുക്കുന്നതും. അന്യകൊമ്പന്മാൎക്കാണ്. കൊമ്പനു എന്നല്ലാതെ സ്വകൊമ്പനു എന്നു പറയുന്നില്ല. അതു എത്ര പ്രിയമേറിയാലും ചുരുക്കമാണെന്നൎത്ഥം. ഇതു മധുജൃംഭണഫലമാണ്. എന്നാൽ ചക്രവാകങ്ങളുടെ സ്വഭാവം നേരെമറിച്ചാണ്. കോകം (രഥാംഗനാമൻ) താൻ കടിച്ചു ചവച്ച താമരവളയത്തിന്റെ പകുതി നല്കി സ്വന്തം കാന്തയെയാണ് സല്ക്കരിക്കുന്നതു്. വെള്ളം പങ്കേരുഹസൌരഭമാകേണമെങ്കിൽ താമരപ്പൊയ്കയുണ്ടായിരിക്കയും അതിൽ ധാരാളം താമരപ്പൂക്കൾ വിരിഞ്ഞുനില്ക്കയും വേണമല്ലോ. സ്ഥാണുവനം അതിനാൽ ഒരു മരുഭൂമിയല്ല, തീൎച്ചതന്നെ. ആന

കൾക്കും ചക്രവാകങ്ങൾക്കും താമരപ്പൊയ്കയോടുള്ള വാത്സല്യവും സ്പഷ്ടം. കടിച്ചുപറിച്ച് നോക്കിയതു സ്വാദുണ്ടോയെന്നറിവാനാകാം. ഇതിൽ പ്രസിദ്ധമായ മുഖതാംബൂലാർപ്പണപ്രതീതിയുളവാകുന്നു.

38. പത്രം = പത്തിക്കീററ്. പാട്ടുപാടുമ്പോൾ വിയർപ്പു പൊടിഞ്ഞു പത്തിക്കീററുകൾ അല്പം അടരുന്നു. പൂന്തേൻ കുടിച്ച മത്തുകൊണ്ടു കണ്ണുകലങ്ങി മറിഞ്ഞു ശോഭിച്ചുമിരിക്കുന്നു. അങ്ങിനെയുള്ള കാന്തമാരുടെ മുഖമാണ് കിംപുരുഷൻ ചുംബിക്കുന്നതു്. ഇവിടെ മധുജൃംഭണം—വസന്തത്തിൻെറ പരിപൂർണ്ണത—അതുതന്നെ കാമവികാരോദ്ദീപകമായ സംഗീതത്തിന്നു പ്രേരകമാണ്——പോരെങ്കിൽ മൂന്നാമതായി മധുപാനവും. ഇതുമൂന്നും കൂടിയായപ്പോൾ കാഷ്ഠാഗതസ്നേഹത്തിന്നു വേറെയൊന്നും വേണ്ട. എന്നാലും ചുംബിച്ച് അവിടെ നിർത്തുകയാണ് ചെയ്തിട്ടുള്ളത്. അതിൽ കവിഞ്ഞൊന്നും പ്രവൃത്തിച്ചിട്ടില്ല——കാരണം ഇവിടെ പേടിക്കാനൊരാളുണ്ട്. സ്ഥാണുവാണു ഇവിടെയിരുന്നു തപസ്സു ചെയ്യുന്നതു്. അതുകൊണ്ടു അത്രത്തിവിട്ടൊന്നും ആക്കും ചെയ്തുകൂടാ. കിംപുരുഷൻ = പുരുഷനാണോയെന്നു തോന്നിക്കുന്നവൻ. (ധാത്വർത്ഥം).

39. ഇതിൽ സ്ഥാവരങ്ങളുടെ വികാരപ്രകടനങ്ങളാണ്. ഇവിടെ വള്ളികളാണ് ആദ്യമായി വൃക്ഷങ്ങളെ ചെന്നു ആലിംഗനം ചെയ്യുന്നതു്. വള്ളികളെ സ്ത്രീകളാക്കി—എന്നാൽ അവക്കു സ്ത്രീസഹജങ്ങളായ ലക്ഷണങ്ങളും വേണമല്ലൊ. അവയെന്താണ്? മുഴുപ്പെഴും..........തൻകുചങ്ങൾ = പൂർണ്ണവലിപ്പമെത്തിയ പൂങ്കുലയാകുന്ന സ്തനങ്ങൾ. പിന്നെ സ്ഫുരൽചെന്തളിരോഷ്ഠങ്ങൾ. സ്ഫുരത്തായ ചെന്തളിരാകുന്ന ഓഷ്ഠങ്ങൾ. ആന്നും = കൂടിയും. (ഉള്ള) ലതകൾ ശാഖകളാകുന്ന കൈകൾ. അങ്ങിനെ കൈകൾകൊണ്ടു ആലിംഗനംചെയ്തു. പ്രിയതമദർശന

ത്തിൽ സ്തനവിജൃംഭണവും അധരോഷ്ഠസ്ഫുരണവും കാമശാസ്ത്ര വിധിപ്രകാരം പ്രസിദ്ധം. തരുലതാദികൾക്ക ചേതനത്വം കല്പിച്ച് സ്ഥാവരങ്ങളുടെ മദനവികാരചേഷ്ട ഒരു പടി കുറിഞ്ഞ നിലയിലാണ് കവി കല്പിച്ചിരിക്കുന്നതു്. സ്ഥാവരങ്ങളാകയാൽ കവിഞ്ഞാലും വൈഷമ്യമില്ലെന്നു കരുതിയായിരിക്കാം. സ്ഥാണ്വാശ്രമസ്ഥലമല്ലെ, ജംഗമങ്ങൾക്ക നില കവിഞ്ഞൊന്നും ചെയ്യാൻ പാടില്ലല്ലൊ. ഓരോ പദ്യത്തിലും കവി സ്ഥാണ്വാശ്രമസ്മൃതിയോടുകൂടിയാണ് രാഗചേഷ്ടയുടെ പരിധി കാണിച്ചിരിക്കുന്നതു്. സ്ഥാവരങ്ങൾക്കപോലും ഇത്ര കാമവികാരമുണ്ടായ സ്ഥിതിക്ക ജംഗമങ്ങളുടെ കഥ പറയേണ്ടതല്ലൊ. സംഭോഗശൃംഗാരത്തിൻെറ പരിപൂൎണ്ണമായ ഒരു ചിത്രീകരണം പ്രകൃതത്തിൽ ഉദ്ദീപകമാകയാൽ മൎമ്മജ്ഞനായ മഹാകവി ഔചിത്യത്തോടുകൂടി പ്രസ്തുത സന്ദൎഭത്തിൽ അതിനെ ഘടിപ്പിച്ചിരിക്കുന്നു.

40. ദിവ്യാംഗനാഗാനം = ദേവസ്ത്രീകളുടെ, അപ്സരസ്ത്രീകളുടെ, പാട്ടു്. ഈശൻ = ശിവൻ. അപ്പോൾ = വസന്തവിലാസത്താൽ സകല ചരാചരങ്ങളും വികാരവിജൃംഭിതമായിരിക്കുമ്പോൾ. അപ്സരസ്ത്രീകളുടെ പാട്ടു ശിവൻ കേട്ടുവെങ്കിലും മനസ്സിനെ യാതൊരു കലുക്കവുംകൂടാതെ അടക്കിനിൎത്തി. വസന്തവിളയാട്ടം, മദനസാന്നിദ്ധ്യം, സംഗീതമാധുരി, ഇതെല്ലാം ഒരേ സമയത്തു ഏകോപിച്ചുനിന്നാൽ ആൎക്കും മനശ്ചാഞ്ചല്യം സംഭവിക്കാവുന്നതാണ്. എന്നാൽ ശിവൻ ഇതൊന്നുകൊണ്ടും പരമാത്മാനുസന്ധാനത്തിൽനിന്നും സ്ഖലിതചിത്തവൃത്തിയായി നിവൃത്തനായില്ലെന്നൎത്ഥം. അതു് അങ്ങിനെയല്ലാതെ വരാൻ പാടില്ലെന്ന ഒരു അൎത്ഥാന്തരന്യാസംകൊണ്ടു സമൎത്ഥിക്കുന്നു. "ആത്മാധിപൎക്കുള്ള..............സാദ്ധ്യമാമോ?" സാദ്ധ്യമല്ലെന്നു സാരം. ആത്മാധിപന്മാർ = ആത്മാവിനും അധിപരായിട്ടുള്ളവർ. സമാധിഭംഗം = ചിത്തൈകാഗ്ര്യത്തിനു തടസ്ഥം. വിഘ്ന

ങ്ങൾ = പ്രതിബന്ധങ്ങൾ, വിഘ്നകാരികളായ അവസ്ഥകൾ. ഗാനം കേൾക്കായ്കയല്ല, കേട്ടുവെങ്കിലും അതിന്നു മനസ്സിളക്കാൻ സാധിച്ചില്ല. ഇതേവരെ പ്രസ്ഥാപിക്കപ്പെട്ടിട്ടില്ലാത്ത ദിവ്യാംഗനകൾ ഇപ്പോൾ ഇവിടെ എവിടുന്നുവന്നു? അവർ ഭഗവൽസേവാൎത്ഥം വന്നവരാണ്. പാടിയതു സ്തുതിഗീതങ്ങളുമാണ്. ആ സ്തുതികൾ അദ്ദേഹം ഭക്താനുകമ്പം കേട്ടു എന്നൎത്ഥം.

ഈ സമയം നോക്കി ദേവസ്ത്രീകൾ വന്നതിന്റെ യഥാൎത്ഥ ഉദ്ദേശം തപോഭംഗം തന്നേയായിരിക്കാം. അവരുടേയും ആവശ്യം അതാണല്ലോ. അവർ ഇന്ദ്രന്റെ ദൂതിവൎഗ്ഗങ്ങളുമല്ലേ? പക്ഷെ അവരോടു കോപിക്കാൻ തരമില്ല. അവർ സ്തുതിഗീതങ്ങളല്ലേ പാടിയതു? സേവനാൎത്ഥം എന്നല്ലേ നാട്യവും? ഒരു സമയം ഇവിടുത്തെ ചേതിയെല്ലാം കണ്ടറിഞ്ഞുചെന്നു റിപ്പോർട്ടു ചെയ്യാനായിരിക്കാം.

41. എന്നാൽ മേല്പറഞ്ഞ സാഹചൎയ്യങ്ങൾ എല്ലാംകൂടിയപ്പോൾ ശിവന്റെ ഭൂതഗണങ്ങളുടെ ഇടയിൽ തെല്ലൊരു മാററങ്ങളുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. പക്ഷെ നന്ദികേശ്വരന്റെ ശാസനയാൽ അതു അടക്കിനിൎത്തി. 'പൊൻചൂരൽ...........ഏന്തി', ഇടത്തെ കയ്യിൽ സ്വൎണ്ണംകൊണ്ടു കെട്ടിച്ച ചൂരൽ വഹിച്ചുകൊണ്ടു്. കുഞ്ജം = വള്ളിക്കുടിൽ. ഭൂതഗണങ്ങളുടെ ഇടയിൽ ഒരു കൂട്ടം വികൃതിത്തം കാട്ടാനുള്ള ആരംഭം കണ്ടപ്പോൾ നന്ദികേശ്വരൻ വള്ളിക്കുടിലിന്റെ ദ്വാരദേശത്തു വന്നു = മുഖത്തു വിരൽവെച്ചു ചാപല്യം 'അരുതു' എന്നു ആംഗ്യം കാട്ടി ശാസിച്ചു നിൎത്തി. എന്തേ അരുതു എന്നു പറയാതെ ആംഗ്യം കാണിക്കമാത്രം ചെയ്തതു്? നന്ദികേശ്വരൻ നില്ക്കുന്നതു ശിവന്റെ അടുത്തായിരിക്കണം. അപ്പോൾ ശബ്ദിച്ചാൽ ഒരു സമയം അതുതന്നെ തപോവിഘ്ന കാരണമായേക്കാം. അതിനാൽ ആംഗ്യം കാണിച്ചു. വേറെയൊരു കാരണം യജമാനന്മാരുടെ അരികിൽ

വെച്ച് അധികാരികൾ അവരുടെ കീഴിലുള്ള ആളുകളെ ക്രമക്കേടായ പ്രവൃത്തികളിൽനിന്നും തടയാറുള്ളതു സാധാരണ ആംഗ്യം മൂലമുള്ള ആജ്ഞകൾകൊണ്ടാണ്.

42. ഇവിടെ നന്ദികേശ്വരന്റെ ശാസനത്താൽ—അതും ആംഗ്യം മാത്രമായ ശാസനത്താൽ—കാട്ടിൽ ഒരു പൊതുസ്ഥംഭനമുണ്ടായിയെന്നാണ് പറയുന്നതു്. എന്നിട്ടോ, കാടു ഒരു ചിത്രത്തിൽ വരച്ചതോയെന്നു തോന്നുമാറായി. കൊമ്പും ചില്ലയും മററും കാററാലുലഞ്ഞിരുന്ന വൃക്ഷങ്ങൾ ഒരു ഇലപ്പോലുംകൂടി അനക്കമില്ലാതെ നിന്നു. മൂളിയിരുന്ന വണ്ടുകളുടെ ഝങ്കാരവും ഇല്ലാതായി. ചിലച്ചിരുന്ന പക്ഷികളുടെ ശബ്ദം നിന്നു. ഓടിയിരുന്ന മാനുകൾ (അല്ലെങ്കിൽ സഞ്ചരിച്ചിരുന്ന ജന്തുവർഗ്ഗം) അനങ്ങാതെ നില്പായി. ഇത്രമാത്രമോ? അല്ല. ആ ശാസനയുണ്ടായ സമയത്തു ഓരോന്നും എന്തൊന്നു ചെയ്തിരുന്നുവോ, അല്ലെങ്കിൽ എന്തു നിലയിൽ ഇരുന്നിരുന്നുവോ, ആ നിലക്കുതന്നെ പെട്ടെന്നു നിന്നുവെന്നു സാരം. മരത്തിന്റെ ഒരു ചില്ല ചാഞ്ഞിരിക്കുമ്പോഴാണ് ശാസനയെങ്കിൽ അതങ്ങിനെ തന്നെയുള്ള നിലയിൽ നിന്നു. ശബ്ദിപ്പാൻ വായ തുറന്നിരിക്കുമ്പോഴാണെങ്കിൽ ആ തുറന്ന വായയോടുകൂടിതന്നെ. ഓടാൻ ഒരു കാലു പൊക്കിയപ്പോഴാണെങ്കിൽ അതു ആ നിലയിൽതന്നെ. ഇതാണു ചിത്രത്തിൽ വരച്ചപോലെ എന്നു പറഞ്ഞതിന്റെ രസികത്തം. ഇങ്ങിനെ വരണമെങ്കിൽ നന്ദിയുടെ വാക്കിന്നു ദിവ്യശക്തി വേണം. അതുള്ളതായിപ്പറയുന്നില്ല. അതിനാൽ ആദ്യത്തെ മൂന്നു വരിയിലും അതിശയോക്തി. ഒടുവിലത്തേതിൽ ഉൽപ്രേക്ഷയും അലങ്കാരം.

43. ഭാർഗ്ഗവൻ = ശുക്രൻ. പ്രയാണോദ്യുക്തനായ ഒരുവൻ പുരോഭാഗത്തുള്ള ശുക്രനെ വജ്ജിച്ചുപോകുന്നതു എപ്രകാരമോ അപ്രകാരം കാമൻ നന്ദികേശ്വരന്റെ ദൃഷ്ടിമാർഗ്ഗത്തെ ഒഴിച്ചു

പോയി എന്നർത്ഥം. മുൻഭാഗത്തു നില്ക്കുന്ന ശുക്രനെ പരിഹരിക്കാതെ പോയാൽ എപ്രകാരം വിനാശം നിശ്ചിതമോ അപ്രകാരമാണ് ഇദ്ദേഹത്തിൻെറ അഭിമുഖപ്രയാണംകൊണ്ടുള്ള അനുഭവവും എന്നു ഭാവം. നമേരുദ്രുമശാഖ തിങ്ങിച്ചുഴന്നതാകയാൽ ദൃഷ്ടിമാർഗ്ഗപരിഹാരത്തിന്നു സൌകര്യം സിദ്ധിക്കുന്നുവല്ലൊ. പിന്നെ ഒളിഞ്ഞുമാറുന്നതു, നേരിട്ടുനില്ക്കുന്നതു ഭൂതേശനാകകൊണ്ടുമാവാം. ഭൂതേശൻ = സേനകളുടെ നായകൻ. അങ്ങിനെയുള്ളവരെ നേരിട്ടുചെന്നു ആക്രമിക്ക സാദ്ധ്യമല്ലല്ലൊ.

44. യോഗിയുടെ അവസ്ഥയിൽ ഇരിക്കുന്ന പരമേശ്വരനെ കാമദേവൻ ആദ്യമായിക്കാണുന്ന ഘട്ടമാണിതു്. ദേവദാരുവൃക്ഷത്തിൻെറ തറയ്ക്കൽ പുലിത്തോലു വിരിച്ചു അതിന്മേലാണ് ഇരിക്കുന്നതു്, ആ കാമൻ എങ്ങിനെയുള്ളവനാണ്? ശരീരനാശം ആസന്നമായവനാണ്. നാശം ശരീരത്തിന്നുമാത്രമെ ഉള്ളു; ശരീരം പിന്നേയും സ്വീകരിക്കാമല്ലൊയെന്നു സൂചന.

"വാസാംസി ജീർണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതി നരോഽപരാണി
തഥാശരീരാണി വിഹായ ജീർണ്ണാ-
ന്യന്യാനി സംയാതി നവാനി ദേഹീ" എന്നു ഗീത.

ത്രിയംബകൻ = മൂന്നു അംബകങ്ങളോടു (കണ്ണുകളോടു) കൂടിയവൻ. ശരീരനാശത്തിനടുത്ത കാമൻ ത്രിയംബകൻ യോഗിയെ കണ്ടുവെന്നാണ് പറയുന്നതു്. എന്തുകൊണ്ടു ത്രിനേത്രൻ എന്നോ വിരൂപാക്ഷൻ എന്നോ മററൊ പറഞ്ഞില്ല? ത്രിയംബകൻ എന്നു വ്യാകരണവിരുദ്ധമായ വാക്കുപയോഗിച്ചതിന്നു പ്രത്യേക കാരണമുണ്ടോ? അതു തെററല്ലെന്നും ഒരു ഉദ്ദേശത്തോടുകൂടി ഉപയോഗിച്ചതാണെന്നുമാണു ചില മഹാപണ്ഡിതമതം. ബ്രാഹ്മണരുടെ ഇടയിൽ മരിക്കുന്നതിന്നുമുമ്പു ചെവിയിലൂത്തു മന്ത്രം കഴിക്കുക എന്ന ഒരു ഏൎപ്പാടുണ്ടു്. ആ മന്ത്രം തുടങ്ങുന്നതു 'ത്രിയംബക'

ശബ്ദംകൊണ്ടാണ്. (ചിലരുടെയിടയിൽ വേറെ മന്ത്രമാണത്രെ). കാമൻ ബ്രാഹ്മണനാകയാൽ ആസന്നശരീരപാതനായ അവനെ ക്കൊണ്ട ചെവിയിലൂത്തുമന്ത്രം അനുഭവിപ്പിച്ചു എന്നുകൂടി ഇതിൽ സ്ഫുരിക്കുന്നുണ്ട്. ത്രിയംബകനെക്കൊണ്ടുതന്നെ ത്രിയംബക ശബ്ദത്താൽ തുടങ്ങുന്ന മന്ത്രം കാമൻ അനുഭവിച്ചു എന്നു വരുത്താൻവേണ്ടി കവി കരുതിക്കൂട്ടി ഉപയോഗിച്ചതാണോയെന്നു സംശയിക്കാൻ ന്യായമുണ്ട്. ബ്രാഹ്മണൎക്കു മരിക്കാൻകാലത്തു മററുള്ളവർ അടുത്തിരുന്നു വേദം ചൊല്ലലും മററും വേണമല്ലൊ. ത്രിയംബകശബ്ദം കാളിദാസന്നു പ്രമാദം പററിയതാണെന്നു ഒരുകാലത്തു ഒരു വാദകോലാഹലം നടന്നിരുന്നു. എന്നാൽ വേദത്തിൽ ഈ ശബ്ദം പലേടത്തും പ്രയോഗിച്ചിട്ടുണ്ടത്രെ.

45. ഇനി ആറു ശ്ലോകങ്ങളെക്കൊണ്ടു ശിവൻെറ സമാധിയിലുള്ള ഇരിപ്പു വൎണ്ണിക്കയാകുന്നു. 45, 46, 47, 48—സ്പഷ്ടം. പെയ്യാമുകിൽ = പെയ്യാത്ത മുകിൽ. ഇല്ലാക്കയം = ഇല്ലാത്ത കയം. ഏശിടാദ്ദീപം = ഏശിടാത്ത ദീപം.

49. ഒരു അഭിപ്രായം. "യോഗികൾ പ്രാണങ്ങളെ അടക്കി ആഗ്നേയമണ്ഡലാപരനാമധേയമായ കുണ്ഡലിനീശബ്ദംകൊണ്ടു പറയപ്പെടുന്ന ആത്മതേജസ്സിനെ മൂലാധാരത്തിൽനിന്നു ഉത്ഥാപനംചെയ്തിട്ടു് ക്രമേണ സുഷുമ്നപ്രാന്തരം, നാഭിപ്രദേശം, ഹൃദയം, ഭ്രൂമദ്ധ്യം മുതലായവയിൽകൂടി നയിച്ചിട്ടു്, ദ്വാദശാന്തസ്ഥിതമായ പരമാത്മാവിൽ യോജിപ്പിക്കുന്നു. എന്നാൽ പരമേശ്വരൻെറ സ്ഥിതിയാകട്ടെ—അപ്പോൾ ആ തേജസ്സുകൊണ്ടു തന്മദ്ധ്യവൎത്തിയായ ബാലചന്ദ്രന്നുപോലും പ്രഭാസങ്കോചം ഭവിച്ചു എന്നാണു പറയുന്നതു്. ബാലചന്ദ്രനിൽ പരമാത്മസാമ്യപ്രതീതി ഉണ്ടാകുന്നു" എന്നിങ്ങിനെ ഒരഭിപ്രായമുണ്ട്.

50. അനന്തൻ = അന്തം (നാശം)ഇല്ലാത്തവൻ. നിരീക്ഷിക്ക = കാണുക. വിഷയങ്ങളിൽനിന്നു മനസ്സിനെ നിവൎത്തിച്ചി

ട്ട് ജീവാത്മാപരമാത്മാക്കളുടെ ഐക്യത്തെ പ്രാപിച്ചവനായി ട്ട് എന്നു ഭാവം.

51 ചിന്തയ്ക്കുമധൃഷ്യൻ = ജയിക്കാമെന്നു മനസ്സിൽ കരുതുവാൻകൂടി വയ്യാത്തവൻ. ആ മട്ടു ചിന്തയ്ക്കുമധൃഷ്യൻ = പണ്ടു ദാക്ഷായണിയോടുകൂടി ഇരിക്കുന്ന കാലത്തു ഇദ്ദേഹത്തെ സമഗ്രശൃംഗാരാസ്പദനായിട്ടാണ് കണ്ടിരിക്കുന്നതു്. ഇന്നു അദ്ദേഹം അങ്ങിനെയുള്ള ആളായിരുന്നുവെന്നു സ്മരിപ്പാൻകൂടി സാദ്ധ്യനല്ലാത്തവൻ. കാമൻ—എല്ലാവരേയും കാമിപ്പിക്കുന്നവനാണ്. പക്ഷെ ശിവനെ കണ്ടപ്പോഴേയ്ക്കു പേടിച്ച് ശരം പ്രയോഗിപ്പാൻ വന്ന ആളുടെ കൈകുഴഞ്ഞു വില്ലുമമ്പും ഊൻവീണതു അറികകൂടി ചെയ്തില്ല. (മോഹാലസ്യം വന്നു).

52. ഇനി ശ്രീപാർവ്വതിയുടെ വരവായി. അലരമ്പവീര്യം നഷ്ടപ്രായത്തിലായി എന്നു പറയാറായപ്പോഴക്കമാണ് ദേവി എത്തിയതു്. എന്നാൽ ദേവിയുടെ ശരീരലാവണ്യാദി ഗുണവിശേഷങ്ങളാൽ ദേവിയെ കണ്ടപ്പോഴക്കം ആ വീര്യം ആളിക്കത്തി എന്നു പറയുന്നു. അതുകൂ ആഭ (പ്രഭ) ആ വരവിന്നുതന്നെ ഉണ്ടായിരുന്നു. എന്നാൽ വീര്യത്തെ ആളിക്കത്തിക്കുന്ന എന്നതിലുള്ള 'ആളി'ശബ്ദത്താൽ മന്മഥൻെറ വീര്യത്തിന്നു വഹ്നിജ്വാലാസാദൃശ്യം തോന്നിക്കുന്നു. വപൂർണ്ണമാണ് ആളിക്കത്തിക്കുന്നതു്. അഗരാജകന്യ എന്ന വാക്കിൽനിന്നു സ്ഥൈര്യം, രാജകുമാരിത്വം, കന്യകാത്വം എന്നീ അവസ്ഥകൾ ചിന്ത്യങ്ങളാണ്. വിളക്കിലെ തിരി കെടാറാകുമ്പോൾ ആളിക്കത്തുമല്ലൊ. കാമനും ശിവനേത്രാഗ്നിയിൽ കെട്ടുവാനാണ് പോകുന്നതു്.

53. ഇനി നാലു ശ്ലോകങ്ങൾ ദേവിയുടെ വരവിനെപ്പററിയുള്ള വർണ്ണനയാണ്. കാളിദാസൻ ദേവിയെ വിവാഹോചിതവേഷത്തിലാണ് ഇവിടെ പ്രവേശിപ്പിക്കുന്നതു്. അത്രയുമല്ല, ഈ 'കുളകം'കൊണ്ടു മഹാകവി പ്രതിഭാമയിയായ സ്വാദൃഷ്ടി

കൊണ്ടു ലോകോത്തരവും അകൃത്രിമവുമായ സൌന്ദൎയ്യത്താൽ സ്വതവേതന്നെ രമണീയവും, തൽക്കാലോചിത വേഷഭൂഷാ വിലാസാദികളാൽ ഏററവും ഹൃദയംഗവുമായ ദേവീശരീരത്തെ സാക്ഷാൽക്കരിച്ചിട്ടു്, സ്വശക്തികൊണ്ടു് സഹൃദയന്മാൎക്കും സാക്ഷാൽക്കരിക്കത്തവിധം പ്രതിപാദിക്കയാണു് ചെയ്തിരിക്കുന്നതു്. അതിനാൽ ഭാവികാലങ്കാരം.

ഇതിൽ ദേവിയുടെ ആഭരണവൎണ്ണനയാണു്. പ്രകൃതിയുടെ വസന്തപുഷ്പങ്ങളാണു് ആഭരണങ്ങളായി അണിഞ്ഞിരിക്കുന്നതു്. അശോകകുസുമങ്ങളെ അപേക്ഷിച്ചു് കൎണ്ണികാരസുമങ്ങൾക്കു ന്യൂനപ്രഭാവത്വമുള്ളതിനാൽ അശോകത്തിന്നാണു് പ്രഥമസ്ഥാനം കൊടുക്കുന്നതു്. അശോകപ്പൂവിൻെറ നിറം ചൊകപ്പാകയാൽ അതു അനുരാഗോദ്ദീപകവുമാണല്ലൊ. ഇവിടെ ചൊവപ്പും, മഞ്ഞയും, വെളുപ്പുമുള്ള മൂന്നുതരം പുഷ്പാഭരണങ്ങളായി.

54. സ്തനഭാരത്താൽ അല്പമൊന്നു അകത്തേക്കു വളഞ്ഞു് എന്നു ആകമാനമായി ദേഹപ്രകൃതി കാണിച്ചിരിക്കുന്നു. പിന്നെ വസന്തോചിതമായ അരുണവസ്ത്രധാരണവും മന്ദഗമനവും കാണിച്ചിരിക്കുന്നു. ഇവിടെ ഗൌരിയെ ലതയോടു സാമ്യപ്പെടുത്തി. സ്തനപ്പൂങ്കുലകൾക്കും ശോണവസ്ത്രപല്ലവങ്ങൾക്കും പരസ്പരസാമ്യം കല്പിച്ചിരിക്കുന്നു. അലങ്കാരം ഉൽപ്രേക്ഷ. ശോണപുഷ്പവും ശോണാംബരവും കാമോദ്ദീപനഹേതുകങ്ങളാണല്ലൊ.

55. നിതംബഭാഗത്തുനിന്നു ഉരുമിക്കിഴിയുന്ന ഇലഞ്ഞിമാല ഊരി താഴത്തു വീണാൽ യാത്രക്കു പ്രതിബന്ധം വന്നെങ്കിലൊയെന്നു വിചാരിച്ചാണു് ഇടയ്ക്കിടെ സ്വസ്ഥാനത്തു കയററി കൈകൊണ്ടു താങ്ങിപ്പിടിച്ചു് പോകുന്നതു്. സ്ഥാനജ്ഞൻ = സ്ഥാനം അറിയുന്നവൻ; ഓരോന്നു വെക്കേണ്ടതു ഇന്നിന്ന സ്ഥാനത്തെന്നും വെച്ചതു ഇന്നിന്ന ദിക്കിലെന്നും അറിവും ഓൎമ്മയുമുള്ളവൻ. സ്മരനാകയാൽ സ്മരണാശക്തിയെപ്പററി പറയേണ്ട

ല്ലോ. മുതൽ ആവശ്യത്തിന്നു കിട്ടേണമെങ്കിൽ ആരേ ഏല്പിക്കേണ്ടതാണെന്നു നല്ലപോലെ അറിവുള്ളവൻ. വില്ലാളികൾ യുദ്ധമദ്ധ്യത്തിൽ മൌർവ്വീഷ്ക്കു ഭംഗം വന്നെങ്കിലൊയെന്നു കരുതി രണ്ടാമതു ഒന്നു ആപ്തജനങ്ങളിൽ നിക്ഷേപിക്കാറുണ്ട്. ഇവിടെ കാമൻെറ ആപ്തജനമായി പാർവ്വതിയെയാണ് സ്വീകരിച്ചിരിക്കുന്നതു്.

56. ദേവിയുടെ നിശ്വാസത്തിൻെറ സുഗന്ധത്താൽ, അതിൻെറ ഉല്പത്തിസ്ഥാനം അധരമാണെന്നു കരുതി, വണ്ടുകൾ അധരത്തോടടുക്കുന്നു ദേവി അപ്പോൾ അവ ഉപദ്രവിച്ചെങ്കിലൊയെന്നു കരുതി കയ്യിലുണ്ടായിരുന്ന കളിത്താമരകൊണ്ടു അവയെ ആട്ടിയകററി വിടുന്നു. ഈ കാഴ്ച രമണീയമായ ഒരു വിലാസചേഷ്ടിതമാണ്. 53 മുതൽ ഇതുൾപ്പടെ നാലു പദ്യങ്ങളിലായി സാമാന്യമായി ഒരു കേശാദിപാദവർണ്ണനയും കാണാം. വസന്തൎത്തു, വസന്തസുമങ്ങൾ, ദേവിയുടെ വേഷം, ഈവക ഉദ്ദീപനജനകങ്ങളായ അവസ്ഥകൾക്കു പുറമെ, ദേവിയുടെ മുഖം, അധരം, വസ്ത്രം, അലങ്കാരങ്ങൾ, നിതംബം, സ്തനങ്ങൾ, നമ്രത്വം, വിലാസം എന്നിവ പ്രത്യേകിച്ചും എടുത്തു കാണിച്ചിട്ടുണ്ട് ഇതിൽനിന്നു പിന്നേയും ചിന്തിച്ചെടുക്കേണ്ടതു രസരസികന്മാൎക്കു വിട്ടുകൊടുക്കുന്നു.

57. ജിതേന്ദ്രിയൻ ശൂലി!യിലൊന്ന തൻകാൎയ്യാസക്തി—തൻകാൎയ്യാസക്തി = തൻെറ കാൎയ്യത്തിലുള്ള താല്പൎയ്യം. എങ്ങിനെയാണ് തൻെറ കാൎയ്യമായതു്? ശിവൻെറ മനസ്സിളക്കി പരമേശ്വരിയിൽ അനുരക്തനാക്കണമെന്ന ദേവകളുടെ പ്രാൎത്ഥന നടത്താമെന്നേററതു മുതൽക്കു അതു തൻെറ സ്വന്തം കാൎയ്യംപോലെയായിയെന്നും താല്പൎയ്യം. അതു നടത്താനുള്ള താല്പൎയ്യം മൂത്തതു സാധാരണക്കാരിലാണോ? അല്ല. ഇന്ദ്രിയങ്ങളെ ജയിച്ചവനും തീക്ഷ്ണദണ്ഡത്വം മൂലം ആക്രമിപ്പാൻ വയ്യാത്തവനും ആയ ആളിൽ. കാൎയ്യം തൻേറതായാൽ പിന്നെ ആൾ വലിപ്പം നോക്ക

ലുണ്ടാ? ശൂലി = ശൂലായുധം ധരിച്ചവൻ__ശിവൻ. മദനന്നു വീണ്ടും__ദേവിയെ കണ്ടപ്പോഠം മദിപ്പിക്കുന്ന ധമ്മത്തോടുകൂടിയവൻ എന്ന പേരിലാണു കാമൻ നിലകൊള്ളുന്നതു്. വീണ്ടും എന്നു പറഞ്ഞതു ആ മോഹം മുമ്പും ഉണ്ടായിരുന്നു എന്നും ഭംഗം വന്നിട്ടും പിന്നെയും ഉണ്ടായി എന്നും കാണിപ്പാനായിട്ടാണു്.

58. ശംഭു = ശം (സുഖം) അനുഭവിക്കുന്നവൻ. ഇവിടെയുള്ള ശംഭു ശബ്ദം ഭാവ്യഭ്യുദയത്തെ സൂചിപ്പിക്കുന്നു. 'ശംഭുവാം ഭാവി വരന്റെ വാസദ്വാരത്തു ചെന്നു'വെന്നു പറയുന്നുവല്ലോ. ഭാവിവരനാണെന്നു ദേവിക്കറിയാമോ എന്നൊരു ചോദ്യമുണ്ടാകാം. പാവ്വതിക്കു നാരദന്റെ വാക്കിൽനിന്നു അറിവുണ്ടാകാം. (ഒന്നാംസഗ്ഗം 50-ാംശ്ലോകം നോക്കുക). അല്ലെങ്കിൽ "സതാംഹി സന്ദേഹപദേഷു വസ്തുഷു പ്രമാണമന്തഃകരണപ്രവൃത്തയഃ". എന്നുണ്ടല്ലോ ഇവിടെ ഇതു കവിവാക്കായിട്ടാണു് പറയുന്നതു്. ഇദ്ദേഹമാണു് വരനാകാൻ പോകുന്നതു എന്നു കവി അനുവാചകന്മാക്കു ഒരു മുന്നറിയിപ്പു കൊടുക്കയാണു്.

59. 'ശങ്കരപാദഭൂമി താങ്ങീട്ടനന്തൻ വിഷമിക്കെ' ശിവൻ ഇരിക്കുന്ന സ്ഥലത്തിന്നടിയിലുള്ള ഭൂമിയെ ഫണങ്ങളെകൊണ്ടു താങ്ങി ആ ഭാരത്താൽ അനന്തൻ__ശേഷൻ__വിഷമിച്ചുകൊണ്ടിരുന്ന സമയത്തിങ്കൽ.

60. ഗിരിവത്സ എന്നു പറഞ്ഞതിൽ ഗിരിയുടെ കല്പനപ്രകാരമാണു ശുശ്രൂഷചെയ്യാൻ വന്നതു എന്ന സൂചന. വരാജ്ഞ—വരമായ ആജ്ഞ, അല്ലെങ്കിൽ വരന്റെ ആജ്ഞ എന്നു രണ്ടുവിധത്തിൽ എടുക്കാം. നന്ദികേശ്വരപക്ഷത്തിൽ ശ്രേഷ്ഠമായ ആജ്ഞ എന്നും പാവ്വതിയുടെ പക്ഷത്തിൽ, വരന്റെ (ഭാവി ഭത്താവിന്റെ) ആജ്ഞയെന്നും അത്ഥകല്പന. ആജ്ഞ വാക്കാൽ വാങ്ങിയതല്ല. പുരികം വെട്ടിച്ചുകൊണ്ടു സമ്മതം കൊടുത്തുവെന്നത്ഥം. ഈ വക ജാതി അനുസരണനിഷേധങ്ങളിൽ ദ്വാരപാലകന്മാർ പരിചിതന്മാരായിരിക്കും.

61.. നായകദൎശനത്താൽ സാത്വികവികാരാധീനയായ ദേവിയുടെ വ്രീളയെ പരിഹരിപ്പാൻവേണ്ടി ആദ്യം സഖികളാണ് ശിവതൃപ്പാദങ്ങളിൽ പുഷ്പാരാധന ചെയ്യുന്നതു്. തൻകൈകളാൽ എന്നു പറഞ്ഞതുകൊണ്ടു് പരമേശ്വരങ്കലുള്ള ഭക്തിയാൽ പൂവറുക്കുന്നതിലുള്ള നിഷ്കൎഷ ദ്യോതിക്കുന്നു. മുക്കണ്ണ കാൽത്താരിൽ എന്നു പറഞ്ഞതിൽനിന്നു ഭയബഹുമാനാദികളും സ്പഷ്ടം. മൂന്നാംകണ്ണിന്റെ ശക്തിയെപ്പററി എപ്പോഴും ഓൎമ്മയുള്ളവരാണു അവർ എന്നു സൂചനകൂടിയുണ്ടാവാം. ഈ ശ്ലോകം കൊണ്ടു വരനെ വന്ദിക്കുക എന്ന ചടങ്ങുകൂടി നിൎവ്വഹിക്കുന്നു

62. ശിരസ്സുകൊണ്ടു നമിച്ചപ്പോൾ അളകത്തിൽനിന്നു കൊന്നപ്പൂവ്വും കാതിൽനിന്നു തളിരും താഴത്തുവീണു. ഉത്തമാംഗം അദ്ദേഹത്തെ നമസ്കാരപൂൎവ്വം വന്ദിക്കുന്നതു കണ്ടപ്പോൾ സമീപവൎത്തികളായ അളകപ്പൂവ്വിന്നും കൎണ്ണാവതംസത്തിന്നും തൽസ്ഥാനങ്ങളിൽ ഞെളിഞ്ഞിരിപ്പാൻ ധൈൎയ്യമുണ്ടാകാതെ പതിക്കയെന്ന കൈതവത്താൽ ഒപ്പം കാല്ക്കൽ വീണു നമസ്കരിച്ചു. അചേതനങ്ങൾക്കും ഭക്തിയെ ഉളവാക്കുന്നതാണു ആ കാൽത്താരടിയെന്നും സിദ്ധിക്കുന്നു. പിന്നെ അവമാത്രം എന്തേ യഥാസ്ഥാനങ്ങളിലേക്കു പോകാഞ്ഞതു എന്നാണെങ്കിൽ താരടിയോടല്ലെ ചേൎന്നതു, അതു സ്വന്തം കൂട്ടുകാരല്ലെ, അതിനാൽ അവിടെ സുഖം കൂടുമല്ലോ എന്നു ഭാവം.

ദേവി വൃഷധ്വജനായ ദേവനെയാണ് നമസ്കരിച്ചതു്. വൃഷധ്വജൻ—കാള കൊടിയടയാളമായവൻ, രാജചിഹ്നത്തോടുകൂടിയവൻ. ദേവിക്കു ശിവനെപ്പററിയ സങ്കല്പം വൃഷധ്വജനായിട്ടാണ്. സഖിമാൎക്കു മുക്കണ്ണനായിട്ടാണ്. മൂലകവി ശിവനേയും പാൎവ്വതിയേയും നേരിട്ടു പ്രവേശിപ്പിക്കുന്ന അവസരങ്ങളിലെല്ലാം ശിവപൎയ്യായത്തിൽ പ്രത്യേകം മനസ്സുവെച്ചിട്ടുള്ളതായിക്കാണാം. വൃഷധ്വജൻ, ചന്ദ്രശേഖരൻ, ചന്ദ്രമൌലി മുതലാ

യ പദങ്ങളെയാണു സാധാരണയായി അവിടെ ഉപയോഗിക്കുക. ചക്രവർത്തികുമാരിയായ ദേവിയുടെ ഭർത്തൃപദത്തിന്നു തക്ക യോഗ്യതയോടുകൂടിയേ കവി പാർവ്വതീസമക്ഷം ശിവനെ പ്രത്യക്ഷപ്പെടുത്തുന്നുള്ളു. അ. സ്വഭാവോക്തി.

63. അനന്യഭാക്ക = അന്യയെ ഭജിക്കാത്തവൻ. പതി = പാലിക്കുന്നവൻ—പാലിക്കുവാൻ ത്രാണിയുള്ളവൻ—ഭർത്താവ്. അന്യയെ ഭജിക്കാത്തവൻ മാത്രമായാൽ പോര, രക്ഷിക്കാൻ ത്രാണിയുള്ളവനുമായിരിക്കണം. അതിനാൽ ആ രണ്ടു ഗുണങ്ങളുമൊത്തവൻ എന്നർത്ഥം. അല്ലെങ്കിൽ പതി എന്നുകൂടി പറയേണ്ട ആവശ്യമില്ലല്ലൊ. ഭവന്റെ ആ അനുഗ്രഹം അർത്ഥവത്തായി ഭവിച്ചു. ആ പരമാർത്ഥത്തെ ഒരു അർത്ഥാന്തരന്യാസംകൊണ്ടു സമർത്ഥിക്കുന്നു.

64. പതഗം = പക്ഷി, പാററ. ഇവിടെ കാമൻ എന്ന പദംകൊണ്ടു ഇതാ കാമിപ്പിക്കാൻ പോകയായിയെന്നു ഓർമ്മിപ്പിക്കുന്നു ബാണം എന്ന പദം മാർദ്ദവത്തെ സൂചിപ്പിപ്പാനാണ്. ഉമാസമക്ഷം = ഉമയുടെ മുമ്പിൽവെച്ച്. ഈ സർഗ്ഗത്തിൽ ദേവിയെ ഏറെയും, വിശേഷിച്ചു ഹരസമീപത്തിലെത്തിക്കുമ്പോഠം മൂലകവി ഉമയെന്നപേരിലാണ് പ്രവേശിപ്പിക്കുന്നതു്. ആ പേർ വരാനുള്ള കാരണവും അതിനുശേഷം അനന്യഭാക്കായ പതിയെ ലഭിക്കലും മററും സ്മരിപ്പിക്കാനാണു ആ പദം എടുത്തെടുത്തു പറയുന്നതു്. ഉമയുടെ മുമ്പിൽവെച്ചു ഹരനെ ലക്ഷ്യമാക്കി ഞാൻ നീട്ടിവലിച്ചതുകൊണ്ടു ദേവിയ്ക്കു കള്ളി മനസ്സിലായിട്ടുണ്ടാകാം. നീട്ടിവലിച്ചു വീണ്ടും = ശരം തൊടുക്കും മുമ്പ് ഞാൻ മുഷികിയോയെന്നു പിന്നേയും പിന്നേയും നോക്കുന്നതു വില്ലാളികളുടെ സ്വഭാവമാണ്.

65. 'വിണ്ണോർനദീ..............മാല' എന്നു പറഞ്ഞതിനാൽ പാവനത്വം സ്പഷ്ടം. ഹിമവൽശേഖരത്തിലുള്ള ഗംഗ

യിൽപോയി താമരക്കിഴങ്ങു പറിച്ചു വെയിലത്തുവെച്ചു ഉണക്കി തരാതരംപോലെ ഭംഗിയിൽ കോൎത്തു മാലകെട്ടിയിട്ടാണ് ഉപഹാരംചെയ്യുന്നതു്. ഇതിൽനിന്നു ആ പ്രവൃത്തിയിലുള്ള ക്ലേശാനുഭൂതിയും ശുഷ്കാന്തിയും വെളിവാകുന്നു. ഇതെല്ലാം പാൎവ്വതിതന്നെ ചെയ്യുകയോ സഖികളെക്കൊണ്ടു ചെയ്യിക്കയൊ ആയാലും പാൎവ്വതിയുടെ ബദ്ധശ്രദ്ധ പതിയുന്നുണ്ടെന്നു തെളിയുന്നു. ചൊവന്ന കൈകൊണ്ടു = രക്തപ്രസാദംകൊണ്ടു തുടുതുടിപ്പുള്ള കൈകൊണ്ടു്. ഇതും ഒരു കാമോദ്ദീപകഘടകമാണ്. ചൊവന്ന കൈ—സാമുദ്രികലക്ഷണപ്രസിദ്ധം.

66. ഭക്തപ്രിയം = ഭക്തന്മാരിലുള്ള വാത്സല്യം. അല്ലാതെ പാൎവ്വതിയുടെ സൌന്ദൎയ്യാദിയോഗ്യതകളെ ഓൎത്തല്ല ഇവിടുത്തെ മുക്കണ്ണുപദവും ഭക്തവാത്സല്യത്തെ കാണിക്കുവാനാണ്. ആ മാലയെ മൂന്നു കണ്ണുകൊണ്ടും നോക്കിയെന്നു താല്പൎയ്യം. പൂവില്ലൻ= പൂവ്വ് വില്ലായിട്ടുള്ളവൻ, കാമൻ. സൽഫലകീൎത്തി പേവം = ഉപയോഗിച്ചാൽ പാഴാവാത്തതും പ്രസിദ്ധിയുള്ളതുമായ. ഫലിക്കയുംചെയ്യും, ഫലിക്കുന്നതാണെന്നു കീൎത്തിയുമുണ്ടു്. കവി ഇവിടെ കാമനെ പൂവില്ലൻ എന്നും ശിവനെ മുക്കണ്ണൻ എന്നും ഉള്ള സംജ്ഞകൾകൊണ്ടാണ് വ്യവഹരിക്കുന്നതു്. അതു അവർ തമ്മിലുള്ള അന്തരത്തെ കാണിപ്പാനാണ്. ശിവൻ മാല വാങ്ങാൻ ഭാവിക്കുന്ന തരംനോക്കി സമ്മോഹനാസ്ത്രം ഞാണിൽ തൊടുത്തുവിട്ടു. രണ്ടും ഒരേ സമയത്തിൽ കഴിഞ്ഞു.

67. അസ്ത്രമെയ്തപ്പോൾ രുദ്രനു (സംഹാരമൂൎത്തിക്കു) അല്പം ധൈൎയ്യക്ഷയമുണ്ടായി; ഉള്ളൊന്നു തുടിച്ചു. അതെങ്ങിനെയെന്നാൽ വെൺകതിർകണ്ട വാരാശിപോലെ—ചന്ദ്രോദയംകണ്ട കടൽകണക്കെ. ചന്ദ്രോദയാരംഭത്തിൽ സമുദ്രം ഒന്നിളകുമല്ലൊ. എന്നിട്ടോ, 'തൊണ്ടി...........ത്തക്ഷികളെ നടത്തി' = ഉമാമുഖത്തു തന്റെ മൂന്നു കണ്ണുകളേയും സാഭിലാഷം വ്യാപരിപ്പിച്ചു.

'തൊണ്ടിപ്പഴംപോലധരോഷ്ഠമാന്ന്' എന്ന മുഖവിശേഷണം കൊണ്ടു വിലോചനവ്യാപാരയോഗ്യതയെ കാണിക്കുന്നു. മൂലത്തിലെ, 'വ്യാപരയാമാസവിലോചനനാനി' എന്നതിന്നു കണ്ണുകളാൽ നുകന്നാൻ എന്നൊരാറം തർജ്ജമ ചെയ്തിട്ടുണ്ട്. അതു മൂലത്തെ അതിശയിക്കുന്നുവെന്നും ചിലർ പ്രശംസിക്കുന്നുണ്ട്. സൂക്ഷ്മമാലോചിച്ചാൽ അതു ആലോചനക്കുറവുകൊണ്ടാണെന്നു കാണാം. ആർ നുകന്നുവെന്നാണ് പറയുന്നതു്? ശിവനല്ലേ? ശിവൻ സൌന്ദര്യം നുകരുകയോ? കണ്ണുകളാൽ നുകന്നാൻ എന്നുവെച്ചാൽ നല്ലവണ്ണം നോക്കി സൌന്ദര്യം ആസ്വദിച്ചു എന്നല്ലെ അർത്ഥം? ആ പ്രവൃത്തിയിൽ അല്പം ശൃംഗാരമോ വിടത്വമോ ഒക്കെയില്ലേ? സൌന്ദര്യം കണ്ടാനന്ദിപ്പാനുള്ള ഒരു ആസക്തിയല്ലേ അതിൽ ദ്യോതിക്കുന്നതു്? ശിവൻ സൌന്ദര്യത്തിൽ മയങ്ങുന്ന ആളാണോ? പാർവ്വതിതന്നെ അദ്ദേഹത്തെപ്പററി പറയുന്നതു 'അരൂപഹാര്യൻ' എന്നല്ലേ? സൌന്ദര്യം കണ്ടു രസിച്ചിട്ടുണ്ടെങ്കിൽ കാമദേവനോടു തൃപ്തിയല്ലേയുണ്ടാക? ഇവിടെ ഉണ്ടായതോ? നേത്രാഗ്നിയാൽ ഭസ്മമാക്കൽ. അപ്പോറം 'നുകന്നാൻ' എന്ന വാക്കിന്നു എന്താ സാധുത്വം? സൌന്ദര്യംകൊണ്ടു വശീകരിപ്പാനാവില്ലെന്നു കണ്ടിട്ടു് ഒടുക്കം ഉഗ്രതപസ്സുകൊണ്ടല്ലെ പാർവ്വതി അതു സാധിക്കുന്നതു്. 'നിൻെറ തപസ്സിനാൽ വാങ്ങപ്പെട്ട ദാസൻ' എന്നു പറഞ്ഞല്ലെ ശിവൻ പ്രത്യക്ഷനാകുന്നതും'. അങ്ങിനെയിരിക്കെ കണ്ണുകളാൽ നുകന്നാൻ എന്നു പറയുന്നതു ശിവന്നു അപകർഷമല്ലേ? നുകന്നാൻ എന്ന അർത്ഥത്തിൽ ഒരു സംസ്കൃതവാക്കു കിട്ടാഞ്ഞിട്ടാണോ കാളിദാസൻ 'വ്യാപരയാമാസ' എന്നു പ്രയോഗിച്ചതു? അതിനാൽ 'വ്യാപരിപ്പിച്ചു' അല്ലെങ്കിൽ 'നടത്തി' എന്ന തർജ്ജമകറംതന്നേയാണു യുക്തമായിട്ടുള്ളതു എന്നു തോന്നുന്നു.

A-76

68. ദേവിക്കു രോമാഞ്ചമുണ്ടായതു പല വികാരങ്ങളാലും വിചാരങ്ങളാലും പെട്ടെന്നുണ്ടായ പാരവശ്യംകൊണ്ടാണ്. മുഖം തിരിച്ചതിൽ രതിഭാവവും വ്യഞ്ജിക്കുന്നു. ആലോലനേത്രാ

ഞ്ചിതം = ഇളകികൊണ്ടിരിക്കുന്ന കണ്ണുകളെക്കൊണ്ടു മനോഹരമായിട്ടുള്ളതു്. ഈ കണ്ണുകൾതന്നെ വികാരതരളതയെ വിളിച്ചു പറയുന്നുണ്ടു്.

69. ഇവിടെ ത്രിനേത്രശബ്ദത്താൽ അതുകൊണ്ടുള്ള പ്രയോഗം അടുത്തു എന്നു സൂചിപ്പിക്കുന്നു. 'ഓടിച്ചു ..........മൂലം. ഇവിടെ നാലുപുറത്തും നോക്കിയതു തന്റെ വികാരഹേതു കാണ്മാനുള്ള ഔത്സുക്യത്താലാണു്. സ്വശബ്ദംകൊണ്ടു അത്രക്കു ബലമായ കാരണംകൂടാതെ തനിക്കു വികാരമുണ്ടാവാൻ ന്യായമില്ലെന്നു സൂചിപ്പിക്കുന്നു. വികാരഹേതു കാണുവാൻ എന്നു പറഞ്ഞതു എന്തുകൊണ്ടാണു, ഹേതുവറികയല്ലെ സാധാരണപതിവു എന്നാണെങ്കിൽ ഹേതു അവിടെതന്നെയുണ്ടെന്നു മനസ്സിലായിക്കഴിഞ്ഞിരിക്കകൊണ്ടാണു്. ഈ സമയത്തു് അദ്ദേഹത്തിന്നു കോപമുണ്ടെന്നു വരുന്നില്ല. ദിദൃക്ഷയാണു കാൎയ്യമായുള്ളതു്.

70. അംസം = തോൾ. മനോജൻ = മനസ്സിൽനിന്നും ജനിച്ചവൻ. ഇവിടെ കാമന്റെ അമ്പെയ്യാൻ നില്ക്കുന്ന നിലവു വിചിത്രമായി വൎണ്ണിച്ചിരിക്കുന്നു. ആ നില്പിന്നു 'ആലീഢം' എന്നു പറയും. അലങ്കാരം സ്വഭാവോക്തി. ഇവിടേയും കവിയുടെ നിരീക്ഷണപാടവം അഭിവ്യക്തം.

71. 'ഭീകരാസ്യൻ=ഭയങ്കരമായ മുഖഭാവത്തോടുകൂടിയവൻ. കാമന്റെ "താൻ എന്തിനുംമതി"യെന്ന ഭാവേനയുള്ള ആ നില്പാണു ദേവന്റെ കോപത്തിന്നും, തൽഭൂതമായ വഹ്നിജ്വാലക്കും കാരണം എന്നു വേണം കരുതാൻ. വഹ്നി = ജ്വാലാമാലകളോടുകൂടി അഗ്നി.

72. 'അല്ലെയോ സ്വാമിൻ, കോപത്തെ അടക്കണേ, അടക്കണേ' എന്ന ദേവന്മാരുടെ വാക്കു ആകാശത്തിൽ മുഴങ്ങലും കാമൻ ചാമ്പലാവലും ഒപ്പംകഴിഞ്ഞു. ദേവന്മാരുടെ കാൎയ്യത്തിനേപ്പെട്ട കാമനു നാശംവരാതെ നോക്കേണ്ടതു അവരുടെ ചുമതലയാണല്ലൊ. അവർ അതിന്നുത്സാഹിക്കയുംചെയ്തു, പക്ഷെ അല്പം തെററിപ്പോയി, സാധിച്ചില്ലെന്നു സാരം. മദനൻ എന്ന

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL



ഡംഭില്ലാതെയാക്കിയെന്നു കാണിപ്പാനാണ ഇവിടെ മദനശബ്ദം പ്രയോഗിച്ചതു്. ഭവൻെറ നേത്രാഗ്നി എന്നു പറഞ്ഞതുകൊണ്ടു എന്തു സിദ്ധിക്കുന്നു? ഭവൻ = മംഗളത്തിന്നിരിപ്പിടമായവൻ, മംഗളപ്രദായി. അങ്ങിനെയുള്ള കണ്ണിൽനിന്നു അഗ്നിയുണ്ടാകേണമെങ്കിൽ മദനൻെറ അഹങ്കാരം എത്രകൊണ്ടുണ്ടായിരിക്കണമെന്നു ധ്വനിക്കുന്നു പിന്നെ അദ്ദേഹത്തിൻെറ നേത്രാഗ്നിയാകയാൽ, ഭവനാകകൊണ്ടു, അവസാനം മംഗളമാകുമെന്നും സൂചിപ്പിക്കുന്നു.

ദേവന്മാർ കാമദേവനെ കാൎയ്യം ഏല്പിച്ചതിന്നുശേഷം അയാളുടെ ഓരോ പ്രവൃത്തിയും ഉററുനോക്കിക്കൊണ്ടിരിക്കുന്നതായി ഈ ഭാഗത്തിൽനിന്നു സ്പഷ്ടമാകുന്നു.

73. സഹിക്കവെയ്യാത്ത ദുഃഖത്തിൽപെട്ടു പെട്ടെന്നു സൎവ്വ ഇന്ദ്രിയങ്ങളും മരവിച്ചതിൽനിന്നും ഉളവായ മോഹാലസ്യത്താൽ രതീദേവിയ്ക്കു തൻെറ ഭൎത്തൃനാശവ്യഥ അറിയാതിരിപ്പാൻ അല്പനേരത്തേക്കു സാധിച്ചു. അങ്ങിനെ ആ മോഹാലസ്യം ഒരു ഉപകാരമായി തീൎന്നുവെന്നു സാരം. (ആ മോഹാലസ്യം ഇവിടെ കവിയ്ക്കും ഒരു ഉപകാരമായിതീൎന്നു. എന്തെന്നാൽ അതുണ്ടായില്ലെങ്കിൽ ഉടനെ രതിവിലാപം ആരംഭിക്കണമല്ലൊ. എന്നാൽ ആ സമയത്തിൽതന്നെ സംഭവിച്ച മററു സംഗതികൾ വിവരിപ്പാൻ സമയം കിട്ടില്ല. അതിനാൽ രതിയെ മോഹാലസ്യത്തിൽ കിടത്തി. കഥ തുടങ്ങുവാൻ സൌകൎയ്യം കിട്ടി. അതുതന്നെ ഉപകാരം). അതിന്നുശേഷം കവി ശിവനെ പിന്തുടരാൻ അനുവാചകന്മാരെ ക്ഷണിക്കുന്നു.

74. വജ്രം തരുവിനെ കണ്ടിക്കുന്നതുപോലയെ കണ്ടിച്ചിട്ടുള്ളു. സമൂലഛേദം ചെയ്തിട്ടില്ല. വീണ്ടും മുളച്ചുണ്ടാകാമെന്ന ആശക്കു വഴിവെച്ചിട്ടാണ അങ്ങിനെ ചെയ്തിരിക്കുന്നതു്. സ്ത്രീസന്നിധാനം = സ്ത്രീസാന്നിദ്ധ്യം. ഇതിൽ കാമൻെറ ശവസംസ്കാരം കഴിഞ്ഞു.

75. 'താതൻ മഹാൻെറ.......................
.........................നിനച്ചു ഗൌരി'

ഇപ്രകാരമെല്ലാം സംഭവിച്ചപ്പോഠം, ആദ്യം അച്ഛൻെറ കാൎയ്യത്തെപ്പററിയാണ ഓൎത്തതു്. അച്ഛൻെറ ആശ നശിച്ചുവല്ലോ എന്ന സങ്കടമാണ ആദ്യമുദിച്ചതു്. കാരണം അച്ഛൻ മഹാനായിട്ടുള്ള ആളാണ്. അങ്ങിനെയുള്ളവൎക്കു ഇച്ഛാഭംഗവും ആത്മാഭിമാനക്ഷതിയും സഹിക്കാൻ വയ്യാത്തതാണ്. പിന്നെയാണ് തൻെറ സൌന്ദൎയ്യം വിഫലമായല്ലോ എന്ന സങ്കടമുണ്ടായതു്. ആ സങ്കടത്തോടുകൂടി ഒരു ലജ്ജകൂടി അനുഭവിക്കേണ്ടിവന്ന സങ്കടവും ജനിക്കുന്നു. ശിവനിൽ അനുരാഗം പ്രദൎശിപ്പിച്ചതുകൊണ്ടും സഖിമാരുടെ മുമ്പിൽവെച്ചു, ഇങ്ങിനെയെല്ലാം സംഭവിച്ചതോൎത്തും (അതു അവരും കണ്ടില്ലയെന്നോൎത്തും) ദേവി അതിലജ്ജിതയാകയുംചെയ്യുന്നു. ഇതെല്ലാം കൂടിയപ്പോഠം ആൎത്തയായി. എന്നിട്ടു് ഗൃഹത്തിലേക്കുള്ള വഴിയിൽ വന്നുപാറി. അവിടെക്കുദ്ദേശിച്ചല്ല നടന്നതു്. വീടിനെ അഭിമുഖീകരിച്ചു് നടന്നു എന്നു മാത്രം. ഗൃഹമല്ലാതെ ഇനി ശരണമില്ലല്ലൊ.

76 ഹരൻെറ കോപം ആലോചിക്കുന്തോറും ഭയമുണ്ടായി. ഭയത്താൽ കണ്ണു അടഞ്ഞു. ഇങ്ങിനെ ഏററവും ദീനയായി പോകുന്ന തൻെറ മകളെ ഗിരിവരൻ (ഗിരിശ്രേഷ്ഠനായ ആ ഹിമവാൻ) രണ്ടു കൈകൊണ്ടും താങ്ങിയെടുത്തു അതിവേഗം പോയി. അതു എങ്ങിനെയെന്നുവെച്ചാൽ ഐരാവതം തൻെറ കൊമ്പത്തു താമരവളയം തൂക്കിയിട്ടുകൊണ്ടു പോകുന്നപോലെയാണ്.

ശിവകോപത്തിൽനിന്നുമുള്ള ഭയം രണ്ടുപേൎക്കും—അച്ഛനു മകഠക്കും—ഒരുപോലെയാണ്. തല്ക്കാലം സംഭവിച്ചതിനെപ്പററി മാത്രമല്ല, മേലിൽ വരാൻപോകുന്നതു എന്തൊക്കെയോയെന്നോൎത്തുമാവാം! [illegible]തിക്കു കാരണം മകളുടെ ദയനീയാവസ്ഥ മാത്രമല്ല. ഹരനെ നേരിട്ടു മുട്ടിയെങ്കിലോ എന്നു ശങ്കിച്ചുമാകാം. അലങ്കാരം—സ്വഭാവോക്തി.

(പകൎപ്പവകാശം സ്വായത്തം).

—ചന്ദ്രിക.

MALAYINKIL

A76

# കുമാരസംഭവഹൃദയം

(ഭാഷ)

അഞ്ചും, മൂന്നും സർഗ്ഗങ്ങൾ

(ഭാവപ്രകാശികാസഹിതം)

കോയാത്തു് കൊച്ചുണ്ണിമേനോൻ.

Indic Digital Archive Foundation
gpura.org